16. ജി. ഒ. (ആർടി.) നമ്പർ 874/ജി3/2010/നിയമം. തീയതി 30-9-2010 (എസ്.ആർ.ഒ. നമ്പർ 936/2010)

17. ജി. ഒ. (ആർടി.) നമ്പർ 875/ജി3/2010/നിയമം. തീയതി 30-9-2010 (എസ്.ആർ.ഒ. നമ്പർ 937/2010)

18. വിജ്ഞാപനം നമ്പർ 9807/എച്ച്2/2010/പിഡബ്ല്യുഡി. തീയതി 3-9-2010 (എസ്.ആർ.ഒ. നമ്പർ 938/2010)

19. പ്രഖ്യാപനം നമ്പർ 14903/ഡി3/2010/പൊമവ. തീയതി 29-5-2010 (എസ്.ആർ.ഒ. നമ്പർ 950/2010)

20. വിജ്ഞാപനം നമ്പർ 22625/എച്ച്1/2008/പിഡബ്ല്യുഡി. തീയതി 24-9-2010 (എസ്.ആർ.ഒ. നമ്പർ 964/2010)

21. വിജ്ഞാപനം നമ്പർ 17798/എച്ച്2/2010/പിഡബ്ല്യുഡി. തീയതി 6-10-2010 (എസ്.ആർ.ഒ. നമ്പർ 978/2010)

22. തിരുത്തൽ വിജ്ഞാപനം നമ്പർ 5048/ലെഗ്.എ2/2010/നിയമം തീയതി 19-10-2010 (എസ്.ആർ.ഒ. നമ്പർ 981/2010)

23. വിജ്ഞാപനം നമ്പർ 6455/എച്ച്.2/2009/പിഡബ്ല്യുഡി തീയതി 19-10-2010 (എസ്.ആർ.ഒ. നമ്പർ 987/2010)

24. വിജ്ഞാപനം നമ്പർ 1202/ഡി3/2010/പൊമവ. തീയതി 9-11-2010 (എസ്.ആർ.ഒ. നമ്പർ 1061/2010)

25. ജി. ഒ. (പി) നമ്പർ 10/2010/നിയമം. തീയതി 22-11-2010 (എസ്.ആർ.ഒ. നമ്പർ 1078/2010).

VIII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. വളരെ അഭിമാനത്തോടെയാണ് ഗവർണറുടെ പ്രസംഗം കേരള ജനതയും രാജ്യത്തെ ജനങ്ങളും ശ്രദ്ധിച്ചത്. ഒരു ഗവർണർ ഒരു സംസ്ഥാന ഭരണത്തിലെ ക്രമസമാധാന നിലയെപ്പറ്റി ഏറ്റവും മികച്ചത് എന്നുപറയുന്നത് ഒരുപക്ഷേ വളരെ അപൂർവമായായിരിക്കും. ആ നേട്ടം കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞുവെന്നുള്ളത് നമ്മുടെ സംസ്ഥാനത്തെ ഭരണകക്ഷി മാത്രമല്ല പ്രതിപക്ഷംപോലും ഏറ്റവും അഭിമാനത്തോടെ കാണേണ്ട കാര്യമാണ്. എവിടെയെങ്കിലും കുറ്റകൃത്യങ്ങളുണ്ടായാൽ അതിലെ പ്രതികളെ മിനിട്ടുകൾക്കുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

പിടികൂടുമെന്നുള്ളതിന് തെളിവാണ് ഏറ്റവും ഒടുവിൽ സൗമ്യയുടെ കൊലയാളിയെ മണിക്കൂറുകൾക്കുള്ളിൽ അറസ്റ്റ് ചെയ്തതിലൂടെ ഈ കേരളാ പോലീസ് കാണിച്ചുകൊടുത്തത്. അതുകൊണ്ടുതന്നെ കഴിഞ്ഞ വർഷം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണബ്കുമാർ മുഖർജി കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയെ ഡൽഹിയിൽ വിളിച്ചുവരുത്തി ഏറ്റവും മികച്ച ക്രമസമാധാന പരിപാലനത്തിനുള്ള അവാർഡ് അദ്ദേഹത്തിന്റെ കയ്യിൽ വച്ചു കൊടുത്തത്. ഈ വർഷം ഇൻഡ്യ ടുഡേ നടത്തിയിട്ടുള്ള അഖിലേന്ത്യാ സർവ്വേയിൽ പറഞ്ഞിരിക്കുന്നത് ക്രമസമാധാന കാര്യത്തിൽ കേരളം വീണ്ടും ഒന്നാമത് എത്തിയിരിക്കുന്നു എന്നാണ് .....തടസ്സം.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ശ്രീ. എ. കെ. ആന്റണി.....

ശ്രീ. രാജു എബ്രഹാം: ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കേരളത്തിൽ 454 കൊലപാതകങ്ങൾ നടന്ന സ്ഥാനത്ത് 2009-ൽ 319 ആയി കുറഞ്ഞിരിക്കുന്നു. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഇപ്പുറത്ത് വരണം. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ലീഗ് രാഷ്ട്രീയം നിർത്തിവച്ചിട്ട് ഇപ്പുറത്തു വരണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് ചേരേണ്ടിവരും.....(ബഹളം)..... ഇൻഡ്യാ ടു ഡേയുടെ ഈ പഠനം തന്നെ അംഗീകരിക്കാനുള്ള ഒരു സൗമനസ്യം ദയവ് ചെയ്ത് പ്രതിപക്ഷം കാണിക്കണമെന്നുള്ളതാണ്. ഇൻഡ്യാ ടുഡേ രാഷ്ട്രീയമായി ഞങ്ങളെ അനുകൂലിക്കുന്ന ഒരു പ്രസിദ്ധീകരണമേയല്ല. ഗവർണറുടെ മുമ്പിൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുകളാണുള്ളത്. ആ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുകൾ വച്ചുകൊണ്ടാണ് ഈ പ്രസംഗം നടത്താൻ അദ്ദേഹം സന്തോഷത്തോടുകൂടി, നിങ്ങൾക്ക് കൈ കൊടുക്കാതെ ഈ അസംബ്ലിയിൽ എത്തിയത് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. രണ്ടാമത്തെ കാര്യം, ഒരു ഗവർണർ തന്നെ പറയുകയാണ് വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ എത്ര അഭിമാനകരമായ നേട്ടമാണ് ഈ സ്റ്റേറ്റ് കൈവരിച്ചിരിക്കുന്നതെന്ന്. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ വീട്ടിലെ പണിക്കാരെ വിട്ടാൽ 16 രൂപയ്ക്ക് കേരളത്തിൽ അരി കിട്ടും. അദ്ദേഹത്തിന്റെ ജന്മനാട്ടിൽ അത് കിട്ടില്ല. ഇൻഡ്യയിൽ ഒരിടത്തും കിട്ടുകയില്ല. അപ്പോൾ ആ നിലയിലേക്ക് കേരളത്തിന്റെ പൊതുവില്പന രംഗം മാറ്റിയതിൽ അദ്ദേഹം അഭിമാനിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ് ഇത്തരത്തിൽ ഒരു നന്ദിപ്രമേയം അവതരിപ്പിച്ചത് എന്ന് നമ്മൾ ഓർക്കണം. ഞാൻ മറ്റ് എല്ലാ വകുപ്പുകളിലേക്കും പോകുന്നില്ല. ഞങ്ങൾ പലതവണ പറഞ്ഞിട്ടുള്ള കാര്യമാണ്. അഴിമതിയാരോപണമില്ലാത്ത മന്ത്രിമാർ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം തന്നെയാണ്. തീർച്ചയായിട്ടും ആ നിലയിലുള്ള ഭരണസംവിധാനമാണ് മുന്നോട്ടുകൊണ്ടു പോകുന്നത്. ഇവിടെ രണ്ട് ഉദാഹരണം മാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. മലയോര കൃഷിക്കാരന് പട്ടയം നല്കുന്നത് സംബന്ധിച്ച് എത്ര വർഷങ്ങളായി ഈ നിയമസഭയിലും കേരളത്തിനകത്തും പുറത്തും ചർച്ച ചെയ്യുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് അതുസംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ്

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ സന്നദ്ധമാകാത്തതിന്റെ അടിസ്ഥാനത്തിലായിരുന്നു കേരളത്തിലുടനീളം മലയോര കൃഷിക്കാരുടെ പട്ടയം നൽകാൻ കഴിയാതിരുന്നത്. ഈ ഗവൺമെന്റ് അത് പരിശോധിച്ചു. റവന്യൂ വകുപ്പുമന്ത്രി 146 ഉന്നതതല യോഗങ്ങളാണ് വിളിച്ചുകൂട്ടിയത്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞയാഴ്ച എന്റെ നിയോജക മണ്ഡലത്തിൽ പമ്പാവാലിയിൽ 2851 കൈവശ കൃഷിക്കാർക്ക് പട്ടയം നൽകാൻ കഴിഞ്ഞു. പ്രായമുള്ള സ്ത്രീകൾ കണ്ണുനീർ പൊഴിച്ചുകൊണ്ടാണ് ആ വേദിയിൽ വന്ന് പട്ടയം വാങ്ങിയത്. അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു അത്. കൃത്യസമയത്തു തന്നെ ശ്രീ. പി. സി. വിഷ്ണുനാഥ് ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് എത്തി 3148 മലയോര കൈവശകൃഷിക്കാർക്കാണ് പട്ടയം നൽകിയത്. അവിടെ പ്രതിപക്ഷം ആ ചടങ്ങ് ബഹിഷ്കരിച്ചു. അവർക്ക് സഹിക്കുന്നില്ല, സഹിക്കാൻ കഴിയില്ല. കാരണം മാണി സാർ ഇപ്പോൾ വേദിയിലില്ല, എത്രയോ നാളുകളായി മലയോര കൈവശ കൃഷിക്കാർക്കുവേണ്ടി പ്രസംഗിച്ചതാണ്. പക്ഷേ തങ്ങളുടെ കൈകൾകൊണ്ട് ആ മലയോര കൃഷിക്കാർക്ക് ഒരു പട്ടയം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അവിടെയാണ്.....

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി ഇ. എസ് ബിജിമോൾ)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഈ പട്ടയം സംബന്ധിച്ച് സുപ്രീം കോടതിയിലൊരു കേസുണ്ടായിരുന്നു. ആ കേസിൽ സുപ്രീം കോടതി കേരള ഗവൺമെന്റിനോട് വനാതിർത്തി നിർണ്ണയിച്ചുകൊണ്ട് കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്നതുസംബന്ധിച്ച് അഭിപ്രായം ചോദിച്ചുകൊണ്ട് 2001 ഡിസംബറിലും 2005 ഡിസംബറിലും രണ്ടുകത്തുകൾ അയച്ചിട്ട് അന്നത്തെ ഗവൺമെന്റ് അതിനൊരു മറുപടിപോലും അയയ്ക്കാൻ തയ്യാറായില്ല, അത് ഇവർ തമ്മിലുള്ള തർക്കത്തിന്റെ ഭാഗമായിരുന്നു എന്നത് അങ്ങേയ്ക്കറിയാമോ?

ശ്രീ. മാത്യു എബ്രഹാം: തർക്കമാണ് സർ, ചതിയായിരുന്നു സർ, കബളിപ്പിക്കലായിരുന്നു. പ്രസംഗം മാത്രമായിരുന്നു. ഒരു പട്ടയം ഒരു കൃഷിക്കാരന് കൊടുക്കാനുള്ള സൗമനസ്യം ഉണ്ടായില്ല. ഇപ്പോൾ നോക്കൂ, ഈ ഫെബ്രുവരി മാസം മണ്ണപ്പുറം 909, കല്ലാർ 2348, പെരുഞ്ചാൻകുട്ടി 9000, പാറത്തോട് 1696, മുരിക്കാശ്ശേരി 2489, മുഴുവനും ഞാൻ വായിക്കുന്നില്ല, 18138 മലയോര കൈവശ കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ഒരു ചരിത്ര സംഭവമാണ്. 3148 പേർക്ക് നെടുങ്കണ്ടത്തുകൊടുത്തപ്പോൾ മാണിഗ്രൂപ്പിന്റെ പ്രതിനിധി എംഎൽഎ-യുൾപ്പെടെ പങ്കെടുത്തിട്ടില്ല. അദ്ദേഹം ഇപ്പോൾ സഭയിൽ ഇല്ലെന്ന് തോന്നുന്നു, ഇവിടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം വർഷങ്ങളായി മലയോര കൈവശകൃഷിക്കാർ ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞിരിക്കുന്നു എന്നുള്ളത് ഒരു പൊൻതൂവൽ തന്നെയാണ്. രണ്ടാമത് ഞാൻ ചൂണ്ടിക്കാണിക്കുന്ന ഒറ്റ കാര്യം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, വലിയ സോഷ്യലിസം പറയുന്നല്ലോ. ഞങ്ങളുടെ മാണിസാർ കൊടുത്ത ഒരു പതിനായിരത്തിനടുത്ത് പട്ടയമുണ്ട്. ആ പട്ടയം തടഞ്ഞുവച്ചു. എന്താ കാര്യം, സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ വേണമെന്നുപറഞ്ഞു. സുപ്രീം കോടതിയുടെ വിധി നവംബർ മാസത്തിൽ വന്നു. ഒരു ഗവൺമെന്റ് ഓർഡറിലൂടെ ആ പട്ടയം മുഴുവൻ അകയ്യർ ചെയ്തു കൊടുക്കാവുന്നതാണ്. ഇന്നുവരെ അങ്ങയുടെ മന്ത്രി അത് ചെയ്തിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: ബഹുമാനപ്പെട്ട പി. സി. ജോർജ് മനസ്സിലാക്കുക, നിങ്ങൾ കൊടുത്ത പട്ടയത്തിനകത്ത് സുപ്രീം കോടതിയുടെ വിധിക്ക് വിധേയം എന്ന വാക്ക് എഴുതിയിട്ടുണ്ട്. ഇവിടെ ഇടതുമുന്നണി ഗവൺമെന്റ് കൊടുത്തിരിക്കുന്ന പട്ടയം ഉപാധിരഹിതമാണ് അവന്റെ മണ്ണിലെത്ര മരമുണ്ടോ, ആയത് അവർക്ക് മുറിക്കാം.

ശ്രീ. പി. സി. ജോർജ്: എന്തുകൊണ്ടാണ് ഉണ്ടായത്, ഹൈക്കോടതി തടഞ്ഞു, ആ കോടതിവിധിയുടെ അടിസ്ഥാനത്തിൽ എന്നുവച്ചാൽ, ...പറയട്ടെ, രാജു എബ്രഹാം കേൾക്കൂ, അങ്ങനെ ഒളിച്ച് ഓടണ്ട, അന്ന് സുപ്രീം കോടതി വിധി വന്നിട്ട് നിങ്ങളെന്തുകൊണ്ട് ആ പട്ടയം കൊടുക്കുന്നില്ല? നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതെന്താണ്? പട്ടയം മുഴുവൻ തിരിച്ചുകൊണ്ടുവാ മാറിത്തരാമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. സുപ്രീം കോടതിയിൽ നടന്ന കേസിനെ സംബന്ധിച്ച് രണ്ടുകത്തുകൾ യു.ഡി.എഫ്. ഭരിക്കുമ്പോൾ എഴുതിയിട്ടും ആ രണ്ട് കത്തുകൾക്കും മറുപടി കൊടുത്തില്ല, അത് ഗുരുതരമായ പിശകല്ലേ, തെറ്റല്ലേ? കൃഷിക്കാരോട് മാപ്പ് പറയണം. ഞാൻ രണ്ടാമത്തെ കാര്യത്തിലേക്ക് കടക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: 1964-ലെ ലാന്റ് അസൈൻമെന്റ് ആക്ട് അനുസരിച്ച് നാലേക്കർ ഭൂമി ഒരു കുടുംബത്തിന് കൊടുക്കാമെന്നിരിക്കെ, ഒരേക്കർ മാത്രമേ കൊടുക്കാൻ പാടുള്ളൂവെന്നുപറഞ്ഞ് നിയമമുണ്ടാക്കി മലയോര കൃഷിക്കാരെ ദ്രോഹിച്ചതാണ് അവർ ചെയ്ത സംഭാവനയെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. രാജു എബ്രഹാം: ആ പട്ടയത്തിന് ഒരു ലക്ഷം രൂപ ഒരേക്കറിന് കോമ്പൻസേഷൻ കൊടുക്കണമായിരുന്നു. രണ്ടാമത്തെ കാര്യം, സ്മാർട്ട് സിറ്റിയാണ്. സ്മാർട്ട് സിറ്റിപ്രശ്നം കേരളത്തിൽ എത്ര വലിയ വിവാദങ്ങൾ ഉണ്ടാക്കി. ഇപ്പോൾ അത് യാഥാർത്ഥ്യമായിരിക്കുന്നു. സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് എന്തായിരുന്നു യു.ഡി.എഫ്. ഉണ്ടാക്കിയിരുന്ന കമാർ? കേരളത്തിന്റെ പൊന്മുട്ടയിടുന്ന താറാവായ ഇൻഫോ പാർക്ക് പരിപൂർണ്ണമായും ദുബായ് ടീംകോം കമ്പനിക്ക് ഫ്രീയായി നൽകി. എത്ര ഗുരുതരമായ പിശകാണ് കാണിച്ചുവച്ചത്? അതും ആ എഗ്രിമെന്റ് തുടങ്ങുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാമത്തെ ക്ലോസ് തന്നെ ഇൻഫോ പാർക്ക് പണയം വച്ചുകൊണ്ടായിരുന്നു. ഇത് കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നോ? യു.ഡി.എഫ്. ഭരിക്കുമ്പോൾ 3500 ആളുകളായിരുന്നു ഇൻഫോ പാർക്കിൽ പണിയെടുത്തിരുന്നത്. അവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇടപെട്ടതുകൊണ്ട്, 13500 ആളുകൾ പണിയെടുക്കുന്നു. ഇൻഫോ പാർക്കിന്റെ തൊട്ടടുത്തുള്ള 175 ഏക്കർ സ്ഥലമുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മിനിഞ്ഞാന്ന് ഇറക്കിയ സ്റ്റേറ്റ്മെന്റുണ്ട്, ആ ഫ്യൂച്ചർ ലാന്റിൽ ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കി ഈ ഗവൺമെന്റ് ഇൻഫോ പാർക്കിന്റെ വികസനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഒരുലക്ഷത്തി പതിനായിരം ആളുകൾക്കാണ് അവിടെ ജോലി കിട്ടാൻ സാധ്യതയുള്ളത്. ഇന്നലെ ആ ലോബികളെല്ലാം ഇറങ്ങിയിട്ടുണ്ട്. അവിടെ സ്മാർട്ട് സിറ്റി വന്നാൽ ഇനി ഇൻഫോപാർക്കിന് ഭാവിയുണ്ടോ എന്നതാണ് ചോദ്യം. അതവിടിരിക്കട്ടെ, പക്ഷേ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചെയർമാനായ ശ്രീ. എസ്. ശർമ്മയും ആ നിലയിലേക്ക് കാര്യങ്ങൾ നീക്കിയത് എന്നുള്ളത് ഇപ്പോൾ കേരളം വളരെ സന്തോഷത്തോടുകൂടി കാണുകയാണ്. അന്ന് ഉണ്ടാക്കിയ കരാറിലെ രണ്ടാമത്തെ ക്ലോസ് എന്തായിരുന്നു?

ശ്രീ. പി. സി. ജോർജ് : സർ, നമ്മൾ എല്ലാവരും പ്രതിപക്ഷത്ത് ഇരിക്കുമ്പോഴാണല്ലോ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ആ കസേരയിൽ ഇരുന്നുകൊണ്ട് പറഞ്ഞത് സ്മാർട്ട് സിറ്റി എഗ്രിമെന്റ് ഒപ്പു വയ്ക്കാം എന്ന്. അപ്പോൾ നമ്മൾ പറഞ്ഞു പറ്റുകയില്ലെന്ന്. അതിന് ശ്രീ. രാജു എബ്രഹാമിന്റെ പുറകിൽ നിന്ന് സിന്ദാബാദ് വിളിച്ചതാണ് ഞാൻ, ഓർക്കുന്നില്ലേ? അപ്പോൾ ശ്രീ. ഉമ്മൻചാണ്ടി കാണിച്ച മാന്യത എന്താണ്? ഇലക്ഷൻ വരുകയാണ്. ഇനി ഇലക്ഷന് രണ്ടുമൂന്നു മാസമേയുള്ളു. വരുന്ന ഗവൺമെന്റ് എഗ്രിമെന്റ് വയ്ക്കട്ടേയെന്ന് പറഞ്ഞു. നാലേമുക്കാൽ വർഷമായി ഈ ഗവൺമെന്റ് വന്നിട്ട്? നിങ്ങൾ എന്ത് ചെയ്യുകയായിരുന്നു; ഉറങ്ങുകയായിരുന്നോ? നാലേമുക്കാൽ വർഷമായിട്ട് ഒരു ഇഞ്ച് നീങ്ങാൻ കഴിയാതിരുന്നതിന് ആർക്കാണ് നന്ദി പറയേണ്ടത്? മുഖ്യമന്ത്രിക്ക് നന്ദിക്ക് അർഹതയുണ്ടോ; ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ തൊഴിലവസരം നഷ്ടപ്പെടുത്തിയില്ലേ?

ശ്രീ. രാജു എബ്രഹാം : നാലേമുക്കാൽ വർഷക്കാലം ഈ എഗ്രിമെന്റ് നീണ്ടുപോയി എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ ആ യാഥാർത്ഥ്യം ഉള്ളതുകൊണ്ട് കേരളത്തിന് ഉണ്ടായ നേട്ടം എന്താണ്? കോടിക്കണക്കിന് രൂപയുടെ നേട്ടമാണുള്ളത്. അത് ബഹുമാനപ്പെട്ട പി. സി. ജോർജ് മനസ്സിലാക്കണം. യു.ഡി.എഫ്. വച്ചിരുന്ന നിബന്ധന അവിടെ 33000 പേർക്ക് തൊഴിൽ എന്നാണ്. ഇപ്പോൾ 90000 പേർക്കാണ് ഈ ഗവൺമെന്റ് വച്ചിരിക്കുന്ന എഗ്രിമെന്റ് പ്രകാരം തൊഴിൽ ഉണ്ടാകുന്നത്. 33000 പേർക്ക് ജോലി കിട്ടുന്നില്ലെന്നുണ്ടെങ്കിൽ എന്തായിരുന്നു വച്ചിരുന്ന ക്ലോസ്? ഒരു തൊഴിലവസരത്തിന് 6000 രൂപ പിഴ അടച്ചാൽ മതി എന്നുപറഞ്ഞാൽ ആകെ 19 കോടി രൂപ കൊടുത്താൽ ഈ സ്ഥലം മുഴുവൻ യാതൊരു മാനദണ്ഡങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വിധേയമാകാതെ സ്മാർട്ട് സിറ്റിയുടെ കൈയിൽ പോയേനെ. ഇപ്പോൾ എന്താണ് വച്ചിരിക്കുന്നത്? ഈ ഗവൺമെന്റ് എന്താണ് വച്ചിരിക്കുന്നത്. 90000 പേർക്ക് തൊഴിൽ അവസരം കൊടുക്കുന്നില്ലെങ്കിൽ ഈ സ്ഥലവും അവർ പണിതിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളും കേരള സർക്കാരിലേക്ക് മുതൽകൂട്ടും. ഏതാണ് നേട്ടം? 19 കോടി രൂപ കൊടുത്ത് പാട്ടത്തിന് ചൂളൂവിൽ ആ സ്ഥലവും മുഴുവൻ കെട്ടിടവും അടിച്ചുകൊണ്ട് പോകാൻ നടത്തിയ പരിശ്രമമായിരുന്നു. അവർ കള്ളന്മാരാണെന്ന് ഞങ്ങൾ പറയില്ല. സ്മാർട്ട് സിറ്റി വേണം എന്ന അഭിപ്രായം തന്നെയായിരുന്നു ഞാനും ശ്രീ. പി. സി. ജോർജും അന്ന് ഉയർത്തിയത്. പക്ഷെ ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ പുറകിൽ നടന്ന കൊടുംകൊള്ളയുടെ കഥയുണ്ട്. അതാണ് കേരളം വളരെ ആകാംക്ഷയോടുകൂടി നോക്കി കണ്ടത്. ഇപ്പോൾ ആ പഴുതുകൾ അടച്ചു. നിങ്ങൾ ഉണ്ടാക്കിയിട്ടുള്ള ഫ്രീഹോൾഡ് എഗ്രിമെന്റ് പ്രകാരം 100 ഏക്കർ സ്ഥലം കൊടുക്കണമായിരുന്നു. ഇപ്പോഴോ ഇരുപത്തിയൊമ്പതര ഏക്കർ സ്ഥലം മാത്രം കൊടുത്താൽ മതി. അതും 99 വർഷത്തെ പാട്ടത്തിന്. മറ്റതാ അവർക്ക് ഇഷ്ടംപോലെ വിൽക്കാം. അപ്പോൾ ആ സ്ഥലത്തിന്റെ വില നമ്മൾ ഓർക്കണം. സെസ്സിന്റെ നിയമമാണ് ഇപ്പോൾ പറഞ്ഞിരിക്കുന്ന ഒരു പ്രശ്നം. അതിനുകൂടി ഇപ്പോൾ പുതിയ ക്ലോസ് ഉണ്ടാക്കിയിരിക്കുകയാണ്. സെസ്സിന്റെ നിയമം കേന്ദ്രം മാറ്റുകയാണെങ്കിൽ പോലും ഈ ഇരുപത്തിയൊമ്പതര ഏക്കർ വിൽക്കാൻ പാടില്ല. ഇത് ഒരു ചരിത്ര സംഭവമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കോടാനുകോടി രൂപയുടെ നേട്ടമാണ് ഇടതുമുന്നണി ഈ സ്മാർട്ട് സിറ്റി എഗ്രിമെന്റ് ഉണ്ടാക്കിയതിലൂടെ കേരളത്തിൽ ഉണ്ടായിരിക്കുന്നത്. അതുവഴി അതിഭീമമായ അഴിമതിയും കൊള്ളയും തടയാൻ കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് അഭിമാനത്തോടെ പറയാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് ഇവിടെ ഫ്രീഹോൾഡിനെപ്പറ്റി പറഞ്ഞല്ലോ, ഒരിക്കലും യു.ഡി.എഫ്. ഉണ്ടാക്കിയ എഗ്രിമെന്റിൽ ഫ്രീഹോൾഡ് ഉണ്ടായിരുന്നില്ല. അതവിടെ നിൽക്കട്ടെ. ഇപ്പോൾ അങ്ങ് 29 ഏക്കറായി കുറച്ചുവെന്നുപറഞ്ഞു. എന്റെ ഒരൊറ്റ ചോദ്യം- അങ്ങ് ഉത്തരം പറഞ്ഞാൽ മതി. 88% 99 കൊല്ലത്തേക്ക് ലീസിന് കൊടുക്കുകയും 12% എന്തിനുവേണ്ടി ഫ്രീഹോൾഡിന് കൊടുത്തുവെന്നതിന് നിങ്ങൾക്ക് എക്സ്പ്ലനേഷനുണ്ടോ? ഇപ്പോഴും പറയാൻ കഴിഞ്ഞിട്ടില്ലല്ലോ, അങ്ങേക്ക് പറയാൻ കഴിയുമോ എന്തുകൊണ്ട് അങ്ങനെ ചെയ്തുവെന്ന്. രണ്ടും രണ്ടായിട്ട്. 88% ലീസ്, അടുത്തത് ഫ്രീഹോൾഡ്, അവിടെയല്ലേ തർക്കം വന്നത്. നിങ്ങൾ എഴുതി ചേർത്ത് ഉണ്ടാക്കിയതല്ലേ?

ശ്രീ. രാജു എബ്രഹാം : സർ, ഇവിടെ നിങ്ങൾ ഉണ്ടാക്കിയ എഗ്രിമെന്റിനകത്ത് 100 ഏക്കറാണ് സൗജന്യമായി കൊടുക്കുന്നത്. അവിടെ 40% ആണ്. ആ 40% ഉള്ള സ്ഥാനത്താണ് ഇടതുമുന്നണി 12% ആയി കുറച്ച്, നിങ്ങൾ വച്ചിരിക്കുന്ന 40%-നകത്ത് അത് സ്വതന്ത്രമായ വിനിയോഗത്തിനാണ് കൊടുത്തത്. എന്നുവച്ചാൽ വിൽക്കാൻ. ഇവിടെയോ, 99 വർഷത്തെ ലീസിന്. എന്നുമാത്രമല്ല കേന്ദ്രം സെസ്സ് നിയമം മാറ്റിയാൽപ്പോലും ഇത് വിൽക്കാൻ പാടില്ലായെന്നുള്ള പുതിയ ക്ലോസും ഉൾപ്പെടുത്തിയിരിക്കുകയാണ്. എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ മറ്റൊരു ഐ.ടി. പാർക്ക് പാടില്ല എന്ന് നിങ്ങൾ ഒരു ക്ലോസ് ഉണ്ടാക്കിയത് എന്തിനാണ്? പേജ് നമ്പർ 18-ൽ ആറാമത്തെ ക്ലോസിനകത്തെ നാലാമത്തെ പോയിന്റ്. അഞ്ച് വർഷക്കാലത്തേക്ക് എറണാകുളം ജില്ലയിൽ മറ്റൊരു ഐ.ടി. പാർക്ക് പാടില്ല എന്നുപറയുന്ന തരത്തിലേക്ക് ഒരു എഗ്രിമെന്റ് ലോകത്തിലെ ഏതെങ്കിലും ഗവൺമെന്റ് ഉണ്ടാക്കുന്നതാണോ? ഇതിനകത്ത് ഞങ്ങൾ അഴിമതി ആരോപണം ഒന്നും ഉന്നയിക്കുന്നില്ല. പക്ഷേ കേരളത്തിന്റെ സമ്പത്ത് മുഴുവൻ കൊള്ളയടിക്കാൻവേണ്ടിയുള്ള ഒരു ഫ്രെയിംവർക്ക് എഗ്രിമെന്റിൽ നിന്നും ഈ കേരളത്തെയും കേരളത്തിന്റെ വ്യവസായ അന്തരീക്ഷത്തെയും അഭിമാനത്തെയും കേരളത്തിന്റെ അന്തസ്സിനെയും ഉയർത്തിപിടിക്കാൻ ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട നടപടിയാണ് എന്നുള്ളതാണ് ചൂണ്ടിക്കാട്ടുന്നത്.

<u>ചെയർപേഴ്സൺ</u> : ശ്രീ. രാജു എബ്രഹാമിന്റെ സമയം കഴിഞ്ഞു.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ഞങ്ങൾ അത്ഭുതപ്പെടുന്നില്ല. ഞാൻ ചുരുക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ഇതുമാത്രമല്ല, ഇതിനപ്പുറവും ചെയ്യും. ഇന്നത്തെ പത്രങ്ങളിലും ഇന്നലെ വൈകിട്ടത്തെ വിഷ്വൽ മീഡിയായിലുമൊക്കെ നമ്മൾ എന്താണ് കണ്ടത്? 'പേര് എടുക്കാൻ പോയ വയറ്റാട്ടി ഇരട്ട പെറ്റു' എന്നു പറയുന്നതുപോലെയാണ്. ഇന്ത്യാ രാജ്യത്തെ അഴിമതി അന്വേഷിക്കേണ്ട പ്രധാനമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിൽ തന്നെ രണ്ട് ലക്ഷം കോടി, ...എന്താണ് കേൾക്കുന്നത്, ദേശീയ മാധ്യമങ്ങൾ മുഴുവൻ പറഞ്ഞിരിക്കുകയാണ്. എന്ത് രാഷ്ട്രീയമാണ് ഇവിടെയുള്ളത്? ഒരു കോടിയെന്നൊക്കെ നമ്മൾ കേട്ടിട്ടുണ്ട്. ഓണക്കാലത്ത് ലോട്ടറിക്കാർ വന്ന് ഒരു കോടിയും ഇന്നോവ കാറും ഒന്നാം സമ്മാനം എന്നുപറയുന്നത് നമ്മൾ കേട്ടിട്ടുണ്ട്. പണ്ട് നമ്മൾ 1,76,000 കോടി എന്ന് കേട്ടു. ഇപ്പോൾ അതിനെ കടത്തിവെട്ടിയിരിക്കുന്നു. ***ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇന്ത്യയുടെ പ്രധാനമന്ത്രി ഒരു സ്ഥാനത്തിരിക്കുന്ന വ്യക്തിയാണ്. യു.പി.എ. അദ്ധ്യക്ഷ ഒരു പവർ എക്സിസ്റ്റേഷൻ വ്യക്തിയല്ല. കോൺഗ്രസിന്റെ പ്രസിഡന്റ് കൂടിയാണ്.... (ബഹളം) ..... ഞാൻ ഒന്നു പറയട്ടെ. ആയിക്കോട്ടെ..... ആയിക്കോട്ടെ ഞാനൊന്ന് പറയട്ടെ. അല്ല, നിങ്ങൾ പറയുന്നത് അംഗീകരിക്കാനല്ലല്ലോ ഞങ്ങളിവിടെ ഇരിക്കുന്നത്. ഒച്ചയെടുത്തിട്ട് കാര്യമുണ്ടോ..... ഒച്ചയെടുത്തിട്ട് കാര്യമുണ്ടോ? ഈ കോടികൾ ചാടുന്നത്..... എന്താണ്. കോടികൾ സ്വന്തം നേതാക്കന്മാരോട് ചോദിച്ചാൽ മതി കോടികളുടെ കണക്കുകൾ. അതുകൊണ്ട് ഇവിടെ നിയമസഭാംഗത്തിന്റെ ശക്തിയിലും അതിന്റെ പ്രൊട്ടക്ഷനിലും നിന്നുകൊണ്ട് വളരെ ബഹുമാന്യരായ നേതാക്കളെക്കുറിച്ച് ഒരു നിയമസഭാംഗം വളരെ വിലകുറഞ്ഞ ഗുരുതരമായ ആരോപണം ഉന്നയിച്ചത് ക്രമവിരുദ്ധമാണ്, ചട്ടങ്ങൾക്ക് വിരുദ്ധമാണ്, അത് കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണ്. അത് സഭാചട്ടങ്ങളിലെ രേഖകളിൽ നിന്നും നീക്കം ചെയ്യണം.

<u>മി. ചെയർപേഴ്സൺ</u> : പരിശോധിക്കാം.

*** ബഹുമാനപ്പെട്ട സഭാംഗത്തിന്റെ ഉത്തരവിന്റെ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ ആദ്യത്തെ നയപ്രഖ്യാപന പ്രസംഗമാണ് എന്റെ കൈയിലുള്ളത്. അത് പറഞ്ഞ് അവസാനിപ്പിക്കുന്നത് 'എന്റെ സർക്കാർ പിന്തിരിഞ്ഞ് നോക്കുന്നത് കാര്യങ്ങൾ പഠിക്കുവാനായി മാത്രമായിരിക്കുമെന്നും, പ്രവർത്തിക്കുന്നതിനുമാത്രമായി മുന്നോട്ട് നീങ്ങുമെന്നും എനിക്ക് നിങ്ങൾക്ക് ഉറപ്പ് തരാൻ കഴിയും. എന്റെ സർക്കാർ ഓരോ നയനങ്ങളിൽ നിന്ന് കണ്ണീരൊപ്പുക മാത്രമല്ല, ഓരോ വദനങ്ങളിലും പുഞ്ചിരി കൊണ്ടുവരുകകൂടി ചെയ്യുന്നതാണ് എന്നാണ്. ശ്രീ. ആർ. എൽ. ഭാട്ടിയ 2006 ജൂൺ 16-ാം തീയതി ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാനമാണ്. അങ്ങേക്ക് അറിയാം അഞ്ച് വർഷം കഴിഞ്ഞിട്ട് ഈ ഗവൺമെന്റ് പടിയിറങ്ങിപ്പോകാൻ നിൽക്കുന്ന ഈ സന്ദർഭത്തിൽ എത്ര പേരുടെ കണ്ണീരൊപ്പുവാനാണ് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്? എത്ര പേരുടെ വദനങ്ങളിലാണ് പുഞ്ചിരി കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്? മുഖ്യമന്ത്രിയും മന്ത്രിമാരും ഭരണപക്ഷത്തിരിക്കുന്നവരും നെഞ്ചിൽ കൈവച്ച് ഒന്ന് ആലോചിക്കണം. കേരളത്തിൽ ഇന്ന് ആരുടെയും വദനങ്ങളിൽ ചിരിയില്ല. ഒരാളുടെയും കണ്ണീരൊപ്പുവാൻ അഞ്ച് വർഷംകൊണ്ട് ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളത്തിൽ ഇന്ന് കൊലച്ചിരിയാണുള്ളത്. അത് കേരളത്തിലെ മാഫിയകളുടെ കൊലച്ചിരി മാത്രമാണ്. അഞ്ച് വർഷം എന്നുപറയുന്നത് നിങ്ങൾ എല്ലാം നശിപ്പിച്ച് മുന്നോട്ട് പോയ അഞ്ച് വർഷമാണ്. ഇവിടെ ചർച്ച ചെയ്യുന്ന നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാനത്തിൽ നിങ്ങൾ പറയുന്നു എല്ലാ ഭിന്നതകളും മാറ്റിവച്ച്, കേരളത്തെ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാക്കിത്തീർക്കുന്നതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം, ഒത്തൊരുമിച്ച് നീങ്ങാം, ഒത്തൊരുമിച്ച് വളരാം എന്ന്. അഞ്ച് വർഷം നിങ്ങൾ എവിടെയായിരുന്നു? ഭിന്നത മാത്രമായിരുന്നില്ലേ ഈ ഗവൺമെന്റിന്റെ മുഖമുദ്ര. ഭിന്നത മാത്രമുള്ളതുകൊണ്ടല്ലേ ഈ ഗവൺമെന്റിനെ മുന്നോട്ട് നയിക്കാൻ നിങ്ങൾക്ക് കഴിയാതിരുന്നത്? ഈ ഗവൺമെന്റിന്റെ മുഖ്യമന്ത്രി ഒരു ഭാഗത്തേക്കും മന്ത്രിമാർ പലഭാഗത്തേക്കും പോയി. ഭിന്നതയുടെ പര്യായമായി മാറികഴിഞ്ഞ അഞ്ച് വർഷം കഴിഞ്ഞ്, ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട് മാറിവന്ന ഈ സാഹചര്യത്തിൽ അവസാനം പറയുന്നു, ഇനി നമുക്ക് എല്ലാ ഭിന്നതകളും മാറ്റിവയ്ക്കാം എന്ന്. ഇനി നിങ്ങൾ ഒരു ഭിന്നതയും മാറ്റിവച്ചതുകൊണ്ടായില്ല. ജനങ്ങൾ നിങ്ങൾക്ക് ഭിന്നത മാറ്റിവച്ച കേരളത്തെ മുന്നോട്ട് നയിക്കാൻ ഒരു അവസരം തന്നു. ആ അവസരം നിങ്ങൾ വിനിയോഗിച്ചില്ല. ഇനി ഭിന്നത മാറ്റിനിർത്താൻ നിങ്ങൾ എങ്ങനെ കെട്ടിപ്പിടിച്ച് കഴിഞ്ഞാലും കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കില്ല എന്ന് ഞാൻ ആമുഖമായിട്ട് പറയുകയാണ്. ഇന്ന് ശ്രീ. രാജു എബ്രഹാം ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ പ്രധാനമായും സൂചിപ്പിച്ചു, ഇന്നലത്തെ പ്രസംഗം മുഴുവൻ സൂചിപ്പിച്ചത് നമ്മുടെ ഉപരാഷ്ട്രപതിയിൽനിന്നും ശ്രീ. പ്രണബ് മുഖർജിയിൽനിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ച അവാർഡിനെ കുറിച്ചാണ്. നമുക്കറിയാം, സിനിമയായാലും കഥയായാലും കവിതയായാലും അവാർഡുകൾ കൊടുക്കുന്നത് ആ സൃഷ്ടിയുടെ മൂല്യം, മേന്മ, ഗുണം ഇവയൊക്കെ

നോക്കിത്തന്നെയാണ്. സംശയം വേണ്ട. പക്ഷേ ജനാധിപത്യത്തിൽ ആരാണ് അവാർഡ് നൽകേണ്ടത്? ജനാധിപത്യത്തിൽ ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് അവാർഡ് നൽകേണ്ടത് ജനങ്ങളാണ്. ജനങ്ങളുടെ അവാർഡ് നിങ്ങൾക്ക് എത്ര പ്രാവശ്യം ലഭിച്ചു എന്ന് ചോദിച്ചാൽ ജനപ്രിയ സർക്കാർ എന്നുള്ള നിലയ്ക്ക് ഒരു പ്രാവശ്യംപോലും അവാർഡ് ലഭിച്ചില്ല എന്നു മാത്രമല്ല, ജനങ്ങൾ പൂർണ്ണമായും ഈ സർക്കാരിനെ തിരസ്കരിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിലും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലുമൊക്കെ ജനങ്ങൾ തിരസ്കരിച്ച നിങ്ങൾക്ക് ഇപ്പോൾ പിടിച്ചുനിൽക്കാനും പ്രസംഗിക്കുവാനും ഈ അവാർഡുകൾ മാത്രമേ മുഞ്ചിച്ചാകുന്നവന്റെ മുന്നിലെ വയ്ക്കോൽ തുരുമ്പുപോലെയുള്ളൂ. യഥാർത്ഥത്തിൽ ഇന്ന് ജനങ്ങളുടെ കോടതിയിൽനിന്ന് നിങ്ങൾ പുറത്തായി കഴിഞ്ഞിരിക്കുകയാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നു മുതൽ ആറുവരെയുള്ള പേജുകളിൽ പ്രധാനമായും പറയുന്നത് കേന്ദ്ര ഗവൺമെന്റിനെ പഴിചാരലാണ്, കേന്ദ്ര ഗവൺമെന്റിന് എതിരായിട്ടാണ്. ഇന്നത്തെ മലയാള മനോരമ പത്രമാണ് എന്റെ കയ്യിലിരിക്കുന്നത്. ഈ പത്രത്തിനകത്ത് പറയുന്നു, കേരളത്തിന്റെ 31 കേന്ദ്ര പദ്ധതികൾ. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി, ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങൾക്കൊന്നും ലഭിക്കുവാൻ കഴിയാത്ത രീതിയിലുള്ള പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റ് തന്നത്. ആ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞോ? എല്ലാം നേടി എന്ന് അഹങ്കരിക്കുന്ന നിങ്ങൾ ഇന്നലെയും ഇന്നുമായി പ്രസംഗത്തിൽ പറയുന്നു, വീണ്ടും ഞങ്ങൾ തിരിച്ചു വരുമെന്ന്. ഇതേ പ്രസംഗങ്ങൾ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് നിയമസഭ കൂടിയപ്പോൾ നിങ്ങൾ ആവർത്തിച്ചു. പക്ഷേ ജനങ്ങൾ നിങ്ങളെ തിരസ്കരിച്ചു. അതുകഴിഞ്ഞ് നിങ്ങൾ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പും നിയമസഭയിലും പുറത്തും പറഞ്ഞു ഞങ്ങൾ ഇതാ വീണ്ടും തിരിച്ചു വരുന്നു എന്ന്. ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ തിരിച്ചടിയുമായി നിങ്ങൾ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പുറകോട്ടു പോയി. സംശയം വേണ്ട. നിയമസഭാ തെരഞ്ഞെടുപ്പിലും നിങ്ങൾ എത്ര ആത്മവിശ്വാസം പ്രകടിപ്പിച്ചാലും അഞ്ച് വർഷക്കാലം ജനങ്ങൾ നിങ്ങൾക്കുതന്ന അംഗീകാരം, നിങ്ങൾ അതിനെതിരായി എടുത്ത നിലപാട്, നിങ്ങൾ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്ത സമീപനം. അതിനെതിരായി ഇതുതന്നെയായിരിക്കും നിയമസഭാ തെരഞ്ഞെടുപ്പുഫലവും എന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ കേന്ദ്രഗവൺമെന്റ് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾപോലും നിങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നു. ഇത് മാത്രമാണോ, ഇത് 31 കേന്ദ്ര പദ്ധതികളെക്കുറിച്ചാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതിനപ്പുറത്ത് ആദ്യത്തെ ആറുപേജുകളിൽ കേന്ദ്രഗവൺമെന്റിനെതിരായി നിങ്ങൾ പലതും പറയുന്നുണ്ടെങ്കിലും യഥാർത്ഥ്യം മറച്ചുവയ്ക്കാൻ കഴിയുന്നില്ല. പിന്നീടുള്ള പേജുകളിലൊക്കെ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ എത്രയോ ലിസ്റ്റ് വായിക്കാൻ കഴിയും. 2008-09 ൽ 224 കോടി രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിൽ ചെലവഴിക്കുവാൻ കഴിഞ്ഞു. 2009-10-ൽ 471 കോടി രൂപ ചെലവഴിച്ചു. വരാനിരിക്കുന്ന വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

700 കോടി രൂപ ചെലവഴിക്കുമെന്ന് ഈ നയ പ്രഖ്യാപന പ്രസംഗത്തിൽ എഴുതിയിരിക്കുന്നു. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു, ആഗോള മാന്ദ്യത്തെ കേരളം നേരിട്ടത് കേരളത്തിന്റേതായ നടപടി കൊണ്ടാണ് എന്ന്. അല്ല സർ, ഇത്തരത്തിലുള്ള കേന്ദ്ര പദ്ധതികളാണ് കേരളത്തെ ഇന്ന് ആഗോള മാന്ദ്യത്തിൽ നിന്ന് രക്ഷപ്പെടാൻ സഹായിച്ചത്. ഓരോ പേജ് എടുത്തുനോക്കിക്കഴിഞ്ഞാലും, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല, എല്ലാ പേജുകളിലും എന്റെ സർക്കാർ കുട്ടനാട് പാക്കേജ് നടപ്പാക്കി, നല്ല പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു. 2643.73 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് വെള്ളപ്പൊക്ക നിവാരണത്തിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. കേന്ദ്ര സഹായവും കേന്ദ്ര പദ്ധതികളും വഴി അല്ലാതെ എന്ത് കാര്യങ്ങളാണ് കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞത്? ആരോഗ്യ മേഖലയെക്കുറിച്ച് ഇതിനകത്തുതന്നെ പറയുന്നു, ആരോഗ്യ മേഖലയിൽ എൻ.ആർ.എച്ച്.എം. പദ്ധതിയിലൂടെ ഒട്ടനവധി സ്കീമുകൾ നടപ്പാക്കാൻ കഴിഞ്ഞു. ഈ നയപ്രഖ്യാപന പ്രസംഗത്തിൽത്തന്നെ ഓരോന്നോരോന്നായി പറഞ്ഞിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പദ്ധതികളല്ലാതെ കേരളത്തിൽ ഈ അഞ്ചുവർഷക്കാലം എന്തെങ്കിലും പദ്ധതികൾ കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ പരസ്പരം തമ്മിലടിച്ച് മുന്നോട്ടുപോയി എന്നല്ലാതെ എവിടെയാണ് വികസനമുണ്ടായത്? വ്യാവസായിക മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുമെന്നല്ലേ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം പറഞ്ഞത്? വ്യവസായ രംഗത്ത് ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് നമ്മൾ പ്രതീക്ഷിച്ചത്. ഇന്ന് ആ ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ എവിടെ എത്തി നിൽക്കുന്നു? കേരളത്തിൽ അഞ്ചുവർഷക്കാലംകൊണ്ട് വ്യവസായ നിക്ഷേപ രംഗത്ത് ഏറ്റവും വലിയ പരാജയമുണ്ടാക്കുവാൻ കഴിഞ്ഞിരിക്കുന്നു? വ്യവസായ നിക്ഷേപം വന്നില്ല എന്ന് നമ്മുടെ വ്യവസായ വകുപ്പുമന്ത്രിതന്നെ ഇന്ന് തുറന്ന് സമ്മതിക്കുന്ന സാഹചര്യമുണ്ടായി. പദ്ധതികൾ നടപ്പാക്കാനുള്ള ഇച്ഛാശക്തി ഉണ്ടായില്ല. ഇതുപറയുന്നത് പ്രതിപക്ഷ ബഞ്ചിൽ നിന്നല്ല, കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയാണ് പറയുന്നത്. 2000-ൽ രണ്ടായിരം കോടി രൂപയുടെ സ്വകാര്യ നിക്ഷേപം വരുമെന്നു പറഞ്ഞു. അത് വേണ്ട രീതിയിൽ നടപ്പാക്കുവാൻ കഴിയാതെ പോയി. അദ്ദേഹം പറയുന്നു, പാർട്ടിക്കുള്ളിൽനിന്നും മുന്നണിക്കുള്ളിൽനിന്നും എതിർപ്പുകളുണ്ടായിട്ടുണ്ട്. വ്യക്തിപരമായി ഞാൻ ഇതിൽ നിരാശനാണ്. ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ വരുമെന്ന് പറഞ്ഞ് അതിനുവേണ്ടി പ്രവർത്തിച്ച വ്യവസായ വകുപ്പുമന്ത്രി നിരാശനാണ് എന്നാണ്. വ്യവസായം വരുന്നതിന് ആരാണ് എതിർത്തത്, കേരളത്തിന്റെ പ്രതിപക്ഷ ബഞ്ചുകളിൽ ആരെങ്കിലും വ്യവസായം വരുന്നതിന് എതിരായ നിലപാടെടുത്തോ? ഏതെങ്കിലും വ്യവസായത്തിന് എതിരായി കേരളത്തിലെ പ്രതിപക്ഷം ഗവൺമെന്റിനെതിരെ സമീപനമെടുത്തോ? ഉണ്ടായില്ല. മറിച്ച് സ്വന്തം പാർട്ടിക്കകത്തുനിന്ന് മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായം കൊണ്ടുവരാൻ തീരുമാനിക്കുമ്പോൾ അതിനെതിരായ നിലപാടെടുത്തത് കേരളത്തിന്റെ മുഖ്യമന്ത്രി. അതിനെതിരായ

LIBRARY ARCHIVES Kerala Legislative Assembly

നിലപാടെടുത്തത് മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം നിൽക്കുന്ന ഘടകകക്ഷികൾ, ആർ.എസ്.പി.-യും സി.പി.ഐ.-യും. അങ്ങനെ ഇന്ന് കേരളത്തിൽ ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാതെ പോയി. കേരളത്തിന്റെ വ്യവസായ മുഖം ഇന്ന് എന്താണ്? അഞ്ച് വർഷം കഴിയുമ്പോൾ കേരളത്തിൽ ആർക്കെങ്കിലും വ്യവസായ നിക്ഷേപം നടത്താൻ കഴിയുമോ? കേരളത്തിൽ ഇന്ന് വ്യവസായം നടത്താൻ ഗവൺമെന്റ് തന്നെ എതിരാകുന്ന സാഹചര്യമാണ്. മാത്രമല്ല, ഇപ്പോൾ ഏറ്റവും ഒടുവിലായി നിങ്ങൾ കണ്ടു, സി.ഐ.ടി.യു.-വിന്റെ നോക്കുകൂലിയുടെ പേരിൽ കേരളത്തിലെ പ്രമുഖനായ ഒരു വ്യവസായിക്കും കുടുംബത്തിനും ചുമട് എടുക്കേണ്ടിവന്ന ചിത്രം ഇന്ന് കേരളത്തിലും ഇന്ത്യയിലും ഇന്ത്യക്ക് പുറത്തും വാർത്തകൾ വന്നതാണ്. അങ്ങനെ ദേശായിക്കുപോലും ചുമട് എടുക്കേണ്ടി വരുന്ന രീതിയിൽ നോക്കുകൂലി വാങ്ങുവാൻ സി.ഐ.ടി.യു.-ക്കാർ ഒരു ഭാഗത്ത് നിൽക്കുമ്പോൾ എങ്ങനെ ഇവിടെ വ്യവസായം വരും? എങ്ങനെ വ്യവസായങ്ങൾക്ക് വരാൻ കഴിയും. ഇവിടെ അതിനെതിരായ ഒരു സമീപനമെടുക്കുവാൻ ഇവിടുത്തെ പാർട്ടിക്ക്...

ശ്രീ. സി. പി. മുഹമ്മദ്: ഒരു മന്ത്രിസഭയ്ക്ക് ആകെ വേണ്ടത് കൂട്ടുത്തരവാദിത്തമാണ്. കേരളത്തിൽ ഒരുപാട് മുഖ്യമന്ത്രിമാരുണ്ടായിട്ടുണ്ട്. പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ മുഖ്യമന്ത്രിയാകാനും മുഖ്യമന്ത്രി ആകുമ്പോൾ പ്രതിപക്ഷ നേതാവാകാനും ശ്രമിച്ച ശ്രീ. വി. എസ്. അച്ചുതാനന്ദനെ പോലെ ഒരു മുഖ്യമന്ത്രിയെക്കുറിച്ച് അങ്ങ് കേട്ടിട്ടുണ്ടോ? പാർട്ടി ബന്ദിയാക്കിയ ഒരു മുഖ്യമന്ത്രിയും മുഖ്യമന്ത്രിയെക്കൊണ്ട് പൊറുതി മുട്ടിയ ഒരു പാർട്ടിയും, അതല്ലേ ഇന്ന് കേരളത്തിന്റെ സ്ഥിതി? ഇതിൽ എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞല്ലോ കഴിഞ്ഞ അഞ്ച് വർഷക്കാലമായി കേരളത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിലുള്ള തർക്കം, മുഖ്യമന്ത്രിയും പാർട്ടിയും തമ്മിലുള്ള തർക്കം. അഞ്ചുവർഷംകൊണ്ട് വലിയ ആവേശത്തോടുകൂടി അധികാരത്തിൽ വന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനെ എങ്ങനെ അധികാരത്തിൽനിന്ന് പുറത്താക്കാമെന്നുമാത്രമാണ് പാർട്ടി ആലോചിച്ചുകൊണ്ടിരുന്നത്. എങ്ങനെ അധികാരത്തിൽ നിൽക്കാമെന്ന് മുഖ്യമന്ത്രിയും ആലോചിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും മുഖ്യമന്ത്രിയും പാർട്ടിയും തമ്മിലുള്ള ശീതസമരം കേരളത്തിന്റെ ഭരണ രംഗത്തെ സ്തംഭിപ്പിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ: സി.പി.എം.-ന്റെ സംസ്ഥാന സെക്രട്ടറിയറ്റിൽ ഇന്നലെ പി. ശശിയുമായി ബന്ധപ്പെട്ട് ഇറക്കിയ പ്രസ്താവനയിൽ പോലും ഒളിഞ്ഞും തെളിഞ്ഞും ബഹുമാന്യനായ മുഖ്യമന്ത്രിക്ക് എതിരായ പരാമർശമുള്ളത് ബോധപൂർവ്വമാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞല്ലോ, അഞ്ചുവർഷമായി മുഖ്യമന്ത്രിക്ക് എതിരായി ഇവിടെ നിരന്തരം പാർട്ടി പ്രചരണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നു. ശ്രീ. പിണറായി വിജയനും പാർട്ടിക്കും ഒന്ന് അഭിമാനിക്കാം. മുഖ്യമന്ത്രി കസേരയിൽനിന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദനെ മാറ്റാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ലെങ്കിലും അദ്ദേഹത്തെ പോളിറ്റ് ബ്യൂറോയിൽനിന്ന് മാറ്റാൻ കഴിഞ്ഞു എന്നുള്ള കാര്യത്തിൽ ആശ്വസിക്കാം. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ തീർച്ചയായും അച്ചുതാനന്ദനെ മാറ്റുന്ന കാര്യം ജനങ്ങളും തീരുമാനിച്ചു കഴിഞ്ഞു. അതുകൊണ്ട് എന്തായാലും ഔദ്യോഗിക പക്ഷം വിജയിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ സമയം തീർന്നു. അതുകൊണ്ട് ഞാൻ മറ്റുകാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഇന്നലെയും ഇന്നുമായി സഭയിൽ നടന്ന ചർച്ചകൾ, ഇന്ന് രാവിലെ നടന്ന ചർച്ചകൾ, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. പക്ഷേ കേരളത്തിൽ പൊതുസമൂഹം എങ്ങോട്ട് പോകുന്നുവെന്ന് ചിന്തിക്കുവാൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശ്രീകോവിലായ ഈ സഭയിൽ ഇരിക്കുന്ന നമ്മൾ ഒന്ന് ആലോചിക്കേണ്ടേ? എന്താണ് സർ, ഇന്നലെയും ഇന്നുമായുള്ള ചർച്ചകൾ. ഇന്നലെയും ഇന്നുമായി നടക്കുന്ന ചർച്ചകൾ ഇന്ന് പൊതുസമൂഹം ഏത് രീതിയിലാണ് കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഇന്നുണ്ടായിട്ടുള്ള വിവാദങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്ക് അറിയാം. കേരളത്തിന്റെ ഇന്നത്തെ ഒരു ചിത്രം എന്താണ്? പട്ടാപ്പകൽ പച്ച മനുഷ്യനെ വെട്ടിക്കൊല്ലാൻ ക്വട്ടേഷൻ സംഘങ്ങളെ നിർലോഭം ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അങ്ങനെയുള്ള സംസ്ഥാനത്ത് വ്യക്തിഹത്യ നടത്തുവാൻ, ഒരാളുടെ സ്വഭാവഹത്യ നടത്തുവാൻ, ഒരാളെ തേജോവധം ചെയ്യുവാൻ എത്രപേരെ വേണമെങ്കിലും നമുക്ക് ലഭിക്കും. ഒളി ക്യാമറയല്ല, മറിച്ചിനിൽ ക്യാമറയ്ക്ക് മുന്നിൽനിന്ന് എന്തും പറയാൻ നമുക്ക് ആരേയും ലഭിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ, അത്തരത്തിൽ ക്രഡിബിലിറ്റി ഇല്ലാത്ത ആളുകൾ പറയുന്ന ഇത്തരത്തിലുള്ള വാദമുഖങ്ങൾ വച്ചുകൊണ്ട് ആരെയെങ്കിലും കയ്യാമംവച്ച് തെരുവുകളിലൂടെ നടത്തിക്കുവാൻ ശ്രമിച്ചാൽ എങ്ങോട്ടായിരിക്കും കാര്യങ്ങൾ പോകുക. ഈ രീതിയിൽ മുന്നോട്ടുപോയിക്കഴിഞ്ഞാൽ, നാളെയും ഇതുപോലെ വന്നു കഴിഞ്ഞാൽ അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കുമെതിരെ ആർക്കും ഈ ക്യാമറകളിലൂടെ ഇത്തരം കാര്യങ്ങൾ പറയാൻ കഴിയുകയില്ല ഒരു കുപ്പി മദ്യം വാങ്ങിക്കൊടുത്താൽ എന്തും പുലമ്പാൻ തയ്യാറായി നിൽക്കുന്ന എത്രയാളുകളെ ഇന്ന് നമുക്ക് ലഭിക്കും. അവരൊക്കെ പറയുന്ന ആളുകളെ വച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ നടത്തിക്കഴിഞ്ഞാൽ, നാളേക്ക് മാന്യമായ രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകൾക്കെതിരേയും ഇതേ ആയുധംവച്ച് കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞാൽ അവർക്കെതിരെ കേസ്സെടുക്കുവാൻ കഴിയുമോ? ഇന്ന് ഈ രീതിയിൽ പോയിക്കഴിഞ്ഞാൽ കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷം, കേരളത്തിന്റെ രാഷ്ട്രീയ അന്തരീക്ഷം, കേരളത്തിന്റെ സാംസ്കാരിക അന്തരീക്ഷം..... (തടസ്സം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: ഇന്നലത്തേയും ഇന്നത്തേയും നിയമസഭാ ചർച്ചകൾ വീക്ഷിച്ചു കഴിഞ്ഞാൽ ഈ നിയമസഭയുടെ പുറത്ത് അഡൽസ് ഒൺലി എന്ന് എഴുതി വയ്ക്കേണ്ടി വരും എന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: തീർച്ചയായും. ആരായാലും നമ്മൾ സ്വയം വിമർശനത്തിന് തയ്യാറാകണം. ഇത്തരം ക്രഡിബിലിറ്റി ഇല്ലാത്ത ആളുകൾ പറയുന്ന കാര്യങ്ങൾ ഇവിടെ വായിച്ച് അതിന്റെ പേരിൽ കേസെടുക്കാൻ കഴിയണം. ആർക്കാണ് കഴിയാത്തത്? അപ്പുറത്ത് ഇരിക്കുന്ന ആളുകളെക്കുറിച്ച് പറഞ്ഞുകൂടെ.? ഞാൻ പറഞ്ഞില്ലേ വെട്ടിക്കൊല്ലാൻ കാട്ടേഷൻ സംഘങ്ങളെ കിട്ടുമ്പോൾ പിന്നെ ക്യാമറയ്ക്കുമുന്നിൽനിന്ന് പറയാൻ ആളെ കിട്ടാത്ത കാലമാണോ ഇത്? അത്തരം കാര്യങ്ങൾ ഗൗരവത്തോടുകൂടി കാണണം. നമ്മുടെ വീടുകളിലെ കുട്ടികളും നമ്മുടെ വളർന്നുവരുന്ന തലമുറയും ഇത് കാണുമ്പോൾ വഴിതെറ്റിപ്പോകുന്ന സാഹചര്യമാണ്. പത്ത് പതിനഞ്ച് വർഷം മുൻപ് ഉണ്ടായ ആരോപണം നിയമത്തിന്റെ എല്ലാ പടികളും കടന്നുവന്ന ഒരു കാര്യം വീണ്ടും തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി ഉപയോഗിച്ചുകഴിഞ്ഞാൽ നാളെകളിൽ മറിച്ചും ഇതേ ആയുധങ്ങൾ തിരിച്ചു വന്നുകഴിഞ്ഞാൽ അത്ഭുതപ്പെടാനുണ്ടാകില്ല. അതുകൊണ്ട് അത്തരമൊരു അവസ്ഥയിലേക്ക് പോകാതിരിക്കാനാണ് ശ്രമിക്കേണ്ടത് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. പി. തിലോത്തമൻ: സർ, നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുമുന്നണി സർക്കാരിന്റെ നയപ്രഖ്യാപനം ജനങ്ങളോടും സംസ്ഥാനത്തോടുമുള്ള പ്രതിബദ്ധത വീണ്ടും തെളിയിക്കുന്നതാണ് എന്ന് പറയേണ്ടതില്ലല്ലോ. കാലികമായ വെല്ലുവിളികളെ പ്രതിരോധിക്കാനും അതിനെയെല്ലാം അതിജീവിക്കാനും കഴിയുന്ന ലക്ഷ്യത്തിന്റെ പൂർണ്ണതയിലേക്കാണ് എൽഡിഎഫ് സർക്കാർ ലക്ഷ്യമിടുന്നത്. പൊതുഭരണ നിർവ്വഹണത്തിൽ ഈ സംസ്ഥാനത്തിന് തുടർച്ചയായി ലഭിക്കുന്ന അവാർഡുകളെ നമ്മൾ അഭിമാനത്തോടുകൂടി കാണേണ്ടതാണ്. ഇതിനു മുൻപും നമുക്ക് കിട്ടിയിട്ടുണ്ടാകാം. കഴിഞ്ഞ നാലുവർഷമായി പൊതുഭരണത്തിൽ സംസ്ഥാന ഗവൺമെന്റിന് തുടർച്ചയായും നാലാം തവണയും അവാർഡ് ലഭിക്കുകയാണ്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. അതിൽ നമ്മളെല്ലാം ഒരുപോലെ അഭിമാനിക്കുകയാണ് വേണ്ടത്. ഇവിടെ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എ. പി. അനിൽകുമാർ കേരളത്തിന്റെ വ്യവസായ മേഖലയെക്കുറിച്ച് വളരെ തെറ്റായ പരാമർശമാണ് നടത്തിയത്. അദ്ദേഹം പറയേണ്ടത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുൻപുള്ള അഞ്ച് വർഷത്തെക്കുറിച്ചാണ്. യു.ഡി. എഫ്. ഭരിച്ച ആ അഞ്ച് വർഷക്കാലം കേരളത്തിന്റെ വ്യവസായ മേഖല എത്ര ദയനീയമായി തകർന്ന് തരിപ്പണമായി എന്ന് നിങ്ങൾ കണ്ടതാണ്. എന്നാൽ ഇന്ന് നാലേമുക്കാൽ വർഷംകൊണ്ട് കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുതിയൊരു ഉണർവുണ്ടായി. നഷ്ടത്തിൽ പ്രവർത്തിച്ചു വന്നിരുന്ന മിക്കവാറും വ്യവസായ സ്ഥാപനങ്ങളെല്ലാം ലാഭത്തിലാക്കാൻ സാധിച്ചു. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഒൻപത് വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

സംരംഭങ്ങൾക്ക് അടിത്തറയിടാൻ കഴിഞ്ഞു. ഇത് സർവ്വകാല റിക്കോർഡാണ്. ഐ.ടി. രംഗത്തും വൻ റിക്കോർഡല്ലേ ഈ ഗവൺമെന്റ് നേടിയത്. എല്ലാ ജില്ലകളിലും ഓരോ ഐ.ടി. പാർക്ക്, അത് സാക്ഷാത്കരിക്കപ്പെട്ട് വരികയാണ്. എന്റെ മണ്ഡലത്തിലും ഒരു ഐ.ടി. പാർക്ക് കഴിഞ്ഞ ആഴ്ചയാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. കൊരട്ടിയിൽ ഉദ്ഘാടനം ചെയ്തത് ഞാൻ പത്രത്തിൽ വായിച്ചു. കേരളത്തിൽ അങ്ങനെ എത്രയോ സ്ഥലങ്ങളിൽ പുതിയ ഐ.ടി. പാർക്കുകൾ വന്നു. ഐ.ടി. മേഖലയിലും സർവ്വകാല റിക്കോർഡ് സ്ഥാപിച്ചതിനെയാണ് അദ്ദേഹം വസ്തുതകൾ കാണാതെ വളച്ചൊടിച്ച് പറയാൻ ശ്രമിച്ചത്. അങ്ങനെ പറയുന്നത് ശരിയല്ല. കേരളത്തിന്റെ വികസനത്തിന് പശ്ചാത്തലം ഒരുക്കുന്നതിൽ ക്രിയാത്മകമായ ചുവടുവയ്പുകളാണ് ഓരോ ബഡ്ജറ്റും നടത്തിയിട്ടുള്ളത്. കേരളത്തിന്റെ വ്യാവസായിക മേഖലയും പരമ്പരാഗത തൊഴിൽ രേഖലയും നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉണർവ്വ് പ്രദാനം ചെയ്യാൻ കഴിയുന്ന മാറ്റത്തിന്റെ ഉജ്ജ്വലമായ മാതൃക കാണിച്ചുതരാൻ കഴിയുന്ന ഒരു ഗവൺമെന്റിന്റെ പ്രവർത്തനമാണ് നാം ഇവിടെ പരിശോധിക്കേണ്ടത്. ആ പരിശോധനയിൽ നമുക്ക് കാണാൻ കഴിയും കേരളം മറ്റ് എല്ലാ സംസ്ഥാനങ്ങളേക്കാളും മുന്നിലാണെന്ന്. സർവ്വകാല റിക്കോർഡ് സ്ഥാപിച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ്. പ്രധാനമന്ത്രി ഇക്കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗത്തിൽ പറഞ്ഞത് ഏറ്റവും പ്രധാനമായി രണ്ട് വെല്ലുവിളികളെയാണ് നമ്മുടെ രാജ്യം നേരിടുന്നത് എന്നാണ്. ഒന്ന് വിലക്കയറ്റം, രണ്ട് അഴിമതി. എന്നാൽ രാജ്യം നേരിടുന്ന വിലക്കയറ്റം എന്ന വെല്ലുവിളിയെ നേരിടാൻ എന്താണ് അദ്ദേഹത്തിന്റെ ഗവൺമെന്റ് ചെയ്യുന്നത് എന്നാണ് ജനങ്ങൾ ഉറ്റുനോക്കുന്നത്. ഒന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല വിലക്കയറ്റംകൊണ്ട് ഇന്ത്യയിലെ ജീവിതമാകെ ചുട്ടുപൊള്ളുമ്പോൾ വീണ്ടും എരിതീയിലേക്ക് എണ്ണ പകരുന്ന നടപടിയാണ് കേന്ദ്രം സ്വീകരിക്കുന്നത്. അവസാനമായി പെട്രോളിയം ഉൽപന്നങ്ങളുടെ വില കൂട്ടാൻ തീരുമാനിച്ചു. ഡീസലിന് എത്ര തവണയാണ് വില വർദ്ധിപ്പിച്ചത്. പെട്രോളിന്റെ വില നിയന്ത്രണാധികാരം സ്വകാര്യ മുതലാളിമാർക്ക്, ഭീമൻ കോർപ്പറേറ്റ് കമ്പനികൾക്ക് അനുവദിച്ചു കൊടുത്തപ്പോൾത്തന്നെ ഇന്ത്യയിൽ ശക്തിയായ പ്രതിഷേധം ഉയർന്നുവന്നതാണ്. എന്തുകൊണ്ട് ഇവയ്ക്ക് വില വർദ്ധിപ്പിക്കുന്നു? നമ്മുടെ രാജ്യത്ത് ഇറക്കുമതി ചെയ്യുന്ന എണ്ണയോടൊപ്പം നാലിലൊന്ന് നമ്മുടെ രാജ്യത്ത് ആഭ്യന്തര ഉൽപാദനമുണ്ട്. നാം ദീർഘകാലമായി പാട്ടത്തിനെടുത്ത് വിളവെടുപ്പ് നടത്തുന്ന വിദേശ രാജ്യത്തെ എണ്ണപ്പാടങ്ങളുണ്ട്. അവിടെ നിന്ന് ഉൽപാദിപ്പിക്കുന്ന എണ്ണയ്ക്കും ഇറക്കുമതി ചെയ്യുന്ന എണ്ണയോടൊപ്പം വില വർദ്ധിപ്പിക്കേണ്ട കാര്യമെന്താണ്? രാജ്യത്തെ കുത്തക മുതലാളിമാരുടെ താൽപര്യങ്ങളാണ് തങ്ങളുടെ താൽപര്യങ്ങളെന്ന് പരസ്യമായി വിളിച്ചുപറയുന്ന നടപടികളാണ് ഈ രാജ്യം ഭരിക്കുന്ന മൻമോഹൻ സർക്കാർ ചെയ്യുന്നത്. അതാണ് നമ്മൾ കണ്ണ് തുറന്ന് കാണേണ്ടത്. വിലക്കയറ്റത്തെ നിയന്ത്രിക്കാൻ ഈ സംസ്ഥാന ഗവൺമെന്റ് പതിമൂന്നിനം അവശ്യസാധനങ്ങളും ഏറ്റവും നല്ല അരി കിലോയ്ക്ക് 16 രൂപയ്ക്കും റേഷൻ കടകൾ വഴി വിതരണം ചെയ്യുക തുടങ്ങിയ ക്രിയാത്മകമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടാണ് ചെയ്യാൻ തീരുമാനിച്ചത്. ഇനിയും വിലക്കയറ്റത്തെ പിടിച്ചു നിർത്താനുള്ള നടപടികളുമായി ഈ ഗവണ്മെന്റ് മുന്നോട്ട് പോകും. അതിനുവേണ്ടി കൂടുതൽ തുക നീക്കി വയ്ക്കുന്നു. അങ്ങനെ പൊതു മേഖലയെയും പി.ഡി.എസ്.-നെയും ശക്തിപ്പെടുത്തി സംസ്ഥാനത്ത് ഉൽപാദനം വർദ്ധിപ്പിച്ച് വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ നിശ്ചയദാർഢ്യത്തോടുകൂടി ഈ സർക്കാർ പ്രവർത്തിക്കുകയാണ്. കേന്ദ്രം എന്താണ് ചെയ്തത്? രാജ്യത്ത് ഒരു കിലോ അരിക്ക് മൂന്ന് രൂപ വച്ച് നൽകുമെന്ന് പ്രഖ്യാപിച്ചവരാണ്. ഭക്ഷ്യ സുരക്ഷാ ബിൽ അധികാരത്തിൽ വന്നാൽ മൂന്ന് മാസത്തിനുള്ളിൽ അവതരിപ്പിക്കുമെന്നും നടപ്പിലാക്കുമെന്നും പറഞ്ഞവരാണ്. ഒന്നര വർഷം പിന്നിട്ടില്ലേ. എന്തായി നിങ്ങളുടെ ഭക്ഷ്യ സുരക്ഷാ ബിൽ? എന്തായി നിങ്ങളുടെ മൂന്ന് രൂപയ്ക്ക് നൽകുന്ന അരിയുടെ കാര്യം? ഇവിടെ ഇന്നലെ ആരോ പറയുന്നത് കേട്ടു, കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന്. ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തണമെങ്കിൽ ഇരുപതിനായിരം കോടി രൂപ നമ്മുടെ ഗോഡൗൺ നന്നാക്കാൻ വേണ്ടിവരുമെന്ന് കേന്ദ്രം പറയുന്നു. ഒന്നേമുക്കാൽ ലക്ഷം കോടി രൂപ ഭക്ഷ്യ സുരക്ഷാ പദ്ധതിക്കുവേണ്ടി നീക്കി വയ്ക്കണമെന്ന് പറയുന്നു. എന്നാൽ ഇതിന് പണമില്ല എന്നാണ് പറയുന്നത്. അങ്ങനെ പണമില്ലെന്ന് പറയുന്നവരാണ് 5,60,000 കോടി രൂപ വലിയ കോർപ്പറേറ്റ് ഭീമൻമാർക്കുവേണ്ടി സൗജന്യമായി നൽകിയത്. പാവങ്ങളെയും സാധാരണക്കാരേയും അവരുടെ കണ്ണിൽ കാണുന്നില്ല. പ്രമാണിമാരെയാണ്, വലിയ കുത്തക കൊള്ളപ്പലിശക്കാരെയാണ് അവർക്ക് കാണാൻ കഴിയുന്നത്. അവർക്കുവേണ്ടി ഭരിക്കുന്ന ഒരു ഗവൺമെന്റായി ഇന്ന് കേന്ദ്ര ഗവൺമെന്റ് മാറുകയാണ്. ഇന്ത്യയുടെ ആകെ ചിത്രം എടുത്താൽ വിലക്കയറ്റത്തിന്റെ കാര്യത്തിൽ പതിനഞ്ചാം സ്ഥാനമാണ് നമ്മുടെ കൊച്ചു കേരളത്തിന്. എന്നാലും ഈ ഗവൺമെന്റ് വീണ്ടും ആ രംഗത്ത് തുക നീക്കി വയ്ക്കാനും വളരെ ശക്തമായ നടപടി സ്വീകരിക്കാനും മുന്നോട്ട് വരികയാണ്.

<u>ശ്രീ. കെ. രാജു:</u> അങ്ങ് വിലക്കയറ്റത്തെക്കുറിച്ചും ഭക്ഷ്യ സുരക്ഷയെക്കുറിച്ചും കൈയോണല്ലോ പറയുന്നത്. സുപ്രീം കോടതി ഇടപെട്ട് കേന്ദ്ര സർക്കാരിനോട് എഫ്.സി.ഐ. ഗോഡൗണുകളിൽ കിടന്ന് നശിച്ചു പോകുന്ന ഭക്ഷ്യധാന്യം പാവപ്പെട്ട ആളുകൾക്ക് സൗജന്യമായി കൊടുക്കണമെന്ന് ആവശ്യപ്പെട്ട വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നൽകിയ മറുപടി അത് നയപരമായ തീരുമാനമാണ്, കോടതി അങ്ങനെ പറയുന്നതുകൊണ്ട് ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ:</u> രാജ്യം മുഴുവൻ കേട്ടതാണ്. അത് നയപരമായ വിഷയമാണ്, കോടതിക്ക് ഇടപെടേണ്ടതില്ല എന്നാണ് പ്രധാനമന്ത്രിയും മറ്റ് മന്ത്രിമാരും പറഞ്ഞത്. പാവങ്ങൾക്ക് അരിയില്ല. ഭക്ഷിക്കാൻ ധാന്യമില്ല. അവർക്ക് വിശന്ന് പൊരിയുന്ന വയറുമായി കഴിയേണ്ടിവരുന്നു. ഒരു ദിവസം ഇരുപത് രൂപയ്ക്കും എട്ട് രൂപയ്ക്കും ഇടയിൽ വരുമാനം ഉള്ളവരാണ്

LIBRARY ARCHIVES Kerala Legislative Assembly

ജനസംഖ്യയിൽ മഹാഭൂരിപക്ഷം ആളുകളും എന്ന് അവർ തന്നെ വിവരങ്ങൾ വെളിച്ചത്ത് കൊണ്ടുവരുന്നു. എന്നാലും അവർക്കുവേണ്ടി ഒരു സഹായം ചെയ്യാനും ഗവൺമെന്റ് തയ്യാറാകുന്നില്ല. ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഗവൺമെന്റില്ല യു.പി.എ. ഗവൺമെന്റ് എന്നുള്ളതാണ്.

<u>ശ്രീ. പി. വിശ്വൻ:</u> ബഹുമാനപ്പെട്ട മെമ്പർ അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യം വളരെ ശ്രദ്ധേയമാണ്. ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുകയെന്ന് പറഞ്ഞാൽ കേന്ദ്രം ഭരിക്കുന്ന ഭരണാധികാരികൾ ഓരോ ഇന്ത്യൻ പൗരനും ആവശ്യമായ ഭക്ഷ്യ ഉൽപാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം എന്നാണ്. എന്നാൽ ഈ വർഷം മാത്രം ഒന്നേകാൽ ലക്ഷം കോടി ടൺ ഭക്ഷ്യധാന്യ ഉൽപാദനം കുറവാണെന്ന് മാത്രമല്ല ഇന്ത്യാരാജ്യത്തെ കാർഷിക മേഖലയിലെ മൂലധന നിക്ഷേപം തന്നെ പകുതിയിലേറെ വെട്ടിക്കുറച്ചതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

<u>ശ്രീ. പി. തിലോത്തമൻ:</u> ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നയങ്ങളാണ് തിരുത്തേണ്ടത്. ആ നയങ്ങൾ ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്ക് വേണ്ടിയല്ല. ഇന്ത്യയിലെ വളരെ ചുരുക്കം വരുന്ന ഒരുപിടി ആളുകളായ കുത്തകക്കാർ, കോർപ്പറേറ്റ് ഭീമൻമാർ, അവർക്കുവേണ്ടിയുള്ളതാണെന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രി പറഞ്ഞ മറ്റൊരു കാര്യം അഴിമതിയെ സംബന്ധിച്ചാണ്. അഴിമതി നമ്മുടെ രാജ്യത്തിന്റെ രാജ്യാന്തര പ്രശസ്തി തന്നെ കളങ്കപ്പെടുത്തുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. അന്താരാഷ്ട്രതലത്തിൽ രാജ്യത്തിന് അവമതിയുണ്ടാക്കിയ എത്രയോ സംഭവങ്ങളാണ് നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്നത്. ഇന്നത്തെ പത്രത്തിലെ വലിയ വാർത്തയും ഇതുസംബന്ധിച്ചാണ്. എല്ലാ അഴിമതി കഥകളെയും കടത്തിവെട്ടിക്കൊണ്ട് രണ്ട് ലക്ഷം കോടി രൂപയുടെ അഴിമതിയെക്കുറിച്ചുള്ള വാർത്തയാണ് ഇന്ന് എല്ലാ പത്രത്തിലും നിറഞ്ഞു നിൽക്കുന്നത്. ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ട പ്രധാനമന്ത്രിയുടെ നേരിട്ട് നിയന്ത്രണത്തിലുള്ള വകുപ്പിൽ നടക്കുന്ന അഴിമതിയെ കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? രണ്ട് ലക്ഷം കോടി രൂപയ്ക്ക് സ്പെക്ട്രം ഇടപാട് സ്വകാര്യ കമ്പനിയുമായി നടത്തിയതിനെക്കുറിച്ചാണ് പത്രം വെളിച്ചത്ത് കൊണ്ടുവരുന്നത്. ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ടതാകുമ്പോൾ വരുമാനത്തിൽ ചോർച്ചയുണ്ടായി എന്നുമാത്രമല്ല നമ്മുടെ രാജ്യത്തിന്റെ സുരക്ഷയെപ്പോലും പ്രതികൂലമായി ബാധിക്കുന്നതാണ് എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. കോമൺ വെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കോടി രൂപയുടെ അഴിമതിയാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇനിയും അഴിമതി ആരോപിക്കപ്പെട്ട കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെയുള്ളവർ സുരക്ഷിതരായി ഇപ്പോഴും കഴിയുകയാണ്. അതിന് ഇപ്പോൾ ചെയ്ത നടപടി എന്താണ്? വിമർശനങ്ങളുണ്ടായി അത് വെളിച്ചത്ത് വന്നപ്പോൾ കൺകെട്ട് വിദ്യയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. സുരേഷ് കൽമാഡി എന്ന കോൺഗ്രസ്സ് നേതാവിനെ കോമൺ വെൽത്ത് ഗെയിംസ് കഴിഞ്ഞപ്പോൾ അതിന്റെ സംഘാടക സമിതി തലപ്പത്തുനിന്ന് മാറ്റി. അതുകൊണ്ടായോ? അതുകൊണ്ട് ആയില്ലെന്നു മാത്രമല്ല, ആ അഴിമതിയുടെ ഭീതികരമായ നാറുന്ന കഥകൾ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഓരോന്നായിട്ടോന്നായി വെളിച്ചത്ത് വരികയാണ്. എത്ര കോടികളുടെ അഴിമതി യാണ്? ആർക്കും പറയാൻ കഴിയാത്തവണ്ണം അത്ര ഭയങ്കരമായി അഴിമതി മൂടപ്പെടുകയാണ്. സ്വതന്ത്ര ഇൻഡ്യയുടെ ചരിത്രത്തിൽ ഇതുവരെ ദർശിച്ചിട്ടില്ലാത്ത അഴിമതിയും കുംഭകോണവുമാണ് മൻമോഹൻസിംഗിന്റെ സർക്കാരിന്റെ കീഴിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നതെന്നതാണ് വസ്തുത. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ കൊണ്ടുവന്ന വിവരങ്ങളല്ലേ ഇത്? നമ്മളാരും വിളിച്ച് പറയുന്നതല്ലല്ലോ? രണ്ടാം തലമുറ സ്പെക്ട്രം. 1,76,000 കോടി രൂപയുടെ അഴിമതിയല്ലേ? ശ്രീ. രാജയെ സംരക്ഷിക്കാൻ എന്തെല്ലാമാണ് ആദ്യം കാട്ടിക്കൂട്ടിയത്? ശ്രീ. രാജ രണ്ടുതവണ പത്രസ്സമ്മായി പറഞ്ഞില്ലേ? പ്രധാനമന്ത്രിയുടെ ഓഫീസുമായി എല്ലാ കാര്യങ്ങളിലും ആശയവിനിമയം നടത്തിക്കൊണ്ടാണ് സ്പെക്ട്രം ഇടപാട് നടത്തിയതെന്നാണ് ശ്രീ. രാജ പറഞ്ഞത്. അവസാനം നാണംകെട്ട് നിവൃത്തിയില്ലാതെ ശ്രീ. രാജയെ അറസ്റ്റ് ചെയ്യുക. എന്നാലും രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും ഒരുക്കിയിരിക്കുന്നു എന്നാണ് പത്രങ്ങളായ പത്രങ്ങൾ മുഴുവൻ റിപ്പോർട്ട് ചെയ്തത്. കപിൽ സിബലിന്റെ ന്യായീകരണങ്ങളെല്ലാം നമ്മൾ കേട്ടതാണ്. വിദേശത്തിലെ കൊള്ളപ്പലിശക്കാർക്ക് കൂട്ടുനിൽക്കുന്നുവെന്ന് സുപ്രീംകോടതി രൂക്ഷമായി വിമർശിച്ച മഹാരാഷ്ട്രാ മുഖ്യമന്ത്രിയായിരുന്ന വിലാസ് റാവു ദേശ്മുഖിനെ ഗ്രാമവികസന വകുപ്പിന്റെ മന്ത്രിയാക്കി ഇപ്പോൾ സ്ഥാനക്കയറ്റം നൽകിയിരിക്കുകയാണ്. കള്ളന് കഞ്ഞിവയ്ക്കുന്ന ഭരണകൂടവും നേതാക്കളും. അഴിമതിയാരോപണത്തിന് വിധേയരായ ആളുകളെ മാറ്റിനിർത്തിക്കൊണ്ട് നടപടി സ്വീകരിക്കേണ്ടതിനുപകരം അവർക്ക് പ്രൊമോഷൻ കൊടുക്കുകയാണ്. അങ്ങനെ കള്ളന് കഞ്ഞിവയ്ക്കുന്ന ആളുകളാണ് ഇന്ന് ഇൻഡ്യയുടെ ഭരണ നേതൃത്വത്തിലുള്ളത് എന്ന് കാണാതിരിക്കാൻ ആർക്കാണ് കഴിയുക? രാജ്യത്തിന്റെ ഓരോ തരി മണ്ണും കാത്തുസൂക്ഷിക്കാൻവേണ്ടി പൊരുതുന്ന, രക്തസാക്ഷിത്വം വരിച്ച നമ്മുടെ ധീരജവാൻമാരുടെ സ്മരണയ്ക്കായി പടുത്തുയർത്തിയ ഫ്ളാറ്റ് വരെ അടിച്ചുകൊണ്ടുപോയതും വിറ്റതുമൊക്കെ കോൺഗ്രസ്സുകാരാണെന്നത് പരസ്യമായ കാര്യങ്ങളായി നമ്മുടെ മുമ്പിൽ വന്നില്ലേ? ഇവർക്കാണോ അഴിമതിയെക്കുറിച്ച് വർത്തമാനം പറയാൻ അവകാശമുള്ളത്? പ്രതിപക്ഷ നേതാവ് ഇപ്പോൾ സഭയിൽ ഇല്ല. അദ്ദേഹം ജാഥയിലാണ്. മോചനജാഥ നടത്തുകയാണ്. ആരെ മോചിപ്പിക്കണമെന്നാണ് അദ്ദേഹം പറയുന്നത്? കേരളത്തിലെ എൽഡിഎഫ് ഭരണത്തിൽനിന്നും ജനങ്ങളെ മോചിപ്പിക്കണമെന്നാണ്. അദ്ദേഹം ജാഥ നടത്തുന്നതിൽ, പറയുന്നതിൽ, അഴിമതിക്കെതിരായി പ്രസംഗിക്കുന്നതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അദ്ദേഹം ആ ജാഥ നടത്തേണ്ടത് അങ്ങ് ഡൽഹിയിലേക്കാണെന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ? വൻ അഴിമതിയുടെ കുംഭകോണം അവിടെ അരങ്ങേറുമ്പോൾ ഇവിടെ അഴിമതിയിൽനിന്നും കേരളത്തെ മോചിപ്പിക്കാൻ, മുക്തമാക്കാൻ ജാഥ നടത്തുകയാണ്. അത് എവിടെ തുടങ്ങി, എവിടെ അവസാനിക്കുന്നുവെന്ന് നമുക്ക് അറിയില്ല. ഞങ്ങളുടെ നാട്ടിൽ പറയും അന്തപ്പുറുടെ തെങ്ങുകയറ്റം പോലെയെന്ന്. ഒറ്റം കയറി വരുമ്പോൾ അടുത്ത അറ്റം കയറാൻ റെഡിയായിരിക്കും. ഇത്ര നാണംകെട്ട നിലപാട് സ്വീകരിക്കുന്ന ഒരു പ്രതിപക്ഷം കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടുണ്ടോ? കേരള ഗവൺമെന്റ് വ്യക്തമായ കാഴ്ചപ്പാടോടുകൂടി വളരെ ശക്തമായി പ്രവർത്തിച്ച് മുന്നോട്ടു പോകുകയാണ്. സർക്കാർ അധികാരത്തിൽ വരും പോകും. അതല്ല പ്രശ്നം. ജനങ്ങളുടെ നൻമയ്ക്കുവേണ്ടി, സംസ്ഥാനത്തിന്റെ താത്പര്യത്തിനുവേണ്ടി, പൊതുവിൽ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി എന്ത് നിലപാട് സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനം. ഇൻഡ്യയിലാകെ ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയുമെല്ലാം കെടുതികളനുഭവിക്കുമ്പോൾ ഈ കൊച്ചുകേരളം ആ കെടുതികളിൽനിന്നെല്ലാം കുട പിടിച്ച് കേരളത്തിലെ ജനതയെ സംരക്ഷിക്കുകയാണ്. വ്യത്യസ്തമായ സാമ്പത്തിക, രാഷ്ട്രീയ നയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇൻഡ്യയ്ക്കാകെ മാതൃകയായി ഈ സംസ്ഥാനം നിൽക്കുകയാണ്. ആ നയമാണ് ശരിയെന്നുള്ളത് കൂടുതൽ തെളിഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ആ നയങ്ങളിൽനിന്ന് മാറണം. ആ നയമാണ് വിലക്കയറ്റത്തിന്റെ അപാരമായ കയത്തിലേക്ക് നമ്മളെ കൊണ്ടെത്തിക്കുന്നത്. ആ നയമാണ് ഈ രാജ്യത്ത് അതിഭയങ്കരമായ അഴിമതിയിലേക്ക് തള്ളിവിടുന്നത്. ഇൻഡ്യയിലെ ഭരണകൂടത്തെപ്പോലും, എന്തിന് ജുഡീഷ്യറിയെപ്പോലും ബാധിക്കുന്ന അഴിമതിയുടെ അപാരമായ കയങ്ങളിലേക്ക് നമ്മളെ കൊണ്ടെത്തിക്കുന്നത് ആ സാമ്പത്തിക നയമാണ്. അനുഭവങ്ങൾ എത്രയുണ്ടായാലും എത്ര പ്രയാസമേറിയ സാഹചര്യമുണ്ടായാലും ആ നയങ്ങളിൽനിന്ന് മാറാൻ കൂട്ടാക്കുന്നില്ല എന്നുള്ളതാണ് കേന്ദ്രം ഭരിക്കുന്ന യു.പി.എ.-യുടെ നടപടികൾ കൊണ്ട് നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ട് ജനങ്ങൾ മാറാൻ തയ്യാറായി വരികയാണ്. അവർക്കെതിരായ നയങ്ങൾക്കെതിരായി അതിശക്തമായ പ്രക്ഷോഭത്തിന്റെയും സമരത്തിന്റെയും കാഹളമാണ് ഇന്ന് കേൾക്കാൻ കഴിയുന്നത്. ആ പോരാട്ടം ഉജ്ജ്വലമായി നടക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ പോരാട്ടത്തിലൂടെ ഈ നയങ്ങളെ ആട്ടിപ്പുറത്താക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ അതിന്റെ പെരുമ്പറ മുഴങ്ങുകയാണ്. ആ പോരാട്ടങ്ങളോടൊപ്പം ആ നയങ്ങൾക്കെതിരായ നിലപാടുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി കൂടുതൽ കരുത്തോടെ തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നന്ദി പ്രമേയത്തെ വീണ്ടും അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണർ വളരെ വിഷമിച്ച് ഇവിടെ നിന്ന് പ്രസംഗം പകുതിയാക്കി പോയതെന്താണെന്ന് ആദ്യം നമ്മൾ വിചാരിച്ചു. ഇത് വായിച്ചപ്പോൾ എനിക്ക് മനസ്സിലായി ഇത് വായിക്കാൻ പറ്റുകയില്ലാത്തതുകൊണ്ടാണ് അദ്ദേഹം പോയതെന്ന്. ഈ നന്ദി പ്രമേയത്തോട് ഈ സഭയുടെ പ്രതികരണം എന്താണ്? ഇവർ ഭരിക്കുകയല്ലേ? സഭയിൽ കൃഷി വകുപ്പുമന്ത്രി ഇരിപ്പുണ്ട്, ബഹുമാനപ്പെട്ട എ. കെ. ബാലൻ മന്ത്രിയും വന്നു. ബാക്കി മന്ത്രിമാരെല്ലാം എവിടെപ്പോയി? എന്താണ് അവർക്ക് പണി? നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്നു. അത് മനസ്സിലാക്കണം. ഇത് ഗവർണറുടെ പ്രസംഗത്തോടുള്ള നന്ദി പ്രമേയമാണ്. സഭയിൽ ഒരൊറ്റ ഐ.എ.എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരില്ല. ഞാൻ നേരത്തെ നോക്കി. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ ഒറ്റയെണ്ണമില്ല. മുഖ്യമന്ത്രി ഇല്ല. ശ്രീ. എ. കെ. ബാലൻ, മന്ത്രി എന്റെ പ്രസംഗം കഴിയുമ്പോൾ പോകുമെന്ന് എനിക്കറിയാം. ഞാൻ അങ്ങയെപ്പറ്റി ഒന്നും കരുതിയിട്ടില്ല, പേടിക്കേണ്ട. ആകെപ്പാടെ കൃഷി മന്ത്രിയാണുള്ളത്. അപ്പോൾ എന്താണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്? ഭരണകക്ഷി എം.എൽ.എ.-മാരുടെ കാഴ്ചപ്പാടെന്താണ്? ഒരു തെരഞ്ഞെടുപ്പ് വരുമ്പോൾ എങ്ങനെയെങ്കിലും ഒരു പെണ്ണ് കേസ്സുണ്ടാക്കണം, ആ പെണ്ണുകേസ്സ് ഊതി വീർപ്പിച്ചുകൊണ്ട് പത്ത് വോട്ട് ഉണ്ടാക്കാമോയെന്ന് നോക്കാം. അതിനു വേണ്ടിയാണല്ലോ സഖാവ് അച്ചുതാനന്ദൻ ഇപ്പോൾ ഇറങ്ങിയിരിക്കുന്നത്? എന്താണ് നിങ്ങളുടെ നന്ദിപ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്? ഒറ്റവാക്ക്. 'യഥാർത്ഥത്തിൽ എല്ലാ ഭിന്നതകളും മാറ്റിവച്ച് കേരളത്തെ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാക്കിത്തീർക്കാനുള്ള' കച്ചവടമാണോ ഇവിടെ നടക്കുന്നത്? ഇന്നു മാവിലെ ഇവിടെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ ഒരു വനിതാ അംഗം ഉന്നയിച്ച ആരോപണം ഇന്നുവരെ കേരള നിയമസഭയുടെ ചരിത്രത്തിൽ മോശമായി വ്യക്തികളെ ആക്രമിച്ചുകൊണ്ടുള്ള ഒരു ചർച്ച നടന്നിട്ടുണ്ടോ? ഫ്രീ പ്ലാൻഡ് ആണ് സി.പി.ഐ.(എം) ഞങ്ങൾക്ക് അറിയാം. കാരണം, മറുപടി പറഞ്ഞ ആഭ്യന്തര മന്ത്രി എന്താണ് പറഞ്ഞത്? ആഭ്യന്തരമന്ത്രി പറഞ്ഞത്, റൗഫ് എന്ന ഏതോ ഒരു മൂന്നാം കിട കച്ചവടക്കാരൻ പറഞ്ഞ കാര്യം വായിച്ചിട്ട് അത് മുഴുവൻ അന്വേഷിക്കുമെന്നാണ്. എന്ത് ന്യായമുണ്ട്? എന്ത് നീതിയാണ് നിങ്ങൾക്ക്? ഈ സമൂഹത്തോട് പ്രതിബദ്ധതയുണ്ടോ? ഞാൻ ചോദിക്കട്ടെ, ഇടതുപക്ഷത്തിനുവേണ്ടി കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് ചെയ്യാവുന്ന ജോലി മുഴുവൻ ചെയ്ത് പ്രസംഗിച്ചു നടന്നവനാണ് ഞാൻ. ഓർക്കണം, ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റ് വന്നിട്ട് ചെയ്തിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? അനെർട്ട് വന്നല്ലോ? ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ ഫോണിൽ വിളിച്ചു വരുത്തി ഇന്റർവ്യൂ. അനെർട്ടിൽ വഴിവിട്ട നിയമനങ്ങൾ..... അദ്ദേഹം തിരിഞ്ഞിരിക്കുകയാണ്. അതിനുള്ള കാരണമൊക്കെ എനിക്കറിയാം. ഞാൻ അതിലേക്ക് കടക്കുന്നില്ല. അടിയന്തര പ്രമേയത്തിന് പറഞ്ഞ മറുപടിപോലും സഭയെ തെറ്റിദ്ധരിപ്പിക്കാനാണെന്ന് ഞാൻ സ്പീക്കർക്ക് പ്രിവിലേജ് കൊടുത്തിരിക്കുകയാണ്. അദ്ദേഹത്തിൽനിന്ന് നീതി കിട്ടുമോയെന്ന് ഞാൻ നോക്കുകയാണ്. ഇതു കണ്ടില്ലേ? ഫോണിൽ വിളിച്ചുവരുത്തിയാണ് അനെർട്ടിൽ നിയമനം നടത്തുന്നത്. എങ്ങനെ കച്ചവടം ശരിയാകും? അതുപോകട്ടെ. അതിലും വലിയ ഒരു രസം, ഇവിടിരിക്കുന്ന ആരോഗ്യ വകുപ്പുമന്ത്രി എവിടെപ്പോയി? എൻ.ആർ.എച്ച്.എം. എന്നൊരു പദ്ധതിയില്ലായിരുന്നുവെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രി എവിടെപ്പോകുമായിരുന്നു? 700 കോടിയിൽ കൂടുതൽ രൂപ എൻ. ആർ. എച്ച്. എം.-ൽനിന്ന് കിട്ടിയിട്ട് ഒരു പ്രാഥമികാരോഗ്യ കേന്ദ്രമെങ്കിലും സ്റ്റാൻഡേർഡിലേക്ക് കൊണ്ടുവരാൻ ഇന്നുവരെ കഴിഞ്ഞിട്ടുണ്ടോ മന്ത്രിക്ക്? ആ മന്ത്രിയുടെ ഒരു ഓർഡർ, ജനുവരി 20-ാം തീയതി 26/2010 ആയി മൂന്നുവർഷത്തെ യോഗ ആന്റ് ന്യൂറോപ്പതിക് കോഴ്സ് പാസ്സായവർക്കുവേണ്ടി എന്ന വ്യാജേന ഒരു ഓർഡർ

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കിയിരിക്കുകയാണ് എം.ജി. യൂണിവേഴ്സിറ്റിയുടെ പേരുംപറഞ്ഞ്. ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് കഴിഞ്ഞാൽ ഡോക്ടർ ബിരുദം. ക്ലിനിക്ക് നടത്തുവാനുള്ള ലൈസൻസ് ഉത്തരവ്. മിക്കവാറും ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കുറേപ്പേർക്ക് പണിയില്ലാതാകുമല്ലോ? അവർക്ക് ഈ ഡോക്ടർ സർട്ടിഫിക്കറ്റും മേടിച്ച് ഓരോ തട്ടിയും പൊക്കി ഡോക്ടറായിട്ടിരിക്കാം ഈ ഉത്തരവ് ഉള്ളിടത്തോളം കാലം. ഈ ഉത്തരവ് കൗൺസൽ ചെയ്യാനുള്ള മര്യാദ കാണിക്കണ്ടേ? ഇപ്പോൾ ഞാൻ ഒരു ചെറിയ കാര്യം മാത്രം പറയുകയാണ്. ദീർഘമായി ഒന്നും പറയുന്നില്ല. നിങ്ങളുടെ പോക്ക് എങ്ങോട്ടാണ്? ഇത് 1996 മേയ് 20-ാം തീയതി തിങ്കളാഴ്ചത്തെ ദേശാഭിമാനി പത്രമാണ്. (പത്രം ഉയർത്തിക്കാണിച്ചു) ഇതിനകത്ത് സഖാവ് നായനാർ നിൽക്കുന്നുണ്ട്. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത അവസരത്തിലെ പത്രമാണ്. ആ പത്രത്തിൽ ബഹുമാനപ്പെട്ട നായനാർ നിൽക്കുന്ന ഭാഗം കണ്ടല്ലോ? 2006-ൽ ബഹുമാനപ്പെട്ട അച്ചുതാനന്ദൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുകയാണ്. അന്നത്തെ ദേശാഭിമാനി ഞാനെടുത്ത് സൂക്ഷിച്ചുവച്ചിരിക്കുകയാണ്. (പത്രം ഉയർത്തിക്കാണിച്ചു) ഇതു കണ്ടല്ലോ? ശ്രീ. അച്ചുതാനന്ദന്റെ പടമില്ല. ശ്രീ. അച്ചുതാനന്ദൻ എവിടെപ്പോയി എന്ന് അറിയില്ല. മന്ത്രിമാരുടെ പടമുണ്ട്. സ്പീക്കറാകാൻ പോകുന്ന ആളുടെ പടമുണ്ട്. ശ്രീ. അച്ചുതാനന്ദന്റെ പടമില്ല. ആകപ്പാടെ ഇടയ്ക്ക് ഒരു പടം കൊടുത്തിട്ടുണ്ട്. പടത്തിൽ പറഞ്ഞിരിക്കുന്നത് എ.കെ. ജി. സെന്ററിൽ ബുധനാഴ്ച ചേരുന്ന സി.പി.ഐ.(എം) എം.എൽ.എ.-മാരുടെ യോഗത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ എം.എൽ.എ.-മാരെ അഭിസംബോധന ചെയ്യുന്നു എന്നാണ്. ശ്രീ. പാലോളി മുഹമ്മദ് കുട്ടി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നിവർ സമീപം. ശ്രീ. അച്ചുതാനന്ദൻ മുഖ്യമന്ത്രിയാണെന്നുപോലും ഇവിടെ എഴുതി വച്ചിട്ടില്ല. പക്ഷേ ഈ പത്രം ഞാൻ അന്ന് സൂക്ഷിച്ചുവച്ചു. ഞാൻ ബഹുമാനപ്പെട്ട അച്ചുതാനന്ദനെക്കൊണ്ടുവന്ന് അത് കാണിച്ചു. നിങ്ങൾ അദ്ദേഹത്തോട് ചോദിക്കണം എന്താണെന്ന് അറിയാമല്ലോ? സഖാവ് വി. എസ്. അച്ചുതാനന്ദൻ പ്രതിപക്ഷ നേതാവിന്റെ കസേരയിലിരുന്നുകൊണ്ട് മലബാർ സിമെന്റ്സ് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കട്ടുകൊള്ളയടിച്ചുകൊണ്ടിരിക്കുന്ന ചാക്ക് രാധാകൃഷ്ണനെതിരെ നടത്തിയ ഉഗ്ര പ്രസംഗങ്ങൾ. അതിൽ ആവേശംകൊണ്ട് വെള്ളിലേക്കിറങ്ങിയ പി. സി. ജോർജ് - എന്റെ മനസ്സിൽ ഇതൊക്കെ വന്നു. അന്നേരം ഈ ദേശാഭിമാനി കണ്ടപ്പോൾ എനിക്ക് മനസ്സിലായി അദ്ദേഹത്തിന്റെ പ്രസംഗം എന്താണെന്ന്. ആ പത്രത്തിൽ, ...സത്യപ്രതിജ്ഞ ചെയ്ത ദിവസമാണ്. ആ ദേശാഭിമാനി പത്രത്തിൽ ഇതുകണ്ടോ കിടക്കുന്ന ഒരു പരസ്യം? എന്താണ് പരസ്യം? ഇന്ന് സത്യപ്രതിജ്ഞ ചെയ്യുന്ന ഇടതു പക്ഷ ജനാധിപത്യമുന്നണി സർക്കാരിന് അഭിവാദ്യങ്ങൾ. വി. എം. രാധാകൃഷ്ണൻ, ചെയർമാൻ, സൂര്യാ ഗ്രൂപ്പ്, പാലക്കാട്. ചാക്ക് രാധാകൃഷ്ണന്റെ പരസ്യം. ആ ചാക്ക് രാധാകൃഷ്ണന്റെ പരസ്യം എന്താണ്? ഏഴ് ബാർ ഹോട്ടലിന്റെ പേരിലാണ്. ഇതുകണ്ടില്ലേ? ഈ ദേശാഭിമാനി കണ്ടപ്പോൾ ഈ ഗവൺമെന്റ് എങ്ങോട്ടാണെന്ന് എനിക്ക് ബോധ്യമായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അച്ചുതാനന്ദനെന്നുപറയുന്ന മുഖ്യമന്ത്രിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ദേശാഭിമാനി തന്നെ ഇത് ചെയ്തിരിക്കുന്നു. ശ്രീ. അച്ചുതാനന്ദനെ മൂലയ്ക്കിരുത്തിയിരിക്കുന്നുവെന്ന് ഞാൻ അന്ന് മനസ്സിലാക്കി. അന്നുതന്നെ ശ്രീ. അച്ചുതാനന്ദനെ കണ്ട് ഇതുസംബന്ധിച്ച് ഞാൻ പരാതി പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അറിയില്ലെങ്കിൽ പറയാം. ഞാൻ ചോദിക്കുന്നത്, അദ്ദേഹം ചീഫ് എഡിറ്ററായ ദേശാഭിമാനിയാണ്. ആ മുഖ്യമന്ത്രിയുടെ പടം പോലും കൊടുക്കാനുള്ള മര്യാദ കാണിക്കാത്ത ദേശാഭിമാനി പത്രം.....:..... ശ്രീ. അച്ചുതാനന്ദന്റെ സത്യപ്രതിജ്ഞയാണ് ഇത്. (പത്രം ഉയർത്തിക്കാട്ടി). ഇപ്പോൾ എവിടെപ്പോയാണ് നിൽക്കുന്നത്? ഈ നന്ദിപ്രമേയത്തെ എതിർക്കാൻ എനിക്ക് ഒരു മടിയുമില്ല.

പാലക്കാട് മലബാർ സിമെന്റ്സിലെ കമ്പനി സെക്രട്ടറിയും ഇന്റേണൽ ആഡിറ്ററുമായിരുന്ന വി. ശശീന്ദ്രനും രണ്ടുകുട്ടികളും കൊല്ലപ്പെട്ട കഞ്ചിക്കോട്ടെ ഭവനത്തിലും കൊല്ലങ്കോട്ടെ തറവാട്ടുവീട്ടിലും കഴിഞ്ഞ മാസം 30-ാം തീയതി ഞാൻ പോയിരുന്നു. ശശീന്ദ്രന്റെ വിധവയുടേയും വൃദ്ധരായ മാതാപിതാക്കളുടേയും വേദന നേരിട്ട് മനസ്സിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോകാനുള്ള മര്യാദ കാണിക്കണമെന്ന് ഞാൻ സഖാവ് വി. എസ്.-നോട് ആവശ്യപ്പെടുകയാണ്. ചാക്ക് രാധാകൃഷ്ണൻ എന്ന അധികാര ദല്ലാൾ മലബാർ സിമെന്റ്സിൽ അഴിമതി നടത്തി മുടിച്ചുതുലച്ചുകൊണ്ടിരിക്കുന്നതിനെതിരെ 2001 മുതൽ 2010 വരേയും തുടർച്ചയായി പ്രതികരിക്കുകയും രേഖാമൂലം മുഖ്യമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുള്ള ആളാണ് ഞാൻ. അല്ലാതെ ഇപ്പോൾ ആദ്യം പറയുകയല്ല. 2001-ലും 2004-ലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആന്റണിക്ക് ഈ ചാക്കിന്റെ കച്ചവടത്തിനെതിരെ വളരെ വ്യക്തമായി ഞാൻ പരാതി കൊടുത്തിട്ടുണ്ട്. എന്റെ കൈവശം അതും ഇരിപ്പുണ്ട്. അതുപോലെ ഞാൻ ചോദിക്കട്ടെ..... അതുകൊണ്ടാണ് ശശീന്ദ്രനെ നാട്ടുകാരും ബന്ധുക്കളും ആക്ഷൻ കൗൺസിലിന്റെ മുഖ്യരക്ഷാധികാരിയാക്കിയപ്പോൾ ഞാൻ ആ ചുമതല ഏറ്റെടുത്തത്. 2004-ൽ പ്രതിപക്ഷനേതാവായിരുന്ന അങ്ങ് മലബാർ സിമെന്റ്സ് സന്ദർശിച്ചതും ചാക്ക് രാധാകൃഷ്ണന്റെ അഴിമതി ഇടപെടലിനെക്കുറിച്ച് അന്ന് വളരെ വ്യക്തമായി പേരെടുത്ത് പറഞ്ഞ് വിമർശിച്ചതും ഞാൻ ഓർക്കുന്നു. അതേ രാധാകൃഷ്ണൻ മലബാർ സിമെന്റ്സിലെ ഇടപെടലുകൾ വഴി സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന്റെയും കുട്ടികളുടേയും മരണത്തിന് കാരണമായിട്ടും അങ്ങ് ആ കുടുംബത്തെ നേരിട്ട് ഒന്ന് സന്ദർശിക്കാൻപോലും തയ്യാറായിട്ടില്ലയെന്നുള്ളത് നിർഭാഗ്യകരമായിപ്പോയി. ഈ കേസ് സി.ബി.ഐ. അന്വേഷണത്തിന് വിട്ടതുകൊണ്ടുമാത്രം ആക്ഷൻ കൗൺസിലിന്റെ പരാതിയും അവസാനിക്കുന്നില്ല, ആ കുടുംബത്തിന്റെ പരാതിയും അവസാനിക്കുന്നില്ല. ഇതിലേക്ക് നയിച്ച മലബാർ സിമെന്റ്സുമായി ബന്ധപ്പെട്ട ചില അഴിമതി ഇടപാടുകളുണ്ട്. അതും അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തണം. സത്യസന്ധമായൊരു അന്വേഷണം നടന്നാൽ അങ്ങയുടെ വകുപ്പിലെ, അങ്ങ് ഇവിടെ ഇല്ലെങ്കിലും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു അങ്ങയുടെ വകുപ്പിലെ ഒരു മന്ത്രിയും ശശീന്ദ്രന്റെ ദുരനുഭവങ്ങൾക്ക് ഉത്തരവാദിയാണെന്ന് തെളിയും സർ. എനിക്ക് ഉത്തരവാദിത്തമുണ്ട് അതിൽ. ****വ്യവസായ വകുപ്പുമന്ത്രി ആ കുടുംബത്തിൽ സന്ദർശിക്കാതിരുന്നതിൽ എനിക്ക് അത്ഭുതമില്ല. കാരണം ഇതിനെല്ലാം കാരണക്കാരായ വി. എൻ. രാധാകൃഷ്ണനെ 2006 മേയ് 18 മുതൽ പ്രോത്സാഹിപ്പിച്ച് വളർത്തുകയും ശശീന്ദ്രൻ സംഭവത്തിനുശേഷം ഒളിവിൽ പോയ ചാക്കിന് സംരക്ഷണം നൽകുകയും ചെയ്ത വ്യവസായ വകുപ്പുമന്ത്രിക്ക് അതിന് മനസ്സാക്ഷിക്കുത്തുണ്ടാകും. മലമ്പുഴയിൽ ശ്രീ. വി. എസ്.-നെ പരാജയപ്പെടുത്താൻ പാർട്ടിയിലെ ശത്രുക്കൾക്കുവേണ്ടി പണമൊഴുക്കിയ രാധാകൃഷ്ണൻ അങ്ങ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ദിവസം ദേശാഭിമാനി പത്രത്തിന്റെ ഒന്നാം പേജിൽ അഭിവാദ്യം അർപ്പിച്ചുകൊണ്ട് സർക്കാരിലുള്ള തന്റെ സാധ്യത അങ്ങേക്ക് തന്നെ ബോദ്ധ്യപ്പെടുത്തിതന്നതാണല്ലോ..

ചെയർപേഴ്സൺ: പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. പി. സി. ജോർജ്: സമയം കളയരുത്, അത്രയേയുള്ളൂ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പോയിന്റ് ഓഫ് ഓർഡറാണ്, സർ. Rules of procedure 284 (2)-ഉം 285-ഉം അനുസരിച്ച് ഒരു മെമ്പർക്കെതിരെ ഈ നിലയ്ക്ക് ആക്ഷേപം ഉന്നയിക്കാൻ മറ്റൊരു മെമ്പർക്ക് അധികാരമില്ല. മന്ത്രിക്കെതിരെയാണെങ്കിൽ സെക്ഷൻ 285 വളരെ കൃത്യമായി പറയുന്നുണ്ട്. മന്ത്രിക്ക് എഴുതിക്കൊടുക്കാതെ ഇത്തരമൊരു ആക്ഷേപം ഉന്നയിക്കാൻ പാടില്ല. വളരെ തെറ്റായ നിലയ്ക്കുള്ള ഒരു ആക്ഷേപം ഒരു ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി, ഒരു കൊലപാതക കേസ്സിന് ഉത്തരവാദിയാണെന്ന് വരത്തക്ക തരത്തിലുള്ള ഒരു ആക്ഷേപമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകണം. ഒരു കാരണവശാലും ആ ആക്ഷേപങ്ങൾ രേഖയിൽ ഉണ്ടാകാനും പാടില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അദ്ദേഹം അഴിമതിക്കാരനായി തെളിയുമെന്നേ പറഞ്ഞുള്ളൂ. കുറ്റക്കാരനാണെന്ന് പറഞ്ഞില്ല.

ചെയർപേഴ്സൺ: പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: മലമ്പുഴയിൽ വി. എസ്.-നെ പരാജയപ്പെടുത്താൻ പാർട്ടിയിലെ ശത്രുക്കൾക്കുവേണ്ടി പണമൊഴുക്കിയ രാധാകൃഷ്ണൻ അങ്ങ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ദിവസം ദേശാഭിമാനിയിൽക്കൊടുത്ത പരസ്യമാണ് ഞാൻ ഇവിടെ കാണിച്ചത്.

ചെയർപേഴ്സൺ: പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: ***.....(തടസ്സം).....

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയർപേഴ്സൺ: പരിശോധിക്കാം. പരിശോധിച്ച് അഴിമതിയാരോപണമാണെങ്കിൽ രേഖയിൽ ഉണ്ടാകില്ല.

ശ്രീ. പി. സി. ജോർജ്: .....കുറച്ചുകാലം രാധാകൃഷ്ണനെ മലബാർ സിമെന്റ്സിൽ നിന്നും അകറ്റിനിർത്തിക്കൊണ്ടായിരുന്നു. എന്നാൽ ഇതിനുപക രമായി ചവറയിലെ കെ.എം.എം.എൽ., ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് തുടങ്ങിയ വൻ മേച്ചിൽപ്പുറങ്ങളാണ് വ്യവസായ വകുപ്പുമന്ത്രി ചാക്ക് രാധാകൃഷ്ണനായി തുറന്നുകൊടുത്തത്. .....

ചെയർപേഴ്സൺ: പരിശോധിച്ച് അഴിമതി ആരോപണമാണെങ്കിൽ രേഖയിൽ ഉണ്ടാകില്ല.

ശ്രീ. പി. സി. ജോർജ്: .....മലബാർ സിമെന്റ്സുമായി ബന്ധപ്പെട്ട് അക്കാലത്ത് ചാക്ക് രാധാകൃഷ്ണനുമായി സംസാരിച്ച കെ. എസ്. ശ്രീനിവാസൻ .....(തടസ്സം).....

ചെയർപേഴ്സൺ: പരിശോധിച്ച് അഴിമതി ആരോപണമാണെങ്കിൽ രേഖയിൽ ഉണ്ടാകില്ല.

ശ്രീ. പി. സി. ജോർജ്: ..... രമേഷ് ചന്ദ്രബാനു എം.ഡി.-യായിരുന്ന ഏതാനും മാസവും സർ മലബാർ സിമെന്റ്സിൽ ചാക്കിന്റെ അവിഹിത ഇടപാടുകൾ ഒന്നും നടന്നില്ലെന്ന് പറയുമ്പോൾ ഇതേസമയം ഇയാൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ കൊള്ള നടത്തുകയായിരുന്നുവെന്നത് കാണാതിരുന്നുകൂടാ. .....(തടസ്സം).....

ചെയർപേഴ്സൺ: മെമ്പർ പ്രസംഗിക്കട്ടെ. .....പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: 2006-ൽ ഈ സർക്കാർ അധികാരത്തിൽ തുടരവെ എൻ. ആർ. സുബ്രഹ്മണ്യനെ കെ. എം. എം. എൽ.-ൽ എം.ഡി.-യാക്കി. ആരാണ് ഈ സുബ്രഹ്മണ്യം? 1996 മുതൽ 2001 വരെ മലബാർ സിമെന്റ്സിൽ ഇരുന്ന് ഒന്നുമില്ലായ്മയിൽ നിന്നും ചാക്ക് രാധാകൃഷ്ണനെ കോടീശ്വരനാക്കി മാറ്റിയ ഉദ്യോഗസ്ഥനാണ് ഇയാൾ. ഇയാളുടെ കാലത്ത് മലബാർ സിമെന്റ്സിൽ ഉയർന്ന വിജിലൻസ് കേസുകളെല്ലാം ജുഡീഷ്യറിയുടെ സാധുതയെ വരെ ചോർത്തിക്കളയുകയാണ്. ....(തടസ്സം).....

ചെയർപേഴ്സൺ: പരിശോധിക്കാം. മെമ്പർ പ്രസംഗിക്കട്ടെ. പ്രസംഗം തടസ്സപ്പെടുത്താതിരിക്കൂ.

ശ്രീ. പി. സി. ജോർജ്: സർ, ചവറ കെ.എം.എം.എൽ., ടൈറ്റാനിയം സ്പോഞ്ച് ഇടപാട് വിവാദമായപ്പോൾ ശ്രീ. പി. സുബ്രഹ്മണ്യനെ കുറച്ചുകാലം മാറ്റിനിർത്തി. പിന്നീട് വന്ന അലക്സാണ്ടർ .....(തടസ്സം).....

LIBRARY ARCHIVES Kerala Legislative Assembly

ചെയർപേഴ്സൺ: .....ശ്രീ. എം. പ്രകാശൻ മാസ്റ്റർ,..... രേഖ പരിശോധിക്കാമെന്ന് പറഞ്ഞു. ശ്രീ. പി. സി. ജോർജിനെ പ്രസംഗിക്കാൻ അനുവദിക്കുക.

ശ്രീ. പി. സി. ജോർജ്: .....വ്യവസായ വകുപ്പുമന്ത്രിയും സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ശശീന്ദ്രൻ നായരും സി.ഐ.ടി.യു. നേതാവ് പത്മലോചനനും ചാക്ക് രാധാകൃഷ്ണനും ചേർന്ന് റാക്കറ്റിന് പുറത്താക്കുകയായിരുന്നു. ചാക്കിന്റെ ആജ്ഞാനുവർത്തിയായ സുബ്രഹ്മണ്യത്തെ 2009 ഡിസംബർ മാസം മുതൽ കരാറടിസ്ഥാനത്തിൽ വീണ്ടും കെ.എം.എം.എൽ.-ൽ എം.ഡി.-യാക്കി വച്ചിരിക്കുന്നത് ഈ സംസ്ഥാനത്തിന് വേറൊരു മികച്ച മാനേജ്മെന്റ് വിദഗ്ദ്ധൻ സർവ്വീസിൽ ഇല്ലാത്തിരുന്നിട്ടാണോ? ഈ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ചാക്ക് രാധാകൃഷ്ണന്റെ ബിനാമികൾക്ക് ബോയിലർ ഓക്സിജൻ പ്ലാന്റുകൾ നിർമ്മിക്കാനുള്ള കരാറുകൾ ഉറപ്പാക്കാൻ നടന്ന നീക്കം പുറത്തായതിനെത്തുടർന്ന് കഴിഞ്ഞ നവംബർ 3-ന് ചേർന്ന കെ.എം.എം.എൽ. ഡയറക്ടർ ബോർഡിന് റദ്ദാക്കേണ്ടിവന്നിരുന്നു. ഈ കരാറുകൾ വീണ്ടും ടെണ്ടർ ക്ഷണിച്ച് ചാക്കിന്റെ ആളുകൾക്ക് തന്നെ കൊടുക്കാൻ ഇതേ എം.ഡി. ഇപ്പോൾ വീണ്ടും തിരക്കിട്ട് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. മലബാർ സിമെന്റ്സിൽ ചാക്കിന്റെ അഴിമതിക്ക് തടയിട്ട ശ്രീനിവാസനേയും രമേഷ് ചന്ദ്രബാനുവിനേയും ഒഴിവാക്കി എന്തിനാണ് 2010 ഫെബ്രുവരിയിൽ ചാക്ക് രാധാകൃഷ്ണന്റെ വിനീതദാസനായ സുന്ദരമൂർത്തി എന്ന ആളിനെ സ്വകാര്യ കമ്പനിയിൽനിന്നും വിളിച്ചുവരുത്തി മലബാർ സിമെന്റ്സ് എം.ഡി.-യായി നിയമിച്ചത്? ഇതേ സമയത്തുതന്നെ എൻ. എ. സുബ്രഹ്മണ്യത്തിനെ വീണ്ടും മലബാർ സിമെന്റ്സ്-ന്റെ ഡയറക്ടർ ബോർഡിൽ കൂടിവച്ച് ...(തടസ്സം).....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: അഴിമതിയാരോപണമാണോയെന്ന് പരിശോധിക്കും.

ശ്രീ. പി. സി. ജോർജ്: 2010 ഫെബ്രുവരി മുതൽ ശശീന്ദ്രന്റെ ....(തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അഴിമതിയാരോപണമാണെങ്കിൽ അത് പരിശോധിച്ച് നീക്കം ചെയ്യും.

ശ്രീ. പി. സി. ജോർജ്: .....ഗ്രീൻ ചാനൽ വഴി സ്പിരിറ്റ് കടത്തിയ കേസിൽ സസ്പെൻഷനിലായ സുബ്രഹ്മണ്യനെന്ന പേഴ്സണൽ അസിസ്റ്റന്റിനെ സുന്ദരമൂർത്തി മടക്കിക്കൊണ്ടുവന്നു. പുതിയ എം.ഡി.-യുടെ നേതൃത്വത്തിലുള്ള ചാക്ക് റാക്കറ്റ് കെ. എസ്. ശ്രീനിവാസന്റെ നേതൃത്വത്തിൽ റദ്ദാക്കിയ എല്ലാ ഇടപാടുകളും പുനരുജ്ജീവിപ്പിച്ചു. ചാക്കിന്റെ ആകെ വുഡ് ആന്റ് മെറ്റൽസ് എന്ന കമ്പനിയുടെ പേരിൽ ഫ്ളൈ ആഷ് കരാറിൽ അഴിമതി ഇടപാട് നടന്നിട്ടുണ്ട് എന്നുകണ്ട് റദ്ദാക്കിയിരുന്നത് പുതിയ ഒരു പേരിൽ ചാക്കിന്റെ തന്നെ പാർട്ടിക്ക് വീണ്ടും കൊടുത്തു. മന്ത്രിമാർ

അറിയാതെയാണോ ഇത്? പ്ലാസ്റ്റിക്ക് ബാഗിന്റെ ഇടപാടും ഇതുപോലെതന്നെ. ചാക്ക് രാധാകൃഷ്ണൻ ഇടപെട്ട് ഒരുപാട് അനധികൃത നിയമനങ്ങൾ നടത്തി. കൽക്കരി വാങ്ങുന്നതിന് പൊതുടെണ്ടർ ക്ഷണിക്കാതെ ബാബ്റ്റിക്ക് ഇന്റർനാഷണൽ എന്ന പേരിലുള്ള കമ്പനിക്ക് സിങ്കിൾ ടെണ്ടർ വഴി കൊടുക്കാൻ നീക്കം നടന്നു. ഇതിനെയെല്ലാം ശശീന്ദ്രൻ എതിർത്തു. ഈ കൽക്കരി ഇടപാടിന്റെ ഫയൽ കാണാതായി. എം.ഡി-യുടെ വഴിവിട്ട കുറിപ്പുകളുള്ള ഈ ഫയലിന്റെ പേരിൽ ചാക്ക് രാധാകൃഷ്ണനും സുന്ദരമൂർത്തിയും സൂര്യനാരായണനും ശശീന്ദ്രനെ വല്ലാതെ പീഡിപ്പിച്ചിരുന്നു. ഇതിനിടെയാണ് ശശീന്ദ്രൻ സൂര്യനാരായണനെതിരെ മുഖ്യമന്ത്രിക്ക് കത്തെഴുതിയത്. ഇതിന്റെ പേരിൽ ഈ ലോബി ശശീന്ദ്രനെ ബലമായി തിരിച്ച് കത്തെഴുതിപ്പിക്കുകയും രാജിക്കത്ത് എഴുതിപ്പിക്കുകയുമായിരുന്നു. രാജിക്കത്ത് പിൻവലിക്കാൻ ശശീന്ദ്രൻ ശ്രമിച്ചെങ്കിലും ഇവരതിന് അനുവദിച്ചില്ല. മൂന്ന് മാസത്തെ ശമ്പളം കൂടി പിടിച്ചെടുത്തു. ഡിവൈ.എസ്.പി. സെയ്ഫുള്ള അസീസിന്റെ വിജിലൻസ് അന്വേഷണത്തിൽ മുഖ്യസാക്ഷിയായി നിർണ്ണായക വിവരങ്ങൾ നല്കിയ ശശീന്ദ്രനെ ഈ അഴിമതിക്കാർ ഭയപ്പെട്ടിരുന്നു. ഇതിന്റെയൊക്കെ പേരിൽ ശശീന്ദ്രന്റെ ജീവൻ അപകടത്തിലായി. ഈ കാര്യങ്ങളെല്ലാം അന്വേഷിക്കാതെ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഞാൻ ചോദിക്കട്ടെ..... ഇവരെന്തിനാണ് ബഹളം വയ്ക്കുന്നത്? ഞാനൊരു മന്ത്രിയേയും പറ്റി കുറ്റം പറഞ്ഞില്ലല്ലോ. ഞാൻ ചോദിക്കട്ടെ ഇവിടെ ഏറ്റവും വലിയ പ്രശ്നം എന്താണ്? പെൺവാണിഭം എന്നുപറയുന്നത്. ശാരിയുടെ അപ്പനും അമ്മയും ചേർന്നു കൊണ്ട് ശാരിയുടെ മകളുമായി വന്ന് മുഖ്യമന്ത്രിക്ക് പരാതി കൊടുത്തല്ലോ ശ്രീ. അച്ചുതാനന്ദൻ നീതിബോധമുള്ളവനാണെങ്കിൽ പെൺവാണിഭക്കാരെ കൈയ്യാമം വയ്ക്കുമെങ്കിൽ എന്തുകൊണ്ട് ശാരിയുടെ കൊലപാതകികളെ അറസ്റ്റ് ചെയ്യുന്നില്ല? പറയണം. അതെന്താ പറയാഞ്ഞത്? ആ വി.ഐ.പി. ആരാണെന്ന് മുഖ്യമന്ത്രി പറയണം. മുഖ്യമന്ത്രി തന്നെ പറയണം. ശ്രീ. കുഞ്ഞാലിക്കുട്ടിയെ മാത്രം പിടിച്ചാൽ പോരാ, മറ്റു പലരേയും പിടിക്കേണ്ടി വരും. പ്രതിപക്ഷ നേതാവിന് കൊടുത്ത പരാതി.....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്.....

ശ്രീ. പി. സി. ജോർജ്: മുന്നുമിനിറ്റ് കൊടുത്തു കവിയൂരെ അനഘയെ കൊന്നതാരാണ്. മഹിളാ അസോസിയേഷൻ നേതാവ് നമ്മുടെ ടീച്ചർതന്നെ പറഞ്ഞല്ലോ അനഘയെ പീഡിപ്പിച്ചിട്ടില്ല എന്ന്. പക്ഷേ പീഡിപ്പിച്ചെന്ന് പോസ്റ്റുമോർട്ടത്തിൽ തെളിഞ്ഞല്ലോ. അനഘയെ പീഡിപ്പിച്ചതാരാണ്? ഫൈവ് ഫിംഗേഴ്സ് എന്ന സിനിമയിൽ അഭിനയിപ്പിക്കാമെന്ന് പറഞ്ഞ് ആ കൊച്ചിനെ കൊണ്ടുപോയി. ആ കൊച്ചിനെ ബലാത്സംഗം ചെയ്ത് കൊല്ലുകയായിരുന്നു. 1987-ൽ ടി. കെ. ഹംസ.....

മി ഡെപ്യൂട്ടി സ്പീക്കർ: ശ്രീ പി സി ജോർജ്__അങ്ങ് സംസാരിച്ചു കഴിഞ്ഞോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഇല്ല. ഞാൻ പറയുകയാണ്. 1987-ൽ ടി. കെ. ഹംസ എന്നുപറയുന്ന മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശശി നേതാവിനെപ്പറ്റി അന്ന് പരാതി ഉണ്ടായില്ലേ, ആരും മിണ്ടിയില്ലല്ലോ. ഞാൻ ചോദിക്കട്ടെ ***അതിനെപ്പറ്റി

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലെ ഇതിനെപ്പറ്റി എത്ര ചർച്ച ചെയ്തതാണ്. അധിക സമയം തന്നാൽ അതിനനുസരിച്ച് നല്ല പുതിയ കാര്യം പറയണം.

ശ്രീ. പി. സി. ജോർജ്: അതിനെപ്പറ്റി എന്റെ ചോദ്യം ആ തന്ന പരാതിയെപ്പറ്റി അന്വേഷിച്ചോ.....***.....(മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: അധികം സമയം തരുമ്പോൾ പുതിയ കാര്യം പറയണം. ശ്രീ എ. എം. ആരിഫ്.... അങ്ങ് സംസാരിക്കുക....

ശ്രീ. എ. എം. ആരിഫ്: രണ്ടുപേർ ഒരേ സമയത്ത് എങ്ങനെയാണ് സംസാരിക്കുന്നത്.....ഒന്ന് ഇരുന്നു തരണം. (ബഹളം)

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പോയിന്റ് ഓഫ് ഓർഡറിന് നമ്മിംഗ് വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. അഴിമതി ആരോപണമാണെങ്കിൽ നേരത്തെ എഴുതി കൊടുത്തിരിക്കണം. അത് അങ്ങനെ തന്നെയാണ് നിയമം.....(ബഹളം).....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇവിടെ ഉന്നയിക്കപ്പെട്ട ആരോപണം ഒരു മന്ത്രിക്കെതിരായിട്ട്.... കൊലപാതകക്കേസിൽ പങ്കാളിത്തമുണ്ടെന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അഴിമതി ആരോപണമാണെങ്കിൽ അത് പരിശോധിച്ച് നീക്കം ചെയ്യും.

ശ്രീ. എ. എം. ആരിഫ്: അഴിമതി ആരോപണം മാത്രമല്ലല്ലോ പറയേണ്ടത്, കൊലപാതക ആരോപണം പറയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സംസാരിക്കണം.

ശ്രീ. എ. എം. ആരിഫ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. വളരെ അഭിമാനത്തോടുകൂടിയാണ് ഞാൻ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നത്. നമ്മുടെ രാജ്യം ഭരിക്കുന്ന ഒരു ഗവൺമെന്റും അതിന് കീഴിൽ പ്രവർത്തിക്കുന്ന വിവേ പരിമിതികളുള്ള ഒരു സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പെർഫോമൻസുമാണ്. കഴിഞ്ഞ രണ്ടുകൊല്ലത്തെ കേന്ദ്ര സർക്കാരിന്റെ പെർഫോമൻസും കഴിഞ്ഞ നാരലമുക്കാൽ വർഷത്തെ സംസ്ഥാന സർക്കാരിന്റെ പെർഫോമൻസും അനലൈസ് ചെയ്താൽ കാണാൻ കഴിയുന്ന കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിച്ഛായ ആകെ തകർന്ന് തരിപ്പണമായിരിക്കുന്നു എന്നതാണ്. പ്രധാനമന്ത്രി തന്നെ അത് രാജ്യത്തിനകത്തും പുറത്തും പറയത്തക്ക അപകടകരമായ

*** ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

നിലയിലേക്കാണ് കേന്ദ്ര സർക്കാരിന്റെ പ്രതിച്ഛായ തകർന്നിരിക്കുന്നത്. കുംഭകോണങ്ങളുടെ കുംഭമേളയായി കേന്ദ്ര ഭരണകൂടം മാറിയിരിക്കുന്നുവെന്ന് അവർതന്നെ വ്യക്തമാക്കുകയാണ്. രാജ്യത്തെ ഗ്രസിച്ചിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം വിലക്കയറ്റവും പണപ്പെരുപ്പവും അഴിമതിയുമാണെന്ന് സർവ്വ സമ്മേളനങ്ങളിലും പ്രധാനമന്ത്രി തന്നെ പറയുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. പറഞ്ഞുപറഞ്ഞ് അദ്ദേഹംതന്നെ ഇപ്പോൾ പ്രതിക്കൂട്ടിലായിരിക്കുകയാണ്. ആണവ കരാറിന്റെ അകത്തളങ്ങളിലേക്ക് കടന്നാൽ അതിന്റെ ഇടപാടിൽ അഴിമതി എത്രയാണെന്നത് പുറത്തുവരാൻ കിടക്കുന്നതയുള്ളൂ. പക്ഷേ അതും സംശയത്തിന്റെ നിഴലിലാണ്. ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതിയാണ് അതിന്റെ പിന്നിലെന്ന് മുൻ ആണവോർജ്ജ കമ്മീഷന്റെ ചെയർമാനടക്കം ഇപ്പോൾ നിരീക്ഷിച്ചിരിക്കുകയാണ്. അതുപോലെ തന്നെ ടു ജി. സ്പെക്ട്രം, എസ്.ബാൻഡ് സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ്, ആദർശ്ഹ്ൗസ് അങ്ങനെ കുംഭകോണങ്ങളുടെ കുംഭമേളയായി കേന്ദ്ര ഭരണകൂടം മാറുകയാണ്. ഈ നിലയിലേക്ക് യു.പി.എ. സർക്കാരിന്റെ പ്രതിച്ഛായ തകർന്ന് തരിപ്പണമാകുകയും സാമ്പത്തികമായി അങ്ങേയറ്റം അരാജകത്വത്തിലേക്ക് മാറിപ്പോകുകയും ചെയ്യുന്ന സന്ദർഭമാണിത്. ആഗോള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഒരു സംസ്ഥാന സർക്കാർ അതിന്റെ വിഭവ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എങ്ങനെ പ്രശ്നങ്ങളെ അപഗ്രഥിക്കുകയും മനസ്സിലാക്കുകയും പഠിക്കുകയും എത്രത്തോളം പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തുവെന്ന ഒരു സത്യസന്ധമായ നിരീക്ഷണം നടത്തിയാൽ ഈ ഗവൺമെന്റിന്റെ വളർച്ചയുടെ നല്ല ഒരു ഗ്രാഫ് കാണിക്കാൻ സാധിക്കും. എന്താണ് നമ്മുടെ അടിസ്ഥാന പ്രശ്നം? ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, പെൻഷൻ, പശ്ചാത്തല വികസനം ക്രമസമാധാന പരിപാലനം എന്നിങ്ങനെയുള്ള രംഗങ്ങളിലുള്ള ഗവൺമെന്റിന്റെ പെർഫോമൻസ് അല്ലേ അളക്കേണ്ടത്. ജനങ്ങളുടെ അവാർഡിനെ സംബന്ധിച്ച് ശ്രീ. അനിൽകുമാറിന്റെ പരാമർശം നിൽക്കുമ്പോൾത്തന്നെ ജനങ്ങളുടെ അവാർഡുകൾ മാറ്റിമറിക്കാനും തെറ്റിദ്ധരിപ്പിക്കാനും ഒരുപക്ഷേ മാധ്യമങ്ങളുടെ സ്വാധീനമുണ്ടാകാം. ഇതിന്റെയൊക്കെ അകത്തളങ്ങളിലേക്ക് ചെന്ന് കഴിഞ്ഞാൽ ടു.ജി. സ്പെക്ട്രത്തിന്റെ അക്കെ രാഹതികൾകൊണ്ട് നാട്ടിൽ വെട്ട് പിടിക്കുന്നതിനെ സംബന്ധിച്ച് വ്യാപകമായ ചർച്ചകൾ നടക്കുകയാണ്. വൻതോതിൽ അത് സംബന്ധിച്ച് മാധ്യമങ്ങളിലടക്കം ചർച്ച ചെയ്യുകയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ജനങ്ങളെ സ്വാധീനിക്കും. എന്തൊക്കെ പറഞ്ഞാലും പാർലമെന്റ് ഇലക്ഷനേക്കാളും മെച്ചപ്പെട്ട നിലയിലേക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് മാറാൻ കഴിഞ്ഞു. പാർലമെന്റ് തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടിയിൽ നിന്ന് തിരിച്ചുകയറാൻ കഴിയുന്നുണ്ട്. തങ്ങൾക്ക് അനുകൂലമല്ല ചിത്രമെന്ന് മനസ്സിലാക്കുന്നതുകൊണ്ടാണ് ഇപ്പുറത്തുനിന്ന് അപ്പുറത്തേക്ക് കൈയും കലാശവും കണ്ണുമൊക്കെ കാണിച്ച് ഒരുപാട് പാർട്ടികളെ അപ്പുറത്തേക്ക് കൊണ്ടുപോകുന്നത്. കൊണ്ടുപോയി അപ്പുറത്ത് നിർത്തിയിട്ടും തിരഞ്ഞെടുപ്പിൽ അവർക്ക് മുൻപുണ്ടായിരുന്നതിനെക്കാൾ നേട്ടമുണ്ടാക്കാൻ കഴിഞ്ഞില്ല എന്ന് മാത്രമല്ല അവർക്ക് ക്ഷീണം സംഭവിക്കുന്ന ചിത്രമാണ് നമുക്ക് കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നത്. അപ്പുറത്തേക്ക് ചെന്നവർ വരാൻ പോകുന്ന തിരഞ്ഞെടുപ്പുകളുടെ ചിത്രമെന്താണെന്ന് കൂടി മനസ്സിലാക്കണം. വളരെ ആവേശപൂർവ്വം അങ്ങോട്ട് കടന്നുചെന്നവരായിരുന്നു അപ്പുറത്ത് നിൽക്കുന്ന പലരും. ചെന്നപ്പോൾ അതിനകത്ത് വല്ലാത്ത പ്രതിസന്ധി അവർ അഭിമുഖീകരിക്കുകയാണ്. ഏറ്റവും ഒടുവിലായിട്ടാണ് ശ്രീ. ജോസഫിന്റെ പാർട്ടിയെ മാണി ഗ്രൂപ്പിൽ ലയിപ്പിച്ച് കൊണ്ടുപോയത്. കൊണ്ടുപോയെങ്കിലും ജോസഫ് ഗ്രൂപ്പുകാർക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പ് എത്തിയപ്പോൾ ഉണ്ടായ തിക്താനുഭവം. വല്ലാത്ത വേദനയോടെ അവർ പലയിടത്തും വിങ്ങിപ്പൊട്ടുന്നതും കരയുന്നതും അവർ ഒഴിവാക്കപ്പെട്ടതിന്റെയും ചിത്രം കണ്ടുകഴിഞ്ഞു. അതുപോലെതന്നെയാണ് സലാമിന്റെ പാർട്ടിയുടെ സ്ഥിതിയും. ആകെ ചവിട്ടിപ്പുറത്താക്കുന്ന സ്ഥിതി അദ്ദേഹത്തിന്റെ പാർട്ടിയും കൂടെ നിൽക്കുന്നവരും അഭിമുഖീകരിക്കുകയാണ്. ശ്രീമതി ഗൗരിയമ്മ തന്നെ പറഞ്ഞതെന്താണെന്ന് നമ്മൾ കണ്ടല്ലോ. ഒറ്റ ഒരാളെപ്പോലും ജയിപ്പിച്ചില്ല. അവിടെ ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിയുടെ പേരിൽ മത്സരിച്ച മൂഴുവൻ പേരെയും കാലുവാരി തോൽപ്പിച്ചു. അതുപോലെ അങ്ങോട്ട് ചെന്നവരുടെയെല്ലാം സ്ഥിതി വളരെ അപകടത്തിലാണ്. ശ്രീ. വീരേന്ദ്രകുമാറിന്റെ പാർട്ടിക്കാരെയും കൈകാര്യം ചെയ്യുന്ന കാഴ്ചയാണ് കണ്ടത്. പഞ്ചായത്ത് മുനിസപ്പൽ തിരഞ്ഞെടുപ്പ് വേളയിൽ അവിടെ നിന്നൊക്കെ രോദനങ്ങൾ ഉണ്ടായി. കൈയും കലാശവും കാണിച്ച് ഒരുപാട് മോഹന വാഗ്ദാനങ്ങൾ ഒക്കെ നൽകി ഇപ്പുറത്തുനിന്ന് അപ്പുറത്തേക്ക് വലിച്ചിഴച്ചുകൊണ്ടുപോയ പലർക്കും അതിനകത്ത് നിൽക്കാൻ കഴിയാതെ വല്ലാത്ത ദുരവസ്ഥയെ അഭിമുഖീകരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ആവേശപൂർവ്വം കടന്നുചെന്നവരുടെ അവസ്ഥ ഇതാണ്. അവരെ നോക്കിയിരുന്ന ചിത്രമിതാണ്. അതിനകത്ത് ഇപ്പോൾ ഒന്നാമനാകാൻ വേണ്ടിയുള്ള യുദ്ധം വളരെ ശക്തമായി നടക്കുകയാണ്. ഒന്നാമൻമാർ സാധാരണഗതിയിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ ജാഥ നയിക്കുക, ആ ജാഥ നയിക്കുന്ന നായകന് എന്തെങ്കിലും അസുഖമുണ്ടാകുക. അത് ഉണ്ടാകാം. ഇപ്പോൾ പനിയാണെന്ന് പറയുന്നു. സരസമായി പനിയാണ്, എലിപ്പനിയാണ്, കുഞ്ഞെലിപ്പനിയാണ് എന്നൊക്കെ ഒരുപാട് പറയുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഒരു ജാഥാ ക്യാപ്റ്റന് ഒരു അസുഖമുണ്ടായാൽ പകരം ഒരു ക്യാപ്റ്റനെ വച്ച് ആ ജാഥ മുന്നോട്ട് കൊണ്ടുപോകാൻ സമ്മതിക്കുകയാണ് വേണ്ടത്. അങ്ങനെ ഒന്ന് ഏൽപ്പിക്കാൻ കഴിയാത്ത വിശ്വാസ്യതയാണ് നിലനിൽക്കുന്നത്. ഒരു മുഖ്യമന്ത്രി ആകുക എന്നുള്ളത് തന്റെ ഏറ്റവും വലിയ ആശയും അഭിലാഷവുമാണ്, അതുകൊണ്ട് താൻ തയ്യാറാണ് എന്ന നിലയിലേക്ക് ശ്രീ. വയലാർ രവി പ്രഖ്യാപിക്കുകയുണ്ടായി. ഒന്നാമനാകാൻ ഉള്ള മത്സരത്തിൽ ശ്രീ. ചെന്നിത്തലയും ഒട്ടും പുറകിലല്ല എന്ന് കെ.എസ്.യു. തിരഞ്ഞെടുപ്പിലും യൂത്ത് കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പിലും ഉള്ള അദ്ദേഹത്തിന്റെ ഇടപെടൽ കൊണ്ട് വ്യക്തമാണ്. കെ.എസ്.യു തിരഞ്ഞെടുപ്പിൽ മുൻതൂക്കം നേടാനായെങ്കിലും യൂത്ത് കോൺഗ്രസ്സ് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും കെട്ടിപ്പിടിച്ചവർ ഉമ്മ വച്ചെങ്കിൽപ്പോലും അവരവർ അവസരത്തിനുവേണ്ടി കാത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിധിവൈപരിത്യത്താൽ ഇവർ ഇതെല്ലാം അട്ടിമുറിക്കരിച്ചേ മതിയാകൂ. കാരണം ഒരു സന്ദർഭത്തിൽ ശ്രീ. എ. കെ. ആന്റണിയെ കൊട്ടാര വിപ്ലവത്തിലൂടെയാണ് പുറത്താക്കിയതെങ്കിൽ അതിന്റെ തുരുമ്പുവെങ്ങൾ വീണ്ടും ശ്രീ. ഉമ്മൻ ചാണ്ടിയുടെ മേൽ വരാതിരിക്കില്ല. അതിനുള്ള ഒരുക്കങ്ങളാണ് ശ്രീ. രമേശ് ചെന്നിത്തല നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ ഒന്നാമനാകാൻ ശ്രീ. വയലാർ രവിയുണ്ട്, ശ്രീ. രമേശ് ചെന്നിത്തലയുമുണ്ട്. ശ്രീ. ശങ്കരനാരായണൻ പോലും അങ്ങ് ദൂരെ മാറിനിന്ന് ഒന്നാമനാകാൻ കഴിയുമോ എന്ന ചിത്രത്തിൽ ഇങ്ങനെ അദ്ദേഹവും പങ്കാളിയായിക്കൊണ്ടിരിക്കുകയാണ്. ഒളിഞ്ഞിരിക്കുന്നുവെങ്കിലും ശ്രീ. സുധീരനും ഒന്നാമനാകാനുള്ള ചിത്രത്തിൽനിന്ന് മാറിയെന്ന് പറയാനാകില്ല. അങ്ങനെ പലരും ചിത്രത്തിന്റെ അണിയറയിൽ നിൽക്കുന്നുണ്ട്. അങ്ങനെ അണിയറയിൽ നീക്കം നടക്കുമ്പോൾ രണ്ടാമനാകാനുള്ള മത്സരത്തിലും തീരെ മോശമെന്ന് പറയാൻ കഴിയില്ല. രണ്ടാമനാകാനുള്ള യുദ്ധമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഞങ്ങളാരെങ്കിലും എടുത്തിട്ടതാണോ ഈ ഐസ്ക്രീം കേസും മറ്റേതെങ്കിലും കേസും? ഇവിടെ ഭരണ പക്ഷത്തുനിന്ന് ആരും കൊണ്ടുവന്നതല്ലല്ലോ. ഒരാൾ സ്വയം പത്ര സമ്മേളനം നടത്തി പറയുന്നു തന്നെ തേജോവധം ചെയ്യാൻ ശ്രമിക്കുന്നു, കൊല്ലാൻ ശ്രമിക്കുന്നു, ഇല്ലാതാക്കാൻ ശ്രമിക്കുന്നു എന്ന്. മുൻകൂട്ടി പത്ര സമ്മേളനം നടത്തി വരാൻ പോകുന്ന ആരോപണങ്ങളെ പ്രതിരോധിക്കാൻ വേണ്ടിയുള്ള വേലകളുമായി രംഗത്തുവന്നത് ഞങ്ങളാരെങ്കിലുമാണോ? വന്നു കഴിഞ്ഞപ്പോൾ ശശിയുടെ കത്തിനെ സംബന്ധിച്ച് എന്തുകൊണ്ട് കേസെടുക്കുന്നില്ലായെന്ന് ശശിയുടെ പേരിൽ ഒരാൾ ആരോപണം ഉന്നയിക്കുന്നില്ല. ആ ആരോപണത്തിന് അഡ്യൂസ് ചെയ്യുന്ന തെളിവുകൾ വേണ്ടേ? നമുക്കെല്ലാം ക്രിമിനൽ നിയമസംഹിത സംബന്ധിച്ച് അത്യാവശ്യം വിവരമുണ്ടാകേണ്ടേ? ഒരാൾ പറയുന്ന കാര്യത്തെ സംബന്ധിച്ച് അഡ്യൂസ് ചെയ്യുന്ന എവിഡൻസിനെ ആസ്പദമാക്കിയാണ് കേസെടുക്കുന്നത്. റൗഫ് എന്നു പറയുന്ന വ്യക്തി ഉന്നയിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല. ആ ആരോപണങ്ങളെ അഡ്യൂസ് ചെയ്ത എവിഡൻസുകളാണ് പുറത്തുവന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് കേസിലേക്ക് പോകുന്നത്. ഇവിടെ ഒരാൾ ആരോപണം ഉന്നയിച്ചുവെന്ന് പറഞ്ഞുകൊണ്ട് ആർക്കും ആരുടെയും പേരിൽ കേസെടുക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ ദിവസവും കേസ് എടുക്കേണ്ടിവരും. ഇപ്പോൾ അതിനെ ചുറ്റിപ്പറ്റി ഒരുപാട് സംഭവങ്ങൾ ഒന്നിനുപുറകേ ഒന്നായി വരുകയാണ്. രണ്ടാമനാകാൻ വേണ്ടിയുള്ള മത്സരത്തിലാണ് പ്രോസിക്യൂഷൻ ജനറലുമൊക്കെ പങ്കാളികളായി എന്ന പ്രശ്നം വരുന്നത്. അവയെല്ലാം രണ്ടാമനാകാൻ വേണ്ടിയുള്ള യുദ്ധം ഒരുഭാഗത്ത് നടക്കുകയാണ്. ഇനി മൂന്നാമനാകാനുള്ള യുദ്ധം വേറെ നടക്കാൻ പോകുകയാണ്. ഒന്നാമനാകാനും രണ്ടാമനാകാനും മൂന്നാമനാകാനും വേണ്ടിയുള്ള യുദ്ധങ്ങൾ ഒരുഭാഗത്ത് കൊടുമ്പിരിക്കൊണ്ട് നടക്കുകയാണ്. ഇതാണ് ഇപ്പോൾ സ്ഥിതിയെങ്കിൽ ഇവർക്കെങ്ങാനും കഷ്ടകാലത്തിന് കേരളത്തിന്റെ അധികാരം ലഭിച്ചാൽ എന്ത് സംഭവിക്കും? എന്തായിരിക്കും കേരളത്തിന്റെ സ്ഥിതി? പണ്ട് നടന്ന സംഭവങ്ങളൊന്നും നമ്മൾ മറന്നുപോകരുത്. നിയമസഭാ തിരഞ്ഞെടുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കേളികൊട്ട് വന്നതേയുള്ളൂ. ഇവിടെ ഇപ്പോൾത്തന്നെ യുദ്ധം ആരംഭിച്ചുകഴിഞ്ഞു. ഇതാണ് അവസ്ഥയെങ്കിൽ എന്തായിരിക്കും കേരളത്തിന്റെ നാളത്തെ അവസ്ഥ? ഞങ്ങൾ എന്തെങ്കിലും ചെയ്തുപോയാൽ പറയും അത് കേന്ദ്രത്തിന്റെയാണെന്ന്. ഞങ്ങൾ ഒന്നും ചെയ്യുന്നില്ല എന്നാണ് ആരോപണം. ചെയ്തുപോയാൽ കേന്ദ്രത്തിന്റെത്. ഞാൻ ചോദിക്കട്ടെ, ഒന്നാം യുപിഎ സർക്കാരിന്റെ കാലത്തല്ലേ ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും കേരളം ഭരിച്ചത്. ഡോ. മൻമോഹൻസിംഗ് അല്ലേ അന്ന് പ്രധാനമന്ത്രി ? അന്ന് ശ്രീമതി സോണിയ ഗാന്ധിയല്ലേ യു.പി.എ. അദ്ധ്യക്ഷ? ഇവർ ഈ പദ്ധതികളൊന്നും എന്തേ നേടിയെടുത്തില്ല, എന്തേ വാങ്ങിച്ചില്ല, എന്തേ നടപ്പാക്കിയില്ല? ഇതിപ്പോൾ ഇവരുടെ കഴിവുകൊണ്ട് കിട്ടിയതുപോലെയാണ് പറച്ചിൽ. പറച്ചിൽ കേട്ടാൽതോന്നും ഇവർ ഇങ്ങോട്ട് തന്നതാണെന്ന്. കേരളത്തിന് അവകാശപ്പെട്ടതെല്ലാം വാങ്ങാൻ നമ്മൾ ചെല്ലുമ്പോൾ തരാനുള്ള സന്മനസ് എങ്ങനെ അവിടെയുണ്ടാകുന്നു? നിങ്ങളെ ഏൽപ്പിക്കുന്നതിനെക്കാൾ കൂടുതൽ നന്നായി, വിശ്വാസ യോഗ്യമായി ഏൽപ്പിക്കാൻ ഞങ്ങളാണ് നല്ലത് എന്ന് അവർക്ക് തോന്നിയതുകൊണ്ടല്ലേ? ബഹുമാനപ്പെട്ട എ. കെ. ആന്റണി എന്താണ് പറഞ്ഞത്? കേരളത്തിന്റെ വ്യാവസായിക വികസന കാര്യങ്ങളിൽ ശ്രീ. എളമരം കരീം കാണിക്കുന്ന ശുഷ്കാന്തിയും ആത്മാർത്ഥതയും അദ്ദേഹത്തിന്റെ നിലപാടുകളുമാണ് കേന്ദ്ര സർക്കാരിനെ ഈ പദ്ധതികളെല്ലാം കേരളത്തിന് നൽകാൻ മനസ്സ് തോന്നിപ്പിക്കുന്നത് എന്നല്ലേ? അങ്ങനെയല്ലേ വ്യവസായികളുടെ യോഗത്തിൽ വച്ച് ശ്രീ. എ. കെ. ആന്റണി പ്രശംസിച്ചത്? അതെന്തേ നിങ്ങൾ കാണാത്തത്? ആ ഭാഗം നിങ്ങൾ കാണുന്നില്ല. ഇപ്പോൾ വിലക്കയറ്റത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച്, ഒരു ഗവൺമെന്റ് ചെയ്യേണ്ടതെന്താണ്? ഭക്ഷണവും പാർപ്പിടവും വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പെൻഷൻ പശ്ചാത്തല സൗകര്യ വികസനം, ക്രമസമാധാനം എന്നീ രംഗങ്ങളിലെല്ലാം ഞങ്ങൾ കൈവരിച്ച പുരോഗതിയാണ്. ഇപ്പോൾ നമ്മുടെ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന എറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണല്ലോ? പ്രധാനമന്ത്രി യോഗങ്ങളെല്ലാം വിളിച്ചുകൂട്ടുമ്പോൾ പറയുന്നതെന്താണ്? ശ്രീ. പി.ചിദംബരം ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ വിലക്കയറ്റത്തെ സംബന്ധിച്ച് ഒരു ഘട്ടത്തിൽ പാർലമെന്റിൽ പറഞ്ഞത് കേരളത്തെ മാതൃകയാക്കണം, കേരളത്തെ കണ്ടു പഠിക്കണം എന്നാണ്. പിന്നീട് ശ്രീ. ശരത് പവാർ പാർലമെന്റിൽ പറഞ്ഞത് പാർലമെന്റിന്റെ രജതരേഖകളിൽ കിടക്കുകയല്ലേ? ഞങ്ങളെല്ലാം പൊന്നാക്കി, തേനും പാലും ഒഴുക്കി, ഇവിടെ വിലക്കയറ്റം ഇല്ലെന്നൊന്നും പറയുന്നില്ല. രാജ്യത്താകെ നേരിടുന്ന ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കേരളത്തിന്റെ സമീപനം എങ്ങനെയാണ് എന്നാണ് പരിശോധിക്കേണ്ടത്. അതിനാണ് കേരളത്തെ കണ്ടുപഠിക്കാൻ ശ്രീ. ശരത് പവാർ പറഞ്ഞത്. ശ്രീ. ശരത് പവാർ കേരളത്തെ അഭിനന്ദിച്ചില്ലേ? ഈ സഭയിലെ അംഗമായിരുന്ന പ്രൊഫ. കെ. വി. തോമസ് തന്നെ കേരളത്തെ അഭിനന്ദിച്ചില്ലേ? ശ്രീ. രാഹുൽഗാന്ധി വിലക്കയറ്റത്തെക്കുറിച്ച് നിരീക്ഷിച്ചതെന്താണ്? കൂട്ടുകക്ഷി മന്ത്രിസഭയാണ്, ഭരണമാണ് വിലക്കയറ്റത്തിന്റെ പ്രധാനപ്പെട്ട പ്രശ്നത്തിന് കാരണമെന്നാണ്. ഇങ്ങനെ ഒരു നിരീക്ഷണം നടത്തിയിട്ട് അതിനെക്കുറിച്ച് നിങ്ങൾ എന്തെങ്കിലും പരാമർശിച്ചോ.? നമ്മുടെ വിലക്കയറ്റത്തിന്

LIBRARY ARCHIVES Kerala Legislative Assembly

പലപല കാരണങ്ങളുണ്ട്. അതിലൊരു കാരണമെന്താണ്? പെട്രോളിന്റെയും ഡീസലിന്റെയും വില നിയന്ത്രിക്കാൻ ആർക്കും സാധിക്കുന്നില്ല. ഒരു രാജ്യത്തെ സർക്കാരിന് യാതൊരു അധികാരവുമില്ല. ലോകത്ത് എവിടെയെങ്കിലും അത് കേട്ടിട്ടുണ്ടോ. ഇവിടെ പെട്രോൾ കമ്പനികളാണ് വില നിശ്ചയിക്കുന്നത്. അതിൽ ഞങ്ങൾക്ക് എന്തുചെയ്യാൻ സാധിക്കുമെന്നാണ് കേന്ദ്രസർക്കാർ ചോദിക്കുന്നത്. അവരുടെ എക്സൈസ് നികുതിയും കസ്റ്റംസ് നികുതിയും ചുരുക്കിയാൽ തന്നെ പെട്രോളിന്റെ വില നേരെ പകുതിയാകും. അത് അവർ കുറയ്ക്കാൻ തയ്യാറാകുന്നില്ല. ഓയിൽ കമ്പനികൾ വില കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തെ എങ്ങനെയാണ് നിങ്ങൾ സമീപിക്കുന്നത്? യഥാർത്ഥത്തിൽ രാജ്യത്തെ വിലക്കയറ്റത്തിന് നിദാനമായ കാര്യങ്ങളും കാരണങ്ങളുമെല്ലാം ഒത്തുകൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ സമീപനങ്ങളാണ്. ആ വിലക്കയറ്റത്തെ നിയന്ത്രിക്കാനാണ് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചത്. അതിന് ഭക്ഷ്യവകുപ്പുമന്ത്രിമാരുടെ സമ്മേളനം പോലും ഇവിടെ വച്ച് ചേർന്നു. അതിന് കാരണം വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുന്ന ഒരു സർക്കാരിനെ ചുണ്ടിക്കാണിച്ചുകൊണ്ടുവേണം മറ്റ് സർക്കാരുകൾക്ക് അതിന് പ്രചോദനം നൽകാൻ. ഇന്നലെയും കേന്ദ്രസർക്കാരിന്റെ തീരുമാനം വന്നത് സംസ്ഥാനങ്ങളുടെ പങ്ക് വ്യക്തമാക്കണമെന്ന് പറഞ്ഞുകൊണ്ടാണ്. നിത്യോപയോഗസാധനങ്ങൾ വില കുറച്ച് കൊടുക്കാനും 4300000 കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി കൊടുക്കാനുമുള്ള നടപടി സ്വീകരിച്ചതിനെയും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ എടുത്ത തീരുമാനത്തെയുമാണ് അവർ അംഗീകരിക്കുന്നത്. അതാണ് പൊതുമേണ്ടത്തിന്റെ മൊത്തത്തിലെടുക്കുന്ന എല്ലാ കാര്യത്തിലും നമുക്ക് അംഗീകാരങ്ങൾ നൽകുന്നത്. ബഹുമാനപ്പെട്ട വയലാർ രവിയും 5 എം.പി.-മാരും ചേർന്ന് ശ്രീമതി സോണിയാഗാന്ധിയെയും പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെയും കണ്ട് പറഞ്ഞു, ഇനി കേരളത്തിന് ഒരു അവാർഡും കൊടുക്കരുത് എന്ന്. ഇതിന് എങ്ങനെയാണ് മനസ്സ് വരുന്നത്? . ഒരു കേന്ദ്രമന്ത്രിയും 5 എം.പി.-മാരും ചേർന്ന് ഇവർക്ക് മെമ്മോറാണ്ടം കൊടുക്കുകയാണ്. മെമ്മോറാണ്ടത്തിൽ എന്താണ് പറയുന്നത്? കേരളത്തിന് ഇനി ഒരു അവാർഡും കൊടുത്തു പോകരുത്. ഇപ്രകാരം പറയാൻ എങ്ങനെ മനസ്സ് വരുന്നു?

"ഭാരതമെന്ന പേരുകേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം

കേരളമെന്നുകേട്ടാൽ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ"

എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ കേരളമെന്നുകേട്ടാൽ തിളയ്ക്കേണ്ട ചോരയുള്ളവർ നമുക്ക് അവാർഡ് കിട്ടിയാൽ അത് കേരളീയർക്കാകെയല്ലേ? എൽ.ഡി.എഫ്.-ന് മാത്രമാണോ? കേരളം കൈവരിച്ച അഭിവൃദ്ധിയെയും പുരോഗതിയെയും തൽഫലമായി ലഭിച്ച അംഗീകാരത്തെയും സംബന്ധിച്ച് അഭിമാനം കൊള്ളേണ്ടവരല്ലേ? അങ്ങനെ അവാർഡ് കൊടുക്കരുതെന്ന് പറഞ്ഞ് ശ്രീ. വയലാർ രവിയും 5 എം.പി.-മാരും ചേർന്ന് മെമ്മോറാണ്ടം കൊടുത്തു. അതിനുശേഷം ഒരു മാസം കഴിഞ്ഞപ്പോൾ ശ്രീ. ഹമീദ് അൻസാരി സഖാവ് വി. എസ്. അച്യുതാനന്ദനെ വിളിച്ചുവരുത്തി അവാർഡ് കൊടുത്തു. അപ്പോൾ അവർക്ക് വസ്തുതകളെ അംഗീകരിക്കാതെ പോകാനാവില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

വസ്തുകൾക്കാണ് അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നത്. പാർപ്പിടത്തിന്റെ കാര്യത്തിൽ പ്രതിപക്ഷം ഇവിടെ ചർച്ച ചെയ്തത്, 5 ലക്ഷം വീട് നിർമ്മിച്ചു കൊടുക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്താണ് പങ്ക് എന്നാണ്. എന്തേ നിങ്ങളുടെ കാലത്ത് ഒരു ലക്ഷം വീട് കൊടുക്കാൻ ഒരു പദ്ധതിയുണ്ടാക്കിയില്ല? 5 ലക്ഷം വീടുണ്ടാക്കുന്നത് നിസ്സാരമാണോ? ഒന്നോ രണ്ടോ കൊല്ലം കൊണ്ട് 5 ലക്ഷം വീട് ഉണ്ടാക്കി കൊടുക്കുന്നത് ലോകചരിത്രത്തിലെ തന്നെ റെക്കോർഡല്ലേ? ഗവൺമെന്റിന്റെ ഇടപെടലിലൂടെയും വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെയുമാണ് 5 ലക്ഷം വീട് ഉണ്ടാക്കുന്നത്.

"പാമ്പുകൾക്ക് മാളമുണ്ട്,

പറവകൾക്കാകാശമുണ്ട്,

മനുഷ്യപുത്രനു തലചായ്ക്കാൻ

മണ്ണിലിടമില്ല"

എന്നുപറഞ്ഞിടത്ത് കേരളത്തിൽ മണ്ണിലിടമുണ്ട് എന്ന് സ്ഥാപിക്കുകയല്ലേ ഈ സർക്കാർ ചെയ്തത്? ആരോഗ്യ രംഗത്തുണ്ടായ മാറ്റം അതുപോലെയല്ലേ? ആരോഗ്യ രംഗത്ത് ഇപ്പോൾ ഒന്നും ഉണ്ടായില്ല, എല്ലാം എൻ.ആർ.എച്ച്.എം. എന്നുള്ളതാണോ? ഓരോ വസ്തുതകളെയും സംബന്ധിച്ച് കാണണ്ടേ? ഇപ്പോൾ എല്ലാ ആശുപത്രികളുടെയും സ്ഥിതി മാറിയില്ലേ? വണ്ടാനത്ത് ഒരു മെഡിക്കൽ കോളേജ് പുതുതായി നിർമ്മിച്ച് അവിടത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി, ആലപ്പുഴ ജില്ലയിൽ ഒരു ആശുപത്രിക്കുപകരം മൂന്ന് ആശുപത്രികളായി. ഇപ്രകാരമുള്ള മാറ്റങ്ങൾ നമ്മൾ കാണണ്ടേ? ഇവരെല്ലാം പ്രസംഗിക്കുമ്പോൾ പറയുന്നതെന്താണ്? ഈ മാറ്റത്തെ സംബന്ധിച്ച് ഇവരുടെ എം.എൽ.എ.-മാരല്ലേ പറയുന്നത്? ഞാൻ ഈ അടുത്ത ദിവസം പറവൂർ പോയി, ശ്രീ. എസ്. ശർമ്മയുടെ അമ്മ മരിച്ച സമയത്ത്. അവിടെ കോൺഗ്രസുകാരുടെ എല്ലാ മണ്ഡലങ്ങളിലും ശ്രീ. സതീശനടക്കമുള്ള ആളുകളുടെ വലിയ ഫോട്ടോ വച്ചിട്ട് ഈ പാലം അനുവദിച്ച, ഈ റോഡ് അനുവദിച്ച, ഈ കെട്ടിടം അനുവദിച്ച എന്നൊക്കെയുള്ള പരാമർശങ്ങൾ കാണാം. ഇതെല്ലാം കേട്ടാൽ തോന്നും ഇത് കേന്ദ്രത്തിൽ നിന്ന് കൊണ്ടുവന്ന് അനുവദിപ്പിച്ച് എടുത്തതാണെന്ന്. ഒരു കാലത്തുമില്ലാത്ത പശ്ചാത്തല വികസനമല്ലേ ഈ കാലഘട്ടത്തിലുണ്ടായത്? ഈ പശ്ചാത്തല വികസനമടക്കമുള്ള അഞ്ച് രംഗങ്ങളിലെ അഭിവൃദ്ധിയും പുരോഗതിയും പരിഗണിച്ചല്ലേ സി.എൻ.എൻ. ചാനലും ഐബിഎം. ചാനലും ഗോൾഡ് ഡയമണ്ട് അവാർഡ് കേരളത്തിന് സമ്മാനിച്ചത്? അതിൽ ആരെല്ലാം സാക്ഷിയായിരുന്നു? ലോക്സഭാ സ്പീക്കർ ശ്രീമതി മീരാ കുമാർ അവാർഡ് സമ്മാനിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോകാൻ സാധിക്കാത്തതുകൊണ്ട് ദേവസ്വം വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരനല്ലേ അത് ഏറ്റുവാങ്ങിയത്? ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും സ്പീക്കർമാർ, മുഖ്യമന്ത്രിമാർ, പത്രപ്രതിനിധികൾ എന്നിവരടങ്ങുന്ന ചടങ്ങിൽ വച്ചല്ലേ ശ്രീമതി മീരാകുമാർ കേരളത്തിന് അവാർഡ് സമ്മാനിച്ചത്? ഇതെല്ലാം നമ്മൾ കാണണം. സംസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

കൈവരിച്ച അഭിവൃദ്ധിയും പുരോഗതിയും സമൃദ്ധിയുമെല്ലാം എല്ലാതരത്തിലും അംഗീകരിക്കപ്പെടുകയാണ് എന്ന് എല്ലാവരാലും പറയുന്നുണ്ട്. ഇത്തരത്തിൽ എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു നിലയിലേക്ക് കേരളത്തെ നയിക്കുകയും മുന്നോട്ട് കൊണ്ടുപോകുകയും ഭാവി വികസനത്തിനുള്ള രൂപ രേഖ തയ്യാറാക്കുകയും ചെയ്ത ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തന ങ്ങൾക്കുമുള്ള ഒരു നയരേഖയായി, ഒരു പ്രഖ്യാപന രേഖയായിട്ടാണ് ഈ നയപ്രഖ്യാപനം മാറിയിട്ടുള്ളത്. ഈ ഗവൺമെന്റിന് തുടർന്നും അധികാരത്തിൽ ഇരിക്കാൻ സാധിച്ചാൽ കേരളത്തെ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് ഇവർ എല്ലാ രംഗത്തും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റിയുടെ കാര്യത്തിലും മറ്റെല്ലാ മേഖലകളിലുമുണ്ടായിരുന്ന പ്രശ്നങ്ങളെയും മുറിച്ചുകടക്കാൻ കഴിഞ്ഞിരിക്കുന്നു എന്നത് ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തോടുള്ള ഇച്ഛാ സൂചകമാണ് കാണിക്കുന്നത്. അത് ജനങ്ങൾ മനസ്സിലാക്കുകയും വിലയിരുത്തു കയും ചെയ്യും. മാത്രമല്ല അതനുസരിച്ചുള്ള ജനവിധി ഉണ്ടാകുകയും ചെയ്യുമെന്ന് ഉറച്ച് വിശ്വസിക്കുന്നു. അതുകൊണ്ട് ഈ നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. മാത്യു. ടി. തോമസ്: സർ, 2006-ൽ അധികാരത്തിൽ വന്ന ഈ സർക്കാരിന്റെ അവസാന വർഷത്തെ നയപ്രഖ്യാപനമാണിത്. തികഞ്ഞ ആത്മാഭിമാനത്തോടെ ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കാരണം 2006-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന സാഹചര്യങ്ങൾ, അതിൽ നിന്നും തീർത്തും വ്യത്യസ്തമായ സാഹചര്യങ്ങളിലേക്ക് സംസ്ഥാനത്തെ കൊണ്ടെത്തിക്കുവാൻ ഈ 5 വർഷത്തെ ഭരണംകൊണ്ട് മുഖ്യമന്ത്രി സഖാവ് വി. എസ്. അച്ചുനാന്ദന് കഴിഞ്ഞിരിക്കുന്നു. ഒരു ഭരണത്തെ വിലയിരുത്തുന്നത്, ആ ഭരണം ആരംഭിക്കുമ്പോഴുണ്ടായിരുന്ന ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ള ഒരു പ്രധാന ഘടകത്തെ ആശ്രയിച്ചായിരിക്കണം. കഴിഞ്ഞ കുറെ നാളുകളിൽ അപ്രസക്തമായി ചില വിഷയങ്ങൾ സജീവമായി നിലനിർത്തുന്നതിൽ പ്രതി പക്ഷം ഒരു പരിധിവരെ വിജയിച്ചിരുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് സമയത്തും മറ്റും അവാസ്തവങ്ങളായ കാര്യങ്ങൾ വൈകാരികമായി ഉയർത്തി കൊണ്ടുവരികയുണ്ടായി. വികാരപരമായി ഉന്നതിവീർപ്പിക്കപ്പെട്ട അത്തരം അപ്രസക്ത വിഷയങ്ങളിൽ നിന്ന് ജനചിന്തയെ വിമോചിപ്പിച്ചെടുക്കുവാൻ ഈ കാലഘട്ടംകൊണ്ട് കഴിഞ്ഞിരിക്കുന്നുവെന്നതാണ് ആരോഗ്യകരമായ ഒരു വസ്തു ത. 5 വർഷം കൊണ്ട് ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം പ്രദാനം ചെയ്യുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ എന്നായിരിക്കണം അടിസ്ഥാനപരമായി വിലയി രുത്തേണ്ടത്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം ഒന്നാമതായി എടുത്ത തീരുമാനം മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകളുടെയെല്ലാം കുടിശ്ശിക കൊടുത്തു തീർക്കുക എന്നുള്ളതായിരുന്നു. 22 മാസത്തെ കുടിശ്ശികയാണ് 2006 മേയ് മാസം 18-ാം തീയതി കൊടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചത്. ഇപ്പോൾ കുടിശ്ശികയില്ലായെന്നുമാത്രമല്ല ആ പെൻഷനുകളെല്ലാം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇവിടെ അഴിമതിയെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അന്നുണ്ടായിരുന്ന മന്ത്രിസഭയിലെ അഴിമതിയുടെ പരമാത്മലമെല്ലാം മാറ്റി അഴിമതിയില്ലാത്തൊരു ഭരണം കാഴ്ചവയ്ക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഇവിടെ അഴിമതിയില്ലാത്ത ഭരണം കാഴ്ചവയ്ക്കുമെന്ന് പറയുമ്പോൾ തന്നെ നമ്മുടെ സമീപ സംസ്ഥാനങ്ങളിൽ, തമിഴ്നാടാണെങ്കിലും കർണ്ണാടകയാണെങ്കിലും ആന്ധ്രാപ്രദേശാണെങ്കിലും എന്തിന്, കേന്ദ്ര ഗവൺമെന്റിലാണെങ്കിൽപ്പോലും വമ്പിച്ച അഴിമതി നടന്നുകൊണ്ടിരിക്കുകയാണ്. ലോകം കണ്ട എറ്റവും വലിയ അഴിമതിയാണ് 2 ജി സ്പെക്ട്രം സംബന്ധിച്ച് നടന്നത്. വിവരസാങ്കേതിക വിദ്യയെ അതിന്റെ നൂതന സങ്കേതങ്ങൾ അവലംബിച്ചുകൊണ്ട് ആശയവിനിമയ രംഗത്ത് വിസ്ഫോടനം ഉണ്ടാക്കുന്ന പദ്ധതിയായി 2 ജി സ്പെക്ട്രം കണ്ടിരുന്നുവെങ്കിൽ നന്നായിരുന്നു. ഇന്ന് 2 ജി സ്പെക്ട്രമാണെങ്കിലും ഐ.എസ്.ആർ.ഒ. സ്പെക്ട്രമാണെങ്കിലും കോൺഗ്രസിനും സഖ്യകക്ഷികൾക്കും പണമുറ്റാനുള്ള ഒരു സാങ്കേതിക വിദ്യയായി അതിനെ അധഃപതിപ്പിച്ചിരിക്കുകയാണ്. 1,76,000 കോടി രൂപയുടെ അഴമതിയാണ് നടന്നിരിക്കുന്നത്. ഞാൻ ഗണിതശാസ്ത്രം ബി.എസ്.സി.-ക്കും എം.എസ്.സി.-ക്കും പഠിച്ചതാണ്. പക്ഷേ 176000 എന്നൊരു സംഖ്യ ഈ പഠിക്കുന്ന കാലഘട്ടത്തിൽ എനിക്ക് എഴുതേണ്ടിവന്നിട്ടില്ല. ഇപ്പോൾ എനിക്ക് കിട്ടിയ ഒരു എസ്.എം.എസ്., 1,76,000 കോടി രൂപ, ഇതിൽ 100 രൂപയുടെ കെട്ട് കുത്തനെ വച്ചാൽ 280 കിലോമീറ്റർ ഉയരും. ഒരു ഒറ്റ 100 രൂപ നോട്ട് നേരെ വച്ചാൽ 1760000 കിലോമീറ്റർ, 115 കോടി ഇന്ത്യാക്കാർക്ക് വീതം വച്ചാൽ ഒരാൾക്ക് 1570 രൂപ കിട്ടും. ഇന്ത്യയിലെ 15 കോടി ജനങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ ഒരു ദിവസം ഒരു കിലോ അരി കൊടുത്താൽ തുടർച്ചയായി രണ്ട് വർഷവും ഒരു മാസവും അരികൊടുക്കുവാനുള്ള തുകയാണ് ഒറ്റ ഇടപാടിലൂടെ കേന്ദ്രത്തിലെ മന്ത്രിയും അദ്ദേഹത്തിന്റെ ആളുകളും കൂടി കൊണ്ടുപോയിരിക്കുന്നത്. അതുമാത്രമല്ല, ഭൂമി കുംഭകോണം, കോമൺവെൽത്ത് ഗെയിംസിന്റെ അഴിമതി. ഇപ്പോൾ വിദേശ ബാങ്കുകളിലെ കള്ളപ്പണനിക്ഷേപത്തെ സംബന്ധിച്ച് വിവരം കിട്ടിയിട്ട് ആ വിവരം പുറത്തുപറയാൻ ആവില്ലായെന്ന് പറഞ്ഞ് പൂഴ്ത്തിവച്ചിരിക്കുകയാണ്. ഇതെന്താണ്? പ്രണയലേഖനമാണോ? മറ്റൊരു രാജ്യത്തുനിന്ന് കിട്ടുന്ന വിവരങ്ങൾ ഇന്ത്യയിലെ ജനങ്ങൾക്ക് അറിയുവാനുള്ള അവകാശമുണ്ട്. അത് രഹസ്യമാക്കി വച്ചില്ലെങ്കിൽ ഇനി വിവരങ്ങൾ കിട്ടില്ലായെന്നുപറഞ്ഞ് അത് പൂഴ്ത്തിവച്ചുകൊണ്ട് അഴിമതിക്കാരെ സംരക്ഷിക്കുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നു. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാന സർക്കാരുകളും അഴിമതിയിൽ മുങ്ങിയിരിക്കുന്നു. കേരളത്തിൽ ഇതിൽനിന്നും വ്യത്യാസമായ ഒരു സാഹചര്യമാണുള്ളത്. 2006-നുമുമ്പ് സംസ്ഥാനത്ത് അഴിമതി ആരോപിതരല്ലാത്ത ഒരൊറ്റ മന്ത്രിമാർപോലും ഇല്ലായിരുന്നുവെങ്കിൽ ഇന്ന് കേരളീയരുടെ ആത്മാഭിമാനം മെച്ചപ്പെട്ടിരിക്കുന്നു. അതാണ് ഞാൻ പറഞ്ഞത് 2006-ലെ സാഹചര്യത്തിൽ നിന്ന് കേരളീയരുടെ ആത്മാഭിമാനം മെച്ചപ്പെടുത്താൻ കഴിഞ്ഞ, ഉയർത്തിക്കൊണ്ടുവരുവാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇന്ന് സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സാമ്പത്തിക മേഖലയിൽ 2006-നു മുമ്പുണ്ടായിരുന്ന സ്ഥിതിയെന്താണ്? എന്നും ദ്രഷരി പൂട്ടലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് വന്നതിനുശേഷം ഇന്നുവരെ ട്രഷറി പൂട്ടിയിട്ടില്ല. ചെലവ് ചുരുക്കലായിരുന്നു അന്നത്തെ ഒരു നിലപാട്. പതിവായി ചെലവ് ചുരുക്കുക, അനുഭവിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുക, ഡി.എ.-യിൽ വർദ്ധനവില്ല, പദ്ധതി വെട്ടിച്ചുരുക്കുക എന്നിവയായിരുന്നു. ഇപ്പോൾ ട്രഷറി പൂട്ടുമില്ല, അത് നിൽക്കട്ടെ, ചെലവ് ചുരുക്കുന്നില്ല എന്നുമാത്രമല്ല, മാന്ദ്യവിരുദ്ധ പാക്കേജ് അടക്കം ചെലവുകൾ വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു സ്റ്റിമുലസ് പാക്കേജാണ് ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് ശമ്പള പരിഷ്കരണങ്ങൾ നടപ്പിലാക്കി. അഞ്ച് കൊല്ലത്തിലൊരിക്കൽ ശമ്പള പരിഷ്കരണമെന്ന തത്വം സംസ്ഥാനത്തെ സർവ്വീസ് മേഖലയിൽ നടപ്പിലാക്കുവാൻ കഴിഞ്ഞത് ഈ ഗവൺമെന്റിനാണെന്നുള്ള വസ്തുത വിസ്മരിക്കരുത്. അഞ്ച് കൊല്ലം മുമ്പ് ജനങ്ങൾ ലക്ഷണത്തിനുവേണ്ടി ബുദ്ധിമുട്ടിയിരുന്നുവെങ്കിൽ രണ്ട് രൂപയ്ക്ക് 41 ലക്ഷം കുടുംബങ്ങൾക്ക് അരികൊടുക്കുവാൻ 600 കോടി രൂപ ചെലവഴിച്ച ഗവൺമെന്റാണ് ഇന്ന് സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. അഞ്ച് കൊല്ലം മുമ്പുണ്ടായിരുന്ന പി.ഡബ്ല്യു.ഡി. റോഡുകളുടെ സ്ഥിതിയാണോ ഇന്ന് എം. സി. റോഡുകളേക്കുള്ളതിനേക്കാൾ എവിടെയെല്ലാം ഗ്രാമീണ റോഡുകളുണ്ടോ അവയെല്ലാം അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പി.ഡബ്ല്യു.ഡി. റോഡുകളും മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. അഞ്ച് കൊല്ലം മുമ്പുള്ള ആരോഗ്യ മേഖലയുടെ സ്ഥിതിയല്ല ഇന്നുള്ളത്. വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മേന്മയുണ്ടാക്കാൻ കഴിഞ്ഞു. അഞ്ചു കൊല്ലം മുമ്പ് കെ.എസ്.ആർ.ടി.സി.-ക്ക് ഗതാഗതാമേഖലയിൽ 13 ശതമാനം മാത്രമായിരുന്നു പങ്കാളിത്തമുണ്ടായിരുന്നതെങ്കിൽ ഇന്നത് 27 ശതമാനമായി മാറിയിരിക്കുന്നു. ഈ അഞ്ച് കൊല്ലത്തിനിടയിൽ 19782 പേർക്ക് പുതുതായി കെ.എസ്.ആർ.ടി.സി.-യിൽ തൊഴിൽ കൊടുക്കാൻ കഴിഞ്ഞിരിക്കുന്നു. അഞ്ച് കൊല്ലം മുമ്പ് 8,10,000 രൂപയ്ക്ക് വാങ്ങിയ ബസ്സുകൾ ഈ ഗവൺമെന്റ് വെറും ആറര ലക്ഷം രൂപയ്ക്ക് വാങ്ങുന്നു. അവിടെയും അഴിമതി ഇല്ലാതാക്കി. ശുദ്ധജലവിതരണ മേഖലയിൽ അഞ്ച് കൊല്ലം മുമ്പുണ്ടായിരുന്ന സ്ഥിതിയല്ല ഇന്ന്. മുല്ലപ്പെരിയാർ കേസ്സിൽ അഞ്ചുകൊല്ലം മുമ്പുള്ള സ്ഥിതിയല്ല ഇന്നുള്ളത്. കേരളത്തിന് കുറച്ചുകൂടി മെച്ചപ്പെട്ട നിലയിലേക്ക് എത്തുവാൻ കഴിഞ്ഞിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ ആശങ്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി എവിടെയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുണ്ടോ അതിന് പണം ഒരു പരിമിതിയായി കാണരുത്, പണമൊരു പ്രശ്നമല്ല എന്ന പുതിയ സമീപനം സ്വീകരിക്കുവാൻ കഴിഞ്ഞ ഗവൺമെന്റാണിത്. ഇതാണ് ഞാൻ പറഞ്ഞത്, അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിന്റെ സാഹചര്യങ്ങൾ മുഴുവൻ മാറ്റിമറിക്കുവാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണിത് എന്ന്. ഭക്ഷ്യ വിതരണ രംഗത്ത് അഴിമതി ഇല്ലാതാക്കി. വിലക്കയറ്റം അതിരൂക്ഷമാകാതിരിക്കാൻവേണ്ടി ഈ ഗവൺമെന്റ് പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തി. അഞ്ച് കൊല്ലം മുമ്പുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതിയല്ല ഇന്ന്, പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ് എന്നുമാത്രമല്ല, പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുവാൻ കഴിഞ്ഞു. 2006-ൽ ഉണ്ടായിരുന്ന പോലീസല്ല ഇന്നുള്ളത്. കുറ്റ കൃത്യങ്ങൾ ഇന്ന് തെളിഞ്ഞുകൊണ്ടിരിക്കുന്നു. സമഗ്രമായ ഒരു പോലീസ് നിയമം നടപ്പിലാക്കാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസം കേരള സംസ്ഥാന ത്തിനെ എന്നല്ല ഈ രാജ്യത്തെ മുഴുവൻ നടുക്കിയ സൗമ്യയുടെ കൊലപാ തകത്തിലെ പ്രതിയെ നിമിഷങ്ങൾക്കുള്ളിൽ പിടിക്കുവാൻ ഏറ്റവും ഫലപ്രദമായ നടപടി സ്വീകരിച്ചത് കേരളത്തിലെ പോലീസാണ്. ഒരു പക്ഷേ, ആ പ്രതിയെ പോലീസ് പിടിച്ചില്ലായിരുന്നുവെങ്കിൽ ജനങ്ങൾ ന്യായമായ ശിക്ഷകൊടുക്കുമായിരുന്നു. അത് നീതിന്യായത്തിന് അനുരൂപമാണോ എന്നുള്ള വിഷയം നിൽക്കുകയാണ്. പക്ഷേ, ഇത്തരത്തിൽ കാടത്തം കാണിച്ച ഒരു പ്രതി ഈ സംസ്ഥാനത്തിനും ഈ രാജ്യത്തിനും തന്നെ അപമാനമാണ്. ആ പ്രതിയെ നിമിഷങ്ങൾക്കുള്ളിൽ കസ്റ്റഡിയിലെടുക്കുവാൻ പോലീസ് ഫലപ്രദമായി ഇടപെട്ടു. അഞ്ചുകൊല്ലം മുമ്പുള്ള പോലീസല്ല ഇപ്പോഴുള്ളത്. 2006-ൽ കർഷക ആത്മഹത്യ ഒരു തുടർക്കഥയായിരുന്നു. ഇന്ന് കർഷകർക്ക് കൃഷിയിലേക്ക് മടങ്ങുവാനുള്ള ആത്മവിശ്വാസം ഉണ്ടാക്കിക്കൊടുക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞു. കാർഷിക മേഖല അഭിവൃദ്ധിപ്പെട്ടു, തരിശായി കിടന്നിരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുവാൻ കഴിഞ്ഞു. നെൽ കർഷകന് ന്യായമായ സംഭരണ വില കൊടുത്തു, 7.20 രൂപയിൽ നിന്ന് 14 രൂപയായി നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. അഞ്ച് കൊല്ലം മുമ്പ് വൈദ്യുതി മേഖലയിൽ വോൾട്ടേജ് ക്ഷാമം ഒരു വലിയ പ്രശ്നമായിരുന്നു. ഇന്ന് വോൾട്ടേജ് പ്രശ്നം ഈ സംസ്ഥാനത്ത് ഒരു പ്രശ്നമേയല്ല. ആയിരക്കണക്കിനും പതിനായിരക്കണക്കിനും പുതിയ ട്രാൻസ്ഫോർമറുകളാണ് വച്ചിരിക്കുന്നത്. എവിടെയല്ലാം പ്രശ്നങ്ങളുണ്ടോ അവിടെയെല്ലാം അദാലത്തുകൾ നടത്തി പരാതികൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി 2006-ൽ 60 ശതമാനം മാത്രമാണ് ചെലവാക്കിയതെങ്കിൽ ഈ വർഷം 99.8 ശതമാനവും വിനിയോഗം നടത്തിയ മേഖലയാണ്. മത്സ്യത്തൊഴിലാളികൾക്ക് 394 കോടി രൂപയുടെ കടം എഴുതിത്തള്ളി, അതിന്റെ ആനുകൂല്യം ഒരു ലക്ഷത്തി പതിനായിരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയ ഗവൺമെന്റാണ്. സ്മാർട്ട് സിറ്റി അന്നൊരു മരീചികയായിരുന്നു. അത് നടപ്പിലാക്കുവാൻ കാല താമസമുണ്ടായി എന്നുള്ളത് യാഥാർത്ഥ്യമാണ്. സർക്കാരിന്റെ ഭൂമി സംരക്ഷിക്കുവാൻ, കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരുപക്ഷേ, പ്രതിപക്ഷനേതാക്കന്മാർ മോചനയാത്രയിൽ പോയപ്പോൾ ഇടങ്കോലിടാനുള്ള അവസരം കിട്ടാത്തതുകൊണ്ടായിരിക്കാം. ഏതായാലും സ്മാർട്ട് സിറ്റി ഇന്നൊരു യാഥാർത്ഥ്യമായിക്കഴിഞ്ഞിരിക്കുകയാണ്. ഇവിടെ എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ശ്രീ. എ. എം. ആരിഫ് പറഞ്ഞതുപോലെ ഈ മോചന യാത്രയ്ക്ക് ഒരു ക്യാപ്റ്റൻ ഇല്ലാതെവന്നാൽ പകരം ഒരാളെ വച്ച് ജാഥ നടത്താതെ പരസ്പര വിശ്വാസമില്ലായ്മയുടെ ഒരു കൂടാരമായി യു.ഡി.എഫ്. മാറിക്കഴിഞ്ഞിരിക്കുന്ന സമയത്താണ് ഇവിടെ പരസ്പര ധാരണയോടുകൂടി ഗവൺമെന്റ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ എല്ലാ മേഖലയിലും അഴിമതി നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാർക്കുപോലും ആനുകൂല്യം നൽകുവാൻ രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ മണ്ട് ബഡ്ജറ്റിലൂടെയും കഴിഞ്ഞിട്ടില്ല. വിലക്കയറ്റം പിടിച്ചു നിർത്തുവാൻ യാതൊരു നടപടിയുമില്ല. കോർപ്പറേറ്റുകൾക്കുമാത്രം ആനുകൂല്യം. ഇവിടെ സംസ്ഥാന ഗവൺമെന്റ് സാധാരണക്കാരന് ആനുകൂല്യങ്ങളും രക്ഷാപെൻഷനുകളും വർദ്ധിപ്പിക്കുന്നു, മണ്ട് രൂപയ്ക്ക് അരി നൽകുന്നു, റോഡുകൾ നന്നാക്കുന്നു. അതിൽ നിന്നും വ്യത്യസ്തമായി ഈ രാജ്യത്തിലെ ജനങ്ങളെ മുഴുവൻ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന സമീപനങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണ നടപടികളുടെ ശക്തീകരണമാണ് ഈ സമയത്ത് നടന്നു കൊണ്ടിരിക്കുന്നത്. വിദേശനയങ്ങളിൽ ഒരു സാമ്രാജ്യത്വ വിധേയത്വം, വിദേശരാജ്യങ്ങളിൽ മാത്രമല്ല രാജ്യത്തിനുള്ളിൽ സ്വീകരിക്കുന്ന ആഭ്യന്തര നയങ്ങളിലും സാമ്രാജ്യത്വ ശക്തികളുടെ താൽപര്യങ്ങൾക്ക് അനുരൂപമായ നയം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് കേന്ദ്ര ഗവൺമെന്റ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയസമീപനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായി ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ഗവൺമെന്റാണ് കേരള സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലം ഭരണം നടത്തിയത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ യു.ഡി.എഫ്.-ലെ ജനപ്രതിനിധികളെ ആദരിച്ചുകൊണ്ട് തിരുവനന്തപുരത്തുവച്ച് ഒരു യോഗം നടന്നു. ആ യോഗത്തിൽ വച്ച് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി ജനപ്രതിനിധികൾക്ക് നൽകിയ ഒരു ഉപദേശമുണ്ട്, നിങ്ങളാരും അഹങ്കരിക്കരുത് അപകടമാകും. പക്ഷേ, ഈ കാലഘട്ടത്തിലെല്ലാം യു.ഡി.എഫ്-കാർ അഹങ്കരിച്ചുകൊണ്ടേയിരുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടായി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടത്തിയതിനുശേഷം തുടർന്ന് യു.ഡി.എഫ്. ഭരണം വന്നുകൊണ്ടിരുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിരുന്നു. അതുകൊണ്ടുണ്ടായ ഫലം എന്താണെന്ന് ചോദിച്ചാൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പിലാക്കുന്ന ജനക്ഷേമപദ്ധതികളുടെ ഗുണഫലങ്ങൾ മുഴുവൻ ഇല്ലായ്മ ചെയ്യുന്ന നടപടികൾ തൊട്ടുപിന്നാലെ വരുന്ന യു.ഡി.എഫ്. ഭരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തുടർച്ചയായി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണംകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ഗുണപരമായ നേട്ടങ്ങൾ തുടരുവാൻ കഴിയാത്ത ഒരു അവസ്ഥാ വിശേഷമുണ്ടായി. 2011-ലെ തെരഞ്ഞെടുപ്പിലൂടെ അതിനൊരു മാറ്റമുണ്ടാകുവാൻ പോകുന്നു. യു.ഡി.എഫ്. ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ജനവിരുദ്ധ നയങ്ങൾ എല്ലാം തിരുത്തിക്കുറിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ചില ഘട്ടങ്ങളിൽ കഴിയാതെ വരും. ഉദാഹരണമായി, വിദ്യാഭ്യാസ മേഖലയിൽ, സ്വകാര്യ മേഖലയിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ വേണ്ട എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം. പക്ഷേ, ആ നയം ഇന്ന് നടപ്പിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്.? 2001 മുതൽ 2006 വരെ അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവണ്മെന്റ് യാതൊരു മാനദണ്ഡവുമില്ലാതെ സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള അനുമതി കൊടുത്തു. അങ്ങനെ അനുമതി കൊടുത്ത് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകഴിഞ്ഞ് അതിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

നിബന്ധനകളൊക്കെ ആക്കിക്കഴിഞ്ഞതിനാൽ അത് അടച്ചുപൂട്ടുവാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. അതുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് വരുത്തിവയ്ക്കുന്ന വിനാശകരമായ ചില നടപടികൾക്ക് സാമൂഹ്യമായ ചില നിയന്ത്രണങ്ങൾ വരുത്താനുള്ള പരിശ്രമങ്ങൾ നടത്തിയെന്നല്ലാതെ പൂർണ്ണമായും അത് തിരുത്തിക്കുറിക്കുവാൻ കഴിയുന്നില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ തുടർച്ചയായും ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് കിട്ടണമെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു തുടർഭരണം തന്നെ വേണം. ആ തുടർഭരണം ഉണ്ടാക്കിയെടുക്കുക എന്ന പരിശ്രമത്തിലേർപ്പെടുവാനാണ് കേരളത്തിലെ ജനങ്ങൾ ഇന്ന് തീരുമാനിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഒരു മോചന യാത്രയുണ്ട്. ആ മോചന യാത്ര എന്തിനുവേണ്ടിയാണ്? ഈ മോചന യാത്ര മുഖ്യമന്ത്രിയാകുവാൻ വേണ്ടിയുള്ളതാണെന്നാണ് പുറത്ത് പറയുന്നതെങ്കിലും കുറഞ്ഞപക്ഷം തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ പ്രതിപക്ഷ നേതൃസ്ഥാനമെങ്കിലും നിലനിർത്തിക്കിട്ടുവാൻ വേണ്ടിയുള്ള ഒരു ആത്മാർത്ഥമായ പരിശ്രമമാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഉള്ളത്. പ്രതിപക്ഷ നേതൃസ്ഥാനത്തിന്റെ മറ്റ് ക്ലെയ്മെന്റ്സിൽ നിന്നുള്ള മോചനമായി ഈ മോചനയാത്ര മാറിക്കഴിഞ്ഞിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. എ. എം. ആരിഫ്: സർ, മോചനയാത്ര സാധാരണഗതിയിൽ ഒരറ്റത്തുനിന്നും മറ്റൊരറ്റത്തേക്കാണ് നടത്തുന്നത്. ഇവരുടെ മോചനയാത്ര വട്ടം കറങ്ങിക്കറങ്ങിയാണ്. കഴിഞ്ഞ ദിവസം മലപ്പുറമായിരുന്നു, ഇപ്പോൾ പത്തനംതിട്ടയിലാണ്. ഇതിന് ലക്ഷ്യവുമില്ല, ലക്ഷ്യബോധവുമില്ല, ലക്കുംലഗാനുമില്ല എന്നുള്ള വിവരം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് അങ്ങ് അവസാനിപ്പിക്കുക. അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. മാത്യു ടി. തോമസ്: ഞാൻ നിർത്തിയേക്കാം സർ. വടക്കുനിന്നും തുടങ്ങി ഞങ്ങൾ അവസാനിക്കും എന്നുപറഞ്ഞ് തുടങ്ങിയ ജാഥ ഇന്ന് പത്തനംതിട്ട ജില്ലയിൽ. അത് നിൽക്കട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. മാത്യു ടി. തോമസ്: ഞാൻ അവസാനിപ്പിക്കാം. ഒരു വാചകം കൂടി പറഞ്ഞ് നിർത്തുകയാണ്. ഞാൻ പറയാൻ ശ്രമിക്കുന്നത് ജനക്ഷേമകരമായ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷക്കാലം നടന്നത് തുടർന്നും ഈ സംസ്ഥാനത്ത് നടക്കണമെങ്കിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി...

ശ്രീ. മാത്യു ടി. തോമസ്: ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തുടർ ഭരണമുണ്ടാകണമെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. ആ ജനങ്ങളുടെ ആഗ്രഹത്തെ.....

മി. ഡെപ്യൂട്ടി സ്പീക്കർ: : ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി...

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാത്യു ടി. തോമസ്: ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ വളരെയേറെ സന്തോഷത്തോടുകൂടിയാണ് പിന്താങ്ങുന്നത്. ഈ ഗവൺമെന്റിന്റെ 5 വർഷത്തിന്റെ അവസാന നാളുകളിലേക്കാണ് ഈ ഗവൺമെന്റ് ഇപ്പോൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ഇതപര്യന്തമുള്ള പ്രവർത്തനത്തെക്കുറിച്ച് കേരളത്തിന്റെ രേണത്തലവൻ തന്നെ നല്ല സർട്ടിഫിക്കറ്റാണ് നൽകിയിട്ടുള്ളത്. ദേശീയതലത്തിൽ ഏറ്റവും നല്ല ഭരണം കാഴ്ചവയ്ക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെന്നാണ് അദ്ദേഹം കേരളത്തിലെ ജനങ്ങളോടായി സെൻട്രൽ സ്റ്റേഡിയത്തിൽവച്ച് റിപ്പബ്ലിക് ദിനത്തിൽ പറഞ്ഞിട്ടുള്ളത്. ഇത് കേരളത്തിന്റെ സുവർണ്ണ കാലഘട്ടത്തെയാണ് കുറിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ തീർച്ചയായും 5 വർഷക്കാലത്തെ എൽ.ഡി.എഫ്.-ന്റെ ഭരണം മാതൃകാപരമായിട്ടുള്ള ഒരു ഭരണമാണെന്ന് കേരളത്തിന്റെ രേണത്തലവൻ തന്നെ ജനങ്ങളോട് അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന് പ്രധാനപ്പെട്ട കാരണങ്ങളാണ്, ഇവിടെ കൊണ്ടുവന്നിട്ടുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ, ആരോഗ്യ സർവ്വകലാശാല, പാർശ്വവൽക്കരിക്കപ്പെട്ട പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ നിയമം നടപ്പാക്കിയതിന്റെ ഭാഗമായി 384 കോടി രൂപ നീക്കിവച്ച സംഭവം, ഒരു കൂരയില്ലാതെ ജീവിക്കുന്ന മനുഷ്യർക്കുവേണ്ടിയുള്ള ഇ.എം.എസ്. ഭവനപദ്ധതി എന്നിവയൊക്കെ. ഇതിനൊക്കെ പുറമേയാണ് കൈയും വായും പൊള്ളുന്ന വിലക്കയറ്റത്തിൽ നിന്ന് കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ന്യായവില ഷോപ്പുകൾ മുഖേനയും മറ്റ് സംവിധാനത്തിൽക്കൂടിയും 337 കോടി രൂപ സബ്സിഡി കൊടുത്തുകൊണ്ട് സാധാരണ ജനങ്ങളെ രക്ഷിച്ചത്. ഇതുപോലെതന്നെ മരം കയറ്റ തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരണപ്പെട്ടാൽ, ആ കുടുംബത്തെ സംരക്ഷിക്കുന്നതിനാവശ്യമായ പെൻഷൻ പദ്ധതി കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മറ്റൊരു കാര്യം; ഹൃദ്രോഗം, അർബുദം, വൃക്ക രോഗം തുടങ്ങിയ അസുഖങ്ങൾ വന്ന് ചികിത്സിക്കാൻ യാതൊരു മാർഗ്ഗവുമില്ലാത്ത ബി.പി.എൽ. കുടുംബാംഗങ്ങൾക്ക് 70,000 രൂപ വരെ സാമ്പത്തിക സഹായം ചെയ്യാൻ ഈ ഗവൺമെന്റ് മുന്നോട്ട് വന്നിരിക്കുകയാണ്. ഒരു ലക്ഷം ബി.പി.എൽ. വിഭാഗം സ്ത്രീകൾക്ക് മണ്ണ് പെണ്ണാടുകളെ കൊടുത്തുകൊണ്ട് അവരുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള സംവിധാനം കൊണ്ടുവന്നു. ഈ രീതിയിലൊക്കെയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് 5 വർഷക്കാലം ഈ ഗവൺമെന്റ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെയൊക്കെ ഭാഗമായി എത്രയോ പാവപ്പെട്ട മനുഷ്യർക്ക് അവരുടെ ജീവിതം കരുപ്പിടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെയൊക്കെ ഭാഗമായി വലിയ ജനപിന്തുണ ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്നുണ്ട്. എന്റെ ബഹുമാന്യരായ സുഹൃത്തുക്കൾ പറയുന്നുണ്ട്, പാർലമെന്റ് ഇലക്ഷൻ കണ്ടിട്ടില്ല, പഞ്ചായത്ത് ഇലക്ഷൻ കണ്ടിട്ടില്ല എന്നൊക്കെ. പാർലമെന്റ് ഇലക്ഷന്റെ രാഷ്ട്രീയം ഒന്നാണ്, ത്രിതല പഞ്ചായത്തിലെ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം മറ്റൊന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പ് എന്നുപറയുന്നത്, 5 വർഷക്കാലം ഈ ഗവൺമെന്റ് നാട്ടിലെ ജനങ്ങൾക്ക് ചെയ്തിട്ടുള്ള ഉപകാരപ്രദമായിട്ടുള്ള കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെടാൻ പോകുന്നത്. കർഷകത്തൊഴിലാളി പെൻഷൻ പോലും നേരെ ചൊവ്വേ കൊടുക്കാൻ കഴിയാത്തവരാണ് നിങ്ങളെന്ന് എനിക്ക് മുമ്പേ പ്രസംഗിച്ച ശ്രീ. മാത്യു ടി. തോമസ് പറഞ്ഞല്ലോ. 110 രൂപയുടെ സ്ഥാനത്ത് ഇന്ന് 300 രൂപയാണ് പെൻഷനായി കൊടുക്കുന്നത്. എല്ലാ വിഭാഗം തൊഴിലാളികളുടേയും പെൻഷൻ 300 രൂപയാക്കി. ഈ രീതിയിലുള്ള മാറ്റമാണ് കേരളത്തിൽ ഈ അടുത്ത കാലങ്ങളിൽ വന്നിട്ടുള്ളത്. മാത്രവുമല്ല, നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞിട്ടുണ്ട്. ഇവിടെ മതത്തെക്കുറിച്ച്, സമുദായത്തെക്കുറിച്ച് പലരും പലതും പറയുന്നതുകേൾക്കാം. പക്ഷേ ഇപ്പോൾ ഇവിടെ വരുന്ന വസ്തുതകളെന്താണ്? അന്യാധീനപ്പെട്ട ദേവസ്വത്തിന്റെ ഭൂമി തിരിച്ചുപിടിക്കുമെന്നാണ് ഒരു പ്രഖ്യാപനം. അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കുമെന്ന് പറയുമ്പോൾ അത് കൈകാര്യം ചെയ്തവരാണല്ലോ അത് അന്യാധീനപ്പെടുത്തിയത്. ഇതുപോലെതന്നെ വഖഫിന്റെ മുതലും കൂടി ഇവിടെ അന്യാധീനപ്പെട്ട് പോയിട്ടുണ്ട്. അതുകൂടി തിരിച്ചുപിടിക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതുമായി ബന്ധപ്പെട്ട് ഒരു അന്വേഷണ കമ്മീഷനൊക്കെ അവിടെയുണ്ടായിരുന്നു. ആ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ തളിപ്പറമ്പ് ജുമാ അത്ത് പള്ളിയുടെ 400 ഏക്കർ ഭൂമി നഷ്ടപ്പെട്ട കാര്യം പറഞ്ഞിട്ടുണ്ട്. എറണാകുളം വടക്കേക്കര സത്താർ ഐലന്റിൽ 154 ഏക്കർ ഭൂമി കേവലം 5 കോടി രൂപയ്ക്ക് വിറ്റ കാര്യം, ഇതൊക്കെ കൈകാര്യം ചെയ്തവർ ആരായിരുന്നു? സമുദായത്തിന്റെ പേര് പറഞ്ഞ് ഭരണം നടത്തിയിരുന്നവരാണ്. അതുകൊണ്ട് സമുദായത്തിന്റെ പേര് പറഞ്ഞ് അഗതികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള മുതലുകൾ കയ്യിട്ട് വാരിയ, അല്ലെങ്കിൽ അന്യാധീനപ്പെടുത്തിയ ഇവരൊക്കെ നാളെ അതാത് സമുദായത്തിലെ സാധാരണക്കാരോട് മറുപടി പറയേണ്ടതായി വരും. ഇതുപറഞ്ഞപ്പോഴാണ് എന്റെ നാട്ടുകാരനായ ഒരു സുഹൃത്ത് എന്നോട് പറഞ്ഞ കാര്യം ഓർമ്മ വരുന്നത്. സൗദി അറേബ്യയിൽ, മക്കയിൽ നിന്ന് മദീനയിലേക്ക് മുഹമ്മദ് നബി പോയ കാലഘട്ടമുണ്ട്. ആ വഴി ഇപ്പോൾ പുതിയതായി കണ്ടുപിടിച്ചിട്ടുണ്ട്. അവിടെ ലീഗ് ഇല്ലാത്തതുകൊണ്ട് ആ സ്ഥലം സുരക്ഷിതമായി കിടക്കുന്നു. അവിടെ ലീഗ് ഉണ്ടായിരുന്നെങ്കിൽ ആ ഭൂമിയും കൂടി അവർ അന്യാധീനപ്പെടുത്തുമായിരുന്നു എന്ന് തമാശ രൂപത്തിലാണ് ആ സുഹൃത്ത് പറഞ്ഞത്. ലീഗുകാർ ദേഷ്യമൊന്നും പിടിക്കണ്ട. അവിടെ ആ നിലയിലാണ് സംഭവങ്ങൾ പോകുന്നത്. ഇങ്ങനെ പല കാര്യങ്ങളും മുസ്ലീംലീഗുകാരെ സംബന്ധിച്ച് നാട്ടിൽ അങ്ങാടിപ്പാട്ടാണ്. ഒരു ഉദാഹരണം പറയാം, മുസ്ലീംലീഗുകാരുടെ ഒരു സമ്മേളനം എന്റെ നാട്ടിൽ നടന്നു. എന്റെ നാടും റൗഫിന്റെ നാടുമൊക്കെ ഒന്നുതന്നെയാണ്. ഒരു സംഭവ കഥയാണ് ഇനി ഞാൻ പറയുന്നത്. മുസ്ലീംലീഗുകാരുടെ പൊതുയോഗം നടക്കുന്ന സന്ദർഭത്തിൽ ഒരു തമിഴ് പയ്യൻ, ഐസ്ക്രീം വിൽക്കാൻവേണ്ടി അവിടെ വന്നു. അത് അവന്റെ ഉപജീവനമാണ്. ആ കുട്ടി ഐസ്ക്രീം വേണമോ എന്ന് ചോദിച്ചപ്പോൾ ലീഗുകാരെ മക്കാറാക്കാൻ വേണ്ടി എൽ.ഡി.എഫ്.-കാർ

LIBRARY ARCHIVES Kerala Legislative Assembly

ആരോ പറഞ്ഞയച്ചതാണെന്ന് ലീഗുകാർക്കുതോന്നി. ഈ കുട്ടിയെ ആകെ തല്ലോടുതല്ല്. എന്തിനാണ് തന്നെ തല്ലുന്നതെന്ന കാര്യം ആ കുട്ടിക്ക് മനസ്സിലായതുമില്ല, അവന് വേറെ ഐസ്ക്രീമൊന്നുമറിയില്ല. ഈ ഐസ്ക്രീമേ അറിയുകയുള്ളൂ. ഇതൊക്കെയല്ലേ നമ്മുടെ ഏർപ്പാടുകൾ. ഇതുപോലെയല്ലേ ചില സംഭവങ്ങളൊക്കെ ഇവിടെ നടന്നിട്ടുള്ളത്. മദ്രസ്സ അദ്ധ്യാപക പെൻഷനും മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയത്തിൽ എന്താണ് നിങ്ങളുടെ സ്റ്റേറ്റ്മെന്റ്? ക്ഷേമനിധിയിൽ നിന്ന് കിട്ടുന്ന പണം പലിശ കാശാണ്. ആ പലിശ കാശ് വാങ്ങുന്നത് നമുക്ക് ഹറാമാണ്. മുസ്ലീംലീഗിന്റെ സമുന്നതരായ നേതാക്കന്മാർക്ക് പലിശ വാങ്ങുന്ന ജില്ലാ ബാങ്കിന്റെ പ്രസിഡന്റായിരിക്കാൻ ഒരു നാണക്കേടുമില്ല. പാവപ്പെട്ട മദ്രസാ അദ്ധ്യാപകൻ പെൻഷൻ വാങ്ങിയാൽ അത് നാണക്കേട്. എന്തുകൊണ്ടാണെന്ന് അറിയുമോ? മറ്റൊന്നുമല്ല, ഞങ്ങൾ ഭരിക്കുന്ന കാലത്ത് ഇതൊന്നും കൊടുക്കാൻ കഴിഞ്ഞില്ലല്ലോ എന്ന് ആ പാവപ്പെട്ട മദ്രസാ അദ്ധ്യാപകന് മനസ്സിലാകും അതുകൊണ്ട് അവനെക്കൊണ്ട് അത് വാങ്ങിപ്പിക്കരുത്; ഇതല്ലേ നിങ്ങളുടെ ഉള്ളിലിരുപ്പ്. വേറെന്താ? ആ രീതിയിലുള്ള സംഭവങ്ങളാണ് ലീഗുകാരെക്കുറിച്ച് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത്. മറ്റൊന്ന്, നമ്മുടെ രാജ്യത്ത് നടന്നിട്ടുള്ള ഒട്ടനവധി വികസന പദ്ധതികളുണ്ട്. വിഴിഞ്ഞം പദ്ധതി, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ, സ്മാർട്ട് സിറ്റി, അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി ഓഫ്-ക്യാമ്പസ്, അത് പാണക്കാട് തന്നെ നടത്തണമെന്നുപറഞ്ഞുകൊണ്ട് മുസ്ലീം ലീഗുകാർ രണ്ടുമാസം നീണ്ട സമരം നടത്തിയിട്ട് ആ സമര രംഗത്ത് നിന്ന് പിൻവാങ്ങി പോയത് ഞങ്ങളാരും അറിഞ്ഞിട്ടില്ല. ദിവസവും സമരമല്ലായിരുന്നോ? അതാണ് ഇപ്പോൾ പെരിന്തൽമണ്ണയിൽ നടക്കുന്നത്. പെരിന്തൽമണ്ണ മലപ്പുറം ജില്ലയിലുള്ളതല്ലേ? നിങ്ങൾ ഭരിക്കുന്ന സമയത്ത് സൗദിയിൽ നിന്നും പാക്കിസ്ഥാനിൽ നിന്നുമാണോ കൊണ്ടുവരുന്നത്? നിങ്ങൾ പറയുന്നതുകേട്ടാൽ തോന്നും കേന്ദ്രം എന്നു പറഞ്ഞാൽ കേരളത്തിന്റെ ഭാഗമല്ല എന്ന്. അതുകൊണ്ട് കേന്ദ്രം എന്നു പറഞ്ഞാൽ, കേന്ദ്രം മുൻപും ഇവിടെ ഉണ്ടായിരുന്നല്ലോ? ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഒക്കെ ഇവിടെ മന്ത്രിമാരായിരുന്നു. എല്ലാ കുട്ടികളും.....സ്നേഹിതന്മാർ എന്ന അർത്ഥമെടുത്ത് പറഞ്ഞതാണ്. അത് അദ്ദേഹത്തിനും അറിയാം സ്നേഹം കൊണ്ടാണ് പറയുന്നതെന്നൊക്കെ. പക്ഷേ എന്തുകൊണ്ടാണ് കൊണ്ടുവരാൻ കഴിയാത്തത്? കേന്ദ്രം അന്നും അവിടെ ഉണ്ടായിരുന്നല്ലോ? അതുകൊണ്ട് നിങ്ങൾ ചെയ്യാത്ത കുറെ കാര്യങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്; അത് ഒരു സമുദായത്തെ നോക്കിക്കൊണ്ടല്ല ചെയ്തത്. ന്യൂനപക്ഷങ്ങൾ അവശത അനുഭവിക്കുന്നവരാണ്. അവർക്ക് ചില അവശതകളുണ്ട്, അതിന് പരിഹാരം കാണണം, അതിന്റെ ഭാഗമായിട്ടാണ് കരിപ്പൂരിലെ ഹജ്ജ് ഹൗസൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. വെറുതെ ഒന്നുമല്ല, അതിലേക്ക് ഭരിക്കുന്ന കാലത്ത് ഒരു നയാ പൈസ കൊടുത്തോ? കൊടുത്തില്ല. വെറുതെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി. അതൊന്നും പറയണ്ട. നിങ്ങൾ കൊടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റും കേരള ഗവൺമെന്റും കൊടുത്തു. അതാണ് മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനകർമ്മം നിർവഹിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. എ. റഹീം: തെറ്റായ ധാരണയാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് തോന്നുന്നു. ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റിയും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമാണ് പണം കൊടുത്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടില്ല. സംസ്ഥാന ഗവൺമെന്റ് മാത്രമേ കൊടുത്തിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റിനേയും കേന്ദ്ര ഹജ്ജ് കമ്മിറ്റിയേയും പരസ്പരം ബന്ധിപ്പിക്കേണ്ട കാര്യമില്ല.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: അത് വേറൊരു മയനയാണ്. ശ്രീ. റഹീം പറഞ്ഞതാണ് അതിന്റെ ശരി. കാരണം കേരള ഹജ്ജ് കമ്മിറ്റിയാണ് കൊടുത്തത്. ഹാജിമാരുടെ കോൺട്രിബ്യൂഷനുണ്ട്, അതിനുപുറമേ കാശ് തിരഞ്ഞില്ലെങ്കിൽ ധർമ്മിഷ്ഠന്മാരായ ആളുകളുടെ കയ്യിൽ നിന്നും വാങ്ങാം. ഏതായാലും അതൊന്നും നിങ്ങൾക്ക് സാധിച്ചില്ല. ഞാൻ പറയുന്ന വിഷയം അത്രയെയുള്ളൂ; ഇസ്ലാമിന്റെ പേര് പറഞ്ഞ് നടക്കുകയല്ലേ?..... പിണറായി സഖാവ് നിങ്ങൾക്ക് വേണ്ടി എന്തെങ്കിലും ചെയ്തോ; അത് ചെയ്തില്ലായെന്നുള്ളതാണ് എന്റെ ആക്ഷേപം, ആ നിലയിലേക്ക് കാര്യങ്ങൾ പോയി. അതുപോലെതന്നെ എഫ്. സിഐ. ഗോഡൗണിൽ അഞ്ച് ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്. സുപ്രീം കോടതി പോലും പറഞ്ഞു, അത് പാവങ്ങൾക്ക് എടുത്ത് കൊടുത്തുടെയെന്ന്? അത് എടുത്ത് കൊടുക്കാൻ ശ്രീ. അനിൽകുമാറിന്റെ പാർട്ടിക്കാർക്കും സാധിച്ചില്ല, കോൺഗ്രസ്സുകാർക്ക്..... അതൊന്നു കൊടുത്തുകൂടെ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ശശികുമാർ)

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.....

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: 1,76,000-വും രണ്ട് ലക്ഷവുമൊക്കെ കോടികൾ വാങ്ങുന്ന സമയത്ത് ഈ സാധിക്കളുടെ കാര്യമൊന്ന് ആലോചിച്ചു കൂടെ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട എം.എൽ.എ.....

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സുപ്രീം കോടതി പറഞ്ഞിട്ടുപോലും കൊടുത്തില്ല. എനിക്ക് ഏറ്റവും വലിയ ആക്ഷേപമായി ഉന്നയിക്കാനുള്ളത് അഴിമതിയും കോൺഗ്രസ്സും ഒരേ ദിവസം പടച്ചതാണ്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഇതിന്റെ ഏർപ്പാട്. പക്ഷേ സംഖ്യയുടെ വലിപ്പവുമല്ല ഞാൻ പറയുന്നത്. ആദർശ് ഫ്ലാറ്റ് കുംഭകോണം; അത് നിസ്സാരവത്കരിക്കപ്പെടേണ്ട കാര്യമല്ല. ആദർശ് ഫ്ളാറ്റ് നാം എന്തിനുവേണ്ടിയാണ് നിർമ്മിച്ചത്? ആർക്കുവേണ്ടിയാണ് നിർമ്മിച്ചത്? കാർഗിൽകുന്ന് പിടിക്കുന്നതിനുവേണ്ടി ഇന്ത്യയിലെ ധീരന്മാരായ ജവാന്മാർ, പാക്കിസ്ഥാൻ പട്ടാളക്കാർ കുന്നിന്റെ മുകളിൽ കയറി നിൽക്കുകയാണ് അവരെയാണ് നമുക്ക് തുരത്തേണ്ടത്. താഴെ നിന്നാണ് നമ്മുടെ പട്ടാളക്കാർ പോകുന്നത്. തുരുതുരെ വെടി വരികയാണ്. സാഹോവീക്കായും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പട്ടാളക്കാർ ഇങ്ങിങ്ങായി മരിക്കും ഇന്ത്യയുടെ അഭിമാനം കാക്കാൻ തയ്യാറായ നമ്മുടെ ധീര ജവാന്മാരുടെ വിധവകൾക്ക്, അവരുടെ മക്കൾക്ക് താമസിക്കാൻവേണ്ടി ഉണ്ടാക്കിയ ഫ്ളാറ്റാണ് ആദർശ് ഫ്ളാറ്റ്. അതിൽപോലും അഴിമതി നടത്തിയതിന്റെ ഫലമായിട്ടാണ്.....

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.....

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: .....മഹാരാഷ്ട്രാ മുഖ്യമന്ത്രിക്ക് അവിടെ നിന്ന് ഇറങ്ങി പോകേണ്ടി വന്നത്. അങ്ങനെയുള്ള നിങ്ങൾക്ക് വല്ല നാണവും ഉണ്ടോ?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.....

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: നാണം ഉണ്ടോ എന്ന് ചോദിക്കുമ്പോൾ നാണം ഉണ്ടാകില്ലായെന്ന് എനിക്ക് ഉറപ്പുണ്ട്. കാരണം പട്ടാളക്കാരൻ മരിച്ച് കഴിഞ്ഞ് ആ ശവം നാട്ടിൽ എത്തിക്കുന്നതിന്റെ ഭാഗമായി വന്നിട്ടുള്ളതാണ് ശവപ്പെട്ടി വിവാദം. ആ ശവപ്പെട്ടിയിൽ പോലും കുംഭകോണം നടത്തിയ പാർട്ടിക്കാരെക്കുറിച്ച് നാണമെന്ന് തന്നെ പറയാൻ പറ്റില്ല. ആ നിലയിൽ.....ഒരു പോയിന്റും ഇല്ല ഇതൊക്കെ സംഭവമാണ്....

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡറാണ്.....

ശ്രീ. സി. പി. മുഹമ്മദ്: സർ, ശവപ്പെട്ടി കുംഭകോണം നടത്തിയത് ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്താണ് അത് കോൺഗ്രസ് ഗവൺമെന്റിന്റെ പേരിൽ ആരോപിക്കുന്നത് ഓർഡറിലാണോ? അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: എന്താണ് ശ്രീ. സി. പി, ബി.ജെ.പി-യും കോൺഗ്രസ്സും ഒന്നല്ലേ?.....ഇവിടെത്തന്നെ.....

മി. ചെയർമാൻ: ബഹുമാനപ്പെട്ട എം.എൽ.എ. അങ്ങയുടെ പ്രസംഗം ചുരുക്കണം.....സമയം കഴിഞ്ഞു.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: നിങ്ങൾ ഇപ്പോൾ ഞങ്ങളെ വെല്ലുവിളിക്കുന്നത് വരുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങളാണ് വരിക ഞങ്ങളാണ് വരിക എന്നാണ്; ആര് വരുമെന്നാണ് പറയുന്നത്?

മി. ചെയർമാൻ: അടുത്ത ആളിനെ വിളിക്കുകയാണ്..... ശ്രീ. കുട്ടി അഹമ്മദ് കുട്ടി.....

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: ബി.ജെ.പി-യുടെ സഹായത്തോടുകൂടി നിങ്ങൾ വരും എന്നല്ലേ ഈ പറയുന്നത്? അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ഗവർണർമാരുടെ നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റ് പ്രസംഗങ്ങളിലുമെല്ലാം തന്നെ ഒട്ടേറെ മോഹന വാഗ്ദാനങ്ങൾ നിരത്തിയിരുന്നു. ആ വാഗ്ദാനങ്ങൾ ഒന്നും തന്നെ നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്ന് അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ സാക്ഷാത്കരിക്കപ്പെടാത്ത വാഗ്ദാനങ്ങളുടെ ചിത എരിഞ്ഞ് തീരുമ്പോഴാണ് കുറേ മോഹന വാഗ്ദാനങ്ങൾകൂടി കുത്തിനിറച്ച് നയപ്രഖ്യാപന പ്രസംഗം ഗവർണറെക്കൊണ്ട് ഇപ്പോൾ സഭയിൽ നടത്തിയിരിക്കുന്നത്. ഇനി ഒരിക്കലും തിരിച്ച് വരാനാകാത്തവിധം അധികാരത്തിൽ നിന്ന് പുറത്തേക്ക് വലിച്ചെറിയപ്പെടുന്ന ഗവൺമെന്റിന് ഇത് നടപ്പാക്കണമെന്നതിനെക്കുറിച്ച് ഒരു ബേജാറുമില്ലല്ലോ? എന്ത് വാഗ്ദാനങ്ങളും നൽകാമല്ലോ? അവരെ സംബന്ധിച്ചിടത്തോളം വാഗ്ദാനങ്ങൾ നൽകുന്നത് നടപ്പാക്കേണ്ടത് ഞങ്ങളല്ലേ? അതുകൊണ്ട് വാഗ്ദാനങ്ങൾ നൽകുന്നതിന് അവർക്ക് ഒരു പിശുക്കും കാണിക്കേണ്ട; അതുപോലെ കുറെ വാഗ്ദാനങ്ങൾ പറഞ്ഞു എന്നേയുള്ളൂ. പക്ഷേ, ജനങ്ങളേയും സഭയേയും കബളിപ്പിക്കാൻ ഇതിന്റെ ആദ്യഭാഗത്ത് തന്നെ ശ്രമിച്ചത് ശരിയായില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്രയും തരംതാഴണമായിരുന്നോ നിങ്ങൾ? ഭാരതത്തിന്റെ ആദരണീയനായ ഉപരാഷ്ട്രപതിയിൽ നിന്ന് ബെസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ് ഇൻ ഗവേണൻസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റുവാങ്ങിയതിന് ഗവർണറെക്കൊണ്ട് സന്തോഷം പ്രകടിപ്പിച്ചിരിക്കുകയാണ്. കേട്ടാൽ തോന്നും വിദഗ്ദ്ധരായ ആളുകളെക്കൊണ്ട് ഈ ഗവൺമെന്റിന്റെ പ്രവർത്തനമൊക്കെ വിലയിരുത്തി നോക്കിയിട്ട് ഇന്ത്യാ ഗവൺമെന്റ് നൽകിയ ഒരു അവാർഡാണ് ഇത് എന്ന്. ഞാൻ നോക്കി. ഇന്ത്യാ ടുഡേ നൽകിയ അവാർഡാണ്. ഇവിടെ പല പത്രങ്ങളും പല സംഘടനകളും പല ചാനലുകളും പലർക്കും അവാർഡ് നൽകാറുണ്ട്. നമ്മുടെ സഭയിൽ തന്നെ ഒരുപാട് ആളുകൾക്ക് അവാർഡ് കിട്ടിയിട്ടുണ്ട്. അതൊന്നും ഞങ്ങൾ ഇവിടെ വന്ന് ഏറ്റുപറയാറില്ല. എന്റെ നാട്ടിൽ, ഒരു പക്ഷേ അങ്ങേക്ക് അറിയാം മലപ്പുറം ജില്ലയിൽ ചില ചികിത്സകർ വന്നിട്ട് എം.എ.എം.എസ്., എം.എൻ.എം.എസ്. എന്നൊക്കെ പറഞ്ഞിട്ട് ബോർഡ് എഴുതി വയ്ക്കും. ചോദിച്ചാൽ പറയും എം.ബി.ബി.എസ്.-ന്റെ മുഴു ഡിഗ്രിയാണെന്ന്. അങ്ങനെ പരിശോധിച്ചപ്പോൾ അത് വ്യാജ ഡിഗ്രിയാണെന്ന് കണ്ടുപിടിച്ച് പുറത്താക്കി. അതുപോലെ ഒരു പത്രം നൽകിയ അവാർഡ് ഔദ്യോഗിക അവാർഡാണെന്ന് ധ്വനിപ്പിച്ചുകൊണ്ട് ഗവർണറുടെ പ്രഖ്യാപനത്തിൽ വരുത്തിയത് വളരെ മോശമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത് ഇന്ത്യാ ടുഡേയുടെ ഈ അവാർഡ് ഒരുപാട് ആളുകൾക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, ഒരു പോയിന്റ് ഓഫ് ഓർഡറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: Sir, I raise a Point of Order. ഇവിടെ ഈ ഗവൺമെന്റിന് അവാർഡ് കൊടുത്തത് ഒന്ന്, രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീലാണ്. രണ്ട്, ഇന്ത്യയുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ആണ്. മൂന്ന്, ഇന്ത്യയുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണബ് മുഖർജിയാണ്. നാല്, ഇന്ത്യയുടെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരമാണ്. ഇവരെയൊക്കെ ഈ കള്ള അവാർഡ് കൊടുക്കുന്നവരുടെ ഗണത്തിൽപ്പെടുത്താവുന്നവരാണെന്നാണോ അങ്ങയുടെ അഭിപ്രായം? ഇവരെല്ലാം ഇതിൽപ്പെടുമോ? അങ്ങനെയാണെങ്കിൽ ഈ അവാർഡ് എല്ലാം കള്ളവായി കൊടുത്തതാണെങ്കിൽ.....

മി. ചെയർമാൻ: അങ്ങ് തുടരണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ഈ പരാമർശം രേഖയിലുണ്ടാകാൻ പാടുള്ളതല്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഇത് വളരെ വ്യക്തമായി പറഞ്ഞു.

മി. ചെയർമാൻ: പരിശോധിക്കും. ***

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതിൽ പരിശോധിക്കാൻ ഒന്നുമില്ല. വളരെ വ്യക്തമായി പറഞ്ഞു.

മി. ചെയർമാൻ: ആക്ഷേപമുണ്ടെങ്കിൽ പരിശോധിക്കും***

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ആക്ഷേപമുണ്ടെങ്കിൽ പരിശോധിച്ചോളൂ. ഇത്രയും കൊള്ളാമെന്നുമില്ല. വളരെ വ്യക്തമായി ഞാൻ പറഞ്ഞു. അവിടെ.....

മി. ചെയർമാൻ: അങ്ങ് തുടർന്നോളൂ.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ശ്രീ. നരേന്ദ്രമോഡിക്കുപോലും ഇന്ത്യാ ടുഡേ അവാർഡ് കൊടുത്തിട്ടുണ്ട്. ആ അവാർഡ് ഒരു ഔദ്യോഗിക അവാർഡാണെന്ന് ധരിപ്പിച്ചത് ശരിയായില്ല. ഇത്രയും തരംതാഴണമായിരുന്നോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കാരണം വെറെ നേട്ടമൊന്നും ചൂണ്ടിക്കാണിക്കാനില്ലാത്തപ്പോൾ നിങ്ങൾക്ക് ഇതല്ലാതെ പറയാൻ പറ്റുമോ? അത് ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. ഇവിടെ ഒരു അവാർഡ് ചേർക്കാൻ ഇവർ വിട്ടുപോയി. പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും ജനങ്ങൾ നൽകിയ അവാർഡ്, ബിഗ് ഫ്ളോപ്പ് ഇൻ ഗവേണൻസ് അവാർഡ്. ഭരണത്തിൽ ഏറ്റവും വലിയ ഫ്ളോപ്പ് എന്ന അവാർഡ് ജനങ്ങൾ നൽകിയ അവാർഡ്-അത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ചേർക്കാതെ പോയത് ശരിയായില്ലായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നാഷണൽ അവാർഡിനെക്കാളും വലുതാണത്. ജനങ്ങൾ നൽകിയ അംഗീകാരമാണ് ഞങ്ങൾക്ക് വലുതെന്ന് സിനിമാ നടൻമാരൊക്കെ അവാർഡ് ലഭിക്കുമ്പോൾ പറയാറുണ്ട്. അപ്പോൾ

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

ജനങ്ങളുടെ അംഗീകാരം ഇതിൽ ചേർക്കാതെ പോയത് ശരിയായില്ലായെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതുപോലെ വരുംവർഷങ്ങളിൽ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത് സുവർണ്ണ കാലഘട്ടമായി രേഖപ്പെടുത്തുമെന്ന് എനിക്ക് ഉറപ്പുണ്ടെന്നും കേരളം താരതമ്യേന സമാധാനത്തിന്റെ അയേസ്ഥാനമായി നില കൊള്ളുന്നുവെന്നും ഗവർണറെക്കൊണ്ട് പറയിപ്പിച്ചിരിക്കുന്നു. ഇങ്ങനെയൊരു അവാസ്തവം, പച്ചക്കള്ളമെന്ന് ഞാൻ പറയുന്നില്ല, ഗവർണറെക്കൊണ്ട് എഴുന്നള്ളിപ്പിക്കാൻ, പറയിപ്പിക്കാൻ നിങ്ങൾക്കല്ലാതെ മറ്റാർക്ക് കഴിയും? ആർക്കാണ് കഴിയുന്നത്? ഇതിനെ ചങ്കൂറ്റമെന്നോ ഉളുപ്പില്ലായ്മയെന്നോ എന്താണെന്നാണ് സാർ വിളിക്കേണ്ടത്? അത് സഭതന്നെ തീരുമാനിക്കേണ്ടതാണ്. തമ്മിലടിയും വാചകമടിയുമായി ഈ ഭരണത്തിന്റെ കാലാവധി ഇവർ തികച്ചു. നെറികെട്ട, നിഷ്ഠുരമായ ഇടതുഭരണം കേരളത്തെ പൂർണ്ണമായും തകർക്കുകയും ജനങ്ങളെ തളർത്തുകയും വികസനം മുരടിപ്പിക്കുകയും ചെയ്തു. കേരളത്തിലെ ജനങ്ങൾക്ക് ഒരിശപ്ത മുഹൂർത്തത്തിൽ പറ്റിയ കൈപ്പിഴയുടെ പേരിൽ അധികാരത്തിൽ വന്നപ്പോൾ ഇവർക്ക് എന്തൊരു അഹങ്കാരമായിരുന്നു. മതിമറന്ന് ആഹ്ലാദിക്കലല്ലായിരുന്നോ? ഈ ഗവൺമെന്റിന്റെ ആദ്യത്തെ നിയമസഭ സമ്മേളനം ഞാൻ ഓർക്കുകയാണ്. അന്ന് എന്തെല്ലാം വീരവാദങ്ങളായിരുന്നു. "ശാശ്വതമായി ലോകാവസാനംവരെ ഞങ്ങൾക്ക് കേരളത്തിന്റെ ഭരണം കിട്ടിയിരിക്കുന്നു, ഇനി ഞങ്ങളെ അവിടെനിന്ന് തുരത്താൻ കഴിയുകയില്ല" എന്നാണ്. എന്തൊക്കെയാണ് അന്ന് പറഞ്ഞത്? കേരളത്തെ ബംഗാൾ ആക്കുമെന്ന് പറഞ്ഞു. കേരളം ബംഗാൾ ആയി. കാരണം ബംഗാൾ നശിപ്പിച്ച ബംഗാളിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കാളും മിടുക്കൻമാരാണ് നിങ്ങൾ. ബംഗാളിനെ നശിപ്പിച്ച് ജനങ്ങളെ എതിരാക്കാൻ അവർ 30 വർഷമെടുത്തു. ഈ ഗവൺമെന്റ് ഇവിടുത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷ മുന്നണിക്കും ഇടതുപക്ഷമെന്ന് ഞാൻ വിളിക്കുന്നില്ല, ജനാധിപത്യ മുന്നണിയെന്നും വിളിക്കുന്നില്ല. ഇടത് എന്നുള്ളത് തെറ്റായ ഒരു പേരാണ്. കാരണം ഇടതുപക്ഷത്തുനിന്ന് ഇവർ പോയിട്ട് കാലം കുറേയായി. മുതലാളിത്ത മുന്നണിയെന്നാണ് വിളിക്കേണ്ടത്. ജനാധിപത്യ കക്ഷികളും പോയി. ഇവർ മുതലാളിമാരാണ് .....(ബഹളം)..... അതെ, ഞങ്ങളാണ് ഇടത്. ഇടതുപക്ഷത്തിന്റെ സ്വഭാവമെന്ന് പറയുന്നത് പാവങ്ങളോട് പ്രതിബദ്ധത കാണിക്കലാണ്. സാന്റിയാഗോ മാർട്ടിനോടും ഫാദിസ് അബുബേക്കറിനോടും പ്രതിബദ്ധത കാണിക്കലല്ല ഇടതുപക്ഷം. ഇവർ ഇവിടെ ആദ്യം വലിയ ഊറ്റംകൊണ്ടത് സ്വാശ്രയ ബില്ലിന്റെ പേരിലാണ്. സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിന്റെ പേരിൽ എന്തൊക്കെയാണ് ഇവർ പറഞ്ഞുവച്ചത്, ഞങ്ങൾ കച്ചവടം നിയന്ത്രിച്ചു, ഞങ്ങൾ മാനേജർമാരുടെ മൂക്ക് കയറിട്ടു എന്ന്. ഇവിടെ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞല്ലോ... അദ്ദേഹത്തിന് കണക്ക് അറിയില്ലായെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഇപ്പോൾ കൊടുത്തതും അന്ന് കൊടുത്തതുംകൂടി കണക്കുകൂട്ടി നോക്കിയാൽ ആരാണ് കൂടുതൽ സ്വാശ്രയ സ്ഥാപനങ്ങൾ കൊടുത്തതെന്ന് അറിയാം. സ്വാശ്രയ സ്ഥാപനങ്ങളുടെ ഉത്ഭവം എവിടെ നിന്നായിരുന്നുവെന്ന് അദ്ദേഹമൊന്ന് പഠിക്കണമെന്ന് എനിക്ക് വിനീതമായ അഭിപ്രായമുണ്ട്. അങ്ങൊക്കെ വലിയ ആളുകളാണ്. ചരിത്രപരമായ അസത്യങ്ങൾ പറയരുത്. അപ്പോൾ ഇവർ സ്വാശ്രയം കൊണ്ടുവന്ന് മൂക്ക് കയറിട്ടുവെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ഇപ്പോൾ സംഭവം? ആ നിയമത്തിന്റെ മറവിലാണ് സ്വാശ്രയ മാനേജർമാർക്ക് വലിയ കച്ചവടം നടത്താനുള്ള അവസരം ലഭിച്ചത്. സ്വാശ്രയത്തിന് ഇപ്പോൾ മെരിറ്റ് സീറ്റ് ഇല്ല. ഫീസ് മുതലാളിമാർ നിശ്ചയിക്കും. പാതിരാത്രി ചർച്ചയിൽ മന്ത്രി അത് അംഗീകരിക്കും. വിഹിതം ആർക്കൊക്കെ പോകുമെന്ന് നമുക്ക് അറിയില്ല. പൊതുവിദ്യാഭ്യാസം തകർത്തെറിഞ്ഞു. സർക്കാർ സ്കൂളുകളിൽ നിലവാരമില്ലാത്തതിനാൽ ഒന്നേ വർഷവും ഒരു ലക്ഷത്തോളം കുട്ടികൾ കൊഴിഞ്ഞുപോകുകയാണ്. ഏതുപോലെ? കമ്യൂണിസ്റ്റ് പാർട്ടി ജീർണ്ണിച്ചതിനാൽ നല്ല മനുഷ്യർ അതിൽനിന്ന് കൊഴിഞ്ഞുപോകുന്നതുപോലെ. സാക്ഷിയായി നമ്മുടെ ശ്രീ. പി. പി. അബ്ദുള്ളക്കുട്ടിയുണ്ട്. ..... (ബഹളം)..... സ്വാശ്രയ നിയമം കഴിഞ്ഞപ്പോൾ, എന്താണുണ്ടായത്? മുന്നാർ വീരന്റെ വരവായി. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡോണ്ഡ്രി സ്കോട്ടിനെപ്പോലെ ജെ.സി.ബി-യുമായി ഒരു മുന്നാംകിട ബോക്സ് ഓഫീസ് സിനിമയിലെ നാലാംകിട നായകനെപ്പോലെ ഡയലോഗുകൾ ഉരുവിട്ടുകൊണ്ട് പുച്ചകളുമായി വന്നു. മുന്നാറിന്റെ നെറുകയിൽ കാൽവച്ച്, ഞാൻ എല്ലാം ഇതാ കീഴടക്കിയിരിക്കുന്നു, ലോകം മുഴുവൻ ഞാൻ കീഴടക്കിയിരിക്കുന്നു, കയ്യേറ്റക്കാരെ മുഴുവൻ കീഴടക്കിയിരിക്കുന്നു, എല്ലാവരേയും ഒഴിവാക്കിയിരിക്കുന്നു എന്ന്. എന്തു മാത്രം പരിഹാസ്യനായാണ് അദ്ദേഹത്തിന് മടങ്ങിപ്പോകേണ്ടിവന്നത്? ഒരസംബന്ധ നാടകമല്ലേ അവിടെ അരങ്ങേറിയത്? അവിടെ വച്ച ബോർഡ് എങ്ങോട്ടുപോയിയെന്നറിയില്ല. അദ്ദേഹംവച്ച ആ ബോർഡ് തിരുവനന്തപുരത്തേക്ക് തിരിച്ചുകൊണ്ടുപോകണം. മുന്നാർ ഒഴിപ്പിക്കൽ ഒരസംബന്ധ നാടകമല്ലേ? ഈ ഗവൺമെന്റിന്റെ ഭരണംതന്നെ ഒരസംബന്ധ നാടകമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നേട്ടങ്ങളുടെ പേരിൽ അന്താരാഷ്ട്ര അംഗീകാരം ലഭിച്ച കേരളത്തിന്റെ ആരോഗ്യ മേഖലയിലെ സ്ഥിതി എന്താണ്? ആരോഗ്യ മേഖലയിലെ നേട്ടങ്ങളെക്കുറിച്ച് വളരെയേറെ പ്രകീർത്തിച്ച അമർത്യാസെൻ, ഏറ്റവും കൂടുതൽ രോഗാതുരമായ സംസ്ഥാനം കേരളമാണെന്ന് ഇപ്പോൾ പറയുകയാണ്. നമ്മൾ ഓടിച്ച എല്ലാ പകർച്ചവ്യാധികളും തിരിച്ചുവന്നു. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ഇങ്ങോട്ട് വന്നതോടുകൂടി പകർച്ച വ്യാധികളെല്ലാം, അവരോടുള്ള സ്നേഹംകൊണ്ടാണോയെന്ന് അറിയില്ല, എല്ലാം തിരിച്ചുവന്നു. ജനങ്ങൾ രോഗങ്ങൾകൊണ്ട് കഷ്ടപ്പെടുകയാണ്. നിലവാരം കുറഞ്ഞ മരുന്ന് വാങ്ങുന്നതിനെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങൾ ഈ സഭയിൽ വന്നിട്ടില്ലേ? ഒരു സംഭവം ഞാൻ ഓർക്കുകയാണ്. അപസ്മാര രോഗികൾക്ക് കൊടുക്കുന്ന ഫിനോട്ടോയിൽ എന്നുപറയുന്ന മരുന്നുണ്ട്. ആ മരുന്ന്.....

<u>ശ്രീ. പി. വിശ്വൻ:</u> കേരളത്തിലെ ആരോഗ്യ രംഗത്തെക്കുറിച്ച് മഹാനായ എക്കണോമിസ്റ്റ് അമർത്യാസെൻ അത്തരമൊരു വാക്കോ വാചകമോ ഉപയോഗിച്ചിട്ടില്ല എന്നുള്ളത് സത്യമാണ്. എന്നാൽ സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഈ മഹത്തായ സഭയുടെ മുവ്മെന്റിനെ തടസ്സപ്പെടുത്താൻവേണ്ടി Obstruct in the business of the Assembly, തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുകയാണ്. അതിന് നുള്ളിംഗ് വേണം. അമർത്യാസെൻ അങ്ങനെ പറഞ്ഞിട്ടില്ല.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> ഇന്നെല്ലാവരും അംഗീകരിക്കപ്പെട്ടതാണ്. അദ്ദേഹം ഏതെങ്കിലും ഒരു പുസ്തകമെടുത്ത് വായിക്കുകയാണ്. അമർത്യാ

LIBRARY ARCHIVES Kerala Legislative Assembly

സെന്നിന്റെ പുസ്തകമെടുത്ത് ഞാൻ കാണിച്ചുകൊടുക്കാം. ഏറ്റവും കൂടുതൽ രോഗാതുരത വർദ്ധിച്ചുയെന്നുള്ളത് ആരോഗ്യ വകുപ്പിന്റെതന്നെ..... എന്റെ സമയം കളയരുത്.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ: അമർത്യാസെന്നിനെപ്പോലെ മഹത് വ്യക്തിയെ, മഹാനെ, നോബൽ സമ്മാനാർഹനെ പറയാത്തത് പറഞ്ഞുവെന്ന് കളവുപറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ? ആ പരാമർശം നീക്കം ചെയ്യണം. ആരോഗ്യ വകുപ്പിനെക്കുറിച്ച് അമർത്യാസെൻ അങ്ങനെ പറഞ്ഞിട്ടില്ല.

മി. ചെയർമാൻ: അമർത്യാസെന്നിന്റെ പുസ്തകം.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഏറ്റവും കൂടുതൽ രോഗാതുരമായ സംസ്ഥാനമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ പുസ്തകം കൊണ്ടുവന്ന് നാളെ ഞാൻ തെളിയിച്ചുതരാം.

മി. ചെയർമാൻ: ആരുടെ പോയിന്റ് ഓഫ് ഓർഡറാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പുസ്തകം ഹാജരാക്കിയാൽ ശ്രീ. ആനത്തലവട്ടം ആനന്ദനെ രേഖയിൽനിന്നല്ല സഭയിൽനിന്ന് നീക്കണം.

മി. ചെയർമാൻ: അമർത്യാസെന്നിന്റെ പറയാത്തത് പറഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അത് ഇനി ഇപ്പോൾ ജനങ്ങൾ ചെയ്തോളും. എന്റെ പ്രസംഗത്തിനെ തടസ്സപ്പെടുത്തരുത്.

മി. ചെയർമാൻ: പുസ്തകം പരിശോധിക്കും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പുസ്തകം പരിശോധിക്കൂ. പുസ്തകത്തിലുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ രോഗാതുരമായ സംസ്ഥാനം കേരളമാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടതാണ്, Sick Society. ആരോഗ്യത്തെക്കുറിച്ച് മനസ്സിലാക്കണം. ആരോഗ്യ മേഖലയിലെ .....(ബഹളം)..... അവസാനത്തെ ലേഖനമൊന്നുമല്ല. ഞാൻ പറഞ്ഞുതരാം. നിങ്ങൾക്ക് പുസ്തകം ഞാനെടുത്ത് തരാം. .....(ബഹളം)..... ശ്രീ. പി. വിശ്വൻ ഞാൻ പുസ്തകം കാണിച്ചുതരാം. .....(ബഹളം).....

ശ്രീ. എ. പി. അനിൽ കുമാർ: ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ 'മണ്ണും മനുഷ്യനും' എന്ന പുസ്തകത്തിലും കേരളത്തിൽ രോഗാതുരമായിക്കൊണ്ടിരിക്കുന്ന സമൂഹത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കുട്ടി അഹമ്മദ് കുട്ടി : അത് ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെട്ടതാണ്. ഞാൻ അഷ്വറൻസ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന സമയത്ത് ഏറ്റവും കൂടുതൽ രോഗാതുരതയെ കുറിച്ച് ഞങ്ങൾ ഉദ്യോഗസ്ഥന്മാരിൽ നിന്നും ചില തെളിവെടുപ്പുകൾ നടത്തിയിരുന്നു. കേരളത്തിന്റെ ആരോഗ്യരംഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ നന്നാക്കാമെന്ന് നോക്കിയപ്പോൾ കേരളത്തിൽ പറ്റിയ ഒരു അപകടം, പകർച്ചവ്യാധികൾ തിരിച്ചുവന്നു, രോഗങ്ങൾ വർദ്ധിച്ചുവരുന്നു. ഇതിനെ എങ്ങനെ നേരിടണമെന്നാണ് നമ്മുടെ ആരോഗ്യരംഗത്തെ പ്ലാനേഴ്സ് പറയുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : പോയിന്റ് ഓഫ് ഓർഡർ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : പോയിന്റ് ഓഫ് ഓർഡർ ആണോ? ഞാൻ വഴങ്ങിത്തരാം. ഞാൻ പറഞ്ഞു കഴിയട്ടെ. ടീച്ചർക്ക് ഞാൻ വഴങ്ങും. പിന്നെ, ഒരു ഭരണത്തിന്റെ കാര്യക്ഷമത നോക്കാൻ നമ്മുടെ സിനിമാ സംവിധായകനായ കെ. എ. ാേസി പറഞ്ഞ ഒരു കാര്യമുണ്ട്. നിങ്ങൾ റോഡുകളിലേക്ക് നോക്കൂ എന്ന്. നമ്മുടെ റോഡുകളിലേക്ക് നോക്കിയാൽ എന്താണ്? റോഡുകളുണ്ടോ എന്ന് ഒരിക്കൽ ഹൈക്കോടതി ചോദിച്ചു. തകർന്ന റോഡുകളെ നന്നാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

മി. ചെയർമാൻ : അത് മഴ പെയ്യുന്ന കാലത്താണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ചെയർ ഒരു ഭാഗത്തുനിന്ന് ഇടപെടാൻ പാടില്ല. റോഡുകൾ നന്നാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. റോഡുകളെല്ലാം ഇപ്പോഴും കുളമായി കിടക്കുകയാണ്. വിവരം ഏറെയുള്ള മന്ത്രി, പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധൻ കുഴികൾ എണ്ണാൻ തുടങ്ങി. അപ്പം തിന്നാൽ മതി, കുഴി എണ്ണണ്ട എന്ന് പണ്ടൊരു ചൊല്ലുണ്ട്. പക്ഷേ ലോട്ടറി തിന്നുകയും കുഴി എണ്ണുകയുമാണ് നമ്മുടെ മന്ത്രി ചെയ്തത്. വിവരം കൂടിയാൽ ചിലപ്പോൾ എക്സെൻട്രിക്ക് ആകുമെന്ന് നമ്മുടെ നാട്ടിൽ പറയാറുണ്ട്. അത് ഇതാണെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. റോഡുകൾ ഇപ്പോഴും കുളമായി കിടക്കുകയാണ്. വ്യവസായ പുരോഗതിയെകുറിച്ച് പെരുപ്പിച്ച കണക്കുകൾ പറയുകയാണ് ഇവിടെ. പക്ഷേ കേരളം വ്യവസായപരമായി പിന്നോട്ട് നിൽക്കുകയാണെന്ന് ഈ വ്യവസായികളുടെ കൂട്ടായ്മയായ അസോചം പറഞ്ഞത് അതിപ്പോൾ പുറത്തുവന്നിട്ടുണ്ട്. ധനത്തിലൊക്കെ അത് വന്നിട്ടുണ്ട്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ജനകീയ സമരങ്ങളെ ഫാസിസ്റ്റ് മനോഭാവത്തോടെയല്ലേ ഇവർ നേരിട്ടത്? കിനാലൂരിലെ സ്ത്രീകളെയും കുട്ടികളെയും എങ്ങനെയാണ് അടിച്ചുതകർത്തത്? നരനായാട്ടല്ലേ അവിടെ നടത്തിയത്? കിരാത ഭരണത്തിന്റെ നേർകാഴ്ച്ചയല്ലേ അത്? ചെങ്ങറയിലെ ദളിത് കുടുംബങ്ങളുടെ സമരത്തോടും, മുലമ്പള്ളിയിലെ കുടിയൊഴിപ്പിക്കൽകാരോടും ലാലൂരിലെ ജനകീയ സമരത്തോടും എന്താണ് ഇവർ കാണിച്ചത്? ഗവൺമെന്റിന്റെ ഈ സമീപനം പാവപ്പെട്ടവരോടുള്ള തൊഴിലാളി വിരുദ്ധ മനോഭാവമല്ലേ കാണിക്കുന്നത്? ഇപ്പോൾ ഇവിടെ പറഞ്ഞിരിക്കുന്നു കേരളം സമാധാനത്തിന്റെ അന്തഃകേന്ദ്രമെന്ന്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവിടെ ഇരിക്കുന്നുണ്ട്. എന്റെ അടുത്ത സുഹൃത്താണ് അദ്ദേഹം. പക്ഷേ എന്താണ് കേരളത്തിലെ സ്ഥിതി; ക്രമസമാധാന നില? 1500-ൽപ്പരം കൊലപാതകങ്ങൾ, 30,000-ൽപ്പരം സ്ത്രീ പീഡനങ്ങൾ, 300 കോടി രൂപയിൽപ്പരം വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങൾക്കുപുറമേ വിലപിടിപ്പുള്ള മറ്റ് വസ്തുക്കളും കൊള്ളചെയ്യപ്പെട്ടത്, നിരവധി തീവ്രവാദ പ്രവർത്തനങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, പിന്നെ തീവ്രവാദം

LIBRARY ARCHIVES Kerala Legislative Assembly

വളർന്നുവരുന്നത്. എന്താണ് കേരളത്തിൽ? കേരളത്തിലെ ഇന്നത്തെ സ്ഥിതി എന്താണ്? ഭയവിഹ്വലമായ പൊതുജീവിതം അല്ലേ ഇപ്പോൾ? പുറത്തിറങ്ങാൻ കഴിയുമോ? വീട്ടിൽ ഉറങ്ങാൻ കഴിയുമോ? എന്നിട്ടാണോ ഇവിടെ സമാധാനത്തിന്റെ അഭയസ്ഥാനമാണെന്ന് എഴുതിവച്ചിരിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേക്കെങ്കിലും ഒന്ന് പറഞ്ഞുകൊടുക്കാമായിരുന്നു. മറ്റൊന്ന്, ഇവിടെ കേന്ദ്രത്തിന്റെ നിക്ഷേപം എത്രയാണ് ഉണ്ടായിരുന്നത്? എഴുപതിനായിരത്തിലധികം കോടി രൂപയുടെ നിക്ഷേപം ഇവിടെ ഉണ്ടായി. കേന്ദ്രത്തിന്റെ സഹായത്തോടുകൂടിയല്ലേ നമ്മുടെ പല പൊതുമേഖലാ സ്ഥാപനങ്ങളും ഒന്ന് നിവർന്നുനിന്നത്? പുതിയ സ്ഥാപനങ്ങൾ ഉണ്ടായത് കേന്ദ്രത്തിന്റെ സഹായത്താലല്ലേ? കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ സഹായം. ഉണ്ടായിരുന്നില്ലെങ്കിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി എന്താകുമായിരുന്നു? കുടുംബശ്രീയ്ക്ക് കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച തുക ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ കുറച്ചു. ആരോരും ഇല്ലാത്തവർക്ക് ഞങ്ങൾ നടപ്പാക്കിയ ആശ്രയ പദ്ധതി അനാഥമാക്കി ഇവർ. പാവപ്പെട്ടവരോടുള്ള ഇവരുടെ പ്രതിബദ്ധതയാണ് ഇവിടെ കാണിക്കുന്നത്. കേരളത്തിലെ പാവപ്പെട്ടവരെ നിങ്ങൾ ശ്രദ്ധിച്ചില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിങ്ങൾക്ക് പ്രതിബദ്ധത ഫാരിസ് അബൂബേക്കറോടും സാന്റിയാഗോ മാർട്ടിനോടും മദ്യരാജാക്കന്മാരോടും ആണ്. പാവപ്പെട്ട തൊഴിലാളികൾ വിയർപ്പൊഴുക്കി, ചോരയൊഴുക്കി ജീവൻ നൽകി ഇന്ത്യൻ രാഷ്ട്രീയ അന്തരീക്ഷത്തിലേക്ക് ഉയർത്തിയ ചെങ്കൊടി നിങ്ങൾ മദ്യരാജാക്കന്മാരുടെയും സാന്റിയാഗോ മാർട്ടിന്മാരുടെയും കാൽക്കൽ അടിയറവ് വച്ചു. ഇന്ന് ചങ്ങമ്പുഴയുടെ ജന്മശതാബ്ധിയാണ്. ചങ്ങമ്പുഴയുടെ രണ്ട് വരികൾ പാടുകയാണ്.

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരെ നിങ്ങൾ തൻ പിൻമുറക്കാർ" ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാന്യനായ ശിവദാസമേനോൻ, ഞാൻ അദ്ദേഹത്തെ ഒരു ഗുരു കൂടിയായി അംഗീകരിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ ഒരു ക്ലാസ് ടി.വി.യിൽ കണ്ടു. അദ്ദേഹം പറഞ്ഞത് എന്താണെന്നുവച്ചാൽ ജനങ്ങളുടെ വോട്ട് നേടാൻ നമ്മുടെ പഴയ പഠിപ്പൊന്നും പോരാ എന്നാണ്. ഇന്ന് നമ്മൾ അമേരിക്കൻ സാമ്രാജ്യത്വം പിടിമുറുക്കുന്നു, ഇന്ത്യയിൽ നവലിബറൽ ശക്തികൾ വളർച്ചപ്രാപിക്കുന്നു, ശക്തിപ്രാപിക്കുന്നു. നിക്കാരാഗോ, ഗ്വാട്ടിമല, മാർക്സിസം, ലെനിനിസം-ഇങ്ങനെയൊന്നും പറഞ്ഞുപോയാൽ ജനങ്ങളുടെ വോട്ട് കിട്ടില്ല. മുത്തശ്ശീ, ഞാൻ സ്ഥാനാർത്ഥിയായി നിന്നുപോയി. എനിക്ക് വോട്ട് ചെയ്യണം. ചേച്ചീ, എനിക്ക് വോട്ടു ചെയ്യണം. ചില സ്ഥലത്ത് ചെന്നിട്ട് വോട്ട് ചോദിക്കരുത്, പ്രാർത്ഥിക്കുമോ എന്നാണ് ചോദിച്ചത്. എനിക്കുവേണ്ടി പ്രാർത്ഥിക്കണം, എന്നെ അനുഗ്രഹിക്കണം എന്നാണ്. അപ്പോൾ എനിക്കവരുടെ വോട്ടുകിട്ടി. ഒരു നേട്ടവും കാണിക്കാതെ ജനങ്ങളെ മുഴുവൻ ദ്രോഹിച്ച ഈ ഗവൺമെന്റ് എന്താണ് സത്യത്തിൽ ചെയ്തത്? ഈ ഗവൺമെന്റ് ഒരു നേട്ടവും കാണിക്കാത്തതുകൊണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എന്താണ് ഇവർ പറഞ്ഞത്.....

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുതാത്തത് ചെയ്തവരെങ്കിലും

ഞങ്ങളെ തല്ലാല്ലേ വോട്ടർമാരെ.

എന്നാണ്. ജനങ്ങൾക്ക് നന്നായി അറിയാം. അവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും കൊടുത്തു. ഇപ്പോൾ ആകെ സമനില തെറ്റിയിരിക്കുന്നു. നിങ്ങൾ ഇപ്പോൾ എങ്ങനെയാണ് ഒന്ന് പിടിച്ചുനിൽക്കുക? പിടിച്ചുനിൽക്കാൻ ഒരു വഴിയും കാണുന്നില്ല. അപ്പോഴാണ് വ്യാജ മുദ്രകളും രേഖകളും ചമച്ച് ഭൂമി തട്ടിയ ഒരാളുണ്ടാക്കിയ വ്യാജരേഖ നോക്കുന്നത്. ആ വ്യാജരേഖയിൽ പിടിച്ച് രക്ഷപ്പെടാൻ കഴിയുമോയെന്നാണ് നിങ്ങൾ ശ്രദ്ധിക്കുന്നത്. എനിക്ക് പറയാനുള്ളത് കഴിഞ്ഞ നായനാർ ഗവൺമെന്റിന്റെ കാലത്ത് ഈ കേസ് അന്വേഷിച്ചതാണ്. വ്യാജരേഖ ചമച്ചുണ്ടാക്കിയ കള്ളക്കേസ്. നിങ്ങൾ അതിൽ പിടിക്കുകയാണ്. വ്യാജരേഖ ചമച്ച കേസിലൊന്നും പ്രതിയല്ലാത്ത കേരളത്തിലെ സമുന്നതനായ, ഏറ്റവും നല്ല ജനാധിപത്യ വിശ്വാസിയായ, സെക്കുലറായ, നിഷ്ക്കളങ്കനായ, നിരപരാധിയായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ കുറിച്ച് അപവാദം പറഞ്ഞുപരത്താൻവേണ്ടി ശ്രമിക്കുന്നു. എന്താണ് അതിന്റെ പിന്നിലുള്ളത് എന്ന് മനസിലാക്കണം. നായനാർ ഗവൺമെന്റിന്റെ കാലത്ത് സുപ്രീംകോടതി ഡയറക്ട് ചെയ്തു, പുനരന്വേഷണം നടത്തണം, ഒരു കേസിലും അദ്ദേഹം ഉൾപ്പെട്ടിട്ടില്ല എന്ന്. ഇവിടെ പറഞ്ഞു. ജഡ്ജിമാർക്ക് കാശ് കൊടുത്തുവെന്ന്. ആ ജഡ്ജിയുടെ മുമ്പിൽ അദ്ദേഹത്തിന്റെ കേസ് വന്നിട്ടില്ല. ജസ്റ്റിസ് തങ്കപ്പന്റെ ബഞ്ചിൽ അദ്ദേഹത്തിന്റെ കേസ് വന്നിട്ടില്ല. ഇവർ അത് പിടിച്ച് രക്ഷപ്പെടാനാണ് ശ്രമിക്കുന്നത്. പക്ഷേ ഇതിന്റെ പിന്നിലെ ഗൂഢാലോചന എന്താണെന്ന് അങ്ങേക്ക് മനസ്സിലാകണം. നിങ്ങളും മനസ്സിലാക്കണം. നായനാരുടെ കാലത്ത് അവരുടെ ശക്തരായ പോലീസ് ഓഫീസർമാർ സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം പുനരന്വേഷണം നടത്തി. ആ കേസിൽ യാതൊരു വിധത്തിലും ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് പങ്കില്ലായെന്ന് റിപ്പോർട്ട് കൊടുത്തു. അന്ന് സഭയിൽ ഇതിനെ കുറിച്ച് ശ്രീമതി ലതാദേവിയും ശ്രീമതി മീനാക്ഷി തമ്പാനും പരാമർശം നടത്തിയപ്പോൾ നല്ല രീതിയിലാണ് അന്വേഷണം നടത്തിയതെന്ന് ഇ. കെ. നായനാർ വ്യക്തമാക്കി. ഇ. കെ. നായനാർ നല്ല രീതിയിൽ നടത്തിയ അന്വേഷണത്തെക്കുറിച്ച് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ, നായനാർക്ക് അന്ന് സ്വൈര്യം കൊടുത്തിരുന്നില്ല. ജീവിച്ചിരിക്കുമ്പോഴും അദ്ദേഹത്തിന് സ്വൈര്യം കൊടുക്കാത്ത ശ്രീ. വി. എസ്. അച്യുതാനന്ദൻ മരിച്ചപ്പോഴും അദ്ദേഹത്തിന് സ്വൈര്യം കൊടുക്കാതിരിക്കാൻ വേണ്ടിയാണ് ഈ കേസ് കുത്തിപ്പൊക്കിയിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ വിചാരിക്കുന്നതുപോലെ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ രക്തത്തിനുവേണ്ടി നിങ്ങൾ ദാഹിക്കുന്നുണ്ടെങ്കിൽ ജനാധിപത്യ കേരളം ഒരു തുള്ളി രക്തം പോലും എടുക്കാൻ സമ്മതിക്കില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന്റെ പേരിൽ നിങ്ങൾ വീണ്ടും അധികാരത്തിൽ വരാമെന്നും വിചാരിക്കേണ്ട. നിങ്ങൾ എന്തൊക്കെ കാണിച്ചാലും ജനങ്ങൾക്ക് അറിയാം. നിങ്ങൾ പറയേണ്ടത് ജനങ്ങൾക്കുവേണ്ടി ഇന്ന കാര്യം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ജനങ്ങളെ ദ്രോഹിച്ച, വികസന രംഗം മുരടിപ്പിച്ച നിങ്ങളെ അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിയും.

ശ്രീ. ബാബു എം. പാലിശ്ശേരി.: സർ. യു.ഡി.എഫ്.-ന്റെ തകർച്ചയുടെ ഏറ്റവും വലിയൊരു ലക്ഷണമാണ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ പ്രസംഗം. എന്തൊക്കെയാണ് ഇവിടെ പറയേണ്ടതെന്ന് അദ്ദേഹത്തിന് അറിയില്ല. ബഹുമാന്യരായ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി, ധനമന്ത്രി അവരൊക്കെ വ്യാജ അവാർഡുകൾ വിതരണം ചെയ്ത ആളുകളാണ് എന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. ശ്രീ. കുട്ടി അഹമ്മദ് കുട്ടി പ്രസംഗിച്ചത് അങ്ങനെയാണ്. യു.ഡി.എഫ്.-ന്റെ നിലവാര തകർച്ചയാണ് ഈ പ്രസംഗത്തിലൂടെ അദ്ദേഹം പ്രകടിപ്പിച്ചത്. ബഹുമാനപ്പെട്ട ഗവർണർ കേരള നിയമസഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. പി. ജയരാജൻ സഭയിൽ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. മാത്രവുമല്ല നിയമസഭയ്ക്ക് പുറത്തും ഗവർണർ ഈ പ്രസംഗം തുടർന്നുകൊണ്ടിരിക്കുകയാണ്. നിയമസഭയ്ക്കു പുറത്തും അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ഭരണത്തെക്കുറിച്ചുള്ള നല്ല വാക്കുകൾക്ക് അദ്ദേഹത്തോട് നന്ദി പറയുകയാണ്. സംസ്ഥാനത്തെ ഇടതുഭരണം നാലേമുക്കാൽ കൊല്ലം പൂർത്തീകരിക്കുകയാണ്. ഈ നാലേമുക്കാൽ കൊല്ലത്തിനുള്ളിൽ ഒരു മന്ത്രിയെക്കുറിച്ചുപോലും ഒരു അഴിമതി ആക്ഷേപം ഉണ്ടായില്ല. ഒരു മന്ത്രിയെക്കുറിച്ചുപോലും ഒരു പീഡനക്കേസ്സോ, സ്ത്രീവിഷയമോ ഇതുവരെ ആർക്കും പറയാൻ പറ്റിയില്ല. ഭരണം ആരംഭിച്ച ഒന്നരക്കൊല്ലം കഴിയുന്നതിനു മുമ്പ് വനം കട്ടുമുടിച്ചതിന്റെ പേരിൽ കെ. പി. വിശ്വനാഥൻ എന്ന വനം മന്ത്രിക്ക് രാജിവച്ച് ഇറങ്ങിപോകേണ്ടിവന്ന കഴിഞ്ഞ ആന്റണി മന്ത്രിസഭയെ ഈ സന്ദർഭത്തിൽ ഓർക്കുന്നത് നല്ലതാണ്. അഞ്ചുവർഷം പൂർത്തീകരിച്ചിട്ടും ഒരാക്ഷേപവും ഒരു മന്ത്രിയുടെ പേരിലും പറയാൻ കഴിഞ്ഞില്ല. അതിനെയാണ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അസഹിഷ്ണുതയോടുകൂടി പറഞ്ഞത്. എല്ലാ മന്ത്രിമാർക്കും അവാർഡുകൾ, പുരസ്കാരങ്ങൾ, അഭിനന്ദനങ്ങൾ, നല്ല വാക്കുകൾ ഇതൊക്കെയാണ് മന്ത്രിമാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിലെ ഏറ്റവും നല്ല ആഭ്യന്തര മന്ത്രി, ഏറ്റവും നല്ല തദ്ദേശസ്വയംഭരണ മന്ത്രി ഇങ്ങനെ വരിവരിയായി അവാർഡുകൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിലായി കേരള മുഖ്യമന്ത്രിക്ക് ഇൻഡ്യയുടെ ഉപരാഷ്ട്രപതിയാണ് അവാർഡ് കൊടുത്തത്. അതിനെയാണ് അങ്ങേയറ്റം തരംതാണ രീതിയിൽ ഉപരാഷ്ട്രപതി കേരള മുഖ്യമന്ത്രിക്ക് കൊടുത്ത അവാർഡ് വ്യാജമാണ് എന്നുപോലും പറയുന്ന സ്ഥിതിയിലേക്ക് വന്നത്. മാത്രവുമല്ല പ്രസംഗം കഴിഞ്ഞപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എഴുന്നേറ്റുനിന്ന് പറഞ്ഞു, അഹമ്മദ് അൻസാരി എന്നുപറഞ്ഞൊരു വൈസ് പ്രസിഡണ്ടില്ല. ചെറിയൊരു അക്ഷരപിശകിനെയാണ് വലിയ അവാർഡ് നൽകിയ വിഷയത്തെ ചെറുതാക്കാൻവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രമിച്ചത്. അവരുടെ അസഹിഷ്ണുതയാണ് കാണിക്കുന്നത്. കഴിഞ്ഞ ഭരണത്തിന്റെ മേൻമകളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിശദീകരിക്കുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഈ സർക്കാർ നിയമം കൊണ്ടുവന്നു. അതിന്റെ ഫലമായി ലക്ഷക്കണക്കിന് കുട്ടികൾക്ക് സാമൂഹ്യനീതി ലഭിച്ചു, പഠിക്കാൻ അവസരങ്ങൾ ലഭിച്ചു. ഇവരുടെ ഭരണകാലത്ത് ഉണ്ടാകാതിരുന്ന കാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങളെല്ലാം എഴുതിത്തള്ളി. കർഷകരുടെ ബന്ധുക്കൾക്ക് സമാശ്വാസം നൽകി. കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്നു, ക്ഷേമനിധി കൊണ്ടുവന്നു. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു കർഷക ആത്മഹത്യയും നടന്നില്ല. അതൊരു നിസ്സാര സംഭവമാണോ. കൃഷി അഭിവൃദ്ധിപ്പെട്ടു. നെൽകൃഷി ഇത്രയധികം വർദ്ധിച്ച ഒരു കാലഘട്ടമുണ്ടായിട്ടില്ല. സംഭരണവില ഏഴര രൂപയിൽ നിന്ന് പതിമൂന്ന് രൂപയാക്കി. നെൽക്കർഷകർ സന്തോഷത്തിലാണ്, സംതൃപ്തിയിലാണ്. 'കിസാൻ അഭിമാൻ പെൻഷൻ' ഇൻഡ്യയിലാദ്യമായി കർഷകർക്ക് കൊടുക്കുന്നു. 'അരി ശ്രീ' എന്നുപറയുന്ന തരിശുഭൂമിയെല്ലാം കൃഷി ചെയ്യുന്ന പദ്ധതി ആവിഷ്കരിക്കുന്നു. രാജ്യം മുഴുവൻ വിലക്കയറ്റംകൊണ്ട് പൊറുതി മുട്ടുമ്പോൾ നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി ചെയ്തത് എന്താണെന്ന് നമുക്ക് അറിവുള്ളതാണല്ലോ. പെട്രോളിന്റെയും ഡീസലിന്റെയും വില ആറോ ഏഴോ തവണ വർദ്ധിപ്പിച്ചു. റെയിൽവേ കടത്തുകൂലി വർദ്ധിപ്പിച്ചു. കൽക്കരിയുടെ വില വർദ്ധിപ്പിച്ചു. ഈ രീതിയിലെല്ലാം വിലക്കയറ്റം വീണ്ടും വർദ്ധിക്കാനുള്ള അവസരങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ഒരുക്കുന്നത്. ആ സന്ദർഭത്തിലാണ് വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി സംസ്ഥാനം 500 കോടിരൂപയ്ക്ക് അടുത്തു വരുന്ന തുക സബ്സിഡിയിനത്തിൽ മാത്രം ചെലവഴിച്ചത്. കഴിഞ്ഞ 45 കൊല്ലം കൊണ്ട് കേരളത്തിലെ ഗവൺമെന്റുകൾ വിലനിലവാരം പിടിച്ചുനിർത്താൻ വേണ്ടി ചെലവഴിച്ച പണത്തിന് തുല്യമാണ് കഴിഞ്ഞ നാലരമുക്കാൽ കൊല്ലം കൊണ്ട് ഈ ഗവൺമെന്റ് ചെലവഴിച്ചത്. രണ്ടു രൂപയ്ക്ക് നാല്പത് ലക്ഷം കുടുംബങ്ങൾക്ക് അരി കൊടുക്കുന്ന ഏത് സംസ്ഥാനമുണ്ട്? സപ്ലൈകോ വഴി 16 രൂപയ്ക്ക് എല്ലാവർക്കും ജയ, സുരേഖ, മട്ട തുടങ്ങിയ നല്ല അരി വിതരണം ചെയ്യുമെന്നാണ് ഗവർണർ പ്രഖ്യാപിച്ചത്. 13 നിത്യോപയോഗ സാധനങ്ങൾക്ക് നാലര വർഷമായി ഒരേ വില സർക്കാർ സ്ഥാപനത്തിലൂടെ കൊടുത്തുകൊണ്ടിരിക്കുന്ന ഏത് സംസ്ഥാനമുണ്ട്? നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നു, എല്ലാ റേഷൻകട വഴിയും ഈ 13 ഇനം സാധനങ്ങൾ ഭാവിയിൽ നൽകുന്നതിനുവേണ്ടി 337 കോടി രൂപ മാറ്റിവയ്ക്കുന്നു എന്ന്. അപ്പോൾ ഈ വിലക്കയറ്റത്തെ പിടിച്ചുനിർത്താൻവേണ്ട നടപടികളുമായി ഇനിയും മുന്നോട്ടുപോകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. 117000 മത്സ്യത്തൊഴിലാളികളുടെ 394 കോടി രൂപയുടെ കടമാണ് എഴുതിത്തള്ളിയത്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി വഴി അഞ്ച് ലക്ഷം വീടുകളാണ് ഉണ്ടാക്കിയത്. എം.എൻ. പാർപ്പിട പദ്ധതിവഴി എത്രയോ ആളുകളുടെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റികൊടുത്തു. ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും മത്സ്യബന്ധനത്തിനും സമുദ്രശാസ്ത്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആരംഭിച്ചു. വെറ്ററിനറി സർവ്വകലാശാല ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കലാമണ്ഡലത്തിന് ഡീംഡ് യൂണിവേഴ്സിറ്റി പദവി കൊടുത്തു. അലിഗഢ് യൂണിവേഴ്സിറ്റിയുടെ ഒരു ശാഖ ആരംഭിച്ചു. മലയാളം യൂണിവേഴ്സിറ്റി വരാൻ പോകുന്നു. എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ ഐ.ടി. സ്കൂൾ തുടങ്ങുമെന്ന് ഇവിടെ നയപ്രഖ്യാപനത്തിൽ പ്രസംഗിച്ചിരിക്കുന്നു. ഇതെല്ലാം ചെറിയ നേട്ടങ്ങളാണോ? കൊല്ലത്ത് ഇൻഫോപാർക്ക് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിച്ചു. പാർക്കിന്റെ 31 ലക്ഷം സ്ക്വയർ ഫീറ്റ് പൂർത്തിയായിക്കഴിഞ്ഞു. ടെക്നോസിറ്റി പുതിയ മേഖലാ പദ്ധതി പൂർത്തീകരിച്ചു. കൊരട്ടി, ചേർത്തല ഇൻഫോ പാർക്കുകൾ യാഥാർത്ഥ്യമായി. പതിനൊന്ന് ടെക്നോ ലോഡ്ജുകൾക്ക് അനുമതി നൽകി. ഇതൊക്കെ ചെറിയ നേട്ടങ്ങളാണോ? ഈ നേട്ടങ്ങളെയെല്ലാം ഈ രാജ്യത്തെ ജനങ്ങൾ നല്ലപോലെ മനസ്സിലാക്കുന്നുണ്ട്. അങ്ങനെ കേരളത്തിലെ ഭരണം അങ്ങേയറ്റം അഭിമാനത്തോടുകൂടി മുന്നോട്ടുപോകുന്നു. ഈ ഭരണം കണ്ടു മനസ്സിലാക്കാനും പഠിക്കാനുമൊക്കെ മറ്റുസംസ്ഥാനങ്ങളിൽനിന്നും ആളുകൾ കേരളത്തിൽ വരുന്നു. ഇനി കുടുംബശ്രീയെ മാതൃകയാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്കരിക്കുകയാണ്. അങ്ങനെ കേരളത്തിന്റെ വിവിധ പദ്ധതികളെ മാതൃകയാക്കിക്കൊണ്ട് മറ്റു സംസ്ഥാനങ്ങളും കേന്ദ്രവുംപോലും പരിപാടികൾ ആവിഷ്കരിക്കുമ്പോഴാണ് ഇതിനെല്ലാം അപമാനകരമായി ചില സംഭവവികാസങ്ങൾ ഇവിടെയുണ്ടാകുന്നത്. കേരളത്തിന് മാത്രമല്ല പൊതുസമൂഹത്തിനും പൊതുപ്രവർത്തകർക്കുമെല്ലാം അപമാനകരമായ സംഗതികളാണ് ഇപ്പോൾ പുറത്തുവരുന്നത്. കേരളത്തിന്റെ നേട്ടങ്ങൾപോലും ഇതുവഴി മോശപ്പെടുകയാണ്. ഞെട്ടിക്കുന്ന വിവരങ്ങളല്ലേ ഇപ്പോൾ പുറത്തുവന്നത്? ഇപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കേസ്, അത് ഇവിടെ പറഞ്ഞാലുടൻ ബഹളം കൂട്ടണമെന്ന ചില സിദ്ധാന്തങ്ങൾ വന്നിരിക്കുകയാണ്. ചില വാക്കുകൾ ഇവിടെ പറയാൻ പാടില്ല. പതിനാലുവാക്കുകൾ ഇവിടെ പറയാൻ പാടില്ല. പന്ത്രണ്ട് പേരുകൾ... വളരെ സെക്കുലറായ നേതാവ് എന്ന് അദ്ദേഹം പറഞ്ഞു. ശരിയാണ്, സെക്കുലറാണ്. ഈ പന്ത്രണ്ട് പേരുകളിൽ എല്ലാ ജാതിക്കാരുമുണ്ട്. എല്ലാ മതക്കാരുമുണ്ട്. ആ കാര്യത്തിൽ അദ്ദേഹം വളരെ സെക്കുലറാണ്. റെജീന, റെജുല തുടങ്ങിയ പന്ത്രണ്ട് പേരുകൾ ഇവിടെ പറയാൻ പാടില്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അപ്പോൾ എഴുന്നേൽക്കും. കുഞ്ഞാലിക്കുട്ടി എന്നും പറയാൻ പാടില്ല, ഐസ്ക്രീമെന്നും പറയാൻ പാടില്ല. ഈ പതിനാലുപേരുകളും വാക്കുകളും ഉച്ചരിച്ചാൽ ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെ ലീഗിന്റെ എല്ലാവരും എഴുന്നേൽക്കും. ഇതെന്ത് ഏർപ്പാടാണ്. എത്ര കാലമായി ഇതുതുടങ്ങിയിട്ട്? എന്തിന്റെ ഭാഗമായാണ് ഇത് സംഭവിക്കുന്നത്? സ്പെക്ട്രമെന്നുപറഞ്ഞാലൊന്നും പ്രശ്നമില്ല. അതൊക്കെ എന്തുവേണമെങ്കിലും പറഞ്ഞോ. അതൊന്നും അവർക്കൊരു പ്രശ്നമുള്ള കാര്യമല്ല. പക്ഷേ ഈ പതിനാലുവാക്കുകൾ മിണ്ടാൻ പാടില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെയാണ് പത്രസമ്മേളനം നടത്തി ആദ്യമായി പറയുന്നത്. എനിക്കെതിരെ ഒരു പത്രസമ്മേളനം വരാനിരിക്കുന്നു, എനിക്കെതിരെ ഒരു അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു, എനിക്കെതിരെ ഇന്നയിന്ന ആക്ഷേപങ്ങൾ വരാൻ പോകുന്നു, വധഭീഷണിയുണ്ട് എന്നൊക്കെ.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം തന്നെയാണ് പറയുന്നത്. ഞങ്ങളാരുമല്ല. വൈകുന്നേരത്ത് രണ്ടാമത്തെ പത്രസമ്മേളനത്തിൽ ഇതേക്കുറിച്ച് പത്രക്കാർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് എന്താണ്? എനിക്കൊരുപാട് തെറ്റുകൾ പറ്റി, ഞാൻ ഭരിക്കുന്ന കാലത്ത് ഒരുപാട് കൊള്ളരുതായ്മകൾ ചെയ്തു, ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്തു, തെറ്റായ കാര്യങ്ങൾ ചെയ്തു ഇനി ഞാൻ ചെയ്യില്ല എന്ന്. ജനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട സമയം എന്നാണർത്ഥമാക്കിയത്. രണ്ടും ഒന്നല്ലല്ലോ. അദ്ദേഹം കുറ്റസമ്മതം നടത്തി. ആ കുറ്റസമ്മതത്തെയാണ് ശ്രീ. ഉമ്മൻചാണ്ടി പ്രകീർത്തിച്ചത്. നല്ല കാര്യമെന്ന് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞല്ലോ. വളരെ നല്ല കാര്യം, കുറ്റങ്ങളെല്ലാം സമ്മതിച്ചത് നല്ലകാര്യം. ഇപ്പോഴെന്താണ് പറയുമ്പോൾ വിഷമം തോന്നുന്നത്? എന്തിനാണ് അത് പറയുമ്പോൾ വിഷമിക്കുന്നത്? ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഈ വിഷയം രാവിലെ സംസാരിക്കുമ്പോൾ നിങ്ങൾ എന്തിനാണ് ബഹളം കൂട്ടാൻ വന്നത്? എല്ലാ ദിവസവും ഈ പേരുകൾ പറയുമ്പോഴെല്ലാം എന്തിനാണ് ബഹളം കൂട്ടുന്നത്? ഇപ്പോൾ ഉയർന്നുവന്ന കേസുകൾ പഴയതല്ല. പണ്ട് അന്വേഷിച്ച കേസുകളുടെ വിഷയമല്ല.

<u>ശ്രീ. പി. ടി. എ. റഹീം:</u> ഇപ്പോൾ അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇപ്പോൾ തിരിച്ചുവന്നാൽ പോലും ഇത്ര വലിയ സ്വീകരണം കിട്ടില്ല, എനിക്ക് അസൂയയാകുന്നു എന്ന് ഇന്നലെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നുമാത്രമല്ല, ഞാൻ വളരെയധികം ആ കാര്യത്തെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. നമ്മുടെ സഭ തുടങ്ങിയ ദിവസം ആദ്യമായി അപ്പുറത്തുനിന്നുവന്ന ഒരു പരാമർശം ഇതാണ്. വളരെ ബോധപൂർവ്വമാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഈ വിഷയം കൊണ്ടുവന്നത്. അത്രയൊക്കെയേ ശ്രീ. ആര്യാടൻ മുഹമ്മദിന് പറയാൻ പറ്റുകയുള്ളൂ. അത്രയൊക്കെയേ കോൺഗ്രസ്സിനും പറയാൻ പറ്റൂ. ഈ വിഷയം ഈ സഭാ കാലഘട്ടത്തിൽ മുഴുവൻ ഇളകിമറിയണം, നമ്മൾ ഇത് പ്രയോഗിക്കണം, ഈ വിഷയം നമ്മൾ നന്നായി സംസാരിക്കണം എന്നതിന്റെ സൂചനയാണ് ശ്രീ. ആര്യാടൻ മുഹമ്മദുവഴി തന്നത്. അദ്ദേഹം പറഞ്ഞത് ബോധപൂർവ്വമാണ്. അറിയാതെയൊന്നുമല്ല. ഇപ്പോൾ ഉയർന്നുവന്ന വിഷയങ്ങൾ പഴയതൊന്നുമല്ല. കേസ് ജയിക്കാൻവേണ്ടി കോടിക്കണക്കിന് രൂപ എന്റെ കൈകളിലൂടെ ചെലവഴിച്ചു. നിരവധി പെൺകുട്ടികൾക്ക് ഞാൻ പണം കൊടുത്തു എന്ന് റൗഫ് പറയുകയാണല്ലോ. റെജുലയെ ഭ്രാന്തിയാക്കാൻ ഭ്രാന്താശുപത്രിയിലടച്ചു. ഹൈക്കോടതി ജഡ്ജിമാർക്ക് കൈക്കൂലി കൊടുത്തു. ഇതെല്ലാം പുതിയ കാര്യങ്ങളാണ്. നേരത്തെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞു, ഒരു കേസിലും കുഞ്ഞാലിക്കുട്ടി പ്രതിയല്ല, ഹൈക്കോടതി ജഡ്ജിമാർക്ക് കാശുകൊടുത്തു എന്നുപറയുന്നത് നുണയാണ് എന്ന്. സി.ബി.ഐ. അന്വേഷണം വരാതിരിക്കാൻ... അങ്ങനെയാണല്ലോ റൗഫ് പറഞ്ഞത്. ജസ്റ്റിസ് തങ്കപ്പന്റെ കോടതിയിൽ സി.ബി.ഐ. അന്വേഷണത്തിന് വിടണമെന്ന ആവശ്യത്തെ നിരാകരിക്കാനാണ് പണം കൊടുത്തത് എന്ന്. സി.ബി.ഐ. അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

വന്നാലോ, ഇപ്പോൾ പ്രതിയല്ലെങ്കിൽ കുഞ്ഞാലിക്കുട്ടി പിന്നീട് പ്രതിയാകും. അത് ഉറപ്പല്ലേ? അപ്പോൾ പ്രതിയാകാതിരിക്കാൻ, സി.ബി.ഐ. അന്വേഷണം വരാതിരിക്കാൻ ഹൈക്കോടതി ജഡ്ജിമാർക്കുപോലും പണം കൊടുത്തു എന്നൊരു ആക്ഷേപം വന്നാൽ അത് ഉന്നയിക്കണ്ടേ? അതിൽ പുനരന്വേഷണം നടത്തണ്ടേ? അത് പറയുമ്പോൾ എന്തിനാണ് ബഹളം കൂട്ടുന്നത്? അത് പറയുമ്പോൾ ബഹളം കൂട്ടുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം ഈ വിഷയം അന്വേഷിക്കുമ്പോൾ എന്തോ പരിഭ്രാന്തിയുണ്ട്, എന്തോ പ്രശ്നമുണ്ട്. അപ്പോൾ നിരവധി കാര്യങ്ങൾ ഇനിയും വരാനുണ്ട് എന്നല്ലേ? ഈ കഥകളിലെ കുപ്രസിദ്ധ നായകനായ ആളുതന്നെ കുറ്റം സമ്മതിച്ചല്ലോ. തെറ്റുപറ്റിയെന്ന് സമ്മതിച്ച നായകന്, ഇപ്പോൾ വീരാരാധന കിട്ടുന്നുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദും പറഞ്ഞു, ശ്രീ. പി. ടി. എ. റഹീമും പറഞ്ഞു, ശരിയാണ്. മലപ്പുറത്ത് വലിയ ആളുകളെ കൂട്ടുന്നുണ്ട്. ഈ കേരളത്തിന് അപമാനകരമാണ്. കേരളത്തിലെ പെൺകുട്ടികൾക്ക് മാനവും മര്യാദയ്ക്കും ജീവിക്കാൻ കഴിയാത്ത വിധത്തിൽ രാഷ്ട്രീയ നേതൃത്വം അവരെ എങ്ങനെ കഴിഞ്ഞ കാലത്ത് കൈകാര്യം ചെയ്തു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ സംഭവം. ഇത് രാഷ്ട്രീയ കേരളത്തിന് എല്ലാ കാലത്തും അപമാനകരമാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇവിടെ കുറച്ചു മുൻപ് ശ്രീ. പി. സി. ജോർജ് വലിയ പ്രസംഗം നടത്തി. ശ്രീ. പി. സി. ജോർജിനെ സംബന്ധിച്ചും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഈ കേസിനകത്തുള്ളതു പോലത്തെ എന്തെങ്കിലും സംഭവവികാസമുണ്ടോ? ശ്രീ. പി. സി. ജോർജ് നടത്തിയ പത്രസമ്മേളനത്തിൽ പറയുന്നത്, കേസിൽനിന്നും പിൻമാറാൻ ഏതോ വിവാദ വ്യവസായി സിനിമാ നടിയെ വാഗ്ദാനം ചെയ്തു എന്നാണ്. ഏത് സിനിമാ നടിയെന്നും അതിന്റെ വിശദാംശങ്ങളും അദ്ദേഹം പറയണം. ജോമോൻ പുത്തൻപുരയ്ക്കൽ, ശ്രീ. എളമരം കരീം, ശ്രീ. എ. കെ. ബാലൻ തുടങ്ങിയവരെക്കുറിച്ചുള്ള പരാമർശമല്ലേ? ശ്രീ. പി. സി. ജോർജ് പത്രസമ്മേളനത്തിൽ പറയുന്നു,..... മന്ത്രി എ. കെ. ബാലന് എതിരായി ലോകായുക്തയുടെ കേസിൽ വിധി പറയാൻ ലോകായുക്ത ജസ്റ്റിസ് എം. എം. പരീദ് പിള്ളയെ സ്വാധീനിക്കണമെന്ന് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. കഴിഞ്ഞയാഴ്ച തന്നോട് ആവശ്യപ്പെട്ടിരുന്നു..... ജോമോൻ പുത്തൻപുരയ്ക്കലാണ് പറയുന്നത്..... ജസ്റ്റിസ് പരീദ് പിള്ള നീതിപൂർവ്വമായി വിധി പറയുന്ന ആളാണെന്നും ആശങ്കപ്പെടേണ്ടതില്ലെന്നും താൻ പി.സി. ജോർജിനോട് അപ്പോൾ തന്നെ മറുപടി പറഞ്ഞു. കൂടാതെ ജസ്റ്റിസ് പരീദ് പിള്ളയെ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് നേരിൽ കണ്ടപ്പോൾ ശ്രീ. പി. സി. ജോർജിന്റെ ആവശ്യവും താൻ നൽകിയ മറുപടിയും താൻ പരീദ് പിള്ളയെ അറിയിച്ചു. .....ശ്രീ. പി. സി. ജോർജിനെ അറസ്റ്റ് ചെയ്യണം സർ. ഒരു ന്യായാധിപനെ സ്വാധീനിക്കാൻവേണ്ടി ചുമതലപ്പെടുത്തിയ ആളുകൾ ആരാണെന്ന് പറഞ്ഞാൽ വലിയ കുറ്റമാണ്. ജസ്റ്റിസ് തങ്കപ്പനേയും ജസ്റ്റിസ് നാരായണക്കുറുപ്പിനേയും സ്വാധീനിക്കാൻ ശ്രമിച്ചത് കുറ്റമാണെങ്കിൽ, അവർക്ക് കൈക്കൂലി കൊടുത്തു എന്ന് പറയുന്നത് കുറ്റമാണെങ്കിൽ, ഒരു ജനപ്രതിനിധി മറ്റൊരാളോട് പറഞ്ഞിരിക്കുന്നു ഇന്നയാളെ

LIBRARY ARCHIVES Kerala Legislative Assembly

സാധീനിക്കണം എന്ന്.....എന്താ വേണ്ടത് അത് കൊടുക്കണം, അതിന് അനുകൂലമായി വിധി പറയണം. ശ്രീ. പി. സി. ജോർജിനെതിരായി കേസ് എടുക്കണം സർ, ഈ വിഷയം ഗൗരവത്തോടുകൂടിയെടുക്കണം എന്ന കാര്യം ഞാൻ ഉന്നയിക്കുകയാണ്. ഈ സഭയിൽ പല സന്ദർഭങ്ങളിലും ഈ ആരോപണം ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ആരെക്കുറിച്ചും ആക്ഷേപം ഉന്നയിക്കാം, അത് എഴുതിക്കൊടുക്കേണ്ട ആവശ്യമില്ല. നിയമസഭയിലെ നിയമവും പാലിക്കേണ്ട ആവശ്യമില്ല. ആ രീതിയിൽ പലർക്കുമെതിരായി ആക്ഷേപം ഉന്നയിക്കുകയാണ് അദ്ദേഹം. കണ്ണാടിയുടെ മുന്നിലിരുന്ന് പ്രസംഗിക്കുന്നതു പോലെ ചില പ്രസംഗങ്ങൾ നടത്തുകയാണ്. ഇത് ശരിയല്ല സർ. ചെയറിന്റെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ കൃത്യമായ റൂളിംഗ് ഉണ്ടാകണം. ഈ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ചിലർക്കുമാത്രം പോകാൻ കഴിയുന്ന ഒരു അവസ്ഥയുണ്ടാകരുത്. കേരളത്തിൽ കഴിഞ്ഞ നാലേമുക്കാൽ വർഷംകൊണ്ട് ഇത്രയേറെ നേട്ടങ്ങൾ ഉണ്ടായിട്ടുള്ളതും സർവ്വ മേഖലകളേയും അങ്ങേയറ്റം പരിപോഷിപ്പിച്ചിട്ടുള്ളതുമായ ഒരു കാലഘട്ടം ഇതുവരെ ഉണ്ടായിട്ടില്ല. സകല മേഖലകളിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവർ പറയുന്ന ചില കുറവുകളൊക്കെ കഴിഞ്ഞ രണ്ട് സന്ദർഭങ്ങളിലായി വന്നിട്ടുണ്ട്. പക്ഷേ ജനങ്ങൾ ഇപ്പോൾ എല്ലാം തിരിച്ചറിയുന്നുണ്ട്. രണ്ടുമൂന്ന് മാസം കഴിഞ്ഞാൽ നടക്കാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഈ മാജ്യത്തെ ജനങ്ങൾ കേരളത്തിലുണ്ടായ നേട്ടങ്ങൾ നല്ലപോലെ വിലയിരുത്തും. അപ്പുറത്ത് അവർ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളും വിലയിരുത്തും. കേരളത്തിലെ നേട്ടങ്ങളെ അംഗീകരിച്ചുകൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ഒരു ജനവിധിയുണ്ടാകും എന്ന കാര്യത്തിൽ സംശയവുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ 5-ാമത്തെ വർഷം ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

2.00 PM]

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലേമുക്കാൽ വർഷംകൊണ്ട് വിപ്ലവകരമായ മാറ്റങ്ങളാണ് കേരളത്തിലെ എല്ലാ മേഖലകളിലും ഉണ്ടായിരിക്കുന്നത്. കേരളത്തിൽ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടി ഏതാണ്ട് 5 ലക്ഷം വീടുകൾ പണിതുകൊടുത്തു. ഏത് മേഖലയെടുത്താലും വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. ഒറ്റ കാര്യം മാത്രം എടുത്താൽ ഈ സർക്കാരിന്റെ പ്രവർത്തനം ലോകത്തിലെ ഏറ്റവും നല്ല സർക്കാരിന്റെ ഗോൾഡ് മെഡൽ കിട്ടേണ്ട പ്രവർത്തനമായി മാറും. കേരളത്തിലെ ഏറ്റവും പാവപ്പെട്ട, ഏറ്റവും പട്ടിണി കിടക്കുന്ന 22 ലക്ഷം വീടുകളിൽ വൈദ്യുതി എത്തിച്ചു. കോൺഗ്രസ്സിന്റെ സീനിയർ നേതാവായ ശ്രീ. ഷിൻഡേ പാലക്കാട് വന്ന് പറഞ്ഞത് എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷകരമായ നിമിഷമാണിത് എന്നാണ്. ശ്രീ. ഷിൻഡേ സത്യസന്ധനായ ഒരു കോൺഗ്രസ് മന്ത്രിയാണ്. അദ്ദേഹം പറഞ്ഞു എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷകരമായ നിമിഷമാണിത്,

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ ഇത് കേരളത്തിൽ സംഭവിച്ചെടുത്തുവെന്ന്. ലോകത്തിൽ ഒരു കാലത്തും, ചരിത്രത്തിൽ ഒരു കാലത്തും 22 ലക്ഷം വീടുകളിൽ കറണ്ട് എത്തിച്ചിട്ടില്ല. ഏറ്റവും പാവപ്പെട്ട പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കൂലിപ്പണിക്കാർക്കുമാണ് വൈദ്യുതി എത്തിച്ചിരിക്കുന്നത്. 20,000 ട്രാൻസ്ഫോർമറുകൾ കേരളത്തിലുടനീളം സ്ഥാപിച്ച് വോൾട്ടേജിന്റെ പ്രശ്നം തീർത്തു. എല്ലാ ഡിപ്പാർട്ടുമെന്റുകളെപ്പറ്റിയും പറയുന്നതിന് എനിക്ക് സമയമില്ല. ഞാൻ ശ്രീ. എ. പി. അനിൽ കുമാർ അവസാനിപ്പിച്ച ഭാഗത്തുനിന്ന് തുടങ്ങാം. ഞാൻ ഐ.എ.എസ്. രാജിവച്ച് ഈ സഭയിലേക്ക് വന്നത് ഒരു ധാർമ്മികത കൊണ്ടാണ്. ഞാൻ പഠിച്ചത് വൈദ്യുതിയില്ലാത്ത ഒരു ഗ്രാമത്തിലെ മലയാളം മീഡിയം സ്കൂളിലാണ്. അങ്ങോട്ടുമിങ്ങോട്ടും നാല് കിലോമീറ്റർ യാത്ര ചെയ്തു പഠിച്ച, ഒരു സ്കൂൾ ടീച്ചറിന്റെ ഒൻപത് മക്കളിൽ ഒരാളാണ് ഞാൻ. എന്റെ അപ്പനും അമ്മയും അനാഥാലയത്തിൽ പോയി രണ്ട് കുട്ടികളെക്കൂടി രക്ഷപ്പെടുത്തു. ഞങ്ങൾ 11 കുട്ടികളായി. ഇത്തിരി വട്ടുള്ള കുടുംബമാണെന്ന് വേണമെങ്കിൽ പറയാം. വ്യത്യസ്തമായി മറ്റുള്ളവരെപ്പറ്റി ചിന്തിക്കുകയും അവിടെ എന്തെങ്കിലും ചെയ്യണമെന്ന് നമുക്ക് തോന്നുകയും ചെയ്യുമ്പോൾ അത് വട്ടാണെന്ന് സമൂഹം പറയും. അതിന് ഒരു കുഴപ്പവുമില്ല. ഞങ്ങൾ അത് കേട്ടോളാം. എസ്.എസ്.എൽ.സി.-ക്ക് എനിക്ക് കിട്ടിയത് 42 ശതമാനം മാർക്കാണ്. അതു കഴിഞ്ഞ് മണിമലയാറിന് തീരത്തുനിന്ന് ഞാൻ ചോദിച്ചു, ഞാൻ ജനിച്ചിരിക്കുന്നതെന്തിനാണ്? 42 ശതമാനം മാർക്ക് കിട്ടിയ മണ്ടനായ ഞാൻ തീരുമാനിച്ചു, ഞാൻ ജനിച്ചിരിക്കുന്നത് ലോകത്തിന് മാറ്റങ്ങൾ വരുത്താൻ വേണ്ടിയാണെന്ന്. അന്ന് ഞാൻ തീരുമാനിച്ചു, എനിക്ക് ബുദ്ധിയുണ്ട്, എനിക്ക് കഴിവുണ്ട്. എല്ലാ ക്ലാസ്സിലും ഞാൻ ടോപ്പറായി. ഞാൻ ഡിക്ഷ്ണറിയെടുത്ത് ഇംഗ്ലീഷ് പഠിച്ചു. കണ്ണാടിയുടെ മുൻപിൽനിന്നുകൊണ്ട് കൊഞ്ഞനം കാണിച്ച് ഇംഗ്ലീഷ് പ്രൊനൗൺസ് ചെയ്യാൻ പഠിച്ചു. ഞാൻ തീരുമാനിച്ചു, ഇംഗ്ലീഷ് സംസാരിക്കുകയാണെങ്കിൽ ലോകത്തിൽ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ ഇംഗ്ലീഷ് സംസാരിക്കുമെന്ന്. ഐ.എ.എസ്. പരീക്ഷ എഴുതാൻ ചെന്നപ്പോൾ ഞാൻ എന്റെ ഡയറിയിൽ എഴുതി വച്ചു, മൂന്നു ലക്ഷം പേർ എഴുതുന്ന ഈ പരീക്ഷയിൽ ഞാൻ ടോപ്പറാകുമെന്ന്. കോട്ടയം കളക്ടറായിരുന്നപ്പോൾ തീരുമാനിച്ചു, കോട്ടയം ജില്ലയെ പൂർണ്ണ സാക്ഷരതയുള്ള ആദ്യത്തെ ടൗൺ ആക്കുമെന്ന്. അത് പറഞ്ഞപ്പോൾ എല്ലാവരും പറഞ്ഞു, ഇത് മണ്ടത്തരമാണെന്ന്. ഞങ്ങൾ അത് സാധിച്ചു. 14000 വോളന്റിയർമാർ ഇറങ്ങിത്തിരിച്ച് പഠിപ്പിച്ചു. പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ കത്താണിത്.... It demonstrate that with determination and will and the involvement of all sections of the society, a very complex and difficult task like imparting of literacy to those who do not have access to it, can be achieved with less time and cost. The Kottayam experiment could easily be a pace set of a complete eradication of illiteracy not only in Kerala but elsewhere in the country.

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ല ഇൻഡ്യയ്ക്ക് മാതൃകയാണ്. ബഹുമാനപ്പെട്ട രാജീവ്ഗാന്ധി എനിക്ക് എഴുതിയ കത്താണ്. ഡൽഹിയിൽ ചെന്നു. ഞാൻ പറഞ്ഞു, ഇവിടത്തെ മാഫിയ,..... അവരല്ല ഇവിടെ ഭരിക്കുന്ന ആൾക്കാർ, അവരല്ല രാജാക്കന്മാർ..... ഇവിടെ സർക്കാരിന്റെ നിയമം നടപ്പാക്കണമെന്നും സർക്കാരിന്റെ സ്ഥലം പ്രൊട്ടക്ട് ചെയ്യണമെന്നും തീരുമാനിച്ച് ഞങ്ങൾ ഇറങ്ങിത്തിരിച്ചു. ഡൽഹിയിലെ മാഫിയകളുടെ 14310 കൊട്ടാരങ്ങൾ ഇടിച്ചു പൊളിച്ചു. പെട്ടിക്കടകളും കുടിലുകളുമല്ല, കൊട്ടാരങ്ങളാണ് ഇടിച്ചു പൊളിച്ചത്. ആദ്യത്തെ കെട്ടിടം ഡൽഹിയിലെ ഏറ്റവും വലിയ മാഫിയ നേതാവ് എച്ച്.കെ.എൽ. ഭഗതിന്റെ 2 ലക്ഷം സ്ക്വയർഫീറ്റുള്ള കെട്ടിടമാണ്. എന്റെ കുട്ടികൾക്ക് അടി കൊണ്ടു, എന്റെ ഭാര്യയെ മരിച്ചുവെന്ന് പറഞ്ഞ് രക്തക്കളത്തിൽ ഇട്ടിട്ടുപോയി. ലക്നൗവിൽ ഒരു പോലീസ് വണ്ടി വന്ന് എടുത്തുകൊണ്ടുപോയി. തലയിൽ എട്ട് കുത്തിക്കെട്ടോടെയായിരുന്നു, അവർ ജീവിച്ചിരിപ്പുണ്ട്. ഞാൻ കേരളത്തിൽ തിരിച്ചുവന്നു. എൻട്രൻസ് പരീക്ഷയുടെ റിസൾട്ട് പരീക്ഷ കഴിഞ്ഞ് ഏഴാമത്തെ ദിവസം പുറത്തുവന്നു. കേരളത്തിൽ സ്വാശ്രയ കോളേജ് തുടങ്ങി. പക്ഷേ അന്ന് 70 ശതമാനവും മെറിറ്റ് സീറ്റായിരുന്നു എന്ന കാര്യം ഓർക്കണം. ഇന്നിതാ ഒന്നര ലക്ഷം സീറ്റുകൾ കൂട്ടിയിരിക്കുകയാണ്. എൻട്രൻസ് പരീക്ഷയുടെ റിസൾട്ട് ഏഴാമത്തെ ദിവസം പുറത്തിറക്കിയപ്പോൾ ആറ് പത്രക്കാർ ഞങ്ങളെപ്പറ്റി എഡിറ്റോറിയൽ എഴുതി. എൻട്രൻസ് കമ്മീഷണറുടെ ഓഫീസിന് ഒന്നാം റാങ്ക്. ട്രാൻസ്പോർട്ട് കമ്മീഷണറായിരിക്കുമ്പോൾ ഓരോ ദിവസവും രാവിലെ 5 മണി മുതൽ രാത്രി 12 മണി വരെ ഞാൻ തന്നെ റോഡിലിറങ്ങി. മൂന്ന് ദിവസംകൊണ്ട് 5800 വണ്ടികൾ പിടിച്ച് ഫൈൻ ചെയ്തപ്പോൾ അടുത്തയാഴ്ച കേരളത്തിലെ ആക്സിഡന്റ് റേറ്റ് പകുതിയായി. എട്ടുവർഷം സർവ്വീസ് ബാക്കിയിരിക്കെ ഞാൻ രാജിവച്ച് ഇറങ്ങി പോന്നു. എല്ലാവരും പറഞ്ഞു ഇത് വട്ടാണെന്ന്. ഇയാൾക്കെന്തോ അസുഖമാണെന്ന്. വീടുണ്ട്, വണ്ടിയുണ്ട്, നല്ല ശമ്പളമുണ്ട്, എല്ലാമുണ്ട്, പിന്നെ എന്തിനാണ് ഇയാൾ രാജി വച്ചതെന്ന്. 32-ാം ദിവസം ജനങ്ങൾ എന്നെ വലിയ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുത്തു. ഞാൻ ഈ സഭയിൽ വന്നപ്പോൾ തീരുമാനിച്ച രണ്ട് കാര്യങ്ങൾ, ഞാൻ ജനങ്ങളുടെ ശബ്ദമായിരിക്കും. പാവപ്പെട്ടവരുടെ ശബ്ദമായിരിക്കും എന്നതാണ്. ഞാൻ ഐ.എ.എസ്. രാജിവച്ച് ഈ സഭയിൽ വന്നത് വെറുതെ കോമാളി കളിക്കാൻ വേണ്ടിയല്ല, ഞാൻ ജനങ്ങളുടെ ശബ്ദമായിരിക്കും. ഇവിടെ വന്നപ്പോൾ എനിക്ക് എം.എൽ.എ.-മാരെ പേടിയായിരുന്നു. കാരണം രാഷ്ട്രീയക്കാരൻ എന്ന നിലയിൽ എനിക്ക് ഒരു ഭയമുണ്ടായിരുന്നു. ഞാൻ ഇവിടെ വന്ന് പരിചയപ്പെട്ടപ്പോൾ എനിക്ക് മനസ്സിലായി ഇവിടെയിരിക്കുന്ന 140 ആളുകളിൽ മിക്കവാറുംപേർ നല്ല മനുഷ്യരാണ്, അവർ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ ഇവിടെ വന്ന വരാണെന്ന്. ജനങ്ങൾ എന്ത് ചിന്തിക്കുന്നുവെന്ന് അറിയില്ല. ഈ സഭയിൽ പങ്കാളിയായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. കാരണം ഇവിടെയിരിക്കുന്ന മിക്കവാറും ആളുകൾ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ആളുകളാണെന്ന് മനസ്സിലായി. അതിന്റെ ഭാഗമായതിൽ വളരെ സന്തോഷമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ എം.എൽ.എ. ആയപ്പോൾ രണ്ടുകാര്യങ്ങൾ പറഞ്ഞു, ഒന്ന്, ഞാൻ എം.എൽ.എ. ആയിരിക്കുന്നത് ഇവിടത്തെ ശാശ്വതമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയാണ്. അതുകൊണ്ട് ഞാൻ ഒരു കാര്യം പത്രത്തിൽ അനൗൺസ് ചെയ്തു, ഞാൻ എം.എൽ.എ ആയിരിക്കുന്നത് കല്യാണവും മരണവും കൂടാൻവേണ്ടിയല്ല എന്ന്. ഒന്നുകിൽ കല്യാണവും മരണവും കൂടാം, അല്ലെങ്കിൽ നിങ്ങളുടെ മണ്ഡലത്തിലെ വികസന കാര്യങ്ങൾ നോക്കാമെന്ന് ഞാൻ തീരുമാനിച്ചു. കാഞ്ഞിരപ്പള്ളിയിൽ പാവങ്ങളുടെ കൂടെ ഒരു കൊച്ചുമുറിയിൽ കഴിഞ്ഞ്, രാവിലെ എഴുമണിക്കിറങ്ങി, രാത്രി പന്ത്രണ്ടരെ മണിവരെ ഞാൻ തന്നെ വണ്ടിയോടിച്ച് ടി.എ.-യും ഡി.എ.-യും ഒന്നുമില്ലാതെ പ്രവർത്തിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞു, കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്നതുപോലെ എം.എൽ.എ.-മാർ പ്രവർത്തിക്കുകയാണെങ്കിൽ അത്ഭുതം നടക്കുമെന്ന്. പ്രിയപ്പെട്ടവരെ, എനിക്ക് നിങ്ങളേക്കാൾ വലിയ കഴിവൊന്നുമില്ല. പക്ഷേ എനിക്കൊരു കാര്യമുണ്ട്, കമ്മിറ്റ്മെന്റുണ്ട്. എനിക്ക് ഈ ധാർമ്മികത..... ശ്രീ. എ. പി. അനിൽകുമാർ പറഞ്ഞത്, ഞാൻ അദ്ദേഹത്തിനോട് പോയി സ്ക്രിപ്റ്റ് തരാമോയെന്ന് ചോദിച്ചുവെന്നാണ്. അദ്ദേഹം പറഞ്ഞു, ഇല്ല.....ഞാൻ എന്റെ വാക്കിൽനിന്ന് പറഞ്ഞതാണെന്ന്. ആർക്കുവേണമെങ്കിലും എന്തുവേണമെങ്കിലും ചെയ്യാം, ആരെ വേണമെങ്കിലും കൊല്ലാം, എന്ത് തട്ടിപ്പുവേണമെങ്കിലും കാണിക്കാം. ഞാൻ അവിടുന്ന് തുടങ്ങുകയാണ്..... എനിക്ക് കുറച്ച് മിനിട്ടേയുള്ളൂ. നമ്മുടെ നാട്ടിൽ നടക്കുന്നതെന്താണ്? ഞാൻ ജീവിതത്തിൽ ആരേയും തെറി പറഞ്ഞിട്ടില്ല. എനിക്ക് ഇംഗ്ലീഷ് ഭാഷയിൽ ധാരാളം തെറി അറിയാം. ഞാൻ ഇതുവരെ ആരേയും തെറി പറഞ്ഞിട്ടില്ല. എനിക്ക് മലയാള ഭാഷയിൽ ആകെ അറിയാവുന്ന ഒരു തെറി 'മ' കൂട്ടിയുള്ള ഒരു വാക്കാണ്. ഇതുവരെ ഞാൻ ആ വാക്ക് ഉപയോഗിച്ചിട്ടില്ല. കഴിഞ്ഞ ദിവസം എന്റെ അയൽവാസിയായ ഒരു എം.എൽ.എ., പുഞ്ഞാർ എം.എൽ.എ, തുടരുകയാണ്. ഇതാ, ശ്രീ. വെള്ളാപ്പള്ളി നടേശൻ പറയുന്നു, "ഇവിടെയൊരു എം.എൽ.എ. ഉണ്ട്. ശബരി റെയിലിന് എതിരെ നിൽക്കുന്ന ഒരു എം.എൽ.എ. അദ്ദേഹം അടുത്ത അസംബ്ലി കാണുകയില്ല" എന്ന്. അടുത്ത ദിവസം പുഞ്ഞാർ എം.എൽ.എ. എഴുന്നേറ്റുനിന്ന് പറയുകയാണ്, അദ്ദേഹം ഉദ്ദേശിച്ചത് അൽഫോൺസ് കണ്ണന്താനത്തിനെയാണെന്ന്. അദ്ദേഹം പ്രസ് കോൺഫറൻസ് നടത്തി, (ഒരു പത്രക്കട്ടിംഗ് സഭയിൽ ഉയർത്തിക്കാട്ടി) ഇതാ സഭയുടെ മേശപ്പുറത്ത് ഞാൻ വയ്ക്കുകയാണ്. മുഖ്യമന്ത്രി വിളിച്ച 20-1-2009, 15-2-2010, 15-3-2010, 12-5-2010 ഈ നാലുമീറ്റിംഗിന്റെ മിനിട്ട്സ്. ഞാൻ എഴുതിയതല്ല, ഇത് കട്ട് ആന്റ് പേസ്റ്റാണ്, ഈ നാല് മീറ്റിംഗിലും തുടങ്ങുന്നത് ഇതാണ്. ശ്രീ. അൽഫോൺസ് കണ്ണന്താനം, എം.എൽ.എ, അങ്കമാലി റയിൽവേ പാത പൂർണ്ണമായും പിന്താങ്ങുന്നതായും നിലവിലുള്ള അലൈൻമെന്റ് ജനവാസമില്ലാത്ത സ്ഥലത്തുകൂടി പോകണമെന്നും പറഞ്ഞു. ഇതാ ഈ നാലുമീറ്റിംഗുകളിലും പുഞ്ഞാർ എം.എൽ.എ. പറഞ്ഞിരിക്കുന്നതെന്താണ്? ഈ റെയിൽവേ ഈ വഴി ആയിക്കൂടാ. ഇതാ, രേഖ ഞാൻ മേശപ്പുറത്തുവയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ..... പോയിന്റ് ഓഫ് ഓർഡർ.....പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ... (ബഹളം).....പോയിന്റ് ഓഫ് ഓർഡർ

ശ്രീ. പി. സി. ജോർജ്: എനിക്ക് സമയം തരണം, ...(ബഹളം).....

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡറാണ്.

ശ്രീ. പി. സി. ജോർജ്: പോയിന്റ് ഓഫ് ഓർഡർ അനുവദിച്ചാൽ.... പോയിന്റ് ഓഫ് ഓർഡർ കിട്ടാതിരിക്കുന്നതെങ്ങനെ?

മി. ചെയർമാൻ: ഒരു പോയിന്റ് ഓഫ് ഓർഡറാണ്.

ശ്രീ. പി. സി. ജോർജ്: പോയിന്റ് ഓർഡർ അനുവദിച്ചാൽ മതി. വസ്തുതാവിരുദ്ധമായി സഭയിൽ പറയുമ്പോൾ സത്യം മനസ്സിലാക്കണം. പുഞ്ചാർ എം.എൽ.എ., റെയിൽവേയുടെ കാര്യത്തിൽ, അദ്ദേഹത്തിനെതിരായി വെള്ളാപ്പള്ളി പറഞ്ഞു എന്ന് പറഞ്ഞു.....അങ്ങനെയല്ല ഉണ്ടായത്. അദ്ദേഹം പത്രസമ്മേളനം നടത്തിപ്പറഞ്ഞത്, ...(ബഹളം).....എനിക്ക് സമയം അനുവദിക്കണം, വസ്തുതാവിരുദ്ധമായി സംസാരിക്കുകയാണ്. അദ്ദേഹം പറഞ്ഞത്, വള്ളക്കടവ് റയിൽവേ ലൈനിനുവേണ്ടി ഞാനും ശ്രീ. കെ. എം. മാണിയും, ശ്രീ. ജയരാജനും ചേർന്ന് നിവേദനം കൊടുത്തുവെന്നാണ്. ...(ബഹളം)....അത് സത്യവിരുദ്ധമാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ഇതിൽ പോയിന്റ് ഓഫ് ഓർഡർ എവിടെയാണ്? ഇത് പോയിന്റ് ഓഫ് ഓർഡറല്ല..... മൈക്ക് തരണം, ഇതാ രേഖ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. നാല് മീറ്റിംഗിലും ഇതാ ശ്രീ. പി. സി. ജോർജ് പറഞ്ഞിരിക്കുന്നു, എന്റെ ശവത്തിന്റെ മുകളിലൂടെയേ ട്രെയിൻ ഓടുകയുള്ളൂവെന്ന്. ശവത്തിന്റെ മുകളിൽക്കൂടെയല്ല ട്രെയിൻ ഓടുന്നത്, ട്രെയിൻ ഓടുന്നത് റയിൽപ്പാളത്തിലൂടെയാണ്. ഇതാ ഞാൻ രേഖ മേശപ്പുറത്തുവയ്ക്കുന്നു. നാല് മീറ്റിംഗുകളിലും..... ഈ റെയിൽവേ അങ്ങ് വണ്ടിപ്പെരിയാറിനപ്പുറത്തെ വള്ളക്കടവിലേക്ക് പോകണം എന്ന്. നാലു മീറ്റിംഗിലും മുഖ്യമന്ത്രിയുടെ സാക്ഷ്യത്തിൽ ഇതാ രേഖപ്പെടുത്തിയിരിക്കുന്ന മിനിട്ട്സ്, എന്നിട്ട് ശ്രീ. പി. സി. ജോർജ് പറയുന്നതെന്താണ്?***

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, The Kerala Public Men Prevention of Corruption Commission Act, August 03-06-1987, ...the Commission constituted under section.....of The Kerala Public Men Prevention of Corruption Commission Act സർ, ***അൽഫോൺസ് കണ്ണന്താനം പറയുന്നതല്ല,

********** മാന്യാംഗത്തിന്റെ ആവശ്യപ്രകാരം അവയിൽ നിന്നും നീക്കം ചെയ്തു

Paragraph 38. We have carefully considered the entire evidence in the case and we find that in the light of the circumstances and strong probabilities of the case, the evidence of PW-1, PW-2, PW-3 and PW-4 is satisfactory believable and acceptable. Accordingly we hope that the petitioner has succeed and substantiating the allegation of corruption specified in the petition in the satisfaction of the Commission and that the fourth respondent has committed corruption within the meaning of section 3 of (c). ..(ബഹളം..) ഈ വിധി നിലനിൽക്കുകയല്ലേ? ഈ വിധിക്ക് അപ്പീൽ പോയിട്ടുണ്ടോ? മിസ്റ്റർ പി. സി. ജോർജ്, നിങ്ങൾ കഴിഞ്ഞ ദിവസം പറഞ്ഞിരിക്കുന്നു, ജോമോൻ പുത്തൻ പുരയ്ക്കലിന്റെ പ്രസ് കോൺഫറൻസ് കേസ് ഒതുക്കാൻ ശ്രീ. പി. സി. ജോർജേ, നിങ്ങളുടെ ടെലഫോൺ നമ്പരെടുത്ത് നോക്കിക്കോളൂ, നിങ്ങൾ ഈ അഴിമതിയാരോപണമെല്ലാം ഉന്നയിച്ചിട്ട്..... നിങ്ങൾ മിസ്റ്റർ രാധാകൃഷ്ണനെ വിളിച്ചില്ലേ? ഫോൺ നമ്പർ 93844777, 9446315977, നിങ്ങൾ വിളിച്ചിട്ടില്ല ജോർജേ,***ഞാൻ ഏതാണ്ട് 62 രാജ്യങ്ങളിൽ പോയിട്ടുണ്ട്. ഞാൻ ഡൽഹിയിലെ മാഫിയകളുടെ 14000 കെട്ടിടങ്ങൾ ഇടിച്ചുപൊളിച്ചിട്ടുണ്ട്.*** സാധാരണ നമ്മളൊക്കെ ആദ്യം ഉച്ചരിക്കുന്ന വാക്കുകൾ, മാ കൂട്ടി "അമ്മ" എന്നാണ്. ***ഇങ്ങനെയാണ്, സർ, ഇങ്ങനെ? ഈ സഭയ്ക്ക് പുറത്ത് മാന്യമായിട്ട് നമുക്കൊരു ധാർമ്മികതയില്ലേ? നിങ്ങൾ ചെയ്ത കാര്യങ്ങൾ ശ്രീ ജോർജ് കാണിക്കു ഇവിടെ. നിങ്ങൾ കഴിഞ്ഞ 25 വർഷമായി എം.എൽ.എ. അല്ലേ ഒരു കലുങ്ക് അവിടെ പണിതിട്ടുണ്ടോ? നിങ്ങൾ പറഞ്ഞുനടക്കുകയാണ്, ശ്രീ. അൽഫോൺസ് കണ്ണന്താനം മിനി സിവിൽ സ്റ്റേഷൻ പണിതു, ഏറ്റവും നല്ല കെട്ടിടമാണെന്ന് എന്ന്. അവിടുത്തെ ലിഫ്റ്റ് പ്രവർത്തിക്കുന്നില്ലായിരുന്നു. ഞാൻ അത് പണിത് കാണിച്ചു. ഏഴുവർഷമെടുത്തിട്ട് ഒന്നും ചെയ്യാൻ പറ്റാത്ത കാഞ്ഞിരപ്പള്ളിയിൽ 730 ദിവസം കൊണ്ട് തീരേണ്ട കെട്ടിടം 427 ദിവസം കൊണ്ട് തീർത്തു. പുഞ്ഞാർ എം.എൽ.എ. പകുതി സമയംകൊണ്ട് തീർത്തു. ലിഫ്റ്റ് പ്രവർത്തിക്കുന്നില്ല സോറി, അത് പണിത് കൊടുക്കാൻ ഞാൻ സഹായിച്ചു, അവിടത്തെ ലിഫ്റ്റ് പ്രവർത്തിക്കുന്നു, അവിടത്തെ കക്കൂസ് കഴുകുന്നത് എം.എൽ.എ.-യുടെ ജോലിയല്ല. പുഞ്ഞാർ എം.എൽ.എ. നിങ്ങൾ സൂക്ഷിച്ചുകൊള്ളൂ..... നിങ്ങളുടെ നാക്കിന് യാതൊരു ലൈസൻസുമില്ല. മാന്യമായി ജീവിക്കുന്ന മനുഷ്യനാണിത്. 27 വർഷം രാവിലെ എട്ടുമണിക്ക് ഓഫീസിൽ പോയി വൈകുന്നേരം വരെ ജോലിചെയ്തു. ഇതാ പ്രധാനമന്ത്രിയുടെ കത്തും. അതുമാത്രമല്ല, ടൈം മാസികയുടെ നൂറ് യുവനേതാക്കൻമാരുടെ ലിസ്റ്റിലും വന്നു. കാണിക്കാം ജോർജേ, നോക്കിക്കോളൂ, അതുമാത്രമല്ല. നോക്കിക്കോളൂ..... മനോരമ പത്രത്തിന്റെ "The Week മാസികയിൽ എഴുതിയിരിക്കുന്നതെന്താണ്? The acting MLA..... നോക്കിക്കോളൂ നടന്നെന്നല്ല, Kanjirappalli a model bureaucrat on.....നോക്കിക്കോളൂ ജോർജേ, നോക്കിക്കോളൂ നിങ്ങൾ മാന്യമായി ജീവിക്കാൻ തീരുമാനിക്കുക, മാന്യമായി.....ഈ സഭയ്ക്ക് പുറത്ത് എന്തും പറയാം, ഞാൻ നിങ്ങളെ സ്യൂ ചെയ്യാൻ പോകുകയാണ് defamation ചെയ്യാൻ പോകുകയാണ്. തീർച്ചയായും

*********ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം അവയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ശബരി കേസിൽ ഞാൻ നിങ്ങൾക്കെതിരായി defamation കേസ് ഫയൽ ചെയ്തിരിക്കും. നാണംകെട്ട ഈ രാഷ്ട്രീയ ധർമ്മം അവസാനിപ്പിക്കണം. നമ്മൾ ഈ സഭയിൽ വന്നിരിക്കുന്നത് ജനങ്ങൾക്കുവേണ്ടിയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ അൽഫോൺസ് കണ്ണന്താനം: കേരളത്തിൽ 43 ലക്ഷം ആൾക്കാർ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണെങ്കിൽ നമ്മളൊക്കെ ഇവിടെ വന്നിരിക്കുന്നത് അങ്ങോട്ടും ഇങ്ങോട്ടും തെറിപറയാൻ വേണ്ടിയല്ല, കാശ് ഉണ്ടാക്കാൻവേണ്ടിയല്ല. പുഞ്ചാറിൽ കോടതിയില്ല, പോലീസ് സ്റ്റേഷനുണ്ടോ? അവിടത്തെ ഏക രാജാവും ഏക ജഡ്ജിയും ഏക കളക്ടറും, ഏക വില്ലേജോഫീസറും ഈ ഇരിക്കുന്ന മനുഷ്യനാണ്. ഇതാണോ ജനാധിപത്യം? ഇതാണോ ഡിമോക്രസി? വ്യത്യസ്ഥമാകണം സർ, വ്യത്യസ്ഥമാകണം. അവിടുത്തെ മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം ചെയ്തപ്പോൾ, കോൺഗ്രസുകാരെ ഞാൻ അഭിനന്ദിക്കട്ടെ, അവർ അവിടെ ഫ്ളക്സ് ബോർഡ് വച്ചു. അൽഫോൺസ് കണ്ണന്താനത്തിന് അഭിനന്ദനം. ഇതാണ് ഡിമോക്രസി. നല്ല കാര്യങ്ങൾ കണ്ടാൽ അത് കാണാനും അതിനെ ഉൾക്കൊള്ളാനും കഴിവുള്ള ആൾക്കാർ ഇവിടെയുണ്ട്. പ്രതിപക്ഷത്തുമുണ്ട്. നമുക്ക് ഈ ചർച്ച ഈ അസംബ്ലിയിൽ നിന്നും മാറ്റണം. അങ്ങോട്ടുമിങ്ങോട്ടും ഞാൻ ഇതുവരെ കുറ്റം പറഞ്ഞിട്ടില്ല. ഞാൻ എന്റെ ജീവിതത്തിൽ ആരോടും തെറി പറഞ്ഞിട്ടില്ല. എന്നെ ഈ വയസാൻ കാലത്ത് മലയാളം ഡിക്ഷണറിയെടുത്ത് തെറി പറയാൻ പഠിപ്പിക്കരുത്, പ്ലീസ്, ഞാൻ അപേക്ഷിക്കുകയാണ്. പ്ലീസ്..... എന്നെ ആരും അടിച്ചിട്ടില്ല, എന്നെ അടിച്ചാൽ,..... ബാബറി മസ്ജിത്ത് ഇടിച്ച് പൊളിച്ചപ്പോൾ..... ഒന്നോർത്തോളണം, ഇവിടെയിരിക്കുന്ന പുഞ്ചാർ എം. എൽ. എ. ഒരു വാക്കുപറഞ്ഞില്ല, അൽഫോൺസ് കണ്ണന്താനം എന്ന ഡൽഹിയിലെ കമ്മിഷണറായിരുന്ന ഉദ്യോഗസ്ഥൻ, ഇത് ഇടിച്ചുപൊളിച്ചത് നരസിംഹറാവു ആണെന്ന് പറഞ്ഞതിന് സസ്പെൻഷൻ വാങ്ങിയ ആളാണ്, അത്രയും ധൈര്യമുണ്ട്, പുഞ്ചാർ എം.എൽ.എ. ഓർത്തുകൊള്ളണം, ഈ ധാർമ്മികത. നിങ്ങൾ പറയും കണ്ണന്താനത്തിന് വട്ടാണെന്ന്, ഞാൻ വ്യത്യസ്ഥമായി ചിന്തിക്കുന്നു. ഞാൻ വ്യത്യസ്ഥമായി പ്രതികരിക്കും ജോർജേ, ഞാൻ ഇറങ്ങും, എന്റെ ഭാര്യയ്ക്ക് അടി കിട്ടിയിട്ടുണ്ട്. നിങ്ങളുടെ ഭാര്യയുടെ ഒരു കൊച്ചു തലമുടിക്കു പോലും എന്തെങ്കിലും പറ്റിയിട്ടുണ്ടോ? എന്റെ ഭാര്യയെ അവർ അടിച്ചു, രക്തക്കളത്തിൽ കിടന്നു. ഞാൻ എട്ടുവർഷം തോക്കുംകൊണ്ട് നടന്നു, എന്റെ പിള്ളേരെ അടിച്ചു, ഇതാണ് എന്റെ ധാർമ്മികത. ഞാൻ ലോകത്തിൽ വ്യത്യാസം വരുത്തും.

മി. ചെയർമാൻ: താങ്കളുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: പ്രശ്നമിതാണ്. പുഞ്ചാർ മണ്ഡലം എന്റെ മണ്ഡലമായിപ്പോയി. അറുപത്തിയഞ്ച് ശതമാനം.....

മി. ചെയർമാൻ: താങ്കളുടെ പ്രസംഗം ചുരുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൽഫോൺസ് കണ്ണന്താനം: ഞാൻ സ്ഥാനാർത്ഥിയാകുമെന്ന് വലിയൊരു ഭയം, ജോർജേ, ...

മി. ചെയർമാൻ: അടുത്ത ആളെ വിളിക്കുകയാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ജോർജിന്റെ ജീവിതം തീയിലാണ്. ജോർജേ ഇതൊക്കെ മാറ്റണം, മാന്യമായി...ഞാൻ ഈ നന്ദിപ്രമേയത്തെ ഒന്നു കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ് :.....സർ,.....

മി. ചെയർമാൻ: ഇദ്ദേഹത്തിന്റേത് പരിശോധിച്ചിട്ട് പറയാം, അവസരം തരാം, മറ്റൊരവസരം തരാം., പരിശോധിച്ചിട്ട് പറയാം.

ശ്രീമതി കെ. കെ. ലതിക : സർ, ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ശരിയായിരുന്നുവെന്ന് ഗവർണർ നടത്തിയ പ്രഖ്യാപനത്തിലൂടെ തെളിയിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് വീടില്ലാത്ത ഏറ്റവും പാവപ്പെട്ട ആളുകൾക്ക് വീട്, മിച്ചഭൂമി പതിച്ചുനൽകൽ, ലക്ഷം വീട് പുനർനിർമ്മാണ പ്രവർത്തനം, പൊതുമേഖല ലാഭത്തിലാക്കൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൂമി നൽകൽ, കേരളത്തിലെ മണ്ട് ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം, നൂറോളം മൺഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടങ്ങിയവ നടപ്പാക്കി. ഒ.പി. ടിക്കറ്റിന് ഫീസ് ഏർപ്പെടുത്തിക്കൊണ്ട് യു.ഡി.എഫ്. തകർത്ത ആരോഗ്യ മേഖലയിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ സമഗ്രമായ മാറ്റങ്ങൾ വരുത്തി. കേരളത്തിലെ ഏറ്റവും പാവപ്പെട്ടവർക്കുമാത്രമല്ല, എല്ലാ വിഭാഗം ജനങ്ങൾക്കും കയറിചെല്ലാൻ പറ്റുന്ന ഇടമാക്കി മാറ്റി. ആരോഗ്യ മേഖലയെ മാറ്റി. ശ്രീ ഉമ്മൻചാണ്ടിയുടെ കാലത്ത് തകർത്തെറിഞ്ഞ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ വികസിപ്പിച്ചെടുത്തു. ഇന്ത്യയ്ക്കാകെ മാതൃകയായിക്കൊണ്ട് കേരളത്തിൽ 50 ശതമാനം വനിതകൾക്ക് സംവരണം ഏർപ്പെടുത്തി. സ്ത്രീ പീഡനങ്ങളുടെ കാലമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലമെങ്കിൽ സ്ത്രീ പീഡനങ്ങളെക്കുറിച്ച് ഒരു ആശങ്കയും ഇല്ലാതെയുള്ള ഒരു അവസ്ഥയിലേക്ക് ഈ ഗവൺമെന്റ് കേരളത്തെ എത്തിച്ചു. ഇത് വ്യത്യസ്തമായ നയം തന്നെയാണെന്ന് കോൺഗ്രസ്സുകാർക്കും ഇവിടെ പ്രസംഗിക്കുന്നവർക്കുമൊക്കെ അറിയാം. ഈ വ്യത്യസ്തത നമുക്ക് മറ്റൊരു കാര്യത്തിൽക്കൂടെ മനസ്സിലാക്കാം. 1992 മുതൽ 2010 വരെ പൊതുമേഖലാ സ്ഥാപനങ്ങളെ വെട്ടിവിഴുങ്ങിയത് 5,45,936 കോടി രൂപയാണ്. കോടിക്കണക്കിന് രൂപയുടെ കുംഭകോണങ്ങളാണ് കേന്ദ്രത്തിൽ നടത്തിയിരിക്കുന്നത്. ഈ കാശുണ്ടായിരുന്നെങ്കിൽ ഇന്ത്യാ രാജ്യത്തെ മുഴുവൻ ആളുകൾക്കും ഭക്ഷ്യ സബ്സിഡി കൊടുക്കാൻ കഴിയുമായിരുന്നു. ബി.പി.എൽ., എ.പി.എൽ. ലിസ്റ്റ് ഒന്നും എടുക്കേണ്ടിവരുമായിരുന്നില്ല. മുഴുവൻ ആളുകൾക്കും വൈദ്യുതി ചെറിയ പൈസയ്ക്ക് കൊടുക്കാൻ കഴിയുമായിരുന്നു. ഇങ്ങനെ ഇന്ത്യയെ വിറ്റ്

കാശാക്കുന്ന, നമ്മുടെ നാടിന്റെ പൊതു സംവിധാനത്തെയാകെ വിറ്റുകാശാക്കുന്ന ആളുകളാണ് ഇവിടെയുള്ള കോൺഗ്രസ്സും യു.ഡി.എഫും എന്ന് നമുക്കറിയാം. ഇവിടെ പ്രധാനമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന സ്പെയ്സ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാണ് നേരത്തെ സൂചിപ്പിച്ച രണ്ട് ലക്ഷം കോടി രൂപയുടെ അഴിമതി. ദേശീയ ദിനപ്പത്രങ്ങളിലൊക്കെ ഈ കാര്യം വന്നിട്ടുണ്ട്. കോൺഗ്രസ്സുകാർക്ക് എന്തിനാണ് ഇത്രയധികം പണം? എനിക്ക് തോന്നുന്നത്, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മൽസരിച്ച മുല്ലപ്പള്ളി രാമചന്ദ്രനുവേണ്ടി എന്റെ നാട്ടിലെ മുരളി എന്നുപറയുന്ന കോൺഗ്രസ് നേതാവ് രണ്ട് പെട്ടി കൊണ്ടുവന്നുവെന്ന് പറയുന്നത് കേട്ടു. ഒരു കോടി രൂപയാണ് ഓരോ മണ്ഡലത്തിലേക്കും കൊടുക്കുന്നതെന്ന് കേട്ടു. ശരിയാണോയെന്ന് എനിക്ക് അറിയില്ല. 50 ലക്ഷത്തിന്റെ പെട്ടി കൊണ്ടുവന്നു. ഒരാൾ 25 ലക്ഷത്തിന്റെ പെട്ടിയുമായി നാട്ടിലെത്തിയ കഥ,..... കോൺഗ്രസ്സിന്റെ നേതാക്കന്മാർ തന്നെ അന്ന് പരാതി എഴുതി കൊടുത്തുവെന്നും മുരളിക്ക് എതിരെ നടപടിവരുമെന്നൊക്കെ പറഞ്ഞു. എവിടുന്നാണ് ഈ കോടികൾ കോൺഗ്രസ്സിന് കിട്ടുന്നത്? ഇന്ത്യയുടെ മുഴുവൻ വിദേശക്കടവും അടച്ചുതീർക്കാൻ പറ്റുന്നതല്ലേ ഈ രണ്ട് ലക്ഷം കോടി എന്നുപറയുന്നത്? ഇവർ കട്ടുണ്ടാക്കിയ ഈ കോടികൾ ഉപയോഗിക്കുന്നത് എന്തിനുവേണ്ടിയാണ് പരിശോധിക്കുന്നതായിട്ടുണ്ട്. നമ്മുടെ നാട്ടിനുവേണ്ടിയിട്ടുള്ള പണമാണ് ശ്രീ. കരുണാനിധിയും ശ്രീ. മൻമോഹൻസിംഗും അഴിമതിയിലൂടെ നഷ്ടപ്പെടുത്തിയത്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന വീട്ടമ്മമാരുടെ കണ്ണീരിന്റെകൂടി വിലയാണ് സ്പെക്ട്രം അഴിമതിയിലൂടെയും മറ്റ് അഴിമതികളിലൂടെയും കോൺഗ്രസ്സ് ഇങ്ങനെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യ സമരകാലത്തൊക്കെ കോൺഗ്രസ്സിന്റെ നേതാക്കന്മാർ പറഞ്ഞിട്ടുള്ളത് സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശം എന്നാണ്. ഇന്നിപ്പോൾ അതിന്റെ നേതാക്കന്മാരുടെ പ്രവർത്തനം അഴിമതി ഞങ്ങളുടെ ജന്മാവകാശം എന്നുള്ള രീതിയിലാണ്. നിങ്ങൾ നോക്കുക, പണ്ടുകാലത്ത് നമ്മുടെ നാട്ടിൽ ഒരു മരണം സംഭവിച്ചാൽ നമുക്കൊക്കെ വേവലാതിയാണ്. ഒരുപാട് സംഭവങ്ങൾ കണ്ട് ഇതൊന്നും ഒരു വേവലാതിയല്ലാത്ത രൂപത്തിലേക്ക് മാറുന്നതുപോലെ ഇപ്പോൾ രണ്ട് ലക്ഷം കോടി അല്ലെങ്കിൽ ഒരു കോടി എന്നുപറയുന്നത് ആളുകൾക്ക് അതൊരു അഴിമതിയായിട്ട് തോന്നുന്നില്ല. രണ്ട് ലക്ഷം 176 ലക്ഷം എന്നൊക്കെ പറയുന്നത് അഴിമതിയായി തോന്നാത്ത രൂപത്തിലേക്ക് ഇന്ത്യാ രാജ്യത്ത് കോൺഗ്രസ്സ് മാറ്റിയിരിക്കുകയാണ്. സ്പെക്ട്രം അഴിമതിയിലൂടെ നേടിയ പണം കേരളത്തിലും ബംഗാളിലും തമിഴ്നാട്ടിലുമൊക്കെയായി അടുത്ത് നടക്കാൻ പോവുന്ന തെരഞ്ഞെടുപ്പിൽ ഇവർ ഇറക്കാൻ പോവുകയാണ്. അതുകൊണ്ടാണ് ഇവർ ഈ തെരഞ്ഞെടുപ്പിനെക്കുറിച്ച് വല്ലാത്ത രൂപത്തിൽ ഊറ്റം കൊള്ളുന്നത്. എന്നാൽ ഞങ്ങൾക്ക് ഈ നാട്ടിലെ സ്ത്രീകളോട്, വീട്ടമ്മമാരോട് പറയാനുള്ളത്,..... നിങ്ങൾ എത്രമാത്രം അഴിമതി പണം ഇവിടെ ഇറക്കിയാലും ഇവിടെ ഒരു ഭരണത്തുടർച്ചയുണ്ടാകാൻ ഇവിടുത്തെ സ്ത്രീകൾ തീരുമാനിച്ചു കഴിഞ്ഞു. നിങ്ങൾ ചോദിച്ചുവല്ലോ, എന്താണ് നേട്ടം എന്ന്? ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അങ്ങനെ ചോദിക്കുന്നത് കേട്ടപ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്കുസങ്കടം. ഇന്ത്യാ രാജ്യത്തെ വലിയ കോർപ്പറേറ്റ് മുതലാളിമാർക്കുവേണ്ടി യാണല്ലോ നിങ്ങളിങ്ങനെ പണം കട്ടുണ്ടാക്കുന്നത്. കേരളത്തിൽ അങ്ങനെയല്ല. നേട്ടമുണ്ട്, രണ്ട് രൂപയുടെ അരി വാങ്ങുന്ന ആളിനോട് നിങ്ങൾ നേട്ടമില്ലായെന്ന് പറഞ്ഞാൽ സമ്മതിക്കാൻ പറ്റുമോ? എന്റെ നാട്ടിൽ ഒരു സാധാരണക്കാരൻ വന്നിട്ട് ചോദിച്ചു, നിങ്ങൾക്ക് ഇവിടുത്തെ മാറ്റമൊന്നും മനസ്സിലാകുന്നില്ലേ എന്ന്. ഞാൻ ചോദിച്ചു എന്ത് മാറ്റമാണ്. അപ്പോൾ അയാൾ പറഞ്ഞു, എന്റെ വീട്ടിൽ നേരത്തെ കറണ്ട് ഇല്ലായിരുന്നു. ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടംപോലെ അവിടെ മിന്നും. അത് രാത്രി 12 മണിക്കുശേഷമാണ് കത്തുക. നമ്മുടെ നാട്ടിൽ വൈദ്യുതി മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം നിങ്ങൾക്ക് മാറ്റമായി അനുഭവപ്പെടുകയില്ല. 22 ലക്ഷം ആളുകൾക്ക് വൈദ്യുതി കിട്ടിയെന്ന് പറഞ്ഞാൽ നിസ്സാരമാണോ? ഈ നാട്ടിലെ സമ്പന്നന് പത്തോ പന്ത്രണ്ടോ പോസ്റ്റ് കൊണ്ട് നേരത്തെ വൈദ്യുതി എടുക്കാൻ കഴിയുമായിരുന്നു. പക്ഷേ ഈ ഗവൺമെന്റ് വന്നപ്പോഴാണ് അത് മാറി. ഈ നാട്ടിലെ ഏറ്റവും സാധാരണക്കാരന് വൈദ്യുതി കൊടുക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് വന്നത്. അതുപോലെയാണ് ഗവൺമെന്റ് ആശുപത്രികളുടെ കാര്യം. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാ സൗകര്യം ഇല്ലാത്തതിന്റെ ഭാഗമായി മുപ്പതിരുത്തോളം സ്ത്രീകൾ ഒരു ദിവസം വലിയ ഒരു സമരം നടത്തി, രാവിലെ 9 മണിമുതൽ വൈകിട്ട് 5 മണി വരെയായിരുന്നു സമരം. ഇവിടെ ഇപ്പോൾ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞു, അമർത്യാസെന്നും ഐസക്കുമൊക്കെ എഴുതിയത് പൂർണ്ണമായിട്ടല്ല, ഏതെങ്കിലും ഒരു ഭാഗം എടുത്ത് നോക്കിക്കഴിഞ്ഞാൽ എന്തും ആർക്കും പറയാം. പക്ഷേ അത് പൂർണ്ണമായി വായിച്ചാൽ എന്താണെന്ന് അറിയാം. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അങ്ങനെ പറയരുതായിരുന്നു. ഇവിടെ ഒരു മെഡിക്കൽ കോളേജ് മാത്രമല്ല, നമ്മുടെ നാട്ടിലെ പി.എച്ച്.സി., സി.എച്ച്.സി. മെഡിക്കൽ കോളേജ് തുടങ്ങിയ സംവിധാനങ്ങളിൽ പോയിക്കഴിഞ്ഞാൽ ആർക്കെങ്കിലും അങ്ങനെ പറയാൻ കഴിയുമോ? ഇവിടെ സാധാരണക്കാരന്റെ പ്രശ്നങ്ങൾ നിങ്ങൾക്ക് പ്രശ്നമല്ലായെന്നുള്ളതുകൊണ്ടല്ലേ നിങ്ങൾ ഈ രൂപത്തിൽ പറയുന്നത്? ഏതായാലും ഒരു ഭരണത്തുടർച്ച കേരളത്തിൽ ഉണ്ടാകാൻ പോവുകയാണ്. കേരളത്തിന്റെ കഴിഞ്ഞ 25 കൊല്ലത്തെ തെരഞ്ഞെടുപ്പ് ചരിത്രം ഇപ്പോൾ മാറാൻ പോവുകയാണ്. അതിൽ ബേജാറായിട്ട് ഒരു കാര്യവുമില്ല. അഞ്ച് വർഷം കൂടുമ്പോൾ മുന്നണി മാറി ഭരിക്കുക എന്നുള്ള അവസ്ഥ പൂർണ്ണമായി ഇവിടെ മാറുകയാണ്. ഇവിടെ ഇടതുപക്ഷം വീണ്ടും വരും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പ്രതിപക്ഷം നടത്തി ചീറ്റിപ്പോയ ഒരു മോചന യാത്രയുണ്ട്. ഈ മോചന യാത്രയിൽ എനിക്ക് സങ്കടം തോന്നിയത്, ചില സ്ഥലത്ത് നമ്മുടെ നാട്ടിലെ ചില സാഹിത്യകാരന്മാരും സാംസ്കാരിക നായകന്മാരും പങ്കെടുത്തതുകണ്ടപ്പോഴാണ്. കോഴിക്കോട്ടും തൃശ്ശൂരും എറണാകുളത്തുമൊക്കെ ഒരേ സാഹിത്യകാരന്മാർ തന്നെയാണ് പങ്കെടുത്തത്. അന്തസ്സുള്ള ആരെങ്കിലും ഇവരുടെ യാത്രയ്ക്ക് പോകുമോ; യു.ഡി.എഫ്.-ന്റെ സ്ഥിതി എന്താണ്; ഒരു ഷോപ്പിംഗ് മാൾ പോലെയല്ലേ? അവിടെ കിട്ടാത്ത എന്തെങ്കിലും ഒരു വൃത്തികേടുണ്ടോ; അവിടെ കിട്ടാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു വൃത്തികേടുമില്ല. അഴിമതി, പെൺവാണിഭം, ഐസ്ക്രീം തുടങ്ങി എല്ലാം അവിടെ കിട്ടും. എല്ലാ സംഗതിയും കിട്ടുന്ന, വൃത്തികേടുകൊണ്ട് നിറഞ്ഞ ഒരു മുന്നണിയാണത്. ഇവരുടെ ജാഥയ്ക്ക് ആളില്ലാത്തതിനാൽ കോഴിക്കോട് നിന്നും മറ്റുപലസ്ഥലത്തുംനിന്നും ആളെ കൂട്ടിക്കൊണ്ടുവരേണ്ടിവന്നു. എന്റെ മണ്ഡലത്തിലെ ഒരു സ്ഥലത്തായിരുന്നു കഴിഞ്ഞ ദിവസം അതിന്റെ സമാപനം നടന്നത്. വല്ലാത്ത മുപത്തിൽ ആളുകൾ ഒന്നും പങ്കെടുക്കാൻ അങ്ങോട്ട് പോയിട്ടുമില്ല. ഇന്ന് മാതൃഭൂമി എഴുതി കണ്ടത് ഈ ആരോപണം വന്നപ്പോൾ വല്ലാതെ ആളു വർദ്ധിച്ചുവെന്നാണ്. പക്ഷേ എന്താണെന്നറിയില്ല. ഈ ആരോപണം കണ്ടിട്ട് ഞങ്ങളുടെ നാട്ടിൽ ആളുകൾ ചെല്ലാത്ത അവസ്ഥയാണ് അവിടെ ഉണ്ടായിരുന്നത്. ഈ ജാഥയ്ക്ക് പിന്തുണ നൽകാൻ മലയാള സാഹിത്യകാരന്മാർ പോയത് നമുക്ക് വല്ലാത്ത ലജ്ജ തരുന്നതാണ്. കാരണം സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് ജീവൻ കൊടുത്തത്, കേരളത്തിന്റെ അഭിമാനമായ നാഷണൽ ബുക്സ് സ്റ്റാളിനെ പുനരുജ്ജീവിപ്പിച്ചത് ഈ സർക്കാരാണ്. അതിനെ തകർക്കാൻവേണ്ടി ഈ ജാഥയ്ക്ക് പിന്തുണ നൽകുന്നത് എന്തുകൊണ്ടാണെന്ന് നമുക്കറിയില്ല. യു.ഡി.എഫ് നേതാക്കന്മാർ ഇവിടെ വന്ന് ഇങ്ങനെ പ്രസംഗിക്കുന്നതല്ലാതെ നാട്ടിൽ പോയാൽ ഈ നേതാക്കന്മാർക്ക് പറയാൻ കഴിയുമോ. കഴിഞ്ഞ കാലത്ത് ഒരു എം.എൽ.എ.-യ്ക്ക് കിട്ടിയ സംഖ്യ എത്രയായിരുന്നു. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയെ ആക്ഷേപിക്കുന്നതുകേട്ടു. വികസന പ്രവർത്തനങ്ങൾക്ക് പണം കിട്ടിയിട്ടില്ല എന്ന്. നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും? മണ്ഡലത്തിലെ റോഡ് ഏതെങ്കിലും ബാക്കിയുണ്ടോ? ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയൊന്നും റോഡിലൂടെ യാത്ര ചെയ്യുന്നില്ലായെന്നാണ് എനിക്ക് തോന്നുന്നത്. ആകാശത്തു കൂടെയായിരിക്കും യാത്ര. കാരണം ഞങ്ങളുടെ നാട്ടിലുള്ള റോഡുകളും നല്ല വൃത്തിയും വെടിപ്പുമാക്കി മാറ്റിയിട്ടുണ്ട്..... കുണ്ടൊക്കെ നോക്കുന്നത് ലേശം നല്ലതുതന്നെയാണ്. എവിടെയെങ്കിലും അഴിമതി നടക്കുന്നുണ്ടോയെന്നുള്ളത് നോക്കാൻ ആ കുണ്ടിന്റെ അളവൊക്കെ നോക്കുന്നത് നല്ലതാണ്. ഇപ്പോൾ നമ്മുടെ റോഡിന്റെ പണി മുഴുവൻ പൂർത്തിയായി. നമ്മളൊക്കെ നിർദ്ദേശിച്ച ഏത് പ്രവർത്തനമാണ് ഇനി ബാക്കിയുള്ളത്? എം.എൽ.എ.-മാർ എന്നുള്ള നിലയ്ക്ക് നിർദ്ദേശിച്ച ഏതെങ്കിലും പ്രവർത്തനം ബാക്കിയുണ്ടോ? വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത ഭരണമായിരുന്നു. ഈ അഞ്ച് വർഷവും. പൊതുമേഖലയെ വിറ്റുതുലച്ച 5 വർഷമായിരുന്നു യു.ഡി.എഫ്-ന്റേത്. പെൺവാണിഭക്കാർ അഴിമതിക്കാരും അഴിഞ്ഞാടിയ വർഷങ്ങളായിരുന്നു അത്. ഇപ്പഴത്തെയും കഴിഞ്ഞ യു.ഡി.എഫ്. ഭരിച്ച അഞ്ച് വർഷത്തെയും മനോരമയും മാതൃഭൂമിയും പത്രങ്ങളൊക്കെ എടുത്ത് നോക്കികഴിഞ്ഞാൽ ഇന്നത്തെ ഗവൺമെന്റിനെക്കുറിച്ച് പറയുന്നതെന്താണെന്നും അന്നത്തെ ഗവൺമെന്റിനെക്കുറിച്ച് പറയുന്നതെന്തെന്നും അറിയാം. ഇവരെ സംരക്ഷിക്കണമെന്ന് ആഗ്രഹിച്ച ആളുകൾക്കുപോലും സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നില്ല അന്ന് ഉണ്ടായിരുന്നത്? ഇന്ന് ആ രീതിയാകെ മാറിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് ഏറ്റവും നല്ല രൂപത്തിലുള്ള ഒരു ഭരണം കാഴ്ച വയ്ക്കുകയാണ്. ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലില്ലാത്ത എം.എൽ.എ.-മാർ തന്നെ അവരുടെ മണ്ഡലങ്ങളിൽ ഈ കാര്യങ്ങളൊക്കെ വളരെ കൃത്യമായിട്ടുതന്നെ പറയുന്ന അവസ്ഥയുണ്ട്. നയപ്രഖ്യാപന പ്രസംഗത്തിൽ കൃഷിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷിക മേഖലയുടെ അവസ്ഥ എന്തായിരുന്നു? കാർഷിക മേഖലയിൽനിന്ന് ആളുകൾ ഒഴിഞ്ഞു പോയിക്കൊണ്ടിരുന്ന അവസ്ഥയായിരുന്നില്ലേ? ഇന്ന് എല്ലാ മണ്ഡലങ്ങളിലെയും വയലുകളൊക്കെ ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി കൃഷി ചെയ്യുന്ന അവസ്ഥയിലേക്ക് എത്തി. നിങ്ങളുടെ ഗവൺമെന്റുള്ള സമയത്ത് എത്ര രൂപയായിരുന്നു കൃഷിക്കാരന് നെല്ലിന് കൊടുത്തിരുന്നത്? ഈ ഗവൺമെന്റ് വന്നതിനുശേഷം നെല്ലിന് പതിമൂന്ന് രൂപയായി വർദ്ധിപ്പിച്ചു. നെൽകൃഷിക്കാരന് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചു. നിങ്ങൾക്ക് വിലയില്ലാത്തത് ഞങ്ങൾക്ക് വിലയുള്ളതാണ്. നിങ്ങൾ പറഞ്ഞു, ഞങ്ങളാണ് ഇടതുപക്ഷം. ശ്രീ. കുട്ടി മുഹമ്മദ് കുട്ടിക്കൊക്കെ ഇത് പറയാൻ കഴിയുന്നത് എങ്ങനെയത്? അഞ്ച് കൊല്ലംകൊണ്ട് പത്ത് രൂപ കൂട്ടിയ ആളുകൾ ഈ ഗവൺമെന്റിനോട് പറയുകയാണ് ഞങ്ങളാണ് ഇടതുപക്ഷം എന്ന്. 150 രൂപ രൂപയാണ് ഈ ഗവൺമെൻറ് കൂട്ടിയത്. നിങ്ങൾക്ക് വിലയുള്ള കാര്യമായിരിക്കുകയില്ല. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലയുള്ള കാര്യം തന്നെയാണ്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ വികസനം എന്നതായിരുന്നു പ്രഖ്യാപനം. റോഡും പാലവും മാത്രമല്ല, ഈ നാട്ടിലെ പാവപ്പെട്ടവന് വീട് വയ്ക്കുക എന്നുള്ളതും വികസനമാണ് എന്ന് കാണിച്ചുകൊടുത്തു. വീട്, കക്കൂസ്, അതുപോലെതന്നെ സാധാരണക്കാരന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊക്കെത്തന്നെ വികസിപ്പിച്ചു. ഇവിടെ ലീഗുകാർ എം.എസ്.എഫ്.-കാരെക്കൊണ്ട് നേരത്തെ സമരം നടത്തിയിരുന്നു. എന്താണ് പ്രശ്നം എന്ന് അറിയാമോ? മലബാറിലെ വിദ്യാഭ്യാസ മേഖലയെ അവഗണിച്ചു. എന്താണ് ചെയ്തത്? ഒരുപാടുകാലം അവിടെ ഭരിച്ചിരുന്നത് ആരാണ്? ഇന്നിരിക്കുന്ന ആളുകളല്ലല്ലോ, ലീഗുകാരല്ലേ ഇരുന്നത്? മലബാറിലുള്ള ലീഗുകാർതന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നിട്ടില്ലേ? എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഇപ്പോൾ മലബാറിലുള്ള എല്ലാ പഞ്ചായത്തുകൾക്കും ഓരോ ഹയർ സെക്കണ്ടറി സ്കൂൾ കൊടുത്തു. നേരത്തെ 24000 സീറ്റ് കൊടുത്തതും എൽ.ഡി.എഫ്. ഭരണകാലത്ത് തന്നെയായിരുന്നു. പിന്നീട് ഇടതുപക്ഷം വന്നതിനുശേഷം മാത്രമാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ കൊടുത്തത്. ഒരു സ്കൂളിലെങ്കിലും ഹയർ സെക്കണ്ടറി കോഴ്സ് കൊടുക്കുവാൻ യു.ഡി.എഫ്. ഭരണകാലത്ത് തയ്യാറായിട്ടില്ല. ഇടതുപക്ഷം വന്നപ്പോൾ ആരാണ് ഭരിക്കുന്നതെന്ന് നോക്കിയില്ല. എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി സ്കൂൾ കൊടുക്കുവാൻ ആവശ്യമായ കാര്യങ്ങൾ ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി നമുക്ക് ആർക്കെങ്കിലും തള്ളിക്കളയാൻ കഴിയുമോ? നൂറുശതമാനം വിജയം വെറുതെ വന്നതല്ല. അതിന് നേരത്തെയുള്ള ഗവൺമെന്റിന്റെ പങ്കുമൊക്കെയുണ്ടാകും. പക്ഷേ വിദ്യാഭ്യാസ മേഖലയിൽ വളരെ കൃത്യമായി ഇടപെട്ടതിന്റെ ഫലമായി വലിയ മാറ്റം കേരള സംസ്ഥാനത്തിനകത്ത് ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

നൂറു ശതമാനം വിജയിക്കുന്ന രൂപത്തിൽ പത്താം ക്ലാസ്സിലെ കുട്ടികൾ, 93 ശതമാനം എന്നുപറയുന്നത് നൂറുശതമാനം എന്നുതന്നെ നമുക്ക് പറയാൻ കഴിയും. ഈ രൂപത്തിൽ നേട്ടം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ നേട്ടത്തെയൊക്കെ മഹീമസമാക്കുന്ന പ്രവർത്തനങ്ങളും പ്രചരണങ്ങളുമാണ് കോൺഗ്രസ്സും യു.ഡി.എഫും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് പറയാതിരിക്കുവാൻ വയ്യ. കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ മനസ്സുള്ള കേരളം തന്നെയാണ്. ആ ഇടതുപക്ഷ മനസ്സുള്ള കേരളത്തിലെ സാധാരണക്കാരെ സംരക്ഷിക്കാനാവശ്യമായ സമീപനത്തെ കളങ്കപ്പെടുത്തുന്ന ഒരവസ്ഥ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ല. ഇവിടെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അമ്പത് ശതമാനം സംവരണം കൊടുക്കുക മാത്രമല്ല, 1996-ലെ ഗവൺമെന്റാണ് പത്ത് ശതമാനം ഫണ്ട് സ്ത്രീകൾക്കുവേണ്ടി പ്രാദേശിക സർക്കാരുകളിലൂടെ നൽകുവാൻ തയ്യാറായിട്ടുള്ളത്. അതിനുശേഷം കുടുംബശ്രീ പദ്ധതി നടപ്പിലാക്കി. നിങ്ങൾ എന്താണ് ചെയ്തത്? കുടുംബശ്രീക്ക് ബദലായി ജനശ്രീ പദ്ധതി കൊണ്ടുവന്നു. കുടുംബശ്രീക്ക് പകരം ജനശ്രീയെ വയ്ക്കുവാൻ നിങ്ങൾക്ക് കഴിയുമോ? ജനശ്രീ പദ്ധതിയിൽ സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും ഉണ്ട്. ഇന്ന് കുടുംബശ്രീയുടെ ആളുകളായി ചിലപ്പോൾ നിങ്ങൾതന്നെ തെരഞ്ഞെടുപ്പിൽ മത്സരിച്ച അവസ്ഥയും ഉണ്ടായിട്ടുണ്ട്. കുടുംബശ്രീ പദ്ധതി നടപ്പിലാക്കി, അമ്പത് ശതമാനം സ്ത്രീ സംവരണം കൊണ്ടുവന്നു, കേരളത്തിലെ സ്ത്രീകൾക്ക് മാന്യമായ പദവി കൊടുക്കുവാൻ ആവശ്യമായ സംവിധാനവും കേരളത്തിൽ ഉണ്ടാക്കിയിരിക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷം ഈ സർക്കാർ തുടർന്ന കാര്യങ്ങൾ തന്നെയാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും പറഞ്ഞിട്ടുള്ളത്. നടക്കാൻ പോകുന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ ഇനിയും മുന്നോട്ട് കൊണ്ടുപോകാൻതന്നെ ഈ സമൂഹമാകെ തീരുമാനിച്ചുകഴിഞ്ഞു. പാർലമെന്റ് ഇലക്ഷൻ കണ്ടിട്ട് നിങ്ങൾ വല്ലാതെ പൊങ്ങുകയൊന്നും വേണ്ട. പാർലമെന്റ് ഇലക്ഷനിൽ പണ്ട് നിങ്ങളുടെ സ്ഥിതി എന്തായിരുന്നു? ഇതൊന്നും മറന്നുപോകുവാൻ പാടില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് അഭിമാനത്തോടുകൂടി പറയാൻ കഴിയും, 49 ശതമാനം വോട്ടോടുകൂടി ഞങ്ങൾക്കുതന്നെയാണ് ഒരുകാലത്ത് അധികാരത്തിൽ വരാൻ കഴിഞ്ഞിട്ടുള്ളത്. അത്രയും വോട്ട് ഏതെങ്കിലും ഒരു അവസരത്തിൽ യു.ഡി.എഫ്.-ന് കിട്ടിയിട്ടുണ്ടോ? എപ്പോഴെങ്കിലും നിങ്ങൾക്ക് ആളുകളെ പറ്റിക്കാൻ കഴിഞ്ഞുവെന്ന് വരാം. പക്ഷേ ജനങ്ങൾ കാലം കഴിയുംതോറും ബോധവാന്മാരാണ്. ആകാശം വിറ്റ് പണം ഉണ്ടാക്കുന്ന ആളുകളുടെ കയ്യിലാണ് ഇന്ന് കേരളം എങ്കിൽ കേരളം വിലക്കയറ്റംകൊണ്ട് വല്ലാത്ത രൂപത്തിൽ തകരുന്ന അവസ്ഥ ആയിരുന്നില്ലേ? അഞ്ചുവർഷക്കാലം വിലക്കയറ്റത്തിന്റെ തീച്ചൂളയിൽ എരിയുകയായിരുന്നില്ലേ കേരളം. ആ അവസ്ഥയിൽനിന്നും കേരളത്തെ മാറ്റിയെടുത്തില്ലേ? നീതി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവയുടെ മുമ്പിലുള്ള ക്യൂ വർദ്ധിച്ചുവരികയാണ്. ഇന്ത്യാ രാജ്യത്തുണ്ടായിരുന്ന മാർജിൻ സബ്സിഡി എടുത്തുമാറ്റുകയാണ് നിങ്ങൾ ചെയ്തത്. ഈ കത്തുന്ന പണം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടല്ലോ, അത് ഇവിടെ ഭക്ഷണം കൊടുക്കുവാനും അക്ഷരം കൊടുക്കുവാനുമൊക്കെ തികയുന്നിടത്ത് നിങ്ങൾ എടുത്ത് കോർപ്പറേറ്റ് സമ്പന്നന്മാർക്ക് കൊടുത്തുവെങ്കിൽ ഇടതുപക്ഷം കിട്ടാവുന്നിടത്തുനിന്നൊക്കെ പണം എടുത്തു രണ്ട് രൂപയ്ക്ക് അരി കൊടുക്കുവാൻ തയ്യാറായി. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ആ വ്യത്യാസം ഈ നാട്ടിലെ ജനങ്ങൾ തിരിച്ചറിയും. ആ തിരിച്ചറിവ് ഭരണത്തിന്റെ തുടർച്ചയായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. കോൺഗ്രസ്സിനും യു.ഡി.എഫ്.-ഉം ബേജാറുണ്ടായിട്ട് കാര്യമില്ല. നമുക്കറിയാം, മലപോലെ വന്ന ജാഥ ഇപ്പോൾ എലി പോലെ ചുരുങ്ങി ചുരുങ്ങി ഒന്നുമില്ലാതായിപ്പോയത് അതാണ് നേതാവ് ഇടയ്ക്ക് പനിച്ച് വിറച്ചതും. അതിന്റെ ഇടനേതാവിന് വേറെ ചില ബോംബുകൾ പൊട്ടി വല്ലാതായിപ്പോയതും വെറുതെയല്ല എന്നുള്ള തിരിച്ചറിവുംകൂടി യു.ഡി.എഫിന് അവസാനമെങ്കിലും ഉണ്ടാകുന്നത് നന്നായിരിക്കും എന്നുള്ളതുമാത്രമാണ് എനിക്ക് ഓർമ്മപ്പെടുത്തുവാനുള്ളത്. ഈ നയപ്രഖ്യാപന പ്രസംഗത്തെ പിന്തുണച്ചുകൊണ്ടുള്ള നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. എങ്ങനെയാണ് ഈ നന്ദി പ്രമേയത്തെ എതിർക്കാതിരിക്കുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതിന്റെ മന്ത്രിമാരും നേതാക്കളും എന്നുപറയുന്നവർതന്നെ നന്ദികെട്ടവരാണ്. ഒട്ടിയ വയറുകളെത്തൊട്ട് ആണയിട്ട് ഇല്ലാത്ത കരങ്ങളെ പിടിച്ച് ചുംബിച്ച്, ജനങ്ങളുടെ ഇടയിൽ വമ്പിച്ച പ്രതീക്ഷയുണ്ടാക്കി, ഈ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടേയും വോട്ടുവാങ്ങി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ്, അമ്പത്തിയേഴ് മാസംകൊണ്ട് രാജ്യത്തെ ജനങ്ങളോട് നന്ദികേട് കാണിക്കുകയായിരുന്നു. ആ നന്ദി ഇല്ലാത്തവരുടെ പ്രമേയത്തിന് എങ്ങനെയാണ് നന്ദി രേഖപ്പെടുത്തേണ്ടത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും ഈ സർക്കാരിനേയും who guarantees എന്നു ചോദിച്ചാൽ രണ്ടുപേരാണ്. ഒന്ന്, ശ്രീ പിണറായി വിജയനും മറ്റൊന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദനും. ഇവർക്ക് രണ്ടുപേർക്കും ഒരു നയമുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ എങ്ങനെയും പുറത്താക്കുക എന്നതാണ് ശ്രീ. പിണറായി വിജയന്റെ നയം. ശ്രീ. വി. എസ്. അച്ചുതാനന്ദന് ഒരു നയം ഉണ്ട്, ശ്രീ. പിണറായി വിജയനെ എങ്ങനെയും അകത്താക്കുക. ഇതായിരുന്നു ഇവർ തമ്മിലുണ്ടായിരുന്ന നയം. പിന്നെങ്ങനെയാണ് ഈ നയത്തെ ഞങ്ങൾ പിന്തുണയ്ക്കുന്നത്? ഈ പ്രഖ്യാപനങ്ങളിലെ ഓരോ ഇനവും നോക്കണം. ഓരോ പ്രഖ്യാപനവും ഉറക്കമൊഴിഞ്ഞ ലക്ഷണമുണ്ട്. പല തവണ കേട്ടതാണ്. ആവർത്തന വിരസമായ കാര്യങ്ങളാണ് ഇവിടെ കേട്ടത്. അവസാനമായി എനിക്കുമുമ്പ് പ്രസംഗിച്ച്** ഉൾപ്പെടെ മൂന്നുപേർ അല്ലെല്ലാടയും ചർച്ചയിൽ മുഴങ്ങിക്കേട്ട രണ്ടു കാര്യം, ...(ബഹളം)..... ഞാൻ ബഹുമാനിക്കുന്നു. അതുകൊണ്ടാണ് എന്നുപറഞ്ഞത്. .....(ബഹളം)..... ഞാൻ ബഹുമാനിക്കുന്നു. .....(ബഹളം).....

* പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇത് ഒരു നിയമസഭയാണ് സർ. ചില ചിട്ടകളെല്ലാം പാലിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയർ .....

മി. ചെയർമാൻ: അത് പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പിൻവലിക്കുകയല്ല, ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകണം.

മി. ചെയർമാൻ: അത് പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എന്നോ അല്ലെങ്കിൽ ആ നിയോജക മണ്ഡലത്തിന്റെ പേരുപറഞ്ഞ് മെമ്പർ എന്നോ പറഞ്ഞ് മാത്രമേ സംബോധന ചെയ്യാവൂ.

മി. ചെയർമാൻ: മെമ്പർ അത് പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ..... അതിനേ അവകാശമുള്ളൂ. അതേ പാടുള്ളൂ. അല്ലെങ്കിൽ അത് തെറ്റാണ്.

മി. ചെയർമാൻ: അദ്ദേഹം അത് പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ: ഇവിടെ ഒരു മെമ്പറെക്കുറിച്ച് ജീവിതം മുഴുവൻ തട്ടിപ്പ് എന്നുപറഞ്ഞപ്പോൾ അത് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ ഏറ്റവും കൂടുതൽ മുഴങ്ങിക്കേട്ടത് രണ്ടുകാര്യങ്ങളാണ്, അഴിമതിയേയും സ്ത്രീ പീഡനത്തേയും കുറിച്ച്. അവസാനം ഇവിടെ സംസാരിച്ച ബഹുമാന്യയായ മെമ്പർ വരെ അതാണ് പറഞ്ഞത്. നരാധിപന്മാരാൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ട് കോട്ടയം മെഡിക്കൽ കോളേജിന്റെ ഐ.സി.യു.-വിൽ കിടന്ന ശാരി എന്ന പെൺകുട്ടി, ശരീരവും മനസ്സുമൊക്കെ തളർന്ന് മരണവുമായി മല്ലിട്ടുകൊണ്ടിരുന്നപ്പോൾ ആ പെൺകുട്ടിയെ കാണാൻ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി പോയിരുന്നു. എന്തിനുവേണ്ടി പോയിരുന്നു? അന്നത്തെ പ്രതിപക്ഷ നേതാവും പോയി ആ കുട്ടിയെ കണ്ടു. ആ കുട്ടിയുടെ ദയനീയമായ സ്ഥിതികണ്ട് അദ്ദേഹത്തിന്റെ കണ്ണ് നിറഞ്ഞുപോയി. അദ്ദേഹം അന്വേഷിച്ചു, ആരാണ് നിങ്ങളെ വന്ന് ഭീഷണിപ്പെടുത്തിയത് എന്ന്. പേരു പറയുമെങ്കിൽ സൂര്യപ്രകാശം കാണണ്ടി വരില്ല എന്നുപറഞ്ഞ് ഭീഷണിപ്പെടുത്തിയതാരാണ്? മുഖ്യമന്ത്രിയെ വിശ്വസിച്ച് ആ പെൺകുട്ടി പേര് പറഞ്ഞു. മുഖ്യമന്ത്രി അവിടെനിന്ന് ഒരു ഉറപ്പും കൊടുത്തു. എന്താണ് ഉറപ്പ് കൊടുത്തത്? ആരായാലും ശരി, അവനായാലും ശരി അവളായാലും ശരി, അവരുടെ കഴുത്തിൽ ഞാൻ കുരുക്കിടും. മുഖ്യമന്ത്രി ആ വാക്ക് പാലിച്ചോ സർ? പാലിച്ചില്ല. തമിഴ്നാട്ടിലൊക്കെ ഒരു അന്ധവിശ്വാസമുണ്ട്. എന്താണ് ആ അന്ധവിശ്വാസം? അപമൃത്യു സംഭവിച്ച സ്ത്രീയാണെങ്കിൽ അത് ചിലപ്പോൾ യക്ഷിയാകും. അപമൃത്യു സംഭവിച്ചാൽ ഏതെങ്കിലും തരത്തിൽ അവരെ പറ്റിച്ചിട്ടുണ്ടെങ്കിൽ ചുടലമാടനാകും. അപ്പോൾ വാക്ക് പാലിക്കാതിരുന്നവർ ആരാകും എന്ന് നമ്മൾ ആലോചിക്കണം. ആ കുട്ടിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ഓർത്തുകൊണ്ടാകണം ഇവിടെ പല കാര്യങ്ങളും പറയുന്നത് എന്ന് അവർ ഓർക്കണം എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. അതോടൊപ്പം തന്നെ മറ്റ് അഴിമതി നിറഞ്ഞ കഥകൾ ഇവിടെ പറയുകയുണ്ടായി. കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ എൺപതിനായിരം കോടി രൂപയുടെ അഴിമതി ഇവിടെ നടന്നിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രിക്കും കേന്ദ്രത്തിനും സി.ബി.ഐ.- യെക്കൊണ്ട് അന്വേഷിപ്പിക്കണം എന്ന് പറയുന്ന നാട്ടിൽ അഴിമതിയെക്കുറിച്ച് പറയാൻ എന്ത് അവകാശം? എൺപതിനായിരം കോടി രൂപയുടെ ലോട്ടറി അഴിമതി എന്റെ ഭരണകാലത്ത് ഈ നാട്ടിൽ നടന്നിരിക്കുന്നു എന്ന് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു. അത് മാത്രമാണോ, ഈ നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ 2-ജി സ്പെക്ട്രം അഴിമതിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഈ രാജ്യം മുഴുവൻ അപകടത്തിലായി, ഈ രാജ്യത്തെക്കുറിച്ച് പറയുന്നതിന് നാണമുണ്ട് എന്ന് പറഞ്ഞു. 2-ജി സ്പെക്ട്രം അഴിമതിക്കേസിൽപ്പെട്ട മന്ത്രി രാജിവയ്ക്കാൻ ഇന്ത്യയുടെ പ്രധാനമന്ത്രി ആവശ്യപ്പെട്ടു. രാജിവച്ചുപുറത്തുപോകാൻ യു.പി.എ.-യുടെ അധ്യക്ഷ ആവശ്യപ്പെട്ടു. ഇവർ ആക്ഷേപിക്കുന്ന സി.ബി.ഐ. തന്നെ കയ്യാമം വച്ചുകൊണ്ടുപോയ രാജ്യമാണ്. ഞാൻ തിരിച്ച് ചോദിക്കുകയാണ്. ഈ രാജ്യത്ത് ഒരു അഴിമതി ഉണ്ടായി..... ഈ ഭരണം നയിക്കുന്ന രണ്ടുപേരുണ്ടല്ലോ, ഒന്ന് സ്വന്തം പാർട്ടിയാൽ തരംതാഴ്ത്തപ്പെട്ട മുഖ്യമന്ത്രി. ശാന്തിയുടെ കേസിൽ തന്നെ അദ്ദേഹത്തിന് മിണ്ടണമെന്നുണ്ടായിരുന്നു. അദ്ദേഹത്തിന് നടപടിയെടുക്കണമെന്നുണ്ടായിരുന്നു. എന്തുകൊണ്ടാണ് അദ്ദേഹം മിണ്ടാതിരുന്നത്? അദ്ദേഹം മിണ്ടാതിരുന്നതിന്റെ കാര്യം ഒരിക്കൽ മിണ്ടിയതാണ് പോളിറ്റ് ബ്യൂറോയിൽ നിന്ന് സെൻട്രൽ കമ്മിറ്റിയിൽ ആയത്. ഒരിക്കൽക്കൂടി മിണ്ടിയാൽ സെൻട്രൽ കമ്മിറ്റിയിൽ നിന്ന് സ്റ്റേറ്റ് കമ്മിറ്റിയിൽ ആകും. പാവത്തിന് വന്ന അവസ്ഥ അതാണ്. അതുകൊണ്ടാണ് അദ്ദേഹം മിണ്ടാത്തത്. ഞാൻ തിരിച്ചുചോദിക്കുന്നു, പാർട്ടി സെക്രട്ടറിക്കെതിരായി അഴിമതി ആരോപണം ഉണ്ടായി. അഴിമതി ആരോപണം ഉണ്ടായപ്പോൾ എന്തു ചെയ്തു? നമ്മുടെ നാട് കണ്ട ഏറ്റവും വലിയ അഴിമതി. ശ്രീ. പിണറായി വിജയനെതിരെ ലാവ്‌ലിൻ അഴിമതി ഉണ്ടായപ്പോൾ ഈ രാജ്യത്തെ കോടതികളായ കോടതികളിലെല്ലാം സർക്കാർ വക്കീലൻമാരെ കയറ്റി പറയിച്ചു പ്രോസിക്യൂട്ട് ചെയ്യരുതെന്ന്. മാത്രമല്ല ക്യാബിനറ്റ് തീരുമാനിച്ചു, പ്രോസിക്യൂഷന്റെ ആവശ്യമില്ല എന്ന്. അത് മാത്രമല്ല മറ്റൊരു കാര്യംകൂടി ചെയ്തു, പ്രോസിക്യൂഷന് അവസരം കൊടുത്ത ഗവർണറുടെ കോലം കത്തിക്കുകയും ആ ഗവർണർക്ക് എതിരെ തെരുവിൽ ഇറങ്ങി പുരപ്പാട്ട് പാടുകയും ചെയ്തു. വണ്ടി വലിക്കുന്നവനും കയർ പിരിക്കുന്നവനും വള്ളം ഊന്നുന്നവനും കശുവണ്ടിത്തൊഴിലാളിയും സർക്കാർ ജീവനക്കാരും ഉൾപ്പടെയുള്ളവർ നമ്മുടെ നാട്ടിലെ സാധാരണ മനുഷ്യർ കൊടുക്കുന്ന നികുതിപ്പണംകൊണ്ട് കേസ് നടത്തിച്ച രാജ്യമാണ്. ഇതെല്ലാം കാണുമ്പോൾ ഉത്തരമധുരക്കാരി വാസവദത്തയും മഗ്ദലനക്കാരി മറിയയും അവരുടെ പുരപ്പുറത്തുകയറിനിന്ന് ചാരിത്ര്യ പ്രസംഗം നടത്തുന്നതുപോലെ തോന്നുന്നു ഇവിടുത്തെ അഴിമതി പ്രസംഗം കേട്ടിട്ട്. ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ നയപ്രഖ്യാപന പ്രസംഗം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വഴിപാടാണ്, ഇതൊന്നും നടക്കാൻ പോകുന്നില്ലെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്. ഇനി പതിനഞ്ച് ദിവസമേയുള്ളൂ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ. ഈ സർക്കാരിന് തൊണ്ണൂറ് ദിവസം തികച്ചില്ല. പണ്ട് 'സ്ഥാനാർത്ഥി സാറാമ്മ' എന്ന സിനിമയിൽ അടൂർഭാസി എന്ന നടൻ, തോട്ടിൻ കരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കും എന്ന് പാടിയതുപോലെ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുന്നു. ഇത് ആവർത്തന വിരസമായ കാര്യങ്ങളാണെന്ന് ഞാൻ പ്രത്യേകമായി പറയേണ്ടതില്ല. ഇതെന്തെങ്കിലും നടപ്പിലാകാൻ പോകുന്നുണ്ടോ? ഒരു നയപ്രഖ്യാപന പ്രസംഗത്തിൽ ആദ്യം തന്നെ പ്രധാനമായും പയുന്നത് ജലപാതയെക്കുറിച്ചാണ്. കേരളത്തിലെ ജലപാതയുടെ പണി പൂർത്തീകരിച്ച് അതിന്റെ ടണൽ റിസ്യൂവേഷൻ നടത്തി കനാലിന്റെ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് 225 കോടി രൂപ കൊടുത്തിട്ട് നാല് വർഷമായി. കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ അത് ഉദ്ഘാടനം ചെയ്തു. ഞാനും കൂടി ഉണ്ടായിരുന്നു ടണലിലൂടെ സഞ്ചരിക്കുന്ന സമയത്ത്. ടണലിലൂടെ സഞ്ചരിച്ചിട്ട് അദ്ദേഹം പ്രഖ്യാപിച്ചു 225 കോടി രൂപ ലഭിച്ചിരിക്കുന്നു, ഒരു വർഷത്തിനകം ഈ പണി പൂർത്തീകരിക്കും എന്ന്. എന്നുമാത്രമല്ല, ഒരു കാര്യംകൂടി അദ്ദേഹം പറഞ്ഞു, "ഒരു വർഷം കഴിയുമ്പോൾ ഞാനിവിടെ വരും, വന്നിട്ട് ഇതിലേ ബോട്ട് പോകും, കപ്പൽ പോകും, ടും ടും എന്ന ശബ്ദത്തോടെ പോകുന്നത് നിങ്ങൾക്ക് കാണാം" എന്ന്. നാല് കൊല്ലം കഴിഞ്ഞു. ഒരു ടും-ടും ഉണ്ടായില്ല. മാത്രമല്ല ഒരു ടെണ്ടർ നടപടി പോലും സ്വീകരിക്കാൻ കഴിഞ്ഞില്ല. ഈ സർക്കാരിന്റെ ഇച്ഛാശക്തിയാണിത്. ഇപ്പോൾ പറയുകയാണ് എന്റെ സർക്കാർ അത് നടപ്പിലാക്കുമെന്ന്. എന്ത് കുന്തമാണ് മൂന്ന് മാസംകൊണ്ട് നടത്താൻ പോകുന്നത്? ഒരു കഥയുണ്ട്, 75 വയസ് കഴിഞ്ഞ നാണിത്തള്ളയുടെ കൈ പിടിച്ച് കൈ നോട്ടക്കാരൻ കുഞ്ഞവറാൻ പറഞ്ഞു. സന്താന സൗഭാഗ്യമുണ്ടെന്ന്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പ്രസക്തമായ ഒരു പോയിന്റ് ഓഫ് ഓർഡറാണ്. ശ്രീ. വർക്കല കഹാർ തുടർച്ചയായി ഇത് മണ്ട് മാസത്തേക്കുള്ള ബഡ്ജറ്റാണ് എന്നുപറയുകയാണ്. നിയമസഭയാണിത്. ഏതൊരു ബഡ്ജറ്റും ഒരു വർഷക്കാലം നിലനിൽക്കുന്നതാണ്. ഗവൺമെന്റ് ആരാണെന്നുള്ളതല്ല. കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ നമുക്കത് വിമർശിക്കാം. പാസാക്കുന്ന ബഡ്ജറ്റ് അടുത്ത ഗവൺമെന്റ് ഞങ്ങളാണെങ്കിൽ നടപ്പാക്കുകയില്ലെന്ന് തുടർച്ചയായി പറയുന്നത് ഏത് നൂൽ അനുസരിച്ചാണ്? വ്യക്തമാക്കണം. അങ്ങനെ പറയാൻ അധികാരമില്ല.

ശ്രീ. വർക്കല കഹാർ: അദ്ദേഹത്തിന് കയ അല്ല പലയാണ് തെറ്റിപ്പോയത്. ഒരു ഗവൺമെന്റും നടപ്പിലാക്കില്ലെന്നൊന്നും പറഞ്ഞില്ല. മാത്രമല്ല ഇത് ബഡ്ജറ്റല്ല നയപ്രഖ്യാപനമാണ്. അതുകൊണ്ട് ഞാൻ പറഞ്ഞത് മൂന്ന് മാസംകൊണ്ട് എന്റെ സർക്കാർ ഇത് നടപ്പിലാക്കും എന്നുപറയുന്നു. ഇലക്ഷൻ പ്രഖ്യാപിക്കാൻ പതിനഞ്ച് ദിവസമേയുള്ളൂ. ഒരു മണൽ തരിപോലും അവിടെ എടുത്തുവച്ചിട്ടില്ല. ആകെ നടന്നത് ആയിരം ലോഡ് മണൽ കൊണ്ടുപോകാൻ

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടർമാർക്ക് അവസരം കിട്ടി. ഈ രണ്ട് മാസംകൊണ്ട് അല്ലെങ്കിൽ മൂന്ന് മാസംകൊണ്ട് എന്താണ് സംഭവിക്കാൻ പോകുന്നത്? ഒരു കഥയുണ്ട്, 75 വയസ്സു കഴിഞ്ഞ നാണിത്തള്ളയോട് കൈനോട്ടക്കാരൻ കുഞ്ഞവറാൻ പറഞ്ഞു. സന്താന സൗഭാഗ്യമുണ്ടെന്ന് ആര് വിശ്വസിക്കാൻ. അതൊരിക്കലും വിശ്വസിക്കുകയില്ല. അങ്ങനെ അവിശ്വസനീയമായ കാര്യങ്ങൾ മാത്രം പറയുന്നതാണ് ഇവിടെ കേൾക്കുന്നത്. ഇവിടെ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തി. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ജി. സുധാകരന്റെ വകുപ്പിലുൾപ്പെടെ ഒരു പാട് പ്രഖ്യാപനങ്ങൾ ഇവിടെ നടത്തി. പക്ഷേ ഈ പ്രഖ്യാപനങ്ങളെല്ലാം അവസാനത്തെ പറപ്പാണ്. പോണപോക്കിലുള്ള പറപ്പ്. ഒരു കോഴി അതിന്റെ ജീവിതത്തിൽ ഏറ്റവും നല്ലവണ്ണം പറക്കുന്നത് അതിന്റെ കഴുത്ത് കണ്ടിക്കുമ്പോഴാണ്. അത് പറന്നിട്ട് അവസാനം ചിറകടിച്ച് തറയിൽ വീഴുന്നു. തൊഴിലുറപ്പ് പദ്ധതി തൃപ്തികരമായി നടപ്പിലാക്കിയെന്നാണ് നിങ്ങൾ പറയുന്നത്. ആർക്കാണ് തൃപ്തിയായത്? കേന്ദ്രത്തിന്റെ പദ്ധതി പൊളിച്ചടുക്കിയതിലൂടെ നിങ്ങൾ മാത്രമാണ് തൃപ്തിയടഞ്ഞത്. പട്ടിണിയിൽ കഴിയുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്രയമാകുമായിരുന്ന തൊഴിലുറപ്പ് പദ്ധതി നിങ്ങൾ എത്രകണ്ട് കെടുകാര്യസ്ഥതയോടെ കൈകാര്യം ചെയ്തു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. തൊഴിലുറപ്പ് പദ്ധതി വഴി 2008-09-ൽ കേരളം ശരാശരി 22 ദിവസമാണ് തൊഴിൽ നൽകിയത്. ഇതിന് കേന്ദ്രത്തിൽനിന്നും 277 കോടി രൂപ ലഭിച്ചു. സംസ്ഥാന സർക്കാർ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ആയിരം കോടി രൂപ ലഭിക്കുമായിരുന്നു. 2009-10-ൽ 34 ദിവസമാണ് ജോലി നൽകിയത്, 471.84 കോടി രൂപ ലഭിച്ചു. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ 24-ാം സ്ഥാനത്താണ് കേരളം. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ അവസാനമായി സംസാരിച്ച ബഹുമാന്യനായ മെമ്പർ കേരള മോചന യാത്രയെക്കുറിച്ച് പറഞ്ഞു. കേരള മോചന യാത്ര കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. കേരളം കണ്ട ഏറ്റവും വലിയ പരിപാടിയിൽ പതിനായിരങ്ങൾ അണിനിരന്ന് ആർത്തലച്ച് വരുന്നു കേരള മോചന യാത്ര കണ്ടിട്ട് .....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. കെ. ചന്ദ്രന് സംസാരിക്കാം.

ശ്രീ. എ. കെ. ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട കേരള ഗവർണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ആത്മാർത്ഥമായി പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷങ്ങളായി ചിട്ടയോടും ക്രമത്തോടുംകൂടി ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടപ്പാക്കി ഇൻഡ്യയ്ക്കാകെ മാതൃക കാണിച്ച സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധതയിൽ ഏറ്റവും ഊന്നൽ നൽകുന്നതാണ് ഈ നയപ്രഖ്യാപനത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം. നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങൾ സഭയിൽ ഗവർണറെക്കൊണ്ട് പറയിപ്പിച്ചുവെന്നാണ് ഇവിടെ പ്രതിപക്ഷം പറയുന്നത്. അവരെ സംബന്ധിച്ച് അവർക്ക് അങ്ങനെയേ ചിന്തിക്കാൻ കഴിയൂ. ലോക ചരിത്രമെടുത്ത് നോക്കിയാൽ ഇത്രയധികം ജനങ്ങളെ പറ്റിച്ച ഒരു പാർട്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് (ഐ) അല്ലാതെ മറ്റൊരു പാർട്ടിയും ഇല്ല. ചരിത്രം പരിശോധിക്കുമ്പോൾ അതാണ് കാണാൻ കഴിയുന്നത്. അവർക്ക് പിന്നെ ഇങ്ങനെയേ ചിന്തിക്കാൻ കഴിയൂ. അവർ അധികാരത്തിൽ വന്നകാലം മുതൽ ജനങ്ങളോട് എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തി. ഇവിടെ ഇടതുപക്ഷക്കാർക്ക് ജനങ്ങളോട് നന്ദിയില്ലെന്ന് ശ്രീ. വർക്കല കഹാർ പറഞ്ഞു. ഈ നന്ദിയുള്ളവൻമാർ എന്താണ് ചെയ്തത്? ഇവർ അധികാരമേറ്റെടുത്ത് ക്ഷേമരാഷ്ട്രം പ്രഖ്യാപിച്ചു, ഗരീബി ഘട്ടാവോ പ്രഖ്യാപിച്ചു, ബേക്കാരി ഘട്ടാവോ പ്രഖ്യാപിച്ചു. ഒരു ഘട്ടാവോയും നടന്നില്ല. ഒന്നും ചെയ്തില്ല. അതിന്റെ ഫലമായി ഇൻഡ്യാ രാജ്യം മുഴുവൻ ഭരിച്ചിരുന്ന പാർട്ടി ഇപ്പോൾ നാലോ അഞ്ചോ സംസ്ഥാനത്തായി ചുരുങ്ങി. അതാണ് ഇവർ ജനങ്ങളോട് കാണിച്ച നന്ദികേടിന് ജനങ്ങൾ നൽകിയ തിരിച്ചടി. ഇപ്പോഴും നമ്മുടെ രാജ്യം ദാരിദ്ര്യത്തിന്റെ കാര്യത്തിലും തൊഴിലില്ലായ്മയുടെ കാര്യത്തിലും ഒക്കെ മുന്നിൽ നിൽക്കുകയാണ്. ഇൻഡ്യാ രാജ്യത്തെ 85 കോടി ജനങ്ങൾ ഒരു ദിവസം 20 രൂപയിൽ താഴെ വരുമാനമുള്ളവരായി ഇപ്പോഴും നിൽക്കുകയാണ്. കോടീശ്വരൻമാരും അവരുടെ ആസ്തികളും വർദ്ധിച്ചു. അത് രാജ്യത്തിന്റെ വികസനമാണെന്നാണ് കോൺഗ്രസ്സിന്റെ കിത്താബിൽ അവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അതാണോ യഥാർത്ഥ രാജ്യത്തിന്റെ വികസനം? ബഹുഭൂരിപക്ഷം ആളുകളും പട്ടിണിയും ദാരിദ്ര്യവുമായി കഴിയുമ്പോൾ രാജ്യം എവിടെ വികസിച്ചുവെന്നാണ് ഇവർ പ്രതിപാദിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും ഇവർ കുറേ വാഗ്ദാനങ്ങൾ വാരിവിതറി. ഇപ്പോൾ ഗവർണറെക്കൊണ്ട് നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങൾ പ്രഖ്യാപിച്ചുവെന്ന് പറയുന്ന ആളുകൾ അധികാരത്തിൽ വന്നിട്ട് ആദ്യത്തെ നയപ്രഖ്യാപനത്തിൽതന്നെ ബഹുമാന്യനായ പ്രസിഡന്റിനെക്കൊണ്ട് പാർലമെന്റിൽ പ്രഖ്യാപിപ്പിച്ചത് നൂറുദിവസത്തിനകത്ത് വിലക്കയറ്റം പിടിച്ചുകെട്ടുമെന്നാണ്. മാത്രമല്ല, മൂന്നുരൂപയ്ക്ക് അരിയും രണ്ടുരൂപയ്ക്ക് ഗോതമ്പുമായി ഇൻഡ്യയിലെ 82 ലക്ഷം കുടുംബങ്ങൾക്ക് 35 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുമെന്നെല്ലാം പ്രഖ്യാപിച്ച് അധികാരമേറ്റെടുത്തു. ഏതാണ്ട് രണ്ട് കൊല്ലമായപ്പോൾ അതിന്റെ ആലോചന തുടങ്ങുമെന്നാണ് പറയുന്നത്. കഴിഞ്ഞ ദിവസം ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ പറയുന്നത് കേട്ടു, കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ കേന്ദ്രമന്ത്രി പറഞ്ഞു ഇക്കൊല്ലംതന്നെ ഇത് നടപ്പാക്കുമെന്ന്. എനിക്ക് ശ്രീ. ടി. എൻ. പ്രതാപനെ ഓർമ്മിപ്പിക്കാനുള്ളത് അദ്ദേഹം ചിലപ്പോൾ തീരദേശമേഖലയിൽ ആഘോഷം നടത്തുന്നതിന്റെ തിരക്കുപിടിച്ചതുകൊണ്ട് ഇതൊന്നും കേട്ടുകാണില്ല. എന്നാൽ ആ പ്രഖ്യാപനത്തിനുശേഷം എ.ഐ.സി.സി-യുടെ മാമാങ്കം ഡൽഹിയിൽ നടന്നു. ആ മാമാങ്കത്തിൽവച്ച് പ്രധാനമന്ത്രി ഉൾപ്പെടെയുള്ള ആളുകളെ നയിക്കുന്ന, ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിയായി കാണുന്ന, ശ്രീമതി സോണിയാ ഗാന്ധിതന്നെ, മൂന്നുരൂപയ്ക്കും രണ്ടുരൂപയ്ക്കും ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പരിപാടി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു. ശ്രീ. അലുവാലിയ പറഞ്ഞതും പ്രണബ് മുഖർജി പറഞ്ഞതും അതിന് പണമില്ല, അതിന് ആവശ്യമായ ഭക്ഷ്യധാന്യ ശേഖരം നമ്മുടെ നാട്ടിലില്ല അതുകൊണ്ട് അത് നടപ്പാക്കാൻ കഴിയില്ല എന്നാണ്. ശ്രീമതി സോണിയാ ഗാന്ധി ഘട്ടംഘട്ടമായെങ്കിലും ഇത് നടപ്പാക്കണമെന്ന് പറഞ്ഞപ്പോൾ സാക്ഷാൽ പ്രധാനമന്ത്രി മംഗത്തുവന്ന് നടക്കാവുന്ന കാര്യമല്ല, നടത്താൻ കഴിയില്ല, അതിന് പണമില്ല എന്നാണ് പറഞ്ഞത്. ഇതിനുവേണ്ടി ഇരുപതിനായിരം കോടി രൂപ ചെലവാക്കണം, അതിന് പണമില്ലെന്ന് പറയുന്ന ആളുകളാണ് ഇവരുടെ കുഞ്ഞാടുകളായ കുത്തക മുതലാളിമാർക്ക് 5,40,000 കോടി രൂപയുടെ നികുതി ഇളവുകൾ ചെയ്തുകൊടുത്തതെന്ന് മനസ്സിലാക്കണം. അതുപോലെതന്നെ നാലുകോടി ടൺ ഭക്ഷ്യ ധാന്യങ്ങൾ നമ്മുടെ കരുതൽ ശേഖരത്തിൽ കെട്ടിക്കിടക്കുമ്പോൾ അതിൽ പകുതിയും കേടുവന്ന് നശിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ധാന്യമില്ലെന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട സുപ്രീം കോടതിപോലും കേടുവന്ന് നശിച്ചുപോകുന്ന ഈ ഭക്ഷ്യധാന്യങ്ങൾ നശിച്ചുപോകാതെ പാവങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യാൻ രണ്ടുപ്രാവശ്യം പറഞ്ഞിട്ടും അവർ കേട്ടില്ല. ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളിൽ കോടതി ഇടപെടേണ്ടന്നായിരുന്നു കേന്ദ്ര ഗവൺമെന്റ് പറഞ്ഞത്. ഇവർക്ക് ആരോടാണ് ഉത്തരവാദിത്തം? വൻകിട കുത്തക മുതലാളിമാരോടല്ലാതെ ഈ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളോട് എന്തെങ്കിലും നീതിയും മര്യാദയും കാണിക്കാൻ നന്ദിയുണ്ടെന്ന് പറയാൻ കോൺഗ്രസ്സുകാർ എന്തെങ്കിലും കാലത്ത് തയ്യാറായിട്ടുണ്ടോ? വിലക്കയറ്റത്തെ സംബന്ധിച്ച് തൊണ്ടകീറിയാണ് കോൺഗ്രസ്സുകാർ പ്രസംഗിക്കുന്നത്. എന്നാൽ ഇൻഡ്യാ രാജ്യത്ത് വിലക്കയറ്റത്തിന്റെ അതിപ്രസരത്തിൽനിന്ന് ജനങ്ങളെ സഹായിക്കാൻ വേണ്ടി, വിലക്കയറ്റം നിയന്ത്രിക്കാൻവേണ്ടി സിവിൽ സപ്ലൈസ് വകുപ്പും സഹകരണ വകുപ്പും ഇടപെട്ട് സത്വര നടപടികൾ സ്വീകരിച്ചു. അതുകൊണ്ടാണ് പ്രൊഫ. കെ. വി. തോമസുപോലും പറഞ്ഞത് കേരളത്തെ കണ്ടുപഠിക്കൂ എന്ന്. കേരളത്തിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നയങ്ങൾ മറ്റ് സംസ്ഥാനങ്ങളിലും നടപ്പാക്കാൻ നിർദ്ദേശം നൽകുമെന്ന് അദ്ദേഹംപോലും പ്രഖ്യാപിക്കേണ്ടിവന്നു. അങ്ങനെ വിലക്കയറ്റത്തിനെതിരായി നടപടികൾ ഇവിടെ സ്വീകരിക്കുമ്പോൾ, വിലക്കയറ്റത്തിനെതിരെ തൊണ്ടകീറി പ്രസംഗിക്കുന്ന കോൺഗ്രസ്സുകാർ കേന്ദ്ര ഗവൺമെന്റ് വിലക്കയറ്റം നിയന്ത്രിക്കാൻ എന്താണ് ചെയ്തതെന്ന് പരിശോധിക്കണം. ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല, വിലക്കയറ്റമുണ്ടാക്കുന്ന ബാഹ്യശക്തികളെ, കരിഞ്ചന്തക്കാരെ, പൂഴ്ത്തിവയ്പുകാരെ, അവധിവ്യാപാരക്കാരെയൊക്കെ സഹായിക്കുന്ന നയങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

നിങ്ങളുടെ ഭരണത്തിൻകീഴിൽ നടന്ന അഴിമതിയുടെ ഞെട്ടിപ്പിക്കുന്ന കഥകൾ പുറത്തുവന്നതിലുടെയുള്ള സന്ദത്തിന്റെ ഒരു ചെറിയ അംശമുണ്ടെങ്കിൽ ഇന്ത്യാ രാജ്യത്തെ മുഴുവൻ ജനങ്ങളും അരിയും ഗോതമ്പും കൊടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

അവരെ വിലക്കയറ്റത്തിൽനിന്ന് രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ? അതിനെക്കുറിച്ച് എന്താണ് ചിന്തിക്കാത്തത്? എത്ര കോടിരൂപയുടെ അഴിമതിയാണ്? ലോകത്ത് അഴിമതിയുടെ കാര്യത്തിൽ ഇൻഡ്യയെ ഒന്നാംസ്ഥാനത്ത് എത്തിച്ചു ഈ മാന്യന്മാർ. ഇപ്പോൾ അലിബാബായുടേയും നാൽപ്പത് കള്ളന്മാരുടേയും ചിത്രം വരുന്നതുപോലെയാണ് കേന്ദ്ര ഗവൺമെന്റിന്റെ അഴിമതിയുടെ കഥകൾ ഓരോന്നായിട്ടായി പുറത്തുവരുന്നത് സ്പെക്ട്രം അഴിമതിയുടെ കാര്യം വന്നപ്പോൾ രാജ രാജിവച്ചു. ശ്രീ. രാജയെക്കൊണ്ട് രാജി വയ്പിച്ചു എന്നാണ് ശ്രീ. വർക്കല കഹാർ ഇവിടെ വീരവാദം മുഴക്കിയത്. അങ്ങനെയാണെങ്കിൽ യു.ഡി.എഫ്.-കാരോട് ചോദിക്കട്ടെ, അതിനേക്കാൾ വലിയ സംഖ്യയുടെ അഴിമതി സ്വന്തം വകുപ്പിൽ നടന്നുവെന്ന കഥ പുറത്തുവന്നപ്പോൾ, സി.എ.ജി. പ്രഖ്യാപിച്ചപ്പോൾ നാണമുണ്ടെങ്കിൽ പ്രധാനമന്ത്രി രാജിവയ്ക്കണ്ടേ? രാജ രാജി വച്ചതുകൊണ്ട് മാത്രം മതിയോ? പ്രധാനമന്ത്രി എന്തുകൊണ്ടാണ് രാജിവയ്ക്കാത്തത്? സ്പെക്ട്രം അഴിമതിയിലൂടെ 1.76 ലക്ഷം കോടി, കോമൺ വെൽത്ത് ഗെയിംസ് 75,000 കോടി. ഐ.പി.എൽ. കുംഭകോണം 90,000 കോടി രൂപ. ഇപ്പോൾ നമ്മുടെ തലയ്ക്കെട്ടുകാരനായ പ്രധാനമന്ത്രിയുടെ സ്വന്തം വകുപ്പായ ഐ.എസ്.ആർ.ഒ.-യിലെ സ്പെക്ട്രം വഴി രണ്ടുലക്ഷം കോടി രൂപ. അങ്ങനെ അഴിമതി കേന്ദ്രീകരിച്ചിരിക്കുകയാണ് ഇവരുടെ ഭരണത്തിൽ. ഇവരെ കണ്ടുകൊണ്ടാണോ കുഞ്ചൻ നമ്പ്യാർ പണ്ട് പാടിയതെന്ന് ഞാൻ ചിന്തിക്കുകയാണ്. "എമ്പ്രാനൽപ്പം കട്ടുമുടിച്ചാൽ അമ്പല വാസികളൊക്കെ കക്കും". ഈ ഭരണത്തെ ദീർഘവീക്ഷണത്തോടുകൂടി കണ്ടുകൊണ്ടാണോ ആ പദം അദ്ദേഹം ഉപയോഗിച്ചത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. കള്ളപ്പണം നാട്ടിൽ ഒഴുകുകയല്ലേ? റിസർവ് ബാങ്ക് ഇറക്കുന്നതിന്റെ ഇരട്ടിയാണ് ഇന്ത്യാ രാജ്യത്തെ കള്ളപ്പണമെന്ന് ഇന്ത്യയിലെ സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത്. ആ കള്ളപ്പണവും കള്ളപ്പണക്കാരേയും പുറത്തുകൊണ്ടുവരണം, അവരുടെ പേരുകൾ പ്രഖ്യാപിക്കണം എന്ന് ഈ രാജ്യത്തെ എല്ലാ പ്രതിപക്ഷ പാർട്ടികളും ആവശ്യപ്പെടുന്നു, ബഹുമാനപ്പെട്ട സുപ്രീം കോടതി ആവശ്യപ്പെടുന്നു. കള്ളനെ പിടിച്ച് പോലീസ് കളവ് പറയിപ്പിക്കാൻ നോക്കുമ്പോൾ, കൊന്നാലും പറയില്ല എന്നു പറയുന്നതുപോലെയല്ലേ ഒരാളുടെ പേരുപോലും ഉച്ചരിക്കില്ല എന്ന് ശ്രീ. പ്രണബ് കുമാർ മുഖർജി പറയുന്നത്. ഒരാളുടെ പേരുപോലും വെളിച്ചത്ത് കൊണ്ടുവരാൻ കൂട്ടാക്കാതെ കേന്ദ്ര ഗവൺമെന്റ് കള്ളപ്പണക്കാർക്ക് കുട്ടുനിൽക്കുന്നു. ഇതിന് പ്രതിപക്ഷം മറുപടി പറയണം.

3.00 PM] ഇവിടെ ഒന്നും നടക്കുന്നില്ലയെന്നുപറഞ്ഞ് പ്രതിപക്ഷനേതാവ് ഇപ്പോൾ ഒരു ജാഥ നടത്തുകയാണ്. ഇവിടെയൊന്നും നടക്കുന്നില്ലെന്ന് കണ്ണിൽച്ചോരയുള്ളവർക്ക് പറയാൻ കഴിയുമോ? കേരളത്തിലെ 140 മണ്ഡലങ്ങളും പരിശോധിച്ചുനോക്കിയാൽ അവിടെയെല്ലാം ഈ സർക്കാർ ചെയ്ത പ്രവർത്തികളെപ്പറ്റിയുള്ള ഒന്നാന്തരം ഫ്ളക്സ് ബോർഡുകൾ കാണാം. ഈ സർക്കാർ ചെയ്ത പ്രവർത്തികൾ ഒന്നൊന്നായി എണ്ണിയെണ്ണി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം എനിക്ക് മുമ്പ് സംസാരിച്ച ഈ പക്ഷത്തുള്ള ആളുകളെല്ലാം അത് വിവരിച്ചതാണ്. ഞാനൊരു കാര്യം ചോദിക്കട്ടെ, രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യുന്ന കാര്യം നയപ്രഖ്യാപനം വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തുനിന്ന് ഒരാൾ പറഞ്ഞത് തമിഴ്നാട്ടിൽ ഒരു രൂപയ്ക്ക് അരി കൊടുക്കുന്നുവെന്നാണ്. ഞാൻ അപ്പോൾത്തന്നെ തിരിച്ചുചോദിച്ചു കോൺഗ്രസ്സ് ഭരിക്കുന്ന എത്ര സംസ്ഥാനങ്ങളിൽ രണ്ട് രൂപയുടെ അരി കൊടുക്കുന്നത്? തമിഴ്നാട്ടിൽ കൊടുക്കുന്നുണ്ട്. അവിടെയുണ്ടാകുന്ന അരിയെടുത്താണ്. ഇവിടെ വാങ്ങിക്കൊണ്ടുവന്നാണ് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നത്. മാത്രമാണോ? നമ്മുടെ രാജ്യത്ത് മനുഷ്യർ വെളിച്ചം കണ്ട് ജീവിക്കുന്ന ഒരു സംസ്ഥാനമായി ഈ സംസ്ഥാനത്തെ മാറ്റിയില്ലേ? ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ വൈദ്യുതി വിപ്ലവമല്ല കേരളത്തിൽ നടന്നത്? സമ്പൂർണ്ണ വൈദ്യുതി എന്റെ നിയോജക മണ്ഡലമടക്കം 52 നിയോജക മണ്ഡലങ്ങളിൽ പൂർത്തീകരിച്ചു. രണ്ടോ നാലോ ജില്ലകളിൽ അതിന്റെ പ്രഖ്യാപനവും കഴിഞ്ഞു. ഇന്ത്യയ്ക്ക് മാതൃക കാണിച്ചുകൊണ്ട് വൈദ്യുതിയുടെ കാര്യത്തിൽ ദൗർലഭ്യമുള്ള കേരളത്തിൽപ്പോലും കൂടുതൽ വൈദ്യുതി ഉണ്ടാക്കാനും അത് ജനങ്ങൾക്ക് നൽകാനുംവേണ്ടിയുള്ള പദ്ധതികളുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നു. അങ്ങനെ ദീർഘമായ പരിപാടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുമ്പോഴാണ് ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് പറഞ്ഞ് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ മോചന യാത്ര നടത്തുന്നത്. ഇവരുടെ ഭരണകാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആരുടെ മോചനമാണ് ഇവർ ഉന്നയിക്കുന്നതെന്ന് ജനങ്ങൾക്ക് നന്നായി അറിയാം. അഴിമതിമുക്ത കേരളം, വികസനോന്മുഖമായ കേരളം ഇതായിരുന്നു തുടക്കത്തിലെ ഇവരുടെ മുദ്രാവാക്യം. 2001 മുതൽ 2006 വരെയുള്ള 5 വർഷക്കാലം അഴിമതിയിൽ മുങ്ങിക്കുളിച്ചവരും വികസനം മുരടിപ്പിച്ചവരും ജനദ്രോഹനടപടികളിലൂടെ ജനജീവിതം തകർത്തവരും ചേർന്ന് നടത്തുന്ന ജാഥയെ ജനങ്ങൾ പുച്ഛിച്ചുതള്ളുകയാണ്. കാർഷികമേഖലയെ തകർത്ത് 1500 കൃഷിക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിട്ടുകയും വ്യവസായ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുകയും അടച്ചുപൂട്ടുകയും തോട്ടങ്ങൾ അടച്ചുപൂട്ടുന്നതിന് കൂട്ടുനിൽക്കുകയും കർഷകത്തൊഴിലാളികളുൾപ്പെടെ സാമാന്യ ജനവിഭാഗങ്ങളുടെ പെൻഷൻ പദ്ധതി അട്ടിമറിക്കുകയും ഒരു നയാപൈസ കൂട്ടിക്കൊടുക്കാതെ 28 മാസം മുതൽ 31 മാസം വരെ കുടിശ്ശികയാക്കി വച്ച വരുമാണ് അധികാരത്തിൽ തിരിച്ചുവരാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട്, ഞങ്ങളെ അപ്പുറത്തേക്ക് റിമൂവ് ചെയ്യണമെന്ന് ജനങ്ങളോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ജാഥ നടത്തുന്നത്. ആ ജാഥ നടക്കുമ്പോഴാണ്, ഇടിവെട്ടേറ്റവന് പാമ്പ് കടിച്ചുവെന്ന് പറയുന്നതുപോലെ ഒരു സംഭവമുണ്ടായത്. കേരളത്തിലെ പ്രിയങ്കരനായ മുഖ്യമന്ത്രിയേയും ഇടതുപക്ഷത്തിനേയും പ്രതിപക്ഷം മേക്കിട്ട് കയറുകയാണ്. കുറച്ചുദിവസമായി ഇവിടെ നടക്കുന്നത്, ഏതെങ്കിലും പേര് പറഞ്ഞാൽ, ഒരു സാധനത്തിന്റെ പേര് പറഞ്ഞാൽ ഒക്കെ ഇവിടെ ബഹളമാണ്. ഞാൻ ചോദിക്കട്ടെ ഇതാരാണ് ഇവിടെ തുടങ്ങിവച്ചത്? ശ്രീ. കുഞ്ഞാലിക്കുട്ടി തന്നെയല്ലേ മുൻകൂർ ജാമ്യത്തിനുവേണ്ടി ഈ വിഷയം തുടങ്ങിവച്ചത്? അങ്ങനെ തുടങ്ങിവച്ചപ്പോൾ അദ്ദേഹം കത്തിച്ച പടക്കത്തിൽനിന്നുള്ള തീ പിടിച്ചതല്ലേ

LIBRARY ARCHIVES Kerala Legislative Assembly

പല ഗുണ്ടുകളും ഇവിടെ പൊട്ടാൻ തുടങ്ങിയത്, പല വിഷയങ്ങളും ഇവിടെ രംഗത്തുവന്നത്? അവർ പറഞ്ഞതൊക്കെ അപവാദമാണെങ്കിൽ തെളിയിക്കട്ടെ. ഉള്ള കാര്യമാണെങ്കിൽ അതും തെളിയണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, എന്റെ ജില്ലയിൽ നടുവിൽ പ്രദേശത്ത് ലീഗിന്റെ ഒരു പൊതുയോഗത്തിൽ ഐസ്ക്രീം വിറ്റ ഒരു തമിഴനെ ഭീകരമായി ലീഗുകാർ മർദ്ദിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ചന്ദ്രൻ: സർ, കുറച്ചുമുമ്പും അക്കാര്യം ഇവിടെ ശ്രീ. അബ്ദുള്ളക്കുട്ടി മെമ്പർ പറയുകയുണ്ടായി. കുഞ്ഞാലിക്കുട്ടി സാഹിബ് തീ കൊടുത്തപ്പോൾ ആ തീയിൽനിന്ന് വേറെ ചില പടക്കങ്ങൾ പൊട്ടാൻ തുടങ്ങി. ആ പടക്കങ്ങൾ വ്യാപകമായി പൊട്ടിക്കൊണ്ടിരിക്കുകയാണ്. അത് അവാസ്തവമാണോ വാസ്തവമാണോയെന്ന് കേരളത്തിന് അറിയണം. സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്ന സ്ഥിതിക്ക് ചില കാര്യങ്ങളുടെ വസ്തുത അന്വേഷിച്ച് അറിയേണ്ടതുണ്ടെന്നുപറയുന്ന കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണിക്കും കേരളത്തിനും മാതൃകാപരമായി നേതൃത്വം കൊടുക്കുന്ന സഖാവ് വി.എസ്.-നേയും ഈ സർക്കാരിനെയും കരിവാരിതേച്ചുകാണിക്കാനുള്ള നിങ്ങളുടെ കള്ളപ്രചരണങ്ങൾ കേരള സംസ്ഥാനത്തിൽ വിലപ്പോകില്ല. നാലേമുക്കാൽ കൊല്ലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം ജീവിതത്തിലുണ്ടായ നിലവാരത്തിന്റെ ഉയർച്ച മനസ്സിലാക്കി ജനങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണിയെത്തന്നെ വീണ്ടും വിജയിപ്പിച്ച് അധികാരത്തിൽ കൊണ്ടുവരുമെന്നും നിങ്ങൾക്ക് യോഗമുണ്ടെങ്കിൽ അപ്പുറത്തുതന്നെയിരിക്കാനുള്ള അവകാശം ജനങ്ങൾ നൽകുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, ഗവർണർ അവതരിപ്പിച്ച എൽ.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപനരേഖ സംബന്ധിച്ച ഈ നന്ദിപ്രമേയത്തെ പിൻതുണച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട്, പ്രത്യേകിച്ച് ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ വളരെ പ്രധാനപ്പെട്ടതായിരുന്നു. അദ്ദേഹം പറഞ്ഞത്, നിയോ ലിബറലിസത്തിനെതിരായ ഒരു യുദ്ധപ്രഖ്യാപനമാണ് ഈ ബഡ്ജറ്റ് എന്നാണ്. 2009-ലെ ആ ബഡ്ജറ്റിന്റെ സവിശേഷത അതായിരുന്നു. ലോകത്താകെ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങൾമൂലം തകർച്ച നേരിടുന്നതിന്റെ പശ്ചാത്തലത്തിൽ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചുകൊണ്ടാണ് ആ സമീപനമെടുത്തത്. സാർവ്വദേശീയ തലത്തിൽ നോക്കുമ്പോൾ ഇംഗ്ലണ്ടിലും ഫ്രാൻസിലുമെല്ലാം ശക്തമായ സ്ഫോടനം നടന്നു. അതുപോലെതന്നെ ടുണീഷ്യയിലും ഈജിപ്റ്റിലുമൊക്കെ മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന വലിയ കലാപങ്ങൾ ഉയർന്നുവന്നു. എന്താണ് ഈ കലാപങ്ങളുടെയൊക്കെ പിന്നിൽ? അവിടത്തെ ഭരണാധികാരികൾക്കെതിരായ, അഴിമതിക്കെതിരായ

LIBRARY ARCHIVES Kerala Legislative Assembly

ജനവികാരമാണ് എന്നാണ് അതുസംബന്ധിച്ച് വലതുപക്ഷ മുഖ്യധാരാ മാധ്യമങ്ങൾ ഉയർത്തിക്കാണിക്കാൻ ശ്രമിക്കുന്നത്. എന്നാൽ അതിനെക്കുറിച്ച് പഠിക്കുന്ന സാമ്പത്തിക-കാർഷിക ശാസ്ത്രജ്ഞന്മാരുടെയെല്ലാം റിപ്പോർട്ടിൽ പറയുന്നത്, വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കും ആ രാജ്യങ്ങൾ ഇരകളാകുകയാണ് എന്നാണ്. അതിനെതിരായി ജീവിക്കാൻ കഴിയാത്തതുകൊണ്ടുള്ള ശക്തമായ പ്രതികരണമാണ് അവിടെ നടക്കുന്ന ഈ കലാപങ്ങൾ. ലോകത്താകെ ഭക്ഷ്യസുരക്ഷ തകർക്കപ്പെടുകയാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിക്കുകയാണ്, അഴിമതി വ്യാപകമാകുകയാണ്. ഇത് മുതലാളിത്തത്തകർച്ചയുടെ പ്രതിഫലനമാണ്. ഈ സാഹചര്യത്തിൽ കടുത്ത സാമ്പത്തിക തകർച്ച, നവഉദാരവൽക്കരണത്തിന്റെ തകർച്ച പരിഹരിക്കണമെങ്കിൽ ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പോലും പറയുന്നത് സമ്പദ്ഘടനയിൽ സർക്കാർ ഇടപെടൽ വേണം, സാമൂഹികസുരക്ഷ ഉറപ്പാക്കണം, മാന്ദ്യവിരുദ്ധ നടപടികൾക്ക് പ്രാധാന്യം കൊടുക്കണമെന്നാണ്. എന്നാൽ ഇതിൽനിന്നും പാഠം പഠിക്കാൻ കേന്ദ്രം ഭരിക്കുന്ന പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് തയ്യാറാകുന്നില്ല. അദ്ദേഹം വളരെ വിഖ്യാതനായ സാമ്പത്തിക ശാസ്ത്രജ്ഞനാണെന്നാണല്ലോ പറയുന്നത്. ഈ സാമ്പത്തിക തകർച്ചയിൽനിന്ന് അമേരിക്കയെ എങ്ങനെ രക്ഷപ്പെടുത്തിക്കൊടുക്കാൻ സാധിക്കും എന്നുള്ളതാണ് അദ്ദേഹത്തിന്റെ അജണ്ട. അതിന്റെ ഭാഗമായി വാശിയോടുകൂടി ഇതേ നവലിബറലിസ പദ്ധതികൾ നമ്മുടെ രാജ്യത്ത് നടപ്പാക്കുകയാണ് അവർ ചെയ്യുന്നത്, പൊതുമേഖലയെ തകർക്കുകയാണ്. നമ്മുടെ റീട്ടെയിൽ മേഖലയിൽപ്പോലും വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് കടന്നുവരാൻ അവസരം കൊടുക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരികൾ സ്വകാര്യമേഖലയ്ക്ക് വിൽപ്പന നടത്തുകയാണ്. കേരളത്തിൽ നിന്നുള്ള നേതാവ് ബഹുമാനപ്പെട്ട എ. കെ. ആന്റണി നയിക്കുന്ന ഡിഫൻസിൽപ്പോലും സ്വകാര്യപങ്കാളിത്തം അനുവദിച്ചുകൊടുക്കുകയാണ്. കോൾ ഇന്ത്യയും ഒ.എൻ.ജി.സി.-യെയും ടെലികോം സെക്ടറിനയുമൊക്കെ വിൽക്കാൻ വച്ചിരിക്കുന്നു. മൊബൈൽ ഫോൺ സാധാരണക്കാരുടെ കയ്യിൽ എത്തിയത് ഈ നാടിന്റെ വികസനത്തിന് ഉദാഹരണമാണെന്ന് ഇവർ പറയുമ്പോൾ അതിന് മറുപടിയാണ് 2ജി സ്പെക്ട്രം അഴിമതിയും ഇപ്പോൾ പുറത്തുവന്ന എസ് ബാൻഡ് അഴിമതിയും. എത്രത്തോളം അഴിമതികളുടെ സാദ്ധ്യതകളാണ് ഇത് തുറന്നുകൊടുക്കുന്നത്? മൊബൈൽ ഫോൺ സാധാരണക്കാരന്റെ കയ്യിലേക്ക് എത്തിച്ചുകൊടുക്കാനുള്ള കോൺഗ്രസ്സ് ഗവൺമെന്റിന്റെ താൽപ്പര്യവും ഈ അഴിമതികളാണ് സൂചിപ്പിക്കുന്നത്. സ്വകാര്യവൽക്കരണമെന്നുപറഞ്ഞാൽ ആ നയം തന്നെ അഴിമതിയാണ്. Corruption is a policy എന്നാണ് ശ്രീ. രാജ പറഞ്ഞത്. ഒരു നയമാണ് നടപ്പിലാക്കിയത്, അതുകൊണ്ട് രാജി വയ്ക്കേണ്ട കാര്യമില്ല എന്നാണ് ശ്രീ. രാജ പറഞ്ഞത്. ഈ അഴിമതിയിലൂടെ പ്രാകൃത മൂലധനസഞ്ചയം നടത്തുകയാണ് എന്ന് നമ്മൾ വിശദീകരിച്ചുപറഞ്ഞപ്പോൾ പുച്ഛിച്ച് ചിരിച്ചുനിന്ന ആളുകളാണ് ജി.കെ. ഉൾപ്പെടെയുള്ള നമ്മുടെ സുഹൃത്തുക്കൾ. പക്ഷേ ഇന്നിപ്പോൾ 1.76 ലക്ഷം കോടി രൂപയുടെ 2ജി സ്പെക്ട്രം അഴിമതി. അത് കേട്ട് ഞെട്ടിവിറച്ചിരുന്ന്, ഇനി

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പമില്ലായെന്ന് പറഞ്ഞുനിൽക്കുമ്പോൾ പ്രധാനമന്ത്രിയുടെ വകുപ്പിൽനിന്ന് 2 ലക്ഷം കോടി രൂപയുടെ എസ് ബാൻഡ് അഴിമതി വരികയാണ്. ഒരു വകുപ്പിലല്ല ഈ അഴിമതിയൊക്കെ നടക്കുന്നത്? ഇത്ര ഭീകരമായ വിധത്തിലുള്ള അവസ്ഥയിലേക്ക് കേന്ദ്രം പോകുമ്പോൾ, രാജ്യത്ത് കർഷക ആത്മഹത്യ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് എന്നാണ് കേന്ദ്ര സർക്കാരിന്റെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ പറയുന്നത്. 2009-ൽ 17368 കർഷക ആത്മഹത്യകൾ നടന്നു എന്നാണ്. 2008-ലേക്കാൾ 1520 കർഷകർ ഈ രാജ്യത്ത് ആത്മഹത്യ ചെയ്തു എന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. ഈ രാജ്യത്ത് ആളോഹരി ഭക്ഷ്യധാന്യം എത്രയാണ്? ഞാൻ കണക്ക് പറയുകല്ല. 182 കിലോഗ്രാം ഉണ്ടായിരുന്ന ആളോഹരി പ്രതിശീർഷ ഭക്ഷ്യധാന്യ ലഭ്യത 2006 -ൽ 155 കിലോഗ്രാം ആയി. ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടുപോയപ്പോൾ 152 കിലോഗ്രാം ആയിരുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ പ്രതിശീർഷ വരുമാനം എത്രയാണെന്നറിയാൻ അർജ്ജുൻ സെൻ ഗുപ്ത കമ്മീഷനെ നിയോഗിച്ചത് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ആണ്. 77 ശതമാനം ജനങ്ങൾ, അതായത് 83.5 കോടി ആളുകൾ പ്രതിദിനം 20 രൂപയിൽ താഴെ മാത്രം വരുമാനം ഉള്ളവരാണ് എന്നാണ് കമ്മീഷൻ റിപ്പോർട്ട് കൊടുത്തത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിക്കുകയാണ്. അതീവ ഭീകരമായ വിധത്തിൽ യു.പി.എ. ഗവൺമെന്റിന്റെ അധികാരത്തിന്റെ കീഴിൽ ഇവിടത്തെ ഉദ്യോഗസ്ഥർ, രാഷ്ട്രീയ നേതാക്കൾ, മാധ്യമ പ്രവർത്തകർ എല്ലാം കൂടി ഒരു ടീമായി, ഒരു മാഫിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഉദാഹരണമായി ഈ അഴിമതി മാറുകയാണ്. നീരാ റാഡിയ ടേപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾവന്നു, ഇപ്പോൾ എസ്.ബാൻഡ് അഴിമതിയുടെ പ്രശ്നവും വന്നു. ഈ സാഹചര്യത്തിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന് അധികാരത്തിൽ തുടരാൻ അർഹതയില്ല, അദ്ദേഹം രാജി വച്ചുപോകണം. ഓരോ ദിവസവും ഉയർന്നുവരുന്നത് കോടിക്കണക്കിന് രൂപയുടെ അഴിമതിക്കഥകളാണ്. ലാവ്‌ലിന്റെ പേരൊക്കെ പറയുമ്പോൾ ആളുകളൊക്കെ ചിരിക്കും. ഇത്രയും വലിയ അഴിമതിയുടെ കുംഭകോണം നടത്തിക്കൊണ്ടിരിക്കുന്നവരാണ് അഴിമതിവിരുദ്ധ പ്രസ്താവനകൾ നടത്തുന്നത് എന്ന് ആളുകൾ കാണുന്നുണ്ട്, അത് നിങ്ങൾ മറക്കരുത്. ഈ സാഹചര്യത്തിലാണ് നമ്മൾ കേരളത്തിലെ ഗവൺമെന്റിന്റെ പ്രത്യേകത കാണേണ്ടത്. എന്താണ് ഗവൺമെന്റിന്റെ പ്രത്യേകത? എൽ.ഡി.എഫ്. ഗവൺമെന്റ് തികച്ചും വ്യത്യസ്തമായ ഒരു നയമാണ് നടപ്പിലാക്കാൻ ശ്രമിച്ചത്. ആ നയത്തിന്റെ ഭാഗമായി 41 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപയ്ക്ക് അരി കൊടുത്തു എന്നുള്ളത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം തന്നെയാണ്. 41 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുമ്പോൾ മൂന്ന് രൂപയ്ക്ക് ബി.പി.എൽ. കുടുംബങ്ങൾക്കെല്ലാം ഞങ്ങൾ അരി കൊടുക്കുമെന്ന് 2009-ൽ അധികാരത്തിൽ വന്നപ്പോൾ പ്രധാനമന്ത്രി പ്രസംഗിച്ചിരുന്നു. അദ്ദേഹം വാഗ്ദാനം നൽകിയിരുന്നു. ഇതുവരെ നടപ്പാക്കിയിട്ടില്ല. എന്തുകൊണ്ടാണ് അത് നടപ്പിലാക്കാത്തത് എന്ന് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പ്രസംഗിക്കുമ്പോൾ ഒന്നു പറഞ്ഞാൽ മതി. രണ്ട് രൂപയുടെ അരിയുടെ രാഷ്ട്രീയം എന്താണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

മറച്ചുവച്ചുകൊണ്ടാണ് നമ്മുടെ മാധ്യമ സുഹൃത്തുക്കൾപോലും കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ ലോട്ടറിയുടെ വിഷയം കൊണ്ടുപോകാൻ പോയത്. മലയാള മനോരമയുടെയും മാതൃഭൂമിയുടെയുമൊക്കെ മാധ്യമ സുഹൃത്തുക്കൾക്ക് രണ്ട് രൂപയുടെ അരിയുടെ രാഷ്ട്രീയമെന്താണെന്ന് ജനങ്ങളോട് പറഞ്ഞുകൊടുക്കാൻ സമയമുണ്ടായില്ല. കേരളത്തിൽ 36 ലക്ഷം കുടുംബങ്ങൾക്കാണ് പ്രതിവർഷം മൂപ്പതിനായിരം രൂപ മുതൽ എഴുപതിനായിരം രൂപ വരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത്. അത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ രണ്ടാമത്തെ നേട്ടമാണ്. കർഷക ആത്മഹത്യ ഇല്ലാതാക്കിയത് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാന നേട്ടമാണ്. കേന്ദ്ര ഗവൺമെന്റ് കടം എഴുതിത്തള്ളാൻ തയ്യാറല്ലാതിരുന്ന ഘട്ടത്തിൽ, 2006-ൽ അധികാരത്തിൽ വന്ന ഉടനെ കർഷകരുടെ കടം എഴുതിത്തള്ളാൻവേണ്ടി ഈ ഗവൺമെന്റ് കടാശ്വാസ പദ്ധതി കൊണ്ടുവന്നു. 2008-ലാണ് കേന്ദ്ര ഗവൺമെന്റ് കടാശ്വാസ പദ്ധതി കൊണ്ടുവന്നത്. അത് ഇടതുപക്ഷ പിൻതുണയുള്ള ഗവൺമെന്റാണ്. പക്ഷേ ഈ ഗവൺമെന്റുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് 7,8,000 കോടി രൂപയാണ് കടാശ്വാസ പദ്ധതിയായി കൊണ്ടുവന്നത്. പക്ഷേ അവർ ഈ നാട്ടിലെ സമ്പന്നർക്ക് കൊടുത്ത നികുതി ഇളവ് നാല് ലക്ഷത്തി എഴുപതിനായിരം കോടി രൂപയാണ്. എന്നിട്ട് നിങ്ങൾക്ക് വിദർഭയിൽ കർഷക ആത്മഹത്യ ഇല്ലാതാക്കാൻ സാധിച്ചോ? മദ്ധ്യപ്രദേശിൽ സാധിച്ചോ? ഒറീസ്സയിൽ സാധിച്ചോ? കേരളത്തിൽ മാത്രം കർഷക ആത്മഹത്യ ഇല്ലാതായി. ഇൻഡ്യാരാജ്യത്ത് കർഷക ആത്മഹത്യ വർദ്ധിക്കുന്നുവെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുകയില്ല. ആ സാഹചര്യത്തിലാണ് പാവപ്പെട്ടവരുടെ ക്ഷേമ പെൻഷനുകൾ 110 രൂപയായിരുന്നത് 300 രൂപയാക്കി വർദ്ധിപ്പിച്ചത്. ഇ.എം.എസ്. ഭവന പദ്ധതി വഴി അഞ്ച് ലക്ഷം പേർക്ക് വീട് കൊടുക്കാൻ ഈ ഗവൺമെന്റ് നടപടിയെടുത്തു. തൊഴിലാളിക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു. 10 ലക്ഷം പീടിക തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ പദ്ധതി കൊണ്ടുവരാനുള്ള നടപടി, പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതി, അഴിമതിയില്ലാത്ത ഭരണം തുടങ്ങിയവ ഈ സർക്കാരിന്റെ ഭരണ നേട്ടങ്ങളാണ്.

ഒരൊറ്റ മന്ത്രിയുടെ പേരിൽപ്പോലും നാലേമുക്കാൽ വർഷത്തിനകത്ത് ഒരു അഴിമതി ആരോപണം ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ ഇപ്പോൾ പറയുന്നത് എൺപതിനായിരം കോടി രൂപയുടെ ലോട്ടറി അഴിമതി പ്രശ്നമാണ്. ഡോ. തോമസ് ഐസക് അഴിമതി നടത്തിയെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? എന്ത് അഴിമതി നടത്തിയെന്നാണ് നിങ്ങൾക്ക് പറയാനുള്ളത്? ഇത് സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിനോട് സിബിഐ. അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിട്ട് അന്വേഷണം നടത്താതെ മാർട്ടിൻ ഉൾപ്പെടെയുള്ള ലോട്ടറി രാജാക്കൻമാർക്ക് കേരളമുൾപ്പെടെയുള്ള മുഴുവൻ സംസ്ഥാനങ്ങളെയും കൊള്ളയടിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്ന നിയമമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്നത്. കേരള ഗവൺമെന്റിന്റെ തടയണമെന്ന് ശ്രീ. സതീശനെയും ശ്രീ. ഉമ്മൻ ചാണ്ടിയെയും പോലുള്ള ആളുകൾ ഇവിടെ വിവാദം നടത്തുകയാണ്. ഇതുവരെ നിങ്ങൾക്ക് തടയാൻ കഴിയില്ല എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ട് ഇപ്പോൾ കേരള ഹൈക്കോടതി ഓർഡിനൻസിലൂടെ തടഞ്ഞല്ലോ. മലയാള മനോരമയുടെ കണ്ണ് തുറക്കേണ്ട, മാതൃഭൂമിയുടെ കണ്ണ് തുറക്കേണ്ട, ഉമ്മൻ ചാണ്ടിയുടെ കണ്ണ് തുറക്കേണ്ട. കണ്ണ് തുറക്കുന്നില്ല. നമുക്കറിയാം ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് വിലക്കയറ്റം നിയന്ത്രിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ കണക്ക് പ്രകാരം വിലക്കയറ്റത്തിന്റെ കാര്യത്തിൽ പതിനാറാം സ്ഥാനത്താണ് കേരളം. പശ്ചാത്തല വികസനത്തിൽ മൂവായിരം കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു. സമ്പൂർണ്ണ വൈദ്യുതീകരണം ഈ ഗവൺമെന്റാണ് നടപ്പിലാക്കിയത്. മലബാറിൽ പ്രത്യേക പാക്കേജ് കൊണ്ടുവന്നു. ഒന്നര ലക്ഷം ഏക്കറോളം കർഷകർക്കും 20048 ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകി. ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും വലിയ കാര്യമാണ് ആദിവാസികൾക്ക് ഭൂമി നൽകിയത്. യു.ഡി.എഫ്. ഭരിക്കുമ്പോൾ 700 രൂപയായിരുന്ന ലംപ്സം ഗ്രാന്റ് 1500 രൂപ ആയി ഉയർത്തി. 26 കോടി രൂപയാണ് എസ്സി/എസ്ടി. വകുപ്പുമന്ത്രി മാത്രം കൊടുത്തത്. ഏറ്റവും പാവപ്പെട്ട ആദിവാസികൾക്ക് 25 ലക്ഷം രൂപ വരെ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആനുകൂല്യമായി കൊടുക്കാൻ സാധിച്ചു. ഇത് പാവപ്പെട്ടവരോടൊപ്പം, സാധാരണക്കാരോടൊപ്പം നിൽക്കുന്ന ഒരു ഗവൺമെന്റാണ്. ഇവിടെ സാമുദായികമായ കലാപങ്ങളില്ല. വർഗ്ഗീയ കലാപങ്ങളില്ല. ക്രമസമാധാന രംഗത്ത് രാജ്യത്തുതന്നെ ഏറ്റവും ഉയർന്ന സ്ഥാനം. ആരോഗ്യമേഖലയിൽ 1700 ഡോക്ടർമാരെയും 1600 നഴ്സുമാരെയും പുതുതായി നിയോഗിച്ചു. ഇൻഡ്യൻ എക്സ്പ്രസ് പത്രത്തെഴുതിയത്, 1956-ൽ കേരളം രൂപീകരിക്കപ്പെട്ടതിനുശേഷം ഡോക്ടർമാരുടെ മുഴുവൻ ഒഴിവുകളും നികത്താൻ കഴിഞ്ഞ ആദ്യത്തെ ഗവൺമെന്റാണ് ഇത് എന്നാണ്. എന്നിട്ടും ആ ഗവൺമെന്റിനെക്കുറിച്ച് എന്തൊക്കെ കുറ്റം പറയാൻ കഴിയുമെന്നുള്ളതുമാത്രം പറയുന്ന പത്ര മാധ്യമങ്ങൾ. ആ മാധ്യമങ്ങളുടെ സ്വഭാവം നോക്കുമ്പോൾ കേരളത്തിലെ അരാഷ്ട്രീയത ഭീകരമായി വളരുകയാണ്. ആ അരാഷ്ട്രീയത വളർത്തുന്നതിൽ ഈ മാധ്യമങ്ങൾ വലിയ പങ്കുവഹിക്കുകയാണ്. യു.ഡി.എഫ്-നെ സഹായിക്കാൻ വേണ്ടിയാണ്. കേരളത്തിലെ ഏറ്റവും വലിയ പത്രമാണല്ലോ മലയാള മനോരമ. ലോട്ടറി വിഷയത്തെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. എസ്. ബാൻഡ് അഴിമതിയുമായി ബന്ധപ്പെട്ട് ഇന്നത്തെ മാതൃഭൂമിയിലും ദേശാഭിമാനിയിലും വാർത്തയുണ്ട്. എന്നാൽ മലയാള മനോരമയുടെ മുഖപ്പേജ് എടുത്തൊന്ന് നോക്കൂ, എന്തെങ്കിലും ഒരു വരി കൊടുത്തിട്ടുണ്ടോ? അവർ കൊടുത്തിട്ടില്ല. അത് യുഡിഎഫ്-നെ സഹായിക്കുന്നതാണ്. നിങ്ങൾക്കറിയാമല്ലോ, കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് മലയാള മനോരമ മുഖപ്രസംഗം എഴുതിയത്. അവരുടെ നഗ്നമായ രാഷ്ട്രീയ പക്ഷപാതം പുറത്തു കാണിക്കുകയല്ലേ? എന്നിട്ട് അത് സ്വതന്ത്രമായ പത്രമാണ് പറയുകയാണോ? ഈ രാജ്യത്തെ പാവപ്പെട്ടവർക്കുവേണ്ടി ഭരിക്കുന്ന ഒരു ഗവൺമെന്റാണിത്. എന്താണ് ശ്രീ. ഉമ്മൻചാണ്ടി മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്? ശ്രീ. ഉമ്മൻചാണ്ടി നഗര കേന്ദ്രീകൃതമായ വികസന നയങ്ങളെക്കുറിച്ചാണ് മോചന യാത്രയിലെല്ലാം പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. നാട്ടിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവന് അരി കൊടുക്കാൻ, പെൻഷൻ കൊടുക്കാൻ, അവന് സഹായമെത്തിച്ചുകൊടുക്കാൻ, ആരോഗ്യം കൊടുക്കാൻ, വിദ്യാഭ്യാസം കൊടുക്കാൻ എന്ത് ചെയ്യാൻ കഴിയും എന്നല്ല ജി.കെ.-യും കൂട്ടരും ആലോചിക്കുന്നത്. നഗര കേന്ദ്രീകൃതമായ വലിയ പദ്ധതികൾ കൊണ്ടുവന്ന് കരാറുകാരുമായും ഉദ്യോഗസ്ഥരുമായും മാധ്യമ പ്രവർത്തകരുമായും കൂട്ടുകൂടി എങ്ങനെ പണമുണ്ടാക്കാമെന്ന അജൻഡയാണ് അവർ മുന്നോട്ടു വയ്ക്കുന്നത്. അങ്ങോട്ടേക്കാണോ കേരളം മോചിപ്പിക്കപ്പെടുന്നത്? നമുക്കറിയാം, കേരളത്തിലും ഒരു വലിയ അഴിമതിയുടേതായ മാഫിയ സംഘം രൂപപ്പെട്ടു വന്നതിന്റെ വിഷയമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും ജഡ്ജിമാരും മാധ്യമ പ്രവർത്തകരും മത സാമുദായിക ശക്തികളും ഒക്കെ ഉൾപ്പെടുന്ന ഒരു കൂട്ടുകെട്ട് ഇവിടെ കുഞ്ഞാലിക്കുട്ടി പ്രശ്നത്തിൽ ഉയർന്നുവരികയാണ്. ഇവിടെ എനിക്ക് വളരെ പ്രയാസം തോന്നിയ ഒരു കാര്യമുണ്ട്. കുഞ്ഞാലിക്കുട്ടി ഒരു കുറ്റവും ചെയ്തിട്ടില്ല എന്നാണ് ശ്രീ. എം ഉമ്മർ ഉൾപ്പെടെയുള്ള ആളുകൾ പറയുന്നത്. ശരിയാണോ? നിങ്ങൾ അത് വിശ്വാസിക്കുന്നുണ്ടോ? കുഞ്ഞാലിക്കുട്ടി ഒരു കുറ്റവും ചെയ്യാത്ത നിഷ്കളങ്കനായ മനുഷ്യനാണ്. 15 വർഷങ്ങൾക്കുമുൻപ് നടന്ന സംഭവുമായി ബന്ധപ്പെട്ട് ഇവിടെ കുറ്റവിചാരണ നേരിടുകയാണെന്നാണ് അദ്ദേഹം പറയുന്നത്. ശരി, വാദത്തിനുവേണ്ടി ഞാൻ സമ്മതിക്കുന്നു. ഇവിടെ നാർക്കോ അനാലിസിസ് ടെസ്റ്റും അതുപോലെതന്നെ പോളിഗ്രാഫ് ടെസ്റ്റുകളും കോടതി നിരോധിച്ചിട്ടുണ്ട്. ബലം പ്രയോഗിച്ച് നടത്താൻ പാടില്ല എന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് ഇതിൽ നിന്ന് മോചനം നേടാൻ കഴിയണമെങ്കിൽ നിങ്ങൾ കുഞ്ഞാലിക്കുട്ടി സാഹിബിനോട് "നിഷ്കളങ്കനാണെങ്കിൽ നാർക്കോ അനാലിസിസ് ടെസ്റ്റിന് തയ്യാറാകണം" എന്ന് ആവശ്യപ്പെടണം. ശ്രീ. ഉമ്മർ അത് അംഗീകരിക്കുമോ, നിങ്ങൾ ആവശ്യപ്പെടുമോ? ശ്രീ. സി. ടി. അഹമ്മദ് അലിയോട് ഞാൻ ചോദിക്കുകയാണ്, ഇത് അംഗീകരിക്കാൻ അങ്ങ് തയ്യാറാകുമോ? എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമായില്ലേ?

ശ്രീ. എം. ഉമ്മർ: സർ, ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ, ഇതുസംബന്ധിച്ച് 13 കോടതികൾ കയറിയിറങ്ങി ഇ.കെ. നായനാരുടെ പോലീസ് സുപ്രീം കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ ശ്രീ. കുഞ്ഞാലിക്കുട്ടിയെ പ്രതി ചേർക്കുന്നതിന് യാതൊരു തെളിവുമില്ലായെന്ന് എഴുതിക്കൊടുത്തിട്ടും വീണ്ടും കുത്തിപ്പൊക്കാൻ ശ്രമിക്കുകയാണ്. ശ്രീ റൗഫിന്റെ വെളിപ്പെടുത്തലാണോ വലുത് അതോ നായനാരുടെ പോലീസ് അന്വേഷിച്ചതാണോ വലുത്?

ശ്രീ. പി. കൃഷ്ണപ്രസാദ്: ഞാൻ ഇഷ്ടപ്പെടുന്ന, ബഹുമാനിക്കുന്ന, എന്റെ സുഹൃത്തായ, ഒരു ജ്യേഷ്ഠസഹോദരനെപ്പോലെയുള്ള ഒരു വ്യക്തിയാണ്. ശ്രീ. എം. ഉമ്മർ, ഞാൻ ചോദിച്ചതിന് നിങ്ങൾ മറുപടി പറയാത്തതെന്താണ്? ശ്രീ. സി. ടി. അഹമ്മദ് അലി, അങ്ങ് എന്താണ് മറുപടി പറയാത്തത്?

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഈ പറയുന്ന ആരോപണങ്ങൾക്കൊന്നും ഒരു തെളിവുമില്ല. എന്തെങ്കിലും ഒരു തെളിവ് ഹാജരാക്കാൻ വേണ്ടി ഞാൻ ബഹുമാനപ്പെട്ട മെമ്പറെ വെല്ലുവിളിക്കുന്നു. ഇതിൽ ആരെങ്കിലും ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തുവെങ്കിൽ, വിമോചനത്തിന്റെ പേരിൽ അദ്ദേഹത്തെ തേജോവധം ചെയ്യാൻ വേണ്ടി കാത്തുനിൽക്കുന്ന ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരാതി എഴുതികൊടുത്തുവെങ്കിൽ അത് ഈ സഭയിൽ വന്നു പറയുകയാണോ വേണ്ടത്?

ശ്രീ. പി. കൃഷ്ണപ്രസാദ്: ഞാൻ ചോദിച്ചതിനാണ് മറുപടി നൽകേണ്ടത്. അങ്ങയുടെ രാഷ്ട്രീയ അഭിപ്രായം പറയണം, പ്രസംഗിക്കാൻ അവസരം കിട്ടുമ്പോൾ നിങ്ങൾ ഇക്കാര്യം പറഞ്ഞുകൊള്ളൂ. ഞാനിവിടെ ന്യായമായ ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. ഇവിടത്തെ സാധാരണക്കാരന്റെ ചോദ്യം, എതൊരു നിഷ്ക്കളങ്കനായ കൊച്ചുകുട്ടിക്കും ചോദിക്കാവുന്ന ഒരു ചോദ്യം, രാജാവ് നഗ്നനാണെന്ന് വിളിച്ചുപറഞ്ഞ ഒരു കൊച്ചുകുട്ടിയുടെ മാനസികാവസ്ഥയോടെ ചോദിക്കുകയാണ്, അദ്ദേഹം നിഷ്ക്കളങ്കനാണെങ്കിൽ ഒരു നാർക്കോ അനാലിസിസ് ടെസ്റ്റിന് വിധേയനാകട്ടെ. ഈ ആരോപണങ്ങൾ വന്നല്ലോ, ഇവിടെ തെളിവുകൾ വേണ്ട. നിങ്ങൾക്ക് കൂടുതലൊന്നും പറയാനില്ലെങ്കിൽ ഞാൻ വഴങ്ങുന്നില്ല. ശ്രീ. സി. പി. ജോൺ എന്ന സി.എം.പി.-യുടെ ഒരു നേതാവും ശ്രീ. കെ. എം. ബാലഗോപാലൻ, എം.പി.-യും ദൂരദർശന്റെ ഒരു ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ, ശ്രീ. സി. പി. ജോൺ പറഞ്ഞത്, "കുഞ്ഞാലിക്കുട്ടി സാഹിബ് പ്ലാനിംഗ് ബോർഡിൽ മന്ത്രിയെന്ന നിലയ്ക്ക് എന്നോടൊപ്പം അംഗമായിരുന്ന ആളാണ്, കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനകൾ നൽകിയ ആളാണ് അങ്ങനെയുള്ളവരൊക്കെ പൊതുരംഗത്തുണ്ടാകണം" എന്നാണ്. ഇതൊരു ന്യായമാണോ? പൊതുരംഗത്തുണ്ടാകേണ്ട വലിയ ആളുകൾക്ക് എന്ത് വൃത്തികേടും കാണിക്കാം, എത്ര ക്രൂരകൃത്യവും കാണിക്കാം, കേസെടുക്കാൻ പാടില്ലെന്നൊരു നയം കൊണ്ടുവന്നാൽ എന്തുചെയ്യും? ഞാനിവിടെ ഒരു കാര്യം വേദനയോടെ ചോദിക്കട്ടെ. സൗമ്യ എന്നുപറയുന്ന ഒരു കുട്ടിയുടെ മരണം നമ്മളൊക്കെ നടുക്കത്തോടെ കണ്ടല്ലോ. ഗോവിന്ദ ചാമി എന്ന ഒരു ക്രൂരനായ മനുഷ്യൻ എന്താണ് ആ പെൺകുട്ടിയോട് ചെയ്തത്? ഇവിടെ പണത്തിന്റെ ബലത്തിൽ, ജഡ്ജിമാരെ സ്വാധീനിക്കാൻ കഴിയുന്ന തരത്തിൽ, അതല്ലേ കുഞ്ഞാലിക്കുട്ടിയും ചെയ്തത്? ഈ ചോദ്യത്തിന് നിങ്ങൾക്ക് മറുപടി പറയാൻ കഴിയുമോ? കേരളത്തിന്റെ പ്രശസ്തനായിട്ടുള്ള സാഹിത്യകാരനാണ്, കേരളത്തിന്റെ മനസിനെ സ്പർശിക്കുന്ന തരത്തിൽ കഥയെഴുതുന്ന ശ്രീ. ടി. പത്മനാഭൻ ഇന്ന് പുറത്തിറങ്ങിയ മാധ്യമം വാരികയിൽ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 100 രൂപയ്ക്ക് ഒരു കിലോ ഉള്ളി വാങ്ങേണ്ട ഗതികേട് 20 രൂപപോലും ഒരു ദിവസം സമ്പാദ്യമില്ലാത്ത 53 കോടി ജനങ്ങൾ സഹിക്കേണ്ടിവരുമ്പോൾ അത് തടയാൻ നിങ്ങളുടെ പ്രധാനമന്ത്രിക്ക് കഴിയുന്നില്ല എന്നൊരു ചോദ്യം ചോദിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത് രണ്ട് നയങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ്. നമ്മൾ ഇവിടെ രാഷ്ട്രീയം മറന്നുകൊണ്ട് ഒരു പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല, ഇല്ല, അവിടെ സംസാരിക്കാൻ അനുവദിച്ചു. അവിടെ എപ്പോഴെ അനുവദിച്ചു കഴിഞ്ഞു. അത് നേരത്തെ അനുവദിച്ചതാണ്. ശ്രീ. ഡൊമിനിക്കിന് മൈക്ക് നേരത്തെ അനുവദിച്ചു കഴിഞ്ഞു. നിങ്ങൾ എന്തെങ്കിലും പറയാതിരിക്കൂ. പ്ലീസ്.... പ്ലീസ്..... നോ.....നോ..... അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കൂ. പ്ലീസ്..... പ്ലീസ്.....അങ്ങ് സംസാരിക്കൂ. അവിടെ സംസാരിക്കാൻ അനുമതി കൊടുത്തു. നോ..... നോ..... അത് ശരിയല്ല, അങ്ങനെ കയറി കമന്റ് ചെയ്യരുത്. ശ്രീ. ഡൊമിനിക്കിനോട് സംസാരിക്കാൻ പറഞ്ഞിട്ടുണ്ട്. ശ്രീ. സി. പി. മുഹമ്മദ് അവിടെ ഇരിക്കൂ. ഞാൻ അങ്ങനെ പെരുമാറിയിട്ടില്ല. ശ്രീ. ഡൊമിനിക്കിനറിയാമല്ലോ, ഞാൻ അപ്പോൾ തന്നെ ശ്രീ. ഡൊമിനിക്കിന്റെ പേര് വിളിച്ചു. നോ.....നോ..... അത് ശരിയല്ല, അങ്ങനെ കമന്റ് ചെയ്യുന്നത് ശരിയല്ല. സമയം കഴിഞ്ഞപ്പോൾ ശ്രീ. ഡൊമിനിക്കിന്റെ പേര് വിളിച്ചു. പ്ലീസ്..... പ്ലീസ്..... ഡൊമിനിക്കിന്റെ പേര് അപ്പോൾ തന്നെ വിളിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. അക്ഷരത്തെറ്റോടുകൂടിയാണ് പ്രസംഗം ആരംഭിക്കുന്നത്. എതോ മെമ്പർ പറഞ്ഞു, ഒരു പേര് തെറ്റിയാൽ എന്താണു കുഴപ്പം എന്ന് പേര് മാറ്റുന്നവർക്ക് അതൊക്കെ പറയാം. പക്ഷേ ആരുടെ പേരാണ് മാറിയത്? ഇന്ത്യയുടെ രണ്ടാമത്തെ പൗരന്റെ പേരാണ് തെറ്റിച്ചടിച്ചത്. അത് ഇംഗ്ലീഷിലും മലയാളത്തിലും തെറ്റിച്ചടിച്ചിരിക്കുകയാണ്. അത് പോട്ടെ, ഞാൻ പറഞ്ഞത് തുടക്കം തന്നെ അക്ഷര തെറ്റാണ് എന്നാണ്. ഇവിടെ പേജ് 5-ൽ കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കുന്നതിനെ സംബന്ധിച്ചാണ് പറഞ്ഞിരിക്കുന്നത്. ഈ കൊടുക്കുന്ന ഒരു മണി അരിപോലും പുറം മാർക്കറ്റിൽ നിന്ന് വാങ്ങുന്നില്ല എന്നാണ് ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് വിവിധ സ്കീമുകളിൽ നൽകുന്ന അരിയാണ് 2 രൂപ നിരക്കിൽ കൊടുക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അല്ലെന്നുണ്ടെങ്കിൽ തിരുത്തട്ടെ. നിങ്ങൾ 2 രൂപയ്ക്കുള്ള അരി എവിടെനിന്നാണ് വാങ്ങുന്നത്? പൊതുമാർക്കറ്റിൽ നിന്നാണ് നിങ്ങൾ വാങ്ങുന്നതെങ്കിൽ ഞാൻ സമ്മതിക്കാം. വിവിധ സ്കീമുകളിൽ 3 രൂപയ്ക്കും 5 രൂപയ്ക്കും 8 രൂപയ്ക്കുമൊക്കെ കേന്ദ്രഗവൺമെന്റ് നൽകുന്ന അരിയാണ് നിങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കുന്നത്. പക്ഷേ ഒരു കാര്യം ആലോചിക്കേണ്ടത് കേന്ദ്രഗവൺമെന്റ് ഇവിടെ 3 രൂപയ്ക്ക് അരി നൽകുമ്പോൾ കേന്ദ്രഗവൺമെന്റ് സബ്സിഡി നൽകുന്നില്ലേ? ഇവിടെ ബി.പി.എൽ.-കാർക്ക് ഇപ്പോഴും 3 രൂപയ്ക്ക് അരി നൽകുന്നുണ്ട്. നിങ്ങൾ ഇവിടെ 2 രൂപയ്ക്ക് അരി കൊടുക്കുമ്പോൾ ഇടുന്ന സബ്സിഡിയുടെ എത്രയോ ഇരട്ടിയാണ് കേന്ദ്രഗവൺമെന്റ് അവിടെ മുടക്കുന്നത്. ആ കാര്യങ്ങൾ നിങ്ങൾ പറയുന്നില്ല. അതുപോലെ ഇവിടെ പേജ് 12-ൽ മത്സ്യത്തൊഴിലാളികളുടെ 394 കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളിയതിനെ സംബന്ധിച്ച് പറഞ്ഞിരിക്കുകയാണ്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. അതിൽ പറഞ്ഞിരിക്കുന്നത് നിലവിലുള്ള കടമായ 380.44 കോടി രൂപ, അതിൽ 126.85 കോടി രൂപയുടെ കടാശ്വാസം അനുവദിച്ച് ഉത്തരവിറക്കി. കടാശ്വാസ കമ്മീഷന്റെ രേഖ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇതിൽ ഡിപ്പാർട്ടുമെന്റിന് ആകെ കൊടുത്തത് 50 കോടി രൂപയാണ്. വ്യക്തികൾക്ക് ബാങ്കുകൾ വഴി കടാശ്വാസം ലഭിക്കണമെന്നുണ്ടെങ്കിൽ അത് 5 ഗഡുക്കളാണ് അനുവദിക്കുന്നത്. രണ്ട് ഗഡുക്കൾ ഈ ഗവൺമെന്റിന്റെ കാലത്ത് കൊടുക്കും. പക്ഷേ അത് ഇതുവരെ കൊടുത്തിട്ടില്ല. ഇപ്പോൾ ഗവൺമെന്റിന്റെ കാലാവധി കഴിയാറായല്ലോ. ബാക്കി 3 ഗഡുക്കൾ അടുത്ത സർക്കാരിന്റെ കാലത്ത് കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്രചരണമെന്താണ്? 1,17,000 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം കൊടുത്തു എന്നാണ്. നിങ്ങളുടെ പൊള്ളത്തരം ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാനിത് പറഞ്ഞത്. എന്നുമാത്രമല്ല കോ-ഓപ്പറേറ്റീവ് സെക്ടറിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. ആ കടത്തിന്റെ ഭാഗം സഹകരണ ബാങ്ക് സഹിക്കാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ആ ബാങ്ക് പൊളിയില്ലേ? അതുപോലെതന്നെ എൻ.സി.ഡി.സി. വായ്പ, അത് തിരിച്ചടയ്ക്കണ്ടേ? ഞാൻ പറയുന്നത് കടാശ്വാസം പ്രഖ്യാപിക്കുമ്പോൾ, നാഷണലൈസ്ഡ് ബാങ്കുകളിലുള്ള കടത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണ്? കേന്ദ്ര ഗവൺമെന്റ് പകുതി നൽകണമെന്നാണ്. ഞാൻ പറഞ്ഞത്, നിങ്ങൾ ഒരു അവകാശവാദം ഉന്നയിക്കുമ്പോൾ ആ കാര്യങ്ങൾ സ്വന്തമായി ചെയ്യണ്ടേ? അതിനുപകരം ബാങ്ക് സഹിച്ചുകൊള്ളൂ, സഹകരണ മേഖല സഹിച്ചുകൊള്ളൂ എന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് നിങ്ങൾ കടാശ്വാസം പ്രഖ്യാപിക്കുമ്പോൾ അത് നടപ്പാക്കാൻ കൂടിയുള്ള പ്രൊവിഷൻ ബഡ്ജറ്റിൽ വേണം. അതാണ് ഞാൻ പറഞ്ഞത്. ഇവിടെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യം പറയുന്നുണ്ട്. 3,000 കോടി രൂപയുടെ വികസനം നടന്നു എന്ന് പറയുന്ന കൂട്ടത്തിൽ അതിൽ നല്ലൊരു വിഹിതം സെൻട്രൽ ഗവൺമെന്റിന്റെതാണ്. ഉദാഹരണത്തിന് കൊയിലാണ്ടിയിലെ ഹാർബറിന്റെ വികസന പ്രവർത്തനങ്ങളുടെ ചെലവിന്റെ 50 ശതമാനം സെൻട്രൽ ഗവൺമെന്റിന്റേതാണ്. 50 ശതമാനം സബ്സിഡി, 70 ശതമാനം സബ്സിഡി, 100 ശതമാനം സബ്സിഡി എന്നീ മൂന്ന് തലങ്ങളിലാണ് ഹാർബറിന് ഫണ്ടുവരുന്നത്. അപ്പോൾ അതിന്റെ അർത്ഥം, കേരളത്തിലെ തീരദേശത്ത് നടക്കുന്ന മിക്കവാറും ഹാർബറുകളുടെ നിർമ്മാണത്തിന്റെ 50 ശതമാനം തുക, ചിലതിൽ 70 ശതമാനം, അതൊക്കെ നിങ്ങളുടെ അക്കൗണ്ടിൽ എഴുതുന്നത് ശരിയാണോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ഇവിടെ നടക്കുന്ന ബൃഹത്തായ പദ്ധതികളെല്ലാം കേന്ദ്രത്തിന്റെ സഹായത്തോടുകൂടിയാണ് നടക്കുന്നത് എന്നാണ് എന്റെ സ്നേഹിതൻ ശ്രീ. ഡൊമിനിക് പറഞ്ഞത്. നിങ്ങൾ ഭരിച്ച അവസരത്തിലും കേന്ദ്രമുണ്ടായിരുന്നല്ലോ? എന്തുകൊണ്ടാണ് കേന്ദ്ര സഹായ പദ്ധതികളായി ഇതൊക്കെ അന്ന് നടക്കാതിരുന്നത്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഞാൻ മന്ത്രിയായിരുന്ന കാലത്താണ് കൊയിലാണ്ടി പദ്ധതി ആരംഭിക്കുന്നത്. തോട്ടപ്പള്ളി പദ്ധതിയും ഞാൻ മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ്. ഞാൻ പറയുന്നത് ഇത്രയേയുള്ളൂ. ഇതൊക്കെ കണ്ടിന്യൂവസ് പ്രോജക്ടാണ്. പൊന്നാനി പദ്ധതി എത്ര വർഷം മുമ്പ് ആരംഭിച്ചതാണ്. അതുപോലെ, പ്രധാനമന്ത്രിയുടെ 1041 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ്, നിങ്ങൾ എന്താണ് പത്രം കൊടുത്തത്? മുഖ്യമന്ത്രിയുടെയും ശ്രീ. എസ്. ശർമ്മയുടെയുമൊക്കെ പടം കൊടുത്തു, എനിക്കതിൽ എതിർപ്പില്ല. പക്ഷേ ആ കൂട്ടത്തിൽ എവിടെ നിന്നാണ് ഇതൊക്കെ വരുന്നത് എന്നുകൂടി പറയണമായിരുന്നു. 100 പെർസന്റേജും എയ്ഡല്ലേ സുനാമി റീഹാബിലിറ്റേഷന് ലഭിച്ചത്? നിങ്ങൾക്ക് എങ്ങനെയാണ് ഇത്തരത്തിലൊരു പരസ്യം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ കഴിയുന്നത്? ഞാൻ അതിനെയാണ് ചോദ്യം ചെയ്യുന്നത്. കേന്ദ്രം തരണമെന്ന അഭിപ്രായക്കാരൻ തന്നെയാണ്, പക്ഷേ, നിങ്ങൾ ഇവിടെ പറയുന്ന പല പദ്ധതികളും കേന്ദ്രത്തിന്റേതാണ്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം, സുനാമി പുനരധിവാസ പ്രത്യേക പദ്ധതി കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഞാനും കൂടി ഉൾപ്പെട്ടുകൊണ്ടാണ് കൊടുത്തത്. അതിന്റെ മുഴുവൻ ഫണ്ടും കേന്ദ്രത്തിന്റേതാണ്. അത് പാസ്സായി വന്നത് 2006 മാർച്ച് മാസത്തിലാണ്. അപ്പോഴേക്കും ഗവൺമെന്റ് മാറി. അത് നടപ്പിലാക്കുന്നത് ഇപ്പോഴാണ്. അതുപോലെയാണ് ചെല്ലാനം ഫിഷറീസ് ഹാർബറിനുള്ള മുഴുവൻ ഫണ്ടും. നിങ്ങൾ ഇവിടെ അവകാശപ്പെടുന്ന ക്ഷേമപദ്ധതികളുടെ നല്ലൊരു പെർസെന്റേജും വരുന്നത് കേന്ദ്രത്തിൽ നിന്നല്ലേ? അതുപോലെ തന്നെ എൻ.ആർ.എച്ച്.എം., ഇവിടെ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ തന്ന റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ ഞാൻ ഒന്നുരണ്ടെണ്ണം പറയാം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 കോടി രൂപയുടെ കേന്ദ്ര സഹായ പദ്ധതി, കോഴിക്കോട് മെഡിക്കൽ കോളേജിനുള്ള 50 കോടി, അങ്ങനെ തുടങ്ങി 22, 23 ഐറ്റംസ് തന്നിട്ടുണ്ട്. ഇതിന്റെയൊക്കെ മിക്കവാറും ഫണ്ട് കേന്ദ്രത്തിന്റേതാണ്. ഞാൻ കേന്ദ്രം തരുന്നത് തെറ്റാണെന്നല്ല പറയുന്നത്. അത് വാങ്ങിയെടുക്കേണ്ടതാണ്. പക്ഷേ, അതുമുഴുവൻ നിങ്ങളുടെ ക്രഡിറ്റിൽപ്പെടുത്തി, നിങ്ങളുടെ അക്കൗണ്ടിൽ ചേർത്ത്, ഞങ്ങളാണ് ഇതുമുഴുവൻ ചെയ്യുന്നത് എന്ന് പറയുന്നത് ശരിയാണോ? കേരളത്തിന്റെ കാര്യങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് വളരെ ഉദാരമായി സഹായം ചെയ്യുന്നുണ്ട്. പക്ഷേ നിങ്ങൾ അത് നിങ്ങളുടേത് മാത്രമാക്കി മാറ്റുന്നു. അതാണ് എന്റെ പരാതി.

സ്മാർട്ട് സിറ്റിയെക്കുറിച്ച് ശ്രീ. രാജു എബ്രഹാം ഇവിടെ പറയുകയുണ്ടായി. എനിക്ക് 1-3-2010-ൽ മുഖ്യമന്ത്രി തന്ന മറുപടിയാണിത്. അതിനകത്ത് ഞാൻ ഒരു ചോദ്യം ചോദിച്ചു, ടീകോമിന് കൊടുക്കുന്ന ഫ്രീഹോൾഡ് ഭൂമി വിൽക്കുവാനുള്ള അവകാശം ടീ കോം ആവശ്യപ്പെട്ടിട്ടുണ്ടോ? അടുത്തൊരു ക്വസ്റ്റ്യൻ വേറെയുണ്ട്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റും ടീ കോമും തമ്മിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കാമോ? അതിനുള്ള റിപ്ലൈ എന്താണെന്നറിയാമോ, സ്മാർട്ട് സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതുതായി ഒപ്പിടേണ്ട പാട്ടക്കരാറിൽ താഴെപ്പറയുന്ന പ്രകാരമുള്ള ഒരു പുതിയ ക്ലോസ് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി എന്നാണ്. അപ്പോൾ ഉണ്ടാക്കിയ കരാർ തന്നെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ടിന്റെ കരാറിന് വിരുദ്ധമാണെന്ന് മുഖ്യമന്ത്രി തന്നെ തന്ന റിപ്ലൈയാണ് ഇത്. സ്മാർട്ട് സിറ്റിയെപ്പറ്റി നിങ്ങൾ പറയുന്നുണ്ടല്ലോ? അവിടെ ഈ ഫ്രീഹോൾഡ് എന്നുപറയുന്നത് 12 ശതമാനമാണ്. 88 പെർസെന്റ് 99 കൊല്ലത്തേക്ക് ലീസിനാണ്. അതുവേണമെങ്കിൽ ഒരു പ്രാവശ്യം കൂടി നീട്ടാം. അപ്പോൾ ടീ കോം ചോദിച്ചതെന്താണ്? നിങ്ങൾ ഒരുഭാഗത്ത് 88 പെർസെന്റ് ലീസെന്നും വേറൊരു ക്ലോസിൽ 12 പെർസെന്റ് ഫ്രീഹോൾഡുമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ആ തർക്കവും പറഞ്ഞാണ് ഇത്രയും നാൾ പോയത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അവിടത്തെ പുല്ലുപറിച്ചുതീർക്കാൻ സമയമുണ്ടോ? എന്നുമാത്രമല്ല, നിങ്ങൾ ഏറ്റവും ഒടുവിൽ പറഞ്ഞിരിക്കുന്നതെന്താണ്? അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണ്ടേ? വെള്ളം വേണം, വെളിച്ചം വേണം, റോഡ് വേണം അതിനുള്ള എന്തെങ്കിലും നടപടി തുടങ്ങിയോ? ഇനി പുല്ലുപറിക്കേണ്ട ആവശ്യമില്ല, മിനഞ്ഞാന്ന് തീപിടിച്ചു മുഴുവനും നശിച്ചു. അത്രയും ആശ്വാസമായി. ഇൻഫോ പാർക്കിന്റെ കാര്യം, ഇൻഫോ പാർക്ക് ഞങ്ങളുടെ കാലത്ത് ഒരു കാരണവശാലും ഫ്രീയായി കൊടുക്കാൻ തീരുമാനമുണ്ടായിരുന്നില്ല. ലീസിനാണ്. കൊടുക്കാൻ തീരുമാനിച്ചത്. ഇൻഫോ പാർക്കിൽ ഇപ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്. അവിടെ പൊതുമേഖലാ കമ്പനി ഇല്ലല്ലോ? നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്? അത് പ്രൈവറ്റ് കമ്പനിക്ക് ലീസിന് കൊടുത്തിരിക്കുന്നു. ഞങ്ങൾ ആലോചിച്ചത് ടീകോമിന് ഒരുമിച്ച് ലീസിന് കൊടുക്കുക, അവർ അത് സബ് ലീസ് ചെയ്യും എന്നാണ്. അതല്ലാതെ ഒരിക്കലും ഇൻഫോപാർക്ക് വിൽക്കാൻ ആലോചിച്ചിട്ടില്ല. എന്നുമാത്രമല്ല, സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ എന്ന് പണി ആരംഭിക്കാൻ കഴിയുമെന്ന് പറയാൻ കഴിയുമോ? ഇപ്പോൾ അവിടെയെല്ലാം വലിയ ബോർഡ് വച്ചിരിക്കുകയാണ്, മുഖ്യമന്ത്രിക്ക് സിഐറ്റിയു-വിന്റെ അഭിവാദ്യം എന്ന്. ഞങ്ങൾക്ക് അതിൽ എതിർപ്പൊന്നുമില്ല. പക്ഷേ, ഞാൻ പറയുന്നു, രണ്ടോ മൂന്നോ കൊല്ലം വളരെ മെറ്റികുലസ്സായി പ്രവർത്തിച്ചാൽ മാത്രമേ ഇത് ആരംഭിക്കാൻ കഴിയൂ. അതിനെപ്പറ്റി ആലോചിക്കുന്നില്ല. നാലേമുക്കാൽ കൊല്ലം അതൊക്കെ മാറ്റിവച്ചിട്ട് തെരഞ്ഞെടുപ്പ് അടുത്തപ്പോൾ തുടങ്ങിയിട്ട് വല്ലകാര്യവുമുണ്ടോ? അതുപോലെയാണ്, കൊച്ചി മെട്രോപദ്ധതി. ഞങ്ങളുടെ കാലത്ത് മെട്രോയ്ക്ക് വേണ്ടി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചതാണ്. നാല് പേർ രംഗത്തുവന്നു. പക്ഷേ ഗവൺമെന്റ് മാറി. പ്ലാനിംഗ് ബോർഡിന്റെ ഉപാദ്ധ്യക്ഷൻ ശ്രീ. പട്നായിക് അല്ലേ ആദ്യം ഫയലിൽ എഴുതിയത്. This is not feasible എന്ന്. രണ്ടുകൊല്ലം വെറുതെ വച്ചിരുന്നില്ലേ? ഇപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞിരിക്കുന്നത്, ഡൽഹി മെട്രോ മോഡൽ വേണമെന്നാണ്. ഡൽഹി ഇന്ത്യയുടെ നാഷണൽ ക്യാപ്പിറ്റലാണ്. സ്വാഭാവികമായി കേന്ദ്രം തന്നെ അവിടെ നോക്കേണ്ടിവരും. ബാക്കി എല്ലാ സ്ഥലങ്ങളിലുമുള്ള മെട്രോ ഈ ടൈപ്പല്ല. അതുകൊണ്ട് മെട്രോ വേണം, അതിന് കേന്ദ്രം ഉടക്കാണെന്ന് പറയുമ്പോൾ കേന്ദ്രം അംഗീകരിക്കാത്തത് മെട്രോയേയല്ല. മറിച്ച്, ഒരു പദ്ധതി ഉണ്ടാക്കിക്കൊടുത്തിട്ട് പകുതി തരണം എന്നുപറയുന്നതിനോട് എതിർപ്പാണുള്ളത്. അതുപോലെ തന്നെയാണ് നിങ്ങളുടെ ഭക്ഷ്യ സുരക്ഷാ പദ്ധതി. 334 കോടി രൂപയുടെ പദ്ധതി നിങ്ങൾ ഉണ്ടാക്കുന്നു അതിന്റെ പകുതി കേന്ദ്രംതന്നാൽ 14 ഐറ്റം ഞങ്ങൾ കൊടുക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. അത് ആർക്കാണ് പറയാൻ പാടില്ലാത്തത്? എനിക്ക് ആരെങ്കിലും ഫ്രീയായി പണം തന്നാൽ ഞാൻ ഫ്രീയായി കൊടുക്കാമെന്ന് പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ? നേരെ മറിച്ച് ഞങ്ങൾ ഇന്നതിന്ന ഐറ്റംസ് ഇത്ര രൂപയ്ക്ക് കൊടുക്കുമെന്ന് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാവണ്ടേ? ഞങ്ങളുടെ ഭരണകാലത്ത് കഴിഞ്ഞ അഞ്ചുകൊല്ലം നിങ്ങളിൽ പല രുമുണ്ടായിരുന്നല്ലോ ഈ സഭയിൽ? അന്ന് വിലക്കയറ്റത്തിനെതിരായി ഒരു പ്രമേയം പോലും ഈ സഭയിൽ കൊണ്ടുവന്നിട്ടില്ല. നിങ്ങൾക്ക് അതിനുള്ള ചാൻസ് കിട്ടിയില്ല. അതുപോലെതന്നെ മിനഞ്ഞാന് ഞാൻ ടി.വി.-യിൽ സൗമ്യ എന്ന പെൺകുട്ടി മരിച്ച വിവരം കണ്ടു. ദുഃഖമുണ്ട്, കേസ്സൊക്കെയെടുത്തുകഴിഞ്ഞു. പക്ഷേ ഡി.വൈ.എഫ്.ഐ.-ക്കാരുടെ ഒരു മുദ്രാവാക്യം ഞാൻ കേട്ടു. മമ്മാ ബഡ്ജറ്റ് രാജിവയ്ക്കണം, ഞാനും അംഗീകരിക്കുന്നു. അപ്പോൾ എന്റെ മനസ്സിൽ മറ്റൊരു ചിന്ത വന്നു. ശബരിമല ദുരന്തത്തിൽ 104 പേരാണ് മരിച്ചത്. അപ്പോൾ ആരൊക്കെ രാജിവയ്ക്കണം. മരിച്ചവരിൽ 28 പേരുടെ ഡെഡ് ബോഡി എറണാകുളത്ത് എംബാം ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്നു. ഞാൻ രാത്രി മുഴുവനും ഹോസ്പിറ്റലിൽ ഉണ്ടായിരുന്നു. ഞാൻ മൃതശരീരത്തോടൊപ്പമുണ്ടായിരുന്നവരോട് ചോദിച്ചു, എന്താണ് സംഭവിച്ചത് എന്ന്. പുല്ലുമേട്ടിലേക്ക് ഇവരെ കടത്തിവിടുവാൻ പോലീസുകാരും ഫോറസ്റ്റുകാരും കുറേ ഓട്ടോറിക്ഷാക്കാരും കൂടി ഒരാൾക്ക് 500 രൂപവീതമാണ് വാങ്ങിയത്. 100 പേർക്കുപോലും കയറിപോകാൻ പറ്റാത്ത സ്ഥലത്ത് 500 രൂപവീതം വാങ്ങി ലക്ഷക്കണക്കിന് ആളുകളെ കയറ്റിയതുകൊണ്ടല്ലേ ദുരന്തമുണ്ടായത്? അതിന് ആരാണ് ഉത്തരവാദി, ആരാണ് രാജിവയ്ക്കേണ്ടത്, ആരുടെയൊക്കെ തല പോകണം? ഞാൻ നിങ്ങൾ ആലോചിക്കുവാൻവേണ്ടി പറയുന്നതാണ്. ഡിവൈ.എഫ്.ഐ.-യുടെ ജാഥ കണ്ടപ്പോൾ എന്റെ മനസ്സിൽ തോന്നിയ ഒരുകാര്യം തുറന്നുപറയുകയാണ്. ആരുടെയെങ്കിലുമൊക്കെ രാജി, എന്തിന്റെയെങ്കിലും പേരിൽ രാജിവയ്ക്കണമെന്ന് ആവശ്യപ്പെടുമ്പോൾ ഇതെല്ലാം മനസ്സിലുണ്ടാവണം എന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ.

കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട്. ഒരു കാര്യം ചോദിച്ചോട്ടെ, നിങ്ങൾ പറയുന്നുണ്ടല്ലോ, ഇതെല്ലാം പാവങ്ങൾക്കുവേണ്ടിയാണ് എന്ന്. കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ സോവിയറ്റ് യൂണിയനിൽ എല്ലാം ഫ്രീ കൊടുത്തിരുന്നതല്ലേ, ഇപ്പോൾ ആ രാജ്യമുണ്ടോ? എന്തുകൊണ്ട് ആ രാജ്യം പോയി? ഇപ്പോൾ ചൈനപോലും മാറിയില്ലേ? മാറാൻ കാരണം എന്താണ്? സൗജന്യം കൊടുത്തതുകൊണ്ട് മാത്രം ജനങ്ങൾ രക്ഷപ്പെടുകയില്ല. മറിച്ച്, ജനങ്ങൾക്ക് സ്ഥായിയായി വരുമാനമുണ്ടാവണം. അതിനുള്ള പദ്ധതിയുണ്ടോ? ഞങ്ങൾ പെൻഷൻ കൂട്ടിക്കൊടുത്തു, അരി കൊടുത്തുവെന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. അതൊക്കെ നല്ലകാര്യങ്ങളാണ്, അല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ജനങ്ങൾ എന്തുകൊണ്ട് വോട്ടു ചെയ്യുന്നില്ല? അതൊക്കെ വാങ്ങി നിങ്ങൾക്കെതിരായി അവർ വോട്ടു ചെയ്തില്ലേ? ജനങ്ങൾക്കാവശ്യം. സ്ഥിരമായ വരുമാനമാണ്, അതിന് ജോലി വേണം. ഞങ്ങളുടെ ശ്രമം അതിനാണ്. ഞങ്ങളുടെ ശ്രമം നാട്ടിൽ തൊഴിലുണ്ടാക്കണം, വികസനമുണ്ടാക്കണം, എല്ലാവർക്കും ജോലി കിട്ടണം. എറണാകുളത്ത് ഞങ്ങൾ ഇന്റർനാഷണൽ സ്റ്റേഡിയം പണിതപ്പോൾ രണ്ടുകൊല്ലം അവിടത്തെ കാർപ്പെന്റർക്കും നിർമ്മാണ തൊഴിലാളികൾക്കും ജോലി കിട്ടി. അപ്പോൾ വികസനം വരുമ്പോൾ ആ വികസനത്തിന്റെ, നിർമ്മാണ മേഖലയിൽ പ്രത്യേകിച്ചും, 35 പെർസെന്റ് ശമ്പളമായിപോകുകയാണ്. അങ്ങനെ മാത്രമേ ജനങ്ങളുടെ കയ്യിൽ പണം വരുകയുള്ളൂ. അതുകൊണ്ട് വികസന കാഴ്ചപ്പാടിലൂടെ മുന്നോട്ടുപോകാൻ കഴിയാത്ത ഒരു ഗവൺമെന്റിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കൊണ്ടുവന്ന ഈ നയപ്രഖ്യാപന പ്രസംഗത്തേയും അതിനുള്ള നന്ദിപ്രമേയത്തേയും ഞാൻ എതിർക്കുന്നു.

IX. വ്യക്തിപരമായ വിശദീകരണം

വസ്തുതാവിരുദ്ധമായി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം. എൽ. എ. സംസാരിക്കുമ്പോൾ ***എനിക്കെതിരെ അടിസ്ഥാനരഹിതമായ.....അദ്ദേഹം അങ്ങനെ സമ്മതിച്ചുകൊണ്ടായിരുന്നു പ്രസംഗം. അടിസ്ഥാനരഹിതമായ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പേഴ്സണൽ എക്സ്പ്ലനേഷൻ....(ബഹളം)...

ശ്രീ. പി. സി. ജോർജ്: ക്ഷമിക്കണം. ഞാൻ ഇത് സമ്മതിക്കില്ല സർ.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്....പ്ലീസ്....പ്ലീസ്...പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുപറഞ്ഞാൽ *** അത് പറയേണ്ട.

ശ്രീ. പി. സി. ജോർജ്: ഞാൻ പറയുന്നത് കേൾക്കുക..... പറയുന്നത് കേൾക്കണം സർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഉണ്ടായ സംഭവം മാത്രം .....

ശ്രീ. പി. സി. ജോർജ്: അദ്ദേഹം സ്വയം സമ്മതിച്ചതാണ്..... അദ്ദേഹം സ്വയം സമ്മതിച്ചതാണ്....(ബഹളം)....അദ്ദേഹം സ്വയം സമ്മതിച്ചതാണെന്ന് മനസ്സിലാക്കണം. ഞാനല്ല..... സംസാരിക്കാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്....(ബഹളം)....പേഴ്സണൽ എക്സ്പ്ലനേഷൻ മാത്രം പറയുക....(ബഹളം).....

ശ്രീ. പി. സി. ജോർജ്: അതിന് പറയാൻ അനുവദിക്കണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്ന് ഇരിക്കൂ...പറഞ്ഞുകഴിയട്ടേ....പറഞ്ഞുകഴിയട്ടേ....പി. സി. ജോർജ് പറയുക.....(ബഹളം)..... അത് പറയാം.....അത് പറയാം....എന്താണ് പറയാൻ വന്നത്?

ശ്രീ. പി. സി. ജോർജ്: ഇരിക്കാൻ പറയുക. അങ്ങനെയൊന്നും അങ്ങ് പോകേണ്ട. എനിക്ക് പറയാനുള്ളത് പറയണം. ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പറയട്ടേ....നോ....നോ....അത് പെയറിൽ നിന്ന് നീക്കേണ്ടത് നീക്കും. പ്ലീസ്....അത് പറയട്ടേ....(ബഹളം)....ഇല്ല....ഇല്ല....നോ..... അത് തെറ്റാണെന്ന് പറഞ്ഞുകഴിഞ്ഞു. പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുപറഞ്ഞാൽ വ്യക്തിപരമായി ബാധിക്കുന്ന വിഷയം മാത്രം പറയുക. .....(ബഹളം).....അങ്ങ് ഇരിക്കൂ....(ബഹളം)....പറഞ്ഞു കഴിയട്ടേ.....(ബഹളം)

*** അപകീർത്തികരമായ പരാമർശങ്ങൾ ഉണ്ടെങ്കിൽ പ്രകാരം അവയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly